പരുതൂർ ഗ്രാമ പഞ്ചായത്ത്

ജനകീയാസൂത്രണം

സമഗ്ര വികസന രേഖ



ഗ്രാമപഞ്ചായത്ത് വികസന സെമിനാർ

1996 നവംബർ 24

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

പരുത്തൂർ ഗ്രാമ പഞ്ചായത്ത്

സമഗ്രവികസന രേഖ



എഡിറ്റർ

എ.മമ്മു

എഡിറ്റോറിയൽ ബോർഡ്

ഇ.പി. കുഞ്ഞൻ
അഡ്വ:എം.വിജയകുമാർ
പി.ഗോവിന്ദൻകുട്ടി
പി.വി.ഭാസ്കരൻ
പി.കോയാനി
കെ.സി.അലി ഇക്ബാൽ
പി.ആർ.വിജയലക്ഷ്മി
പി.കെ.ചെല്ലുകുട്ടി
എൻ.എം.കേശവൻ
ടി.സുധാകരൻ

ലേ-ഔട്ട് - ടൈപ്പ് സെറ്റിങ്ങ്

ലേസർ ലൈൻസ് ഡി.ടി.പി. സിസ്റ്റംസ്
കോഴിക്കോട്, ഫോൺ : 702223

പ്രിന്റിംഗ്

ദേശാഭിമാനി പ്രസ്സ്, കോഴിക്കോട്

പേജുകളിൽ

1.	ആമുഖം	7
2.	പഞ്ചായത്ത് പൊതുവിവരണം	14
3.	സാമൂഹിക-സാംസ്ക്കാരിക ചരിത്രം	16
4.	ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി	23
5.	സാമൂഹിക-സാമ്പത്തിക മേഖലകൾ	
5-1.	കൃഷിയും ജലസേചനവും	30
5-2.	മൃഗസംരക്ഷണവും മത്സ്യബന്ധനവും	38
5-3.	വ്യവസായം	41
5-4.	വിദ്യാഭ്യാസം	45
5-5.	കുടിവെള്ളം, ആരോഗ്യം, പരിസരശുചിത്വം	58
5-6.	ഗതാഗതം,. ഊർജ്ജം, മാർക്കറ്റ്	64
5-7.	പാർപ്പിടവും സാമൂഹ്യക്ഷേമവും	73
5-8.	സംസ്ക്കാരം	80
5-9	വനിത	83
5-10.	സഹകരണം	85
5-11.	പട്ടികജാതി, പട്ടികവർഗ്ഗംക്ഷേമം	88
5-12.	വിഭവസമാഹരണം	91
	പൊതുവിതരണം	94



പ്രസിഡണ്ട്
ഇ.പി.കുഞ്ഞൻ



വൈസ് പ്രസിഡണ്ട്
ടി.എം.അബ്ദുൽഹമീദ്



ചെയർമാൻ
സ്റ്റാന്റിംങ്ങ് കമ്മറ്റി
എ. അബ്ദുറഹ്മാൻ

ടി.യു. മുഹമ്മദ്	മെമ്പർ
എം.കെ. സുമതി ടീച്ചർ	,,
നളിനി ഗോപിനാഥ്	,,
സി.കെ. സത്യഭാമ	,,
തോട്ടത്തിൽ ബാവ	,,
ടി.ടി. രാധ	,,
ടി. സൈയ്താലിക്കുട്ടി	,,

ആമുഖം

അടുത്ത ഏപ്രിൽ മാസത്തിൽ ഒമ്പതാം പഞ്ചവത്സരപദ്ധതിക്ക് തുടക്കമിടുകയാണ്. ജനകീയ സമിതികളിലും ഉദ്യോഗസ്ഥതലത്തിലും പദ്ധതി ആസൂത്രണം നടന്നു കൊണ്ടിരിക്കുന്നു. ഇതുവരെയുണ്ടായതിൽ നിന്ന് ഒട്ടു വ്യത്യസ്തമായി ഒമ്പതാം പദ്ധതി കൂട്ടായ ജനപങ്കാളിത്തത്തോടെ നടപ്പാക്കണമെന്നാണ് സംസ്ഥാന സർക്കാരിന്റേയും സംസ്ഥാന പ്ലാനിംഗ് ബോർഡിന്റേയും നിർദ്ദേശം. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇത് ഏറെ പ്രത്യാശക്കു വക നല്കുന്നു.

1996 നവംബർ 24ന് നടക്കുന്ന പഞ്ചായത്ത് വികസന സെമിനാറിൽ ചർച്ച ചെയ്യപ്പെടാനുള്ള ഒരു വികസന രൂപരേഖയാണിത്. നമ്മുടെ ഗ്രാമസഭകളുടെ നാളെയെക്കുറിച്ചുള്ള സ്വപ്നങ്ങൾ ഇതിലുണ്ട്. ഇന്നിന്റെ യാഥാർത്ഥ്യങ്ങളും.

നമ്മളെല്ലാം വ്യത്യസ്ത രാഷ്ട്രീയ വീക്ഷണമുള്ളവരാണ്. അതിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ടതാണ് ഗ്രാമപഞ്ചായത്ത് സമിതിയും. പക്ഷെ ഇപ്പോഴാവശ്യം എല്ലാ ശ്രമങ്ങൾക്കും ഒരു ഭിന്നാഭിപ്രായക്കുറിപ്പല്ല. ജനങ്ങളുടെ പ്രതീക്ഷകൾക്കൊപ്പം നില്ക്കാനും നേതൃത്വപരമായ പങ്ക് നിർവ്വഹിക്കാനുമുള്ള സന്നദ്ധതയാണ്. അത് ഞങ്ങൾ ഉറപ്പ് നല്കുന്നു. അതോടൊപ്പം നിങ്ങളുടെ ശ്രമവും സഹകരണവും ഈ ഗ്രാമപഞ്ചായത്തിന്റെ ഉയിർത്തെഴുന്നേല്പിന് ശക്തിപകരട്ടെ എന്നാശിക്കുന്നു.

പരുതൂർ ഗ്രാമപഞ്ചായത്ത് സമിതി

ജനകീയാസൂത്രണപ്രസ്ഥാനം

എന്ത്? എന്തിന്? എങ്ങിനെ?

കേരളസർക്കാരിന്റേയും സംസ്ഥാന പ്ലാനിംഗ് ബോർഡിന്റേയും ഒരു പുതിയ കാൽവെയ്പാണ് 'ജനകീയാസൂത്രണ പ്രസ്ഥാനം' ഈ പ്രസ്ഥാനം അധികാരവികേന്ദ്രീകരണം യാഥാർത്ഥ്യമാക്കുന്നതിനായുള്ള ജനകീയ മുന്നേറ്റമാണ്. പഞ്ചായത്ത് സമിതികളുടെ നേതൃത്വത്തിൽ ബഹുജനസംഘടനകളെയും വിദഗ്ധരെയും ഉദ്യോഗസ്ഥരെയും പ്രാദേശികമായി കോർത്തിണക്കുന്ന ഒരു പ്രവർത്തന ശൈലിയാണ് ഈ പ്രസ്ഥാനത്തിന്റേത്. അധികാര വികേന്ദ്രീകരണത്തിനു തടസ്സം നില്ക്കുന്ന നിക്ഷിപ്ത താല്പര്യങ്ങളെയും ഭൂതകാലജഡഭാരങ്ങളെയും തകർക്കുന്നതിന് ജനകീയ ആസൂത്രണ പ്രസ്ഥാനം പോലുള്ള ഒരു ജനകീയ മുന്നേറ്റത്തിനേ കഴിയൂ.

പഞ്ചായത്ത് രാജ് ഗാന്ധിയൻ സങ്കല്പം

നമ്മുടെ ദേശീയ പ്രസ്ഥാനം സ്വരാജിനു വേണ്ടി മാത്രമായിരുന്നില്ല. ഗ്രാമസ്വരാജിനു വേണ്ടി കൂടിയായിരുന്നു. എന്നാൽ ഭരണഘടനാരൂപീകരണ വേളയിൽ എവിടെയോവെച്ച് ഈ ലക്ഷ്യം നഷ്ടമായി. മഹാത്മാഗാന്ധിയെ പോലുള്ള സമുന്നത ദേശീയ നേതാക്കളുടെ സ്വപ്നം പതുക്കെപതുക്കെയാണെങ്കിലും യാഥാർത്ഥ്യമാകാൻ സാദ്ധ്യതയുണ്ടെന്നാണ് 73,74 ഭരണഘടനാഭേദഗതികൾക്കു ശേഷമുള്ള മാറ്റങ്ങൾ കാണിക്കുന്നത്. ഇപ്പോഴും ചില പരിമിതികളുണ്ട്. ഈ പരിമിതികളും തടസ്സങ്ങളും ജനമുന്നേറ്റത്തിൽ തൃത്തെറിയപ്പെടും എന്ന ഉത്തമ വിശ്വാസമാണ് 'ജനകീയാസൂത്രണ പ്രസ്ഥാന'ത്തിനു വേണ്ടി പ്രവർത്തിക്കുന്നവർക്കുള്ളത്.

ആസൂത്രണം ഇന്നലെ

സ്വാതന്ത്ര്യാനന്തരം നാം എട്ടു പഞ്ചവത്സരപദ്ധതികൾ പിന്നിട്ടു. 1997 ഏപ്രിൽ ഒമ്പതാം പഞ്ചവത്സരപദ്ധതിക്ക് തുടക്കമിടുന്നു. പല മേഖലകളിലും ഇതുവരെയുള്ള നമ്മുടെ സംസ്ഥാനത്തിന്റെ നേട്ടങ്ങൾ ശ്രദ്ധേയമായി കണ്ടു കൂടാ- പ്രാഥമിക വിദ്യാഭ്യാസരംഗത്തും, ആരോഗ്യ രംഗത്തും ഭൂവിതരണരംഗത്തും മറ്റു സംസ്ഥാനങ്ങളെ അത്ഭുതപ്പെടുത്തുന്ന നേട്ടങ്ങളാണ് നമ്മളുടെത്- പക്ഷെ കാർഷിക രംഗത്തും വ്യാവസായികക രംഗത്തും അതുവഴി തൊഴിലില്ലായ്മ പരിഹരിക്കുന്നതിലും നമ്മൾ പരാജയപ്പെട്ടുവെന്നു വേണം കരുതാൻ. സുഭിക്ഷമായ പ്രകൃതി സമ്പത്തും മനുഷ്യ സമ്പത്തും സാമ്പത്തിക വിഭവവും ഫലപ്രദമായി ഉപയോഗിക്കാൻ കഴിഞ്ഞില്ലെന്നാണ് വിലയിരുത്തപ്പെടുന്നത്. ഇത് നമ്മുടെ ആസൂത്രണരീതിയുടെ പാളിച്ചയായി പല വിദഗ്ധരും ചൂണ്ടിക്കാണിക്കുന്നു. നിലവിലുള്ള ഭരണസംവിധാനത്തിന്റെ സവിശേഷതകളാണ് ഈ പാളിച്ചകൾക്ക് കാരണമായി സൂചിപ്പിക്കപ്പെടുന്നത്.

നിലവിലുള്ള ഭരണ സംവിധാനം- പരിമിതികൾ

1. അമിതകേന്ദ്രീകരണം: തീരുമാനങ്ങൾ എടുക്കുന്നതും നടപ്പിലാക്കുന്നതും കേന്ദ്രതലത്തിലോ തലസ്ഥാനങ്ങളിലോ മാത്രമാണ്. ഇതിന്റെ ഫലമായി നയരൂപീകരണവും നിർവ്വഹണവും മേലെക്കിടിയിലുള്ള ഒരു നിശ്ചിത വിഭാഗം മന്ത്രിമാരിലും ഉദ്യോഗസ്ഥപ്രമുഖരിലും മാത്രം അവശേഷിക്കുന്നു.

2. ജനപ്രാതിനിധ്യക്കുറവ് : കേരളത്തിലെ മൂന്നു കോടിജനങ്ങൾക്ക് കേവലം 140 എം.എൽ.എ മാരാണുള്ളത്. പ്രാദേശിക വികാരങ്ങളും പ്രശ്നങ്ങളും വേണ്ടത്ര ചർച്ച ചെയ്യപ്പെടാൻ ഈ എണ്ണം അപര്യാപ്തമാണ്.

3. ബ്യൂറോക്രസി : നിലവിലുള്ള ഭരണ സംവിധാനത്തിൽ ഉദ്യോഗസ്ഥ ഭരണത്തിന്റെ സ്വാധീനം വളരെ ഏറെയാണ്. കേന്ദ്രസംസ്ഥാനതലങ്ങളിൽ മാത്രമാണ് നയരൂപീകരണത്തിലും തീരുമാനമെടുക്കുന്നതിലും ജനാധിപത്യപരമായ തെരെഞ്ഞെടുത്ത വേദികളുണ്ടായത്. ഇതുവരെ ജില്ലാ-ബ്ലോക്ക്-പഞ്ചായത്ത് തലങ്ങളിൽ എല്ലാ തരത്തിലുള്ള നിർവഹണാധികാരങ്ങളും നിയന്ത്രിച്ചുപോന്നത് ഉദ്യോഗസ്ഥന്മാരാണ്.

4. ഔപചാരികത: ചട്ടപ്പടി പ്രവർത്തനങ്ങളിൽ അധിഷ്ഠിതമായതും സങ്കീർണ്ണമായ നൂലാമാലകളിൽ കുടുങ്ങികിടക്കുന്നതുമാണ് തീരുമാനങ്ങളെടുക്കുന്നതിനുള്ള സംവിധാനങ്ങളെല്ലാം. ജനങ്ങളിൽ നിന്ന് ഉണ്ടായിവരുന്ന പുതിയ താല്പര്യങ്ങളുടെയും ആശയങ്ങളുടെയും മുനയൊടിക്കുന്നതാണ് ഈ സംവിധാനം. അതിനാൽ പുതിയ ആവശ്യങ്ങൾക്കനുസരണമായി പ്രവർത്തന പരിപാടികൾ ആവിഷ്ക്കരിച്ചുവരാൻ തടസ്സം നില്ക്കുന്നു.

5. അഴിമതി: അഴിമതിയും സ്വജനപക്ഷപാതവും വളരുന്നതിന് വളക്കൂറുള്ളതാണ് ഇന്നത്തെ ഭരണസംവിധാനം.

6. മോണിറ്ററിംഗ് ഇല്ലായ്മ: വികസന രംഗത്ത് നടന്നുവരുന്ന പ്രവർത്തനങ്ങളുടെ നേട്ടങ്ങൾ വിലയിരുത്തുന്നതിനോ കോട്ടങ്ങൾ തൽസമയം പരിഹരിക്കുന്നതിനോ ഇന്ന് സംവിധാനങ്ങളില്ല.

ഇതിന്റെയൊക്കെ ഫലമായി ലക്ഷ്യപ്രാപ്തി ഇല്ലായ്മ ജനപങ്കാളിത്തമില്ലായ്മ, മുൻഗണനാക്രമം ഇല്ലായ്മ കാലതാമസം, ഉത്തരവാദിത്തമില്ലായ്മ എന്നീ ദൂഷ്യങ്ങൾ വന്നുചേരുകയും ആസൂത്രണ ഫലപ്രാപ്തി ഇല്ലാതാവുകയും ചെയ്തത്. ആസൂത്രണ പ്രക്രിയയെപ്പറ്റി പരേതയായ ഇന്ത്യൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി പറയുകയുണ്ടായി. "നാം ഡൽഹിയിലൊഴുക്കുന്ന ഒരു കുടം വെള്ളത്തിൽ ഒരു തുള്ളി പോലും നമ്മുടെ ഗ്രാമങ്ങളിലെത്തുന്നില്ല". ഇത് അക്ഷരം പ്രതി ശരിയാണ്. ഈ പരിതസ്ഥിതിയിലാണ് ആസൂത്രണത്തിന്റെ പുതിയ മാതൃകയായ പഞ്ചായത്തീരാജ് സംവിധാനവും 'ജനകീയാസൂത്രണ പ്രസ്ഥാനവും' പ്രസക്തമാവുന്നത്.

ജനകീയാസൂത്രണ പ്രസ്ഥാനം – ലക്ഷ്യങ്ങൾ

1. ഒമ്പതാം പദ്ധതിയുടെ 35–40 ശതമാനം വിവിധ തട്ടുകളിലായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അവയ്ക്ക് നിർവ്വചിക്കപ്പെട്ടിരിക്കുന്ന ചുമതലകളുടെ പരിധിക്കുള്ളിൽ നിന്ന് തീരുമാനിക്കേണ്ടതാണ്. അതോടൊപ്പം വിവിധ സർക്കാർ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികളിലേക്കും താഴെനിന്ന് ഉയർന്നുവന്ന നർദ്ദേശങ്ങൾ പരിഗണിക്കപ്പെടണം. പഞ്ചായത്ത് സമിതിയുടെ നേതൃത്വത്തിൽ ജനകീയ ചർച്ചയുടെ അടിസ്ഥാനത്തിലാവണം ഇതിലേക്കുള്ള മുൻഗണനകൾ നിശ്ചയിക്കേണ്ടത്: ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുള്ളതായിരിക്കണം കേരളത്തിന്റെ ഒമ്പതാം പദ്ധതി.

2. പദ്ധതിയെപ്പോലെത്തന്നെ പ്രധാനമാണ് അത് രൂപപ്പെടുത്തുന്ന രീതിയും. പദ്ധതിരൂപീകരണം മുതൽ അത് നടപ്പിലാക്കുന്നതുവരെ എല്ലാ ഘട്ടങ്ങളിലും ജനപങ്കാളിത്തം ഉറപ്പു വരുത്തുക വഴി ജനങ്ങളിൽ ഒരു പുതിയ വികസന കാഴ്ചപ്പാട് വളർത്താൻ കഴിയണം. ഇന്ന് ജനങ്ങൾക്കിടയിൽ വ്യാപകമായികാണുന്ന നിരാശയും "ഒന്നും ശരിയാവില്ല" മനോഭവവും മാറ്റിയെടുത്ത് അവരിൽ പ്രതീക്ഷയും ശുഭാപ്തി വിശ്വാസവും ദിശാബോധനവും വളർത്തണം. എങ്കിലേ ഇതുവരെ നമുക്കു പ്രയോജനപ്പെടുത്തുവാൻ കഴിയാതിരുന്ന മനുഷ്യവിഭവമടക്കമുള്ള വിഭവങ്ങൾ വൻ തോതിൽ സമാഹരിച്ച് പ്രാദേശിക തല വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയൂ.

3. പ്രാദേശിക സ്വയം ഭരണ സമിതികളെന്ന നിലയിൽ പഞ്ചായത്ത് സമിതികളെ ശക്തിപ്പെടുത്താനും ഈ പ്രവർത്തനം കൊണ്ട് സാധ്യമാവും. സാമ്പത്തിക പരിമിതി ഭരണ തടസ്സങ്ങൾ, നിയമത്തിന്റെ അപര്യാപ്തത തുടങ്ങി അനേകം ഘടകങ്ങൾ ഈ ജനകീയ സമിതികളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കു തടസ്സം നില്ക്കുന്നു. അധികാരമ വികേന്ദ്രീകരണത്തിനു വേണ്ടിയും അതിനെ തുടർന്നുണ്ടാകേണ്ട മാറ്റത്തിനു വേണ്ടിയും ജനങ്ങളെ സംഘടിപ്പിച്ചണിനിരത്തികൊണ്ടല്ലാതെ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കാൻ പറ്റില്ല എന്നാണ് മുൻകാല അനുഭവങ്ങവൾ കാണിക്കുന്നത്.

4. പഞ്ചായത്തുകൾക്കും മുൻസിപ്പാലിറ്റികൾക്കും ഇതിനകം കൈമാറിയിട്ടുള്ള സ്കീമുകൾ കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്നതിനും ജനകീയാസൂത്രണ പ്രസ്ഥാനം സഹായിക്കും. നടപ്പു വർഷം നല്കിയിരിക്കുന്ന അൺടൈഡ് ഫണ്ടുകൾ വിനിയോഗിക്കുന്നതിൽ മാമൂൽ രീതികൾ മാറണം. സന്നദ്ധപ്രവർത്തനം പ്രാദേശിക ധനസമാഹരണവും ഉപയോഗപ്പെടുത്തി അൺ ടൈസ്ഫണ്ടിന്റെ വിനിയോഗം പലമടങ്ങ് കാര്യക്ഷമമാക്കാൻ കഴിയും

പ്രവർത്തന പരിപാടി

1. ഒമ്പതാം പദ്ധതി രൂപീകരണത്തിനുള്ള ജനകീയ പ്രസ്ഥാനത്തിന്റെ ഒന്നാംഘട്ടം, പഞ്ചായത്ത് ഗ്രാമസഭകളും നഗരസഭ വാർഡ്കൺവെൻഷനുകളും വിളിച്ചു ചേർക്കുന്നതോടെ ആരംഭിക്കും. അതാതു പ്രദേശത്തെ വികസനപ്രശ്നങ്ങൾ തിട്ടപ്പെടുത്തുകയും സാധ്യമായ പരിഹാരനിർദ്ദേശങ്ങൾ രൂപപ്പെടുത്തുകയുമാണ് ഈ യോഗത്തിന്റെ പ്രധാന ഉദ്ദേശ്യം. ഓരോ പഞ്ചായത്തിന്റെയും പ്രത്യേകതകളും പങ്കാളിത്തവുമനുസരിച്ച് നാലുമുതൽ പന്ത്രണ്ടുവരെ ഗ്രൂപ്പുകളായി തിരിഞ്ഞുള്ള ചർച്ചയിലൂടെയാണ് ഈ ലക്ഷ്യം നിറവേറ്റുന്നത്.

2. രണ്ടാംഘട്ടം പഞ്ചായത്ത് വികസന സെമിനാറാണ്. ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശങ്ങളുടെയും വിവിധ സർക്കാർ ഓഫീസുകളിൽ നിന്ന് ശേഖരിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന വികസന റിപ്പോർട്ട് ചർച്ചചെയ്യുകയാണ് ഈ

ഏകദിന സെമിനാറിന്റെ ഉദ്ദേശ്യം. പ്രശ്നങ്ങളെക്കുറിച്ചും പരിഹാരനിർദ്ദേശങ്ങളെക്കുറിച്ചും കുറെകൂടി ആഴത്തിലുള്ള ചർച്ചകൾക്ക് സെമിനാറിൽ അവസരം ലഭിക്കും. ഗ്രാമസഭയിലെ ഓരോ ഗ്രൂപ്പിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ, പഞ്ചായത്ത് ഭരണ സമിതിഅംഗങ്ങൾ, ഉദ്യോഗസ്ഥർ മറ്റു വിദഗ്ധർ തുടങ്ങി 250 ഓളം ആളുകൾ പങ്കെടുക്കുന്നതായിരിക്കും ഈ സെമിനാർ. വിഷയാടിസ്ഥാനത്തിലുള്ള 12 ഗ്രൂപ്പുകളിലായാണ് വികസന സെമിനാറിലെ ചർച്ചകൾ നടക്കേണ്ടത്. ഓരോ ഗ്രൂപ്പും മുൻഗണന നിശ്ചയിക്കുന്ന പരിപാടികൾ സ്കീമുകളാക്കി മാറ്റുന്നതിനുള്ള കർമ സമിതികളെ നിശ്ചയിക്കുന്നത് പഞ്ചായത്ത് വികസന സെമിനാറിലാണ്. ഈ കർമ്മ സമിതികൾ ഓരോന്നും അതാതുരംഗങ്ങളിൽ നടന്നു കൊണ്ടിരിക്കുന്ന വികസന പ്രവർത്തനങ്ങളെ വിശദമായി അവലോകനം ചെയ്യുന്നു. അതിന്റെ അടിസ്ഥാനത്തിൽ വികസന പ്രശ്നങ്ങൾ ചിട്ടപ്പെടുത്തി ഓരോ സ്കീമുകളാക്കി മാറ്റുന്നു. ഓരോസ്കീമിന്റെയും നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തുകയും അതിനാവശ്യമായ ചെവലിന്റെ എത്രപങ്ക് സന്നദ്ദത പ്രവർത്തനങ്ങളിലൂടെയും പ്രാദേശിക വിഭവ സമാഹരണത്തിലൂടെയും കണ്ടെത്താമെന്ന് കണക്കാക്കുകയും ചെയ്യുന്നു. താഴെ സൂചിപ്പിക്കുന്നതിൽ ഏത് ഏജൻസിയാണ് ഈ പ്രവർത്തനം ഏറ്റെടുക്കേണ്ടതെന്നും കർമ്മ സമിതി നിർദ്ദേശിക്കും.

എ) ഗ്രാമ പഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്

ബി) സംസ്ഥാന ഗവൺമെന്റ്

സി) സഹകരണ സ്ഥാപനങ്ങൾ

ഡി) സന്നദ്ധപ്രവർത്തനം

ഇ) സ്വകാര്യ വ്യക്തികൾ

3. ഇങ്ങനെഓരോ കർമസമിതിയും ഉണ്ടാക്കിയിട്ടുള്ള പദ്ധതികൾ ശാസ്ത്രീയമായി സംയോജിപ്പിച്ച് ഒരു പഞ്ചായത്തു വികസന പദ്ധതി തയ്യാറാക്കാൻ ഒരു വിദഗ്ധ കമ്മിറ്റിയെ ഗ്രാമപഞ്ചായത്ത് നിയോഗിക്കുന്നതാണ് അടുത്ത ഘട്ടം. ആ കമ്മറ്റി പഞ്ചായത്തു വികസന പദ്ധതി രൂപപ്പെടുത്തുമ്പോഴേക്ക് ഒമ്പതാം പദ്ധതിയിൽ പഞ്ചായത്തുകൾക്കുള്ള വിഹിതത്തെക്കുറിച്ച് വ്യക്തമായ ധാരണ ലഭിക്കുമെന്നാണ് പ്രതീക്ഷ. അപ്പോൾ സംസ്ഥാനപ്ലാനിംഗ് ബോർഡ് തയ്യാറാക്കുന്ന മാർഗരേഖക്ക് അനുസൃതമായി രൂപം കൊടുത്തുവെച്ചിരിക്കുന്ന സ്കീമുകളിൽ നിന്ന് മുൻഗണനാ ക്രമത്തിൽ തെരെഞ്ഞെടുക്കുന്നവ ഒമ്പതാം പദ്ധതിയിൽ ഉൾപ്പെടുത്താനാകും. സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയാത്ത സ്കീമുകൾ പഞ്ചായത്തു സമിതികൾ തന്നെ നേരിട്ടു നടത്താനുള്ള പ്രോത്സാഹന പ്രവർത്തനങ്ങളും ഉണ്ടാവും. പ്രാദേശികമായി ലഭ്യമാക്കാവുന്ന സന്നദ്ധപ്രവർത്തനം സംഘടിപ്പിച്ചുകൊണ്ടും പണം ഉൾപ്പെടെയുള്ള വിഭവങ്ങൾ സമാഹരിച്ചുകൊണ്ടും ചില പദ്ധതികൾ നടപ്പിലാക്കാം. സഹകരണ സ്ഥാപനങ്ങൾ മുഖേന സ്വകാര്യ സംരംഭകർ വഴിയും പലതും നടപ്പിലാക്കാനാകും. ഗ്രാമപഞ്ചായത്തിന്റെ പഞ്ചവത്സരപദ്ധതി ഇവയെല്ലാം അടങ്ങുന്നതായിരിക്കും.

4. ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന വികസന സെമിനാറിൽ, ഗ്രാമപഞ്ചായത്തുകൾ രൂപപ്പെടുത്തിയ പരിപാടികളും ബ്ലോക്ക് പഞ്ചായത്തിന്റെ തനതായ വികസന നിർദ്ദേശങ്ങളും സംയോജിപ്പിച്ചുകൊണ്ട് ചർച്ചക്ക് അവതരിപ്പിക്കും. ബ്ലോക്കു പഞ്ചായത്തുകൾ രൂപം കൊടുക്കുന്ന പദ്ധതികൾ ജില്ലാതലത്തിൽ വച്ച് സംയോജിപ്പിക്കുന്നു. ജില്ലാ ആസൂത്രണസമിതി സംസ്ഥാന ആസൂത്രണ ബോർഡിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് കർമ സമിതികളെ നിയോഗിച്ച് ജില്ലാതല വികസനത്തിനാവശ്യമായ ഒരു വികസന തന്ത്രത്തിനു രൂപം നല്കുന്നു.

5. സംസ്ഥാന പദ്ധതി തയ്യാറാക്കുന്നതിനായി സംസ്ഥാന തലത്തിൽ കർമ്മ സമിതികളെ നിയോഗിക്കാൻ സംസ്ഥാന ആസൂത്രണ ബോർഡും നടപടിയെടുക്കുന്നതാണ്. വിവിധ സർക്കാർ വൃപ്പുകളിലെ ഉദ്യോഗസ്ഥന്മാരെ കൂടി ഈ കർമ്മ സമിതികളിൽ ഉൾപ്പെടുത്തുന്നതുകൊണ്ട് അവരുടെ പ്രായോഗിക നിർദ്ദേശങ്ങൾക്കും അർഹമായ പരിഗണന ലഭിക്കും. പദ്ധതി വിഹിതം തയ്യാറാക്കുമ്പോൾ പഞ്ചായത്ത് സമിതികൾ ജില്ലാ ആസൂത്രണ സമിതികൾ വഴി സമർപ്പിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായും കണക്കിലെടുക്കുന്നതാണ്. സംസ്ഥാനത്തിന്റെ ഒമ്പതാം പദ്ധതിയുടെ കരട് ചർച്ച ചെയ്യുന്നതിനും കേരള സംസ്ഥാനത്തിന്റെ 40-ാം വാർഷികവുമായി ബന്ധപ്പെട്ട് ഒരു സംസ്ഥാനതല കോൺഗ്രസ്സ് നടത്താനും സംസ്ഥാന ആസൂത്രണ ബോർഡ് പരിപാടി തയ്യാറാക്കുന്നുണ്ട്. എല്ലാ വിഭാഗങ്ങളുടെയും പങ്കാളിത്തം ഈ പ്രക്രിയയിൽ ഉറപ്പാക്കാനാകും. ഒമ്പതാം പദ്ധതിക്കു

വേണ്ടിയുള്ള ജനകീയ പ്രസ്ഥാനത്തിന്റെ വിജയകരമായ പരിസമാപ്തി കൂടിയായിരിക്കും ഈ കോൺഗ്രസ്സ്.

ഒമ്പതാം പദ്ധതിയുടെ കരടുരേഖ അടുത്ത ഫെബ്രുവരിയോടുകൂടി തയ്യാറാക്കേണ്ടതുണ്ട്. അതുകൊണ്ടു തന്നെ സമയബന്ധിതമാണ് ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട എല്ലാ പരിപാടികളും. 1996 ജൂലൈ മാസത്തിൽ തുടങ്ങി 1997 ഫെബ്രുവരി അവസാനം വരെയുള്ള സമയം കൊണ്ട് ഇത് പൂർത്തീകരിക്കുവാൻ സാമൂഹിക പ്രതിബദ്ധതയും സംഘശക്തിയും മാത്രമേ നമുക്കു കൈമുതലായുള്ളൂ.

സംഘാടനം

തദ്ദേശഭരണ വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാന ആസൂത്രണ ബോർഡു തന്നെയാണ് ഈ ബൃഹത്തായ പരിപാടിയുടെ സംഘാടന ചുമതല ഏറ്റെടുത്തിരിക്കുന്നത്. വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി അധ്യക്ഷനായി ഒരു സമിതിയും രൂപീകരിച്ചിട്ടുണ്ട്.

വികേന്ദ്രീകൃത ആസൂത്രണത്തിനാവശ്യമായ മാർഗനിർദ്ദേശങ്ങൾ നല്കുക സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ ചുമതലയായിരിക്കും. പരിപാടിയുടെ മേൽനോട്ടത്തിനും ഏകോപനത്തിനും പരിശീലനത്തിനുമായി വിവിധ ഡിപ്പാർട്ടുമെന്റുകളിലേയും സ്ഥാപനങ്ങളിലേയും ഏതാനും വിദഗ്ധരെ ഒരു പ്രത്യേക സെല്ലായി പ്ലനിംഗ് ബോർഡിൽ പ്രവർത്തിക്കുന്നതിനും നിയോഗിക്കുന്നതാണ്.

ജില്ലാ ആസൂത്രണ സമിതിയ്ക്കാണ് ജില്ലയിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല. ജില്ലാ പ്ലാനിംഗ് ഓഫീസ്, ഇതിനാവശ്യമായ സഹായങ്ങൾ ജില്ലാ ആസൂത്രണ സമിതിക്കു നല്കും.

ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് ഇതിനകം തന്നെ മുഖ്യമന്ത്രി ഇ.കെ. നായനാർ രക്ഷാധികാരിയായും ഇ.എം.എസ്. നമ്പൂതിരിപ്പാട് അധ്യക്ഷനായും ഒരു ഉന്നതതല മാർഗ്ഗനിർദ്ദേശ സമിതി രൂപീകരിച്ചു കഴിഞ്ഞു. കേരളത്തിന്റെ മുൻ മുഖ്യ മന്ത്രിമാരായ കെ. കരുണാകരൻ, പി. കെ. വാസുദേവൻ നായർ, എ.കെ.ആന്റണി മുൻ പ്രതിപക്ഷ നേതാവ് വി.എസ്.അച്ചുതാനന്ദൻ, സുകുമാർ അഴീക്കോട്, വി.ആർ.കൃഷ്ണയ്യർ, ഡോ:കെ.എൻ രാജ് എന്നിവർ സമിതിയുടെ ഉപാധ്യക്ഷന്മാരാണ്. രാഷ്ട്രീയ നേതാക്കൾക്കു പുറമെ സാംസ്ക്കാരിക നായകന്മാരേയും വിദ്യാഭ്യാസ വിചക്ഷണന്മാരേയും ശാസ്ത്രസാങ്കേതിക വിദഗ്ധന്മാരേയും ഒക്കെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിശാലമായ ഒരു സമിതിയാണ് രൂപീകരിച്ചിരിക്കുന്നത്. ഈ ഉന്നത സമിതിയുടെ മാർഗ്ഗ നിർദ്ദേശത്തിൻ കീഴിൽ രൂപം കൊള്ളുന്ന വമ്പിച്ച ജനകീയ ആസൂത്രണ പ്രസ്ഥാനം ഭാവികേരളത്തിന്റെ വളർച്ചയിൽ നിർണ്ണായകമായ പങ്കു വഹിക്കുമെന്നു പ്രതീക്ഷിക്കാം.

നമ്മുടെ പഞ്ചായത്തിലെപ്രവർത്തനം

സംസ്ഥാനത്തുടനീളം കണ്ടുവരുന്ന മുന്നേറ്റത്തിന്റെ മാറ്റൊലി നമ്മുടെ പഞ്ചായത്തിലും ഉണ്ടായിട്ടുണ്ട്. പദ്ധതിയാസൂത്രണത്തിന്റെ ഈ പുതിയ രീതി ഏറെ സംശയത്തോടെയാണ് പലരും നോക്കിക്കണ്ടത്. എങ്കിലും പഞ്ചായത്ത് സമിതി ഉയർന്ന ഐക്യബോധമാണ് പ്രകടിപ്പിച്ചത്. ഇവരോടൊപ്പം നമ്മുടെ ഗ്രാമത്തിന്റെ നന്മയാഗ്രഹിക്കുന്ന നല്ല മനുഷ്യരും പരസ്പരം കൈകോർത്തു പിടിച്ചപ്പോൾ പൊതുപ്രവർത്തനത്തിന് ഇതുവരെയില്ലാത്ത അർത്ഥവും ആവേശവുമുണ്ടായി.

73-ാം ഭരണഘടനാ ഭേദഗതിയാണല്ലോ ഗ്രാമസഭയ്ക്കു നിയമസാധുതനല്കുന്നത്. അതുകൊണ്ടു തന്നെ വാർഡുമെമ്പറും തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തു സമിതി തന്നെയുമാണ് നിയമാനുസൃത അധികാര സ്ഥാനങ്ങൾ. എങ്കിലും ഒരു പുത്തൻ സംരംഭം എന്ന നിലയ്ക്ക്, ജനങ്ങളുടെ ആകുലതകളും സംശയങ്ങളും മാറ്റി ജനകീയ മുന്നേറ്റമുണ്ടാക്കുന്നതിനും ഒമ്പതാം പദ്ധതിയാസൂത്രണത്തിൽ പഞ്ചായത്തു സമിതിയെ സഹായിക്കുന്നതിനുമായി ഒരു അക്കാദമിക് കമ്മിറ്റി രൂപീകരിക്കപ്പെട്ടിട്ടുണ്ട്. പി.വി.ഭാസ്ക്കരനാണ് കമ്മിറ്റി കൺവീനർ. പി.കോയാനി, എൻ.എം.കേശവൻ, കെ.സി.അലിഇക്ബാൽ, പി.സി.അരുണ, വി.പി.ആയിഷുമ്മ, ടി.സുധാകരൻ, പി.ഹൈഡ്രോസ് എന്നിവർ അംഗങ്ങളും.

പട്ടാമ്പി നെല്ലു ഗവേഷണ കേന്ദ്രത്തിലെ ആഡിറ്റോറിയത്തിൽ വെച്ചു നടന്ന ജില്ലാതല പരിശീലനത്തോടെയാണ് ഈ പഞ്ചായത്തിലെ ജനകീയാസൂത്രണത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. സപ്തം. 12,13,14 തിയ്യതികളിൽ നടന്ന ജില്ലാതല പരിശീലനത്തിൽ 'അക്കാദമിക് കമ്മിറ്റി' അംഗങ്ങളും പഞ്ചായത്ത് പ്രസിഡന്റ് ഈ പഞ്ചായത്തിലെ ബ്ലോക്ക് പഞ്ചായത്ത് സമിതി അംഗങ്ങൾ എന്നിവരുമാണ് പങ്കെടുത്തത്. ജനകീയാസൂത്രണത്തിന്റെ പ്രസക്തി ലക്ഷ്യങ്ങൾ, വിശേ

ഷാൽ ഗ്രാമസഭകളുടെ സംഘാടനം എന്നിവയെക്കുറിച്ച് അംഗങ്ങൾക്ക് സമഗ്രമായ ഒരറിവ് ഈ ക്യാമ്പു വഴിയാണ് ലഭിച്ചത്.

ഒക്ടോബർ 6നുള്ളിൽ എല്ലാ ഗ്രാമസഭകളും സമ്മേളിച്ചിരിക്കണമെന്നായിരുന്നു നിർദ്ദേശം. അതു കൊണ്ടു തന്നെ വളരെതിരിക്കിട്ട പ്രവർത്തനങ്ങളായിരുന്നു പിന്നീട്. പഞ്ചായത്തതിർത്തിയിലെ സ്ഥാപനമേധാവികളുടെ യോഗം, ബഹുജനസംഘടനാ പ്രതിനിധികളുടെ യോഗം രാഷ്ചട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം എന്നിവയായിരുന്നു തുടർന്ന് നടന്നത്. ഈ യോഗങ്ങളിലെല്ലാംനടന്ന ചർച്ചകളുടെ വെളിച്ചത്തിൽ സപ്തം.19ന് സാംസ്ക്കാരിക നിലയത്തിൽ പഞ്ചായത്ത് തല ഏകദിന പരിശീലന ക്യാമ്പ് നടന്നു. രാവിലെ 9 മണിമുതൽ 5 മണിവരെ നടന്ന ക്യാമ്പിൽ വിവിധ വാർഡുകളെ പ്രതിനിധീകരിച്ച് 65 പേർ പങ്കെടുത്തു. ഈ പരിശീലകർ പിന്നീടുള്ള പ്രവർത്തനത്തിൽ വഴികാട്ടികളും നേതൃത്വവുമായി. ഇതോടെ സംസ്ഥാനതലം മുതൽ പഞ്ചായത്ത് തലം വരെയുള്ള പരിശീലനം പൂർത്തിയായി.

സപ്തംബർ 27നും ഒക്ടോബർ 9നും ഇടയ്ക്കുള്ള തിയ്യതികളിലായിരുന്നു ഗ്രാമസഭകൾ. എല്ലാ ഗ്രാമ സഭകളിലും പഞ്ചായത്ത് പ്രസിഡണ്ടും ചാർജ്ജ് ഉള്ള അക്കാദമിക് കമ്മിറ്റി അംഗങ്ങളും പങ്കെടുത്തു. ആസൂത്രണത്തിന്റെ ഈ ചരിത്ര മുഹൂർത്തത്തിൽ ജനങ്ങൾ എന്നുമില്ലാത്ത ആവേശത്തോടെ പങ്കാളികളായി. ഇതിന്റെ പ്രായോഗികതയിൽ ചെറിയ ഒരു സംശയം മനസ്സിനുള്ളിൽ ഒളിപ്പിച്ചു വെച്ചു തന്നെ ഓരോ വാർഡിലേയും പങ്കാളിത്തം പട്ടികയിൽ കാണാം.

പട്ടിക 1

വാർഡ്	പുരുഷന്മാർ	സ്ത്രീകൾ	ആകെ
1	120	47	167
2	142	21	163
3	129	31	160
4	133	53	186
5	155	30	185
6	105	32	137
7	129	38	167
8.	123	17	140
9	211	48	259
10	102	15	117
ആകെ	1349	332	1681

എല്ലാ ഗ്രാമസഭകളിലും 6 ഗ്രൂപ്പുകളിലായിട്ടാണ് ചർച്ച നടന്നത്. പഞ്ചായത്ത് തല പരിശീലനം ലഭിച്ചവരായിരുന്നു മിക്കവാറും എല്ലാ ഗ്രൂപ്പിന്റെയും കൺവീനർമാർ. തങ്ങളുടെ ആവശ്യങ്ങൾ അവർ സമർത്ഥമായി ഉന്നയിച്ചു അപൂർവ്വം ഗ്രാമസഭകളിൽ മാത്രമേ പരിഹാരനിർദ്ദേശങ്ങളുണ്ടായുള്ളൂ. ഓരോഗ്രൂപ്പിന്റെയും റിപ്പോർട്ട് കൺവീനർമാർ എഴുതിവായിച്ചു. അധ്യക്ഷനെല്പിക്കുകയും ചെയ്തു.

വികസന സെമിനാറിൽ പങ്കെടുക്കാൻ ഓരോ ഗ്രൂപ്പിൽ നിന്നും 4 പേർ വീതം ഇവിടെ വെച്ചു തന്നെ നിർദ്ദേശിക്കപ്പെടുകയുണ്ടായി.

ഇതോടെ ഒന്നാം ഘട്ട പ്രവർത്തനത്തിന് അവസാനമായി. സ്വാതന്ത്ര്യാനന്തരം കക്ഷി രാഷ്ട്രീയനിറമില്ലാതെ ഒരു പൊതുആവശ്യത്തിന് ഇത്രയും പേർ ഒരുമിച്ചിട്ടുണ്ടാവുമോ? എങ്കിലും ദുഃഖത്തോടെയാണെങ്കിലും ഒന്ന് പറയാതെ വയ്യ. ഉദ്യോഗസ്ഥന്മാരുടെ പങ്കാളിത്തക്കുറവ്. ജനങ്ങളുടെ നികുതികാശ് ശമ്പളമായി വാങ്ങുന്ന എല്ലാവർക്കും ജനങ്ങളുടെ ആവശ്യങ്ങൾക്കൊപ്പം നില്ക്കാൻ സാധ്യതയില്ലേ. ഇതവരുടെകൂടെ ആവശ്യങ്ങളല്ലാതെ വരുമോ?

രണ്ടാംഘട്ടം

രണ്ടാംഘട്ടം തുടക്കമിട്ടത് ഒക്ടോബർ 8ന് നടന്ന പ്രവർത്തകരുടെ യോഗത്തോടെയാണ്– നമ്മുടെ ഗ്രാമത്തിന്റെ നിലവിലുള്ള അവസ്ഥ സ്ഥാപനങ്ങളിൽ കണക്കുകളായി ഇരിക്കുന്നു. ഒമ്പതാംപദ്ധതിയാസൂത്രണത്തിന് ഇത്തരത്തിലുള്ള ദ്വിതീയ സ്ഥിതി വിവരകണക്കുകളെയാണാശ്രയിക്കുന്നത്. പ്രാഥമിക സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുവാൻ സമയമില്ലാത്തതു കൊണ്ടുതന്നെ പഞ്ചായത്തു സമിതി അംഗങ്ങൾ കൺവീനറായി സ്ഥിതിവിവരക്കണക്ക് ശേഖരണത്തിനുള്ള ഗ്രൂപ്പുകളെ നിശ്ചയിച്ചു. ഒക്ടോബർ 20നുള്ളിൽ തീർക്കാൻ കഴിയുന്ന തരത്തിൽ ഓരോ ഗ്രൂപ്പിനും തിയ്യതിയും നിശ്ചയിച്ചു.

ഒക്ടോബർ 23,24,25 തിയ്യതികളിലായി രണ്ടാം ഘട്ട ജില്ലാതല പരിശീലനം നടന്നു. എട്ടു ജില്ലാ പരിശീലകരിൽ ഏഴു പേരും പഞ്ചായത്തു പ്രസിഡണ്ടും 2 ബ്ലോക്ക് പഞ്ചായത്ത് സമിതി അംഗങ്ങളിൽ പി.ആർ. വിജയലക്ഷ്മി ടീച്ചറും പങ്കെടുത്തു.

രണ്ടാം ഘട്ടത്തിലെ പ്രധാന പ്രവർത്തനം വികസന സെമിനാറാണ്. അതിൽ ചർച്ച ചെയ്യപ്പെടാൻ അച്ചടിച്ച

വികസന റിപ്പോർട്ടും വേണം. വികസന റിപ്പോർട്ടെഴുതാനുള്ള മുന്നൊരുക്കങ്ങളുടെ ഭാഗമായി 'പഠനപര്യടനം' നടത്താൻ പി.കെ. രാമചന്ദ്രൻ, വി.പി.മൊയ്തീൻകുട്ടി, ടി.യു മുഹമ്മദ് ഹാജി, സി.രാജഗോപാലൻ, ടി.സുധാകരൻ, ടി.ടി.രാധ, അമ്മാളുക്കുട്ടി എന്നിവർ അംഗങ്ങളായി ഒരു സമിതിയും പ്രാദേശിക ചരിത്രപഠനത്തിനു വേണ്ടി എ.മമ്മു, പി.ഗോവിന്ദൻകുട്ടി, പി.ഡി.പാണി, ഡോ.പി.വി.രാമൻകുട്ടി, പി.വാസുദേവൻ ടി.കെ. മുരളീധരൻ, എസ്.പ്രഭാകരൻ നായർ, ടി.സെയ്താലിക്കുട്ടി എന്നിവർ അംഗങ്ങളായി ഒരു സമിതിയും രൂപീകരിയ്ക്കപ്പെട്ടു.

ഇതിനോടൊപ്പം ഒക്ടോബർ 29, 30, 31 ഗ്രൂപ്പു കൺവീനർമാർ ഗ്രാമസഭാറിപ്പോർട്ടുകളുടെ ക്രോഡീകരണം നടന്നു.

ഒക്ടോ.30ന് ഡിപ്പാർട്ടുമെന്റ് റിപ്പോർട്ടുകൾ ലഭ്യമാക്കാൻ പഞ്ചായത്തതിർത്തിയിലുള്ള സ്ഥാപനമേധാവികളുടെ യോഗം പഞ്ചായത്ത് പ്രസിഡണ്ട് വിളിച്ചു ചേർക്കുകയുണ്ടായി.

നവംബർ 2 നായിരുന്നു രണ്ടാംഘട്ടപരിശീലനം. രാവിലെ 10 മണിമുതൽ 4 മണിവരെയായിരുന്നു ക്യാമ്പ്. 77 പേർ പങ്കെടുത്തു. പഞ്ചായത്ത് തല വികസന സെമിനാർ നവം.24 ന് പരുതൂർ സി.ഇ.യു.പി.സ്കൂളിൽ വെച്ച് നടത്താൻ തീരുമാനിച്ചു.

നവം.9നായിരുന്നു വികസനസെമിനാറിന്റെ സ്വാഗതസംഘ രൂപീകരണം. പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനും പി.ഗോവിന്ദൻ കുട്ടി കൺവീനറുമായുള്ളതാണ് സ്വാഗതസംഘം. ഭക്ഷണം, പ്രചരണം, സ്റ്റേജ് എന്നിവയ്ക്കുള്ള സബ് കമ്മിറ്റികളും രൂപീകരിച്ചു.

വിവിധ ഗ്രാമപഞ്ചായത്തുകളുടെ ക്രോഡീകരിച്ച റിപ്പോർട്ട്, ഡിപ്പാർട്ട്മെന്റ് റിപ്പോർട്ടുകൾ, സ്ഥിതിവിവരക്കണക്കുകൾ എന്നിവ ബന്ധപ്പെടുത്തി വികസന മേഖലയെക്കുറിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കിയത് എ.മമ്മുവിന്റെ നേതൃത്വത്തിലുള്ള ഒരു സമിതിയാണ്. ആമുഖവും, ചരിത്രറിപ്പോർട്ടും, പഠനപര്യടന റിപ്പോർട്ടും അതിനനുബന്ധമായി. 1996 നവം. 15ന് നടന്ന പഞ്ചായത്ത് ഭരണസമിതി വികസന റിപ്പോർട്ടിന് അംഗീകാരം നൽകി.



പരുതൂർ പഞ്ചായത്ത് പൊതുവിവരവും ഭരണപരമായ ചരിത്രവും

പഞ്ചായത്തിന്റെ പേര്	:	പരുതൂർ ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജ്	:	പരുതൂർ വില്ലേജ്
ബ്ലോക്ക് പഞ്ചായത്ത്	:	പട്ടാമ്പി
ഡിവിഷൻ	:	വിളത്തൂർ, പരുതൂർ
താലൂക്ക്	:	ഒറ്റപ്പാലം
ജില്ല	:	പാലക്കാട്
ജില്ലാ പഞ്ചായത്ത് ഡിവിഷൻ	:	മുതുതല, തിരുവേഗപ്പുറ
അസംബ്ലി മണ്ഡലം	:	തൃത്താല
വിസ്തീർണ്ണം	:	20.14 ച.കി.മി
ജനസംഖ്യ	:	24,499
പുരുഷന്മാർ	:	12154
സ്ത്രീകൾ	:	12345
വാർഡുകളുടെ എണ്ണം	:	10
പ്രസിഡണ്ട്	:	ഇ.പി. കുഞ്ഞൻ
വൈസ് പ്രസിഡണ്ട്	:	മുക്കടക്കാട്ടിൽ ബാവ
അതിരുകൾ : വടക്ക്	:	തിരുവേഗപ്പുറ പഞ്ചായത്ത്
		കിഴക്ക് : കോൽക്കുന്ന് മുതുതല പഞ്ചായത്ത്
		തെക്ക് : ഭാരതപ്പുഴ
പടിഞ്ഞാറ്	:	ഭാരതപ്പുഴ, തൃത്തപ്പുഴ

1962 ജനുവരി 1നാണ് പരുതൂർ പഞ്ചായത്ത് നിലവിൽ വന്നത്. 7 വാർഡുകളായിരുന്നു. ആദ്യത്തെ പഞ്ചായത്ത് സമിതിയിൽ പ്രസിഡണ്ട് എൻ.എം. നീലകണ്ഠൻ ഭട്ടതിരിപ്പാടും വൈസ് പ്രസിഡണ്ട് പി.സി.മുഹമ്മദുണ്ണിയും, എം.കെ.ആലി, പി.ഗോപാലൻ വൈദ്യർ, കെ.ഗോപാലൻ, പി.ബി.മേനോൻ, എം.എസ്.മേനോൻ എന്നിവർ അംഗങ്ങളും. വനിതാ മെമ്പറായി കെ.മാധവി അമ്മ നോമിനേറ്റു ചെയ്യപ്പെട്ടു.

1964 ഒക്ടോബർ 23ന് പ്രസിഡണ്ട് അംഗത്വം രാജിവെച്ചു. പി.സി.മുഹമ്മദുണ്ണി ആക്ടിംഗ് പ്രസിഡണ്ടായി. ഭട്ടതിരിപ്പാട് രാജിവെച്ച ഒഴിവിൽ മുരിങ്ങോളിൽ നാരായണൻ നായർ തെരെഞ്ഞെടുക്കപ്പെട്ടു.

1965 ജൂൺ 21 ന് പി.ബി.മേനോൻ പ്രസിഡണ്ടായി. 66 സപ്തംബർ 16ന് രാജിവെച്ചു. പി.സി.മുഹമ്മദുണ്ണി വീണ്ടും ആക്ടിംഗ് പ്രസിഡണ്ടായി 11.8.67 വരെ തുടന്നു. പി.ബി.മേനോൻ രാജിവെച്ച ഒഴിവിൽ എം.പി.കരിക്ക തെരെഞ്ഞെടുക്കപ്പെട്ടു.

19967 ആഗസ്റ്റ് 11ന് കെ.ഗോപാലൻ പ്രസിഡണ്ടായി. 18.4.72ന് രാജിവെച്ചു. 24.8.73ൽ എം.കെ.ആലി പ്രസിഡണ്ടായി. അതുവരെ പി.സി.മുഹമ്മദുണ്ണിയായിരുന്നു ആക്ടിംഗ് പ്രസിഡണ്ട്.

1979ൽ വാർഡുകളുടെ എണ്ണം 9 ആയി മാറി. ഈ പഞ്ചായത്ത് സമിതിയുടെ പ്രസിഡണ്ട് എം.പത്മനാഭ മേനോനും, കെ.എം.കെ.നമ്പൂതിരി വൈസ്പ്രസിഡണ്ടുമായിരുന്നു. ടി.പി.കുഞ്ഞുമുഹമ്മദ്, എം.പി സെയ്ദലിക്കുട്ടി, എം.അബ്ദുറഹിമാൻ,പയ്യൂർ ഗോവിന്ദൻ കുട്ടി, ഭാർഗ്ഗവി വാസുദേവ പണിക്കർ, എം.പി.മുണ്ടൻ, പി.സെയ്തുട്ടി. എന്നിവരായിരുന്നു മെമ്പർമാർ.

1988ൽ നടന്ന തെരെഞ്ഞെടുപ്പിനുശേഷം, എം.വിജയകുമാർ പ്രസിഡണ്ടും കെ.എ.ചിയ്യാമു വൈസ് പ്രസിഡണ്ടുമായി. കെ.എം.മിനി, പി.പി.അബ്ദുറഹിമാൻ, ടി.കെ.മൊയ്തുണ്ണിഹാജി, പി.ഡി.പാണി, കെ.സുകൃതലത, ഇ.പി.കുഞ്ഞൻ, കെ.എം.കെ.നമ്പൂതിരി എന്നിവർ മെമ്പർമാരും.

നിലവിലുള്ള പഞ്ചായത്തിൽ 10 വാർഡുകളാണ് 5,6,7 വനിതാ സംവരണവാർഡുകളും 4പട്ടികജാതി വർഗ്ഗ സംവരണവാർഡും 9 പട്ടികജാതി പട്ടിക വർഗ്ഗ വനിതാ സംവരണ വാർഡുമാണ്.

അബ്ദുറഹിമാൻ, ടി.എം.അബ്ദുൽഹമീദ്,

ടി.യു.മുഹമ്മദ് ഹാജി, ഇ.പി.കുഞ്ഞൻ, എം.കെ.സുമതി, നളിനി ഗോപിനാഥ്, സി.കെ.സത്യാഭാമ, തോട്ടത്തിൽ ബാവ, ടി.ടി.രാധ, ടി.സെയ്താലി കുട്ടി എന്നിവർ 1 മുതൽ 10 വരെ വാർഡുകൾ ക്രമത്തിൽ പ്രതിനിധീകരിക്കുന്നു. പി.ആർ.വിജയലക്ഷ്മി പരുതൂർ ഡിവിഷനേയും ടി.പി.മറിയക്കുട്ടി വിളത്തൂർ ഡിവിഷനെയും ബ്ലോക്ക് പഞ്ചായത്ത് സമിതിയിൽ പ്രതിനിധീകരിക്കുന്നു. കെ.വി.വിജയദാസ് മുതുതല ഡിവിഷനും, ഇ.പി.ശങ്കരൻ തിരുവേഗപ്പുറ ഡിവിഷനെയും പ്രതിനിധീകരിക്കുന്നു.

ഇന്ത്യയിലുള്ള എല്ലാം എന്നെ
ആകർഷിക്കുന്നു, ഉന്നതാഭിലാഷമുള്ള
ഏതൊരു മനുഷ്യ ജീവിക്കും വേണ്ട
തെല്ലാം ഇവിടെയുണ്ട്. അമ്മയുടെ
മാറിടത്തിൽ പറ്റിപ്പിടിച്ചിരിക്കുന്ന ഒരു
ശിശുവിനെപ്പോലെ ഞാൻ ഇന്ത്യയെ
ആശ്ലേഷിക്കുന്നു, കാരണം അത് ആത്മീയ
ആഹാരം നൽകുന്നതായി എനിക്ക്
അനുഭവപ്പെടുന്നു.

മഹാത്മാ ഗാന്ധി



സാമൂഹിക സാംസ്ക്കാരിക ചരിത്രം

പരുതൂർ - ചെറുകുടങ്ങാട് അംശങ്ങൾ കൂട്ടിച്ചേർത്തുണ്ടായ പരുതൂർ വില്ലേജിലെ പ്രദേശങ്ങൾ ഉൾപ്പെട്ടതാണ് പരുതൂർ ഗ്രാമപഞ്ചായത്ത്. പള്ളിപ്പുറം ആണ് കേന്ദ്ര സ്ഥാനം. പഞ്ചായത്ത് ഓഫീസ് ഇവിടെ സ്ഥിതി ചെയ്യുന്നു.

ഒരു കാലത്ത് പ്രബലമായിരുന്ന ബുദ്ധമതത്തിന്റെ 'വിഹാന'ങ്ങൾ പള്ളി എന്ന പേരിൽ അറിയപ്പെട്ടിരുന്നതുകൊണ്ട് കേരളത്തിൽ ധാരാളം പള്ളിപ്പുറങ്ങൾ ഉണ്ടായി. ഇക്കാരണത്താലും, നേരത്തെ മറ്റൊരിടത്ത് പള്ളിപ്പുറം പഞ്ചായത്ത് ഉണ്ടായിരുന്നതിനാലുമാണ് ആ പേര് ഈ പഞ്ചായത്തിന് നഷ്ടമായത്. എന്നാൽ അഖിലേന്ത്യാ തലത്തിൽ ഈ പള്ളിപ്പുറം പ്രസിദ്ധമാണ്. ബ്രിട്ടീഷ് ഇന്ത്യയിൽ സൗത്ത് ഇന്ത്യൻ റെയിൽവെയുടെ ആരംഭകാലത്തു തന്നെ മദ്രാസ്-മാംഗ്ലൂർ റെയിൽവെ ലൈൻ പണി തുടങ്ങി. 1861 സെപ്റ്റംബർ 23-ാം തിയ്യതി പള്ളിപ്പുറം തീവണ്ടി ആപ്പീസിൽ അന്നത്തെ അത്ഭുത വാഹനം കൂകിപ്പാഞ്ഞെത്തി. ഹുങ്കാരത്തോടെ തീതുപ്പി പുറപ്പെടുകയും ചെയ്തു.ആ ലൈൻ ഈ ഗ്രാമത്തിന്റെ ഭാഗ്യ രേഖയുമായി. ഈ തീവണ്ടി ആപ്പീസിലിറങ്ങി തൃത്താല ടി.ബി.യിലേക്ക് പോകുന്നതിന് മുടപ്പക്കാട് വരെ ഒരു റോഡും വെള്ളക്കാരുണ്ടാക്കി. ഇവിടങ്ങളിൽ നിന്ന് മരവും മറ്റും കയറ്റിക്കൊണ്ടുപോകുന്നതിന് പ്രത്യേകം ഫ്ളാറ്റ്ഫോമും ലൈനും ഗൂഡ്സ് ഷെഡ്ഡും നിർമ്മിച്ചു. കാലാന്തരത്തിൽ പള്ളിപ്പുറം ബ്രാഞ്ച് പോസ്റ്റോഫീസും അവർ സ്ഥാപിച്ചു. മൈലുകൾ അകലെയുള്ള സമീപ ഗ്രാമ പോസ്റ്റാഫീസുകളിലെ മെയിൻബാഗുകളും അഞ്ചൽക്കാരൻ (മെയിൻ കാരിയർ) വഴി ഈ പോസ്റ്റ് ഓഫീസിൽ വന്നും പൊയ്ക്കൊണ്ടുമിരുന്നു. വാർത്താവിനിമയ രംഗത്തെ മുന്നേറ്റത്തിനും തീവണ്ടി സഹായകമായി.

ഇന്ത്യൻ റെയിൽവെയുടെ ഭൂപടത്തിലും ടൈംടേബിളിലും പള്ളിപ്പുറം ഇതൊന്നുമാത്രം. റോഡുകളും മറ്റു ഗതാഗത സൗകര്യങ്ങളും ഇല്ലാതിരുന്ന അക്കാലം മുതൽ സ്വാതന്ത്ര്യ ലഹബ്ധിവരെ വിദൂര ഗ്രാമങ്ങളിൽ നിന്നുപോലും ജനം കാൽനടയായും കുതിരപ്പുറത്തും മഞ്ചൽ, പല്ലക്ക് എന്നിവയിലൂടെയും പള്ളിപ്പുറം തീവണ്ടിയാപ്പീസിലെത്തിയാണ് ദൂരദിക്കുകളിലേക്കുള്ള യാത്രയുടെ ആരംഭം കുറിച്ചിരുന്നത്.

തെക്ക് നിളാനദി, പടിഞ്ഞാറ് കുന്തിപ്പുഴ (തൂത) വടക്ക് തിരുവേഗപ്പുറ പഞ്ചായത്തിലെ ചെമ്പ്ര, മാഞ്ഞാമ്പ്ര, വിളത്തൂർ പ്രദേശങ്ങൾ, കിഴക്ക് മുതുതല പഞ്ചായത്തിലെ കാരക്കുത്തും, കൊടുമുണ്ടയും പരുതൂർ പഞ്ചായത്ത് അതിർത്തികളാണ്.

നിള, കുന്തി എന്നീ നദികൾ പഞ്ചായത്തിന്റെ തെക്കു പടിഞ്ഞാറതിർത്തിയിൽ കൂട്ടക്കടവിനു താഴെ വെച്ച് ഒന്നിച്ച് വിസ്തൃതികൂടി ഭാരതപ്പുഴയുടെ പൊന്നാനി അഴിമുഖത്തേക്കുള്ള ഒഴുക്കിന് ആക്കം കൂട്ടി അറബിക്കടലിൽ അവസാനിക്കുന്നു.

ബ്രിട്ടീഷ് മലബാറിലെ പൊന്നാനി താലൂക്കിന്റെ ഭാഗമായിരുന്നു പഞ്ചായത്ത് പ്രദേശം. ഇപ്പോൾ പാലക്കാട് ജില്ലയുടേയും ഒറ്റപ്പാലം താലൂക്കിന്റേയും പടിഞ്ഞാറ്റമായി ഇരുനദികൾക്കിടയിൽ മുക്കോൺ തൂരൂത്തായി സ്ഥിതി ചെയ്യുന്നു.

നിളയിലെ പ്രസിദ്ധമായ 'വെള്ളിയാങ്കല്ല്' കടവ് പരുതൂർ പഞ്ചായത്തിൽപെട്ടതാണ്. തൊട്ട് അക്കരെ 'പന്തിരുകുല'ത്തിലെ മിത്തുകൾക്ക് മർമ്മരം പൊഴിക്കുന്ന കായ്ക്കാത്ത കാഞ്ഞിരവും അഗ്നിഹോത്രിയുടെ യാഗത്തറയും പാക്കനാരുടെ തറവാടും യജ്ഞേശ്വര ക്ഷേത്രവും മറ്റും. മുടപ്പക്കാടിനടുത്ത് പെരുന്തച്ചനുണ്ടാക്കിയതായി പറയപ്പെടുന്ന കാറ്റത്തുംകെടാത്ത വിളക്കുകാൽ നിലനില്ക്കുന്നു. ഇതിനടുത്താണ് നിളാ

തീരത്തെ പ്രസിദ്ധമായ നരിപ്പറ്റമന.

1963ൽ കേരളം മുഴുവൻ പഞ്ചായത്ത് ഭരണത്തിൻ കീഴിൽ കൊണ്ടുവരുന്നതിന്റെ മുന്നോടിയായിരുന്നു അംശങ്ങളുടെ ലയനം. പരുതൂരംശത്തിൽ മഞ്ഞപ്ര യിലെ അധികാരിമാരും ചെറുകടങ്ങാട് അംശത്തിൽ കൊച്ചിയിൽ അധികാരിമാരും ബ്രിട്ടീഷ് ഭരണവ്യവസ്ഥ യനുസരിച്ച് പാരമ്പര്യമായി തുടർന്നുവരികയായിരുന്നു. എന്നാൽ ജനമനസ്സുകളിൽ പണ്ടും ഈ പ്രദേശങ്ങൾ ഒന്നിച്ചാണ് നിലനിന്നിരുന്നത്. പതിമൂന്നര ദേശക്കാർ ഒത്തുചേരുന്ന ചിറങ്കര താലപ്പൊലി പഴയ ചൈതന്യ ത്തോടെ ഇന്നുംനടന്നു വരുന്നു. കൊടിക്കുന്ന് ക്ഷേത്രം വക ഉത്സവമാണ് ചിറങ്കരയിൽ വെച്ചു കഴിക്കുന്നത്. പതിമൂന്നര ദേശക്കാർക്കും പാട്ടുത്സവം നടത്താനുള്ള അവകാശമുണ്ട്. മംഗലം, കോടന്തൂർ, പഴയങ്ങാടി, പരു തൂർ, കരിയന്നൂർ, കാരമ്പത്തൂർ, ചെറുകുടങ്ങാട്. ചെമ്പുലങ്ങാട്, കണ്ണാട്, കൊടുമുണ്ട, പള്ളിപ്പുറം, കുള മുക്ക്, മടുപ്പക്കാട് മുതലായവയാണ് ദേശങ്ങൾ. ഓരോ ദേശത്തിനും ഓരോ പൂതനും ഓരോ തിറയും വേണ മായിരുന്നു. താലപ്പൊലിയുടെ സന്ദേശം ദേശങ്ങളി ലെല്ലാം ശംഖ്ധ്വനി മുഴക്കി മാരാന്മാർ അറിയിച്ചിരുന്നു.

സാമൂതിരിയുടെ മേൽക്കോയ്മയാണ് ഗ്രാമത്തിനു ണ്ടായിരുന്നത്. കൊടിക്കുന്നു ക്ഷേത്രത്തിനടുത്തും ചിറങ്കര ക്ഷേത്രത്തിനടുത്തുമുണ്ടായിരുന്ന സാമൂതി രിക്കോവിലകങ്ങളുടെ അവശിഷ്ടങ്ങൾ ഇപ്പോഴും കാണാം. ക്ഷേത്ര ഭരണാധികാരികളെ നിശ്ചയിക്കുന്ന തിനുള്ള ആത്യന്തികാധികാരം ഇന്നും സാമൂതിരിയിൽ നിക്ഷിപ്തമാണ്. ക്ഷേത്ര നടത്തിപ്പിലേക്കായി ഭൂസ്വത്തും മിച്ചവാരവും മറ്റും ഏർപ്പെടുത്തുകയും ചെയ്തിരുന്നു. പാട്ടവും മിച്ചവാരവും പിരിക്കാൻ ഉത്ത രവാദപ്പെട്ട കാര്യസ്ഥന്മാരും ഉണ്ടായിരുന്നു.

അടുത്തകാലം വരെ ഈ തട്ടകത്തിൽ സാമൂതിരി രാജവാഴ്ചയുടെ കേന്ദ്രസ്ഥാനമായി നിലനിന്നുവന്ന ഒരു പഴയകോവിലകം പാലത്തറയിലുണ്ടായിരുന്നു. വെടിത്തറമുതൽ കൊടുക്കുന്ന് വരെ നീണ്ടുകിടന്ന രാജവീയും വെടത്തറയിൽ വെച്ചാണ് ആചാരവെടി മുഴക്കി രാജാക്കന്മാരെ സ്വീകരിച്ചാനയിച്ചിരുന്നത്. പാട ത്തുവീട്ടിൽ പണിക്കന്മാർ അകമ്പടി സേവിച്ചു പോന്നു. കാരമ്പത്തൂർ മഠത്തിലെ ധർമ്മോത്ത് പണിക്കന്മാർ. പട നായകസ്ഥാനമാണുണ്ടായിരുന്നത്.

വെടിത്തറ, അമ്പാട്ടുപറമ്പ്, മംഗലം മൂടപ്പക്കാട് എന്നിവിടങ്ങളിൽ കാണുന്ന കരിങ്കൽ അത്താണികൾ രാജവാഴ്ചയുടെയും നാടുവാഴികളുടെയും സംഭാവ നകളായി കരുതിവരുന്നു. വെടിത്തറ മംഗലം എന്നി വിടങ്ങളിൽ തണ്ണീർ പന്തലുമുണ്ടായിരുന്നു.

ഒരു കാലത്ത് ഇവിടം ഒരു വ്യാപാര-കുടിൽ വ്യവ സായ കേന്ദ്രമായിരുന്നു. കുളമുക്കം പഴയങ്ങാടിയും ചെമ്പുലങ്ങാടുമായിരുന്നു ആസ്ഥാനങ്ങൾ. കച്ചവടാ വശ്യാർത്ഥം ഇവിടെ വന്ന പരദേശി ബ്രാഹ്മണർ, മണ്ണാ ളന്മാർ, അവരുടെകൂടെ വന്ന കമ്മാളൻമാർ എന്നിവ രാണ് ഇവിടം വ്യാപാരകേന്ദ്രമാക്കിയത്. ഓട്ടുപാത്ര ങ്ങളും ഓടുകൊണ്ടും പഞ്ചലോഹങ്ങൾകൊണ്ടും ഇവിടെനിർമ്മിച്ച വിഗ്രഹങ്ങളും കൗതുക വസ്തുക്ക ളുംഅക്കാലത്ത് കേരളത്തിനകത്തും പുറത്തും പ്രശസ്തി നേടിയിരുന്നുവത്രെ. നിർമ്മാതാക്കളായ കമ്മാള സമുദായക്കാർ ഇവിടെ ഇന്നുമുണ്ട്. ആ വ്യവ സായം പറ്റെ തകർന്ന മട്ടാണിപ്പോഴൾ. പടിപടിയായി മൂന്ന് ദശാബ്ദം മുൻപ് പറ്റെനിലച്ചുപോയ പാലത്തറ ചന്ത ഒരു മുഖ്യ വ്യാപാരകേന്ദ്രമായിരുന്നു അന്ന്. വ്യാഴാഴ്ച ദിവസങ്ങളിൽ ഗ്രാമോത്സവം പോലെയാണ് ചന്തനടന്നിരുന്നത്.

കുളമുക്കിലെ അങ്ങാടിപ്പറമ്പുമുതൽ ചിറങ്കരക്ഷേ ത്രക്കുളം വരെയും വെടിത്തറമുതൽ കുളമുക്ക് പൂവ ത്തറവരെയും മണ്ണിനടിയിൽ പരക്കെ കാണപ്പെടുന്ന മനോഹരമായ കൽപ്പടവുകൾ മണ്ണടിഞ്ഞുപോയ ഒരു സംസ്ക്കാരത്തിന്റെ തെളിവുകളായി ഗണിക്കപ്പെടുന്നു.

നാട്ടെഴുത്ത് പള്ളിക്കൂടങ്ങൾ എഴുത്തച്ഛന്മാർ ഇവിടെ പൂരാതനമായിത്തന്നെ നടത്തിവന്നിരുന്നു. മംഗലം, കൊടിക്കുന്ന്, പിലാത്തോട്ടം, കൊടുമുണ്ട, ചോലപ്പറമ്പ്, പാലത്തറ, കാരമ്പത്തൂർ തുടങ്ങിയ സ്ഥല ങ്ങളിലാണവ ഉണ്ടായിരുന്നത്. ചില ഗുരുനാഥന്മാർ സ്വവസതിയിൽ വെച്ചും ശിക്ഷണം നടത്തി പ്രതിഫ ലേച്ഛ കൂടാതെ സരസ്വതീ പൂജയെന്നനിലയിലാണ് ഇവ രെല്ലാം നിലത്തും നാരായം വന്ദിച്ച് ഓലയിലും ഹരിശ്രീ കുറിച്ചു കൊടുത്തത്.

പണ്ഡിതരാജൻ പൂന്നശ്ശേരി നീലകണ്ഠ ശർമ്മാ വിന്റെ ഉപദേശനിർദ്ദേശങ്ങളനുസരിച്ച് കുമരംപുലാ ക്കൽ മനകേന്ദ്രമാക്കി നാരായണൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ സംസ്കൃത-വേദ പഠനങ്ങൾക്ക് പ്രാമു ഖ്യവും പ്രോത്സാഹനവും നല്കിപ്പോന്നു. പഴയ താളി യോല ഗ്രന്ഥങ്ങളും മറ്റും മനക്കൽ ശേഖരിക്കുകയും ചെയ്തിരുന്നു.

നാട്ടെഴുത്ത് പള്ളിക്കൂടങ്ങളിൽ നിന്ന് ആധുനിക

സ്കൂൾ വിദ്യാസമ്പ്രദായത്തിലേക്ക് ഗ്രാമത്തെ നയിച്ചത് നിഷ്കാമകർമിയും ഋഷിതുല്യനുമായ ചെല്ലുഎഴുത്തച്ഛനായിരുന്നു. ആദ്യമായി മംഗലംകുടിപ്പള്ളിക്കൂടം ഒരു എലിമെന്ററി സ്കൂളാക്കി മാറ്റുന്നതിൽ അദ്ദേഹം വിജയിച്ചു. പിലാത്തോട്ടത്തിലാണ് ഇത് തുടങ്ങിയത്.

ചെല്ലു എഴുത്തച്ഛൻ

പിന്നീട് പാലത്തറയിലും, പള്ളിപ്പുറത്തും, കാരമ്പത്തൂരിലും സ്കൂളുകൾ സ്ഥാപിച്ചതും അദ്ദേഹംതന്നെ. ജാതിവ്യവസ്ഥ നിയമപരമായി തന്നെ നിലനിന്ന അക്കാലത്തും അദ്ദേഹം സ്ഥാപിച്ച വിദ്യാലയ കവാടങ്ങൾ എല്ലാ മനുഷ്യകുട്ടികൾക്കുമായി തുറന്നു വെച്ചു. മത വിദ്യാഭ്യാസം മാത്രം കണക്കിലെടുത്ത് ഇംഗ്ലീഷ് വിരോധം പുലർത്തിപ്പോന്ന മുസ്ലിംകൾക്കായി കുളമുക്കിൽ ഒരു 'മാപ്പിള സ്കൂൾ' സ്ഥാപിക്കാനും അദ്ദേഹം തയ്യാറായി. അതിരാവിലെ മുതൽ 10 മണി വരെ അദ്ദേഹത്തിന്റെ സ്കൂളുകളിൽ മുസ്ലിം കുട്ടികൾക്ക് മത പഠനം നടത്താനും സൗകര്യം ചെയ്തുകൊടുത്തു. ഇതിനാവശ്യമായ 'മുല്ല' മാർക്ക് പ്രത്യേക സഹായവും നല്കിപ്പോന്നു. ആദ്യമായി ആരംഭിച്ച പിലാത്തോട്ടത്തിലെ എലിമെന്ററി സ്കൂൾ 'ഹയർ എലിമെന്ററി'-യാക്കി പഴയങ്ങാടിയിലേക്ക് മാറ്റിസ്ഥാപിക്കുകയും ചെയ്തു. ഈ സ്കൂൾ ഗ്രാമത്തിനും അയൽ ഗ്രാമങ്ങൾക്കും വിജ്ഞാനത്തിന്റെ ഉന്നത ദീപശിഖയായി. ഇവിടെ പഠിച്ച ഒട്ടേറെപേർ E.S.L.Cക്കാരായി സർക്കാർ മുദ്രയുള്ള സർട്ടിഫിക്കറ്റുകളുമായി പുറത്തിറങ്ങി.

ചോലപ്പറമ്പിൽ അച്യുതനെഴുത്തച്ഛൻ, പഴയങ്ങാടി കെ.കെ രാമൻകുട്ടി എഴുത്തച്ഛൻ കാരമ്പത്തൂർ കുഞ്ഞു എഴുത്തച്ഛൻ തുടങ്ങിയവരും വിദ്യാഭ്യാസ രംഗത്ത് സംഭാവനകൾ അർപ്പിച്ച് മഹദ് വ്യക്തികളായിരുന്നു.

കൊല്ലങ്ങൾക്ക് ശേഷം മലബാർ ഡിസ്ട്രിക്ട് ബോർഡ് പെൺകുട്ടികൾക്കുമാത്രമായി കൊടിക്കുന്നിൽ ഒരു സ്കൂൾ സ്ഥാപിച്ചെങ്കിലും ക്രമേണ അത് പൊളിഞ്ഞുപോവുകയാണുണ്ടായത്.

ദേശീയ പ്രസ്ഥാനം ഇവിടെ സജീവമായത് 1921 ലെ ഖിലാഫത്ത് പ്രസ്ഥാനത്തോടൊപ്പമാണെന്നു കരുതപ്പെടുന്നു. സമരം ഈ പഞ്ചായത്തിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളോടുകൂടിത്തന്നെയാണ് നടന്നത്. തന്നിമിത്തം വഴിതെറ്റി മറ്റുചിലയിടങ്ങളിൽ ഉണ്ടായതുപോലുള്ള വർഗ്ഗീയലഹളകളോ അനിഷ്ട സംഭവങ്ങളോ ഈ ഗ്രാമത്തെ ബാധിച്ചില്ല. എങ്കിലും മുസ്ലിം വിരോധികളായിരുന്ന ബ്രട്ടീഷുകാർ പലരെയും പിടിച്ച് ജയിലിലടച്ചു. മിക്കവർക്കും ഏഴ് കൊല്ലം കഠിനതടവാണ് ശിക്ഷ വിധിച്ചിരുന്നത്. ബല്ലാരി കോയമ്പത്തൂർ, തുടങ്ങിയ സെൻട്രൽ ജയിലുകളിലാണ് തടവിലിട്ടത്. ഇയ്യം മടക്കൽ ആലിഹാജി, കളത്തിൽതൊടി വീട്ടുകാരായ സെയ്തലി, കുട്ട്യാലി, മാമുണ്ണി, പുളിക്കൽ വീട്ടുകാരായ കുട്ടു; കുഞ്ഞു മുഹമ്മദ് തൊറോപ്പറമ്പിൽ മൊയ്തീൻകുട്ടിഹാജി, വലിയ പറമ്പിൽ അഹമ്മദ്, തോട്ടത്തിൽ വീട്ടുകാരായ ഹൈദ്രോസ് കുട്ടി കുഞ്ഞിപ്പോക്കർ, തിരുത്തിൽ അഹമ്മദ്. തോട്ടുങ്ങൽ ഊമയിൽ സെയ്താലി തുടങ്ങിയവർ അക്കൂട്ടത്തിൽ ചിലരാണ്. വടക്കെ തൊടിയിൽ കുഞ്ഞിക്കോയയും പൂഴിക്കുന്നത്ത് ബീരാനും ബെല്ലാരിസെൻട്രൽ ജയിലിലും പുളിക്കൽ ഹൈദ്രു, കോയമ്പത്തൂർ സെൻട്രൽ ജയിലിലും തടവുകാലത്തിനിടയിൽ മൃതിയടഞ്ഞു. സമരം അടിച്ചൊതുക്കാൻ വരുന്ന പട്ടാളവണ്ടികാണാൻ റയിൽവെയിനിനടുത്തുനിന്ന വി.പി.മമ്മദ് മൊല്ലയെ ബ്രിട്ടീഷ് പട്ടാളം തമാശക്ക് വെടിവെച്ച് അദ്ദേഹത്തിന്റെ ഒരുകാലിന് സ്വാധീനം നഷ്ടപ്പെട്ടു. മറ്റു പല മുസ്ലിം നേതാക്കളെയും ദൂരദിക്കുകളിലേക്ക് വിളിച്ചുകൂട്ടിക്കൊണ്ടുപോയി ചോദ്യം ചെയ്തും മർദ്ദിച്ചും പീഡിപ്പിച്ച് വിട്ടയച്ചു. മുസ്ലീംങ്ങളെ രക്ഷിക്കാൻ ഹിന്ദുസഹോദരങ്ങൾ മുന്നിട്ടിറങ്ങുകയും പലരേയും തങ്ങളുടെ വീടുകളിൽ ഒളിപ്പിച്ചും മറ്റും അഭയം നല്കുകയും ചെയ്തു.

ഖിലാഫത്ത് പ്രസ്ഥാനം അടിച്ചമർത്തപ്പെട്ടതോടെ ദേശീയപ്രസ്ഥാന പ്രവർത്തനങ്ങൾക്ക് പുതിയ മാനവും ഉശിരും ഉയിലർത്തെഴുന്നേല്പുൽപും ഉണ്ടായി. ചായില്ലത്ത് രാഴികുലത്ത് വീടിനെ കേന്ദ്രീകരിച്ചായിരുന്നു പ്രവർത്തനങ്ങൾ. ജന്മികുടുംബമായിരുന്ന ഈ തറവാട്ടിലെ യുവാക്കൾ മുന്നിട്ടിറങ്ങിയത് സ്വകുടുംബത്തിലെ കാരണവന്മാരിൽ നിന്നുള്ള



മുന്നിൽ: സി. ആർ. ബാലകൃഷ്ണൻനമ്പ്യാർ, ദേവകിഅമ്മ.
പിന്നിൽ: നാണപ്പ, രാമകൃഷ്ണൻനമ്പ്യാർ.

എതിർപ്പുകളും ബഹിഷ്ക്കരണവും ഏറ്റുവാങ്ങിക്കൊണ്ടായിരുന്നു. കോട്ടയ്ക്കൽ ആര്യവൈദ്യം പഠിച്ചുകൊണ്ടിരുന്ന സി.ആർ.ബാലകൃഷ്ണൻ നമ്പ്യാരാണ് പ്രസ്ഥാനത്തിന്റെ ദീപശിഖ ആദ്യമായി കുടുംബത്തിലെത്തിച്ചതും മറ്റുസഹോദരങ്ങളെ കൂടി രംഗത്തിറക്കിയതും. ഖാദി വസ്ത്രം ധരിച്ച് വിദേശ വസ്ത്രബഹിഷ്ക്കരണം, അയിത്തോച്ചാടനം മദ്യവർജ്ജനം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ഇവർ പ്രചാരണം നല്കുകയും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലേക്ക് ആളുകളെ ക്ഷണിക്കുകയും ചെയ്തു. സഹോദരിസി.ആർ.ദേവകിയമ്മ കോൺഗ്രസ്സിന്റെ പോഷക സംഘടനയായ ദേശീയ മഹിളാ സംഘം രൂപീകരിക്കാനും ശ്രമം തുടങ്ങി. തികച്ചും യാഥാസ്ഥിതികമായ അന്നത്തെ അന്തരീക്ഷത്തിൽ എതിർപ്പുകളും പരിഹാസങ്ങളുമാണ് ആദ്യം നേരിടേണ്ടിവന്നത്. എങ്കിലും ഇവരുടെ സത്യസന്ധമായ പ്രവർത്തന രീതിയും ത്യാഗസന്നദ്ധതയും പലരെയും ആകർഷിക്കുകയും ക്രമേണ പ്രസ്ഥാനം ശക്തിയാർജ്ജിക്കുകയും ചെയ്തു.

1930 ലെ ഉപ്പു സത്യാഗ്രഹത്തിൽ പങ്കെടുത്തതിന് ഈ കുടുംബത്തിലെ സി.ആർ.നാണപ്പ (നാരായണൻ നമ്പ്യാർ) ആറുമാസം കണ്ണൂർ സെൻട്രൽ ജയിലിൽ തടവുശിക്ഷയനുഭവിച്ചു. 1932ലെ നിയമലംഘനപ്രസ്ഥാനത്തിൽ ഒരു കൊല്ലത്തെ തടവും ഇതേ ജയിലിൽ ഏറ്റുവാങ്ങി. ഈ സമരത്തോടനുബന്ധിച്ച് കോഴിക്കോട് ഹജൂർ കച്ചേരിക്ക് (കലക്ടറേറ്റ്) മുമ്പിലെ യൂനിയൻജാക്ക് (ബ്രിട്ടീഷ് പതാക) വലിച്ചിട്ട് ത്രിവർണ്ണ പതാക പറപ്പിച്ചതിന് ഇദ്ദേഹത്തിന് കൊടിയപോലീസ് മർദ്ദനം ഏല്ക്കേണ്ടിയും വന്നു. ഇതേ സമരത്തിൽ പങ്കെടുത്ത മറ്റു സഹോദനന്മാരായ സി.ആർ.അച്യുതൻ കുട്ടിനമ്പ്യാർ, 2കൊല്ലം തടവിനും സി.ആർ.മാധവൻകുട്ടി നമ്പ്യാർ 6മാസം തടവിനും ശിക്ഷിക്കപ്പെട്ട് കോയമ്പത്തൂർ സെൻട്രൽ ജയിലിൽ കഴിച്ചുകൂട്ടി.

ഹിന്ദി-ഖാദി പ്രചാരണവുമായി ഇന്ത്യ മുഴുക്കെ ചുറ്റിനടന്നുകൊണ്ടിരുന്ന ഇവരിലെ ഏറ്റവും ചെറിയ സഹോദരൻ സി.ആർ.രാമകൃഷ്ണൻ നമ്പ്യാർ 40 കളിലെ വ്യക്തിസത്യാഗ്രഹ പ്രസ്ഥാനകാലത്ത് യു.പി.യിലെ ഡെറാഡ്യൂണിലെ സെൻട്രൽ ജയിലിൽ മൂന്നുമാസം കഠിന തടവനുഭവിച്ചു. ബാംഗ്ലൂരിൽ ആര്യ വൈദ്യനായികഴിഞ്ഞുവന്ന ബാലകൃഷ്ണൻ നമ്പ്യാർ 1942ലെ ക്വിറ്റ് ഇന്ത്യാസമരത്തിൽ അറസ്റ്റുവരിച്ച് ഒന്നരക്കൊല്ലം കർണ്ണാടകയിലെ ബൽഗാം ജയിലിൽ കഴിഞ്ഞു. ഇക്കാലത്ത് സിയാൽക്കോട്ടിൽ പ്രവർത്തിച്ചിരുന്ന രാമകൃഷ്ണൻ നമ്പ്യാരെ പോലീസ് അറസ്റ്റ് ചെയ്ത് കരുതൽ തടങ്കലായി 9 മാസം ലാഹോർ സെൻട്രൽ ജയിലിലിട്ടു. (ഈപ്രദേശങ്ങൾ ഇപ്പോൾ പാക്കിസ്ഥാനിലാണ്)

1930ലെ ഗുരുവായൂർ ക്ഷേത്രപ്രവേശന സത്യാഗ്രഹകാലത്ത് സമാനമായ പ്രവർത്തനങ്ങൾ ഇവിടെയും നടന്നിരുന്നു. തൊട്ട ഗ്രാമത്തിലുള്ള മുത്തശ്ശിയാർ കാവിൽനടന്നുവന്ന കോഴിബലിക്കും, ആടുബലിക്കുമെതിരെ സി.ആർ.ദേവകിയമ്മയുടെ നേതൃത്വത്തിൽ ദേശീയ മഹിളാ സംഘം വൻ പ്രചാരണം നടത്തിവന്നു. മണ്ഡലതാലപ്പൊലി ഉത്സവത്തോടനുബന്ധിച്ച് നടക്കാറുള്ള ജന്തുവലി അക്കൊല്ലം തടയുമെന്നും അവർ പ്രഖ്യാപിച്ചു.

താലപ്പൊലിക്ക് പതിവിലേറെ ജനം കൂടി. സംഘർഷം മുന്നിൽ കണ്ട് ഷോർണൂർ സർക്കിൾ ഇൻസ്പക്ടറുടെ നേതൃത്വത്തിൽ വൻ പോലീസ് സംഘം അമ്പലമുറ്റത്ത് ക്യാമ്പ് ചെയ്തു. സ്ത്രീകൾക്ക് പ്രവേശനം നിഷേധിക്കപ്പെട്ടിരുന്ന ബലിക്കല്ലിനു ചുറ്റും മഹിളകൾ കൈകോർത്തു പിടിച്ച് ബലി തടയാനായിരുന്നു തീരുമാനം.

കൈയിൽ തിളങ്ങുന്ന വെൺമഴു വിറപ്പിച്ച് ചിലമ്പും അരമണിയും കുടഞ്ഞു കിലുക്കി ക്രൗര്യം നിറഞ്ഞ ചുവന്നു കണ്ണുകളോടെ ബലിവേദിയിലേക്കു പാഞ്ഞടുത്ത ആജാനുബാഹുവായ വെളിച്ചപ്പാടിനെ കണ്ടതോടെ പാവം സ്ത്രീകൾ കൈകൾ വേർപെടുത്തി ഓടി. ദേവകിയമ്മമാത്രം ശാന്തഗംഭീരയായി പുഞ്ചിരിയോടെ വെളിച്ചപ്പാടിനോടു പറഞ്ഞു: ഹേ മനുഷ്യാ മിണ്ടാപ്രാണികളെ കശാപ്പുചെയ്യുന്നതിനേക്കാൾ തനിക്ക് പുണ്യം കിട്ടും നരബലിനടത്തിയാൽ, ഇതാ വെട്ടൂ, അവർ ബലിക്കല്ലിൽ കഴുത്തു നീട്ടിക്കിടന്നു. വെൺമഴു താഴെ വീണു. ലെളിച്ചപ്പാട് സ്ഥലം വിട്ടു. അതോടെ ആ ക്ഷേത്രത്തിലെ ജന്തുബലി എന്നെന്നേ



സി. ആർ. അച്യുതൻകുട്ടിനമ്പ്യാർ.

ക്കുമായി അവസാനിച്ചു. ഇതിന്റെ മാറ്റൊലി ജന്തുബലി നടന്നു വന്ന മറ്റു സമീപ ക്ഷേത്രങ്ങളിലും ആശാവഹമായ പ്രതികരണം സൃഷ്ടിച്ചു..

ഉപ്പു സത്യാഗ്രഹത്തിൽ സഹോദരന്മാരോടൊത്ത് പങ്കെടുത്ത് ഒന്നരക്കൊല്ലത്തെ ജയിൽശിക്ഷ ദേവകിയമ്മ അനുഭവിച്ചു. വെല്ലൂർ സെൻതട്രൽ ജയിലിലാണ് പാർപ്പിച്ചിരുന്നത്. നിയമലംഘനത്തിൽ പങ്കെടുത്തതിന് രണ്ടുകൊല്ലത്തെ തടവ്ശിക്ഷയും ലഭിച്ചു. ഇക്കുറി കണ്ണൂർ സെൻട്രൽ ജയിലിലായിരുന്നു. ജയിൽമോചനത്തിനുശേഷം വീണ്ടും ഖാദി പ്രസ്ഥാനം, ഹിന്ദി പ്രചാരണം തുടങ്ങിയ രംഗങ്ങളിലേക്ക് മഹിളകളെ കൊണ്ടുവരുന്നതിന് അന്ന് യുവതിയായിരുന്ന അവർ ചുറുചുറുക്കോടെ പ്രവർത്തിച്ച് വിജയം നേടി. സഖാവ് എ.കെ.ജിയുടെ ജ്യേഷ്ഠൻ പത്മനാഭൻ നമ്പ്യാരാണ് അവരെ വിവാഹം കഴിച്ചത്. പിന്നീട് ദേശീയ പ്രസ്ഥാനങ്ങളിൽ ഇരുവരും ഒന്നിച്ചു പ്രവർത്തിച്ചു. ഇരുപത്തിയൊന്ന് ദിവസത്തിനുള്ളിൽ വസൂരിപിടിച്ച് മരിക്കുമെന്ന് ബലിക്കല്ലിൽ വെച്ച് വെളിച്ചപ്പാട് കല്പിച്ചിരുന്നെങ്കിലും ഇക്കൊല്ലം ജനുവരിയിൽ 92-ാം വയസ്സിലാണ് അവർ അന്തരിച്ചത്. പിൽക്കാലത്ത് ഇടതുപക്ഷ ചായ്വാണ് ഇവർ പുലർത്തിപ്പോന്നത്. എ.കെ.ജി, പി.കൃഷ്ണപിള്ള, കെ.ദാമോദരൻ, വി.ടി.ഭട്ടതിരിപ്പാട്, എം.ആർ.ബി തുടങ്ങിയവർക്ക് ഈ കുടുംബവുമായി ഉറ്റ സമ്പർക്കമാണുണ്ടായിരുന്നത്. കെ.ദാമോദരന്റെ 'ഇന്ത്യയുടെ ആത്മാവ്' എന്ന പ്രസിദ്ധ കൃതി ഹിന്ദിയിലേക്ക് തർജ്ജമ ചെയ്തത് സി.ആർ.നാണപ്പയാണ്. ഹിന്ദിയിൽ നിന്ന് മലയാളത്തിലേക്ക് പ്രേംചന്ദ് തുടങ്ങിയവരുടെ ധാരാളം കഥകളും വിവർത്തനം ചെയ്തിട്ടുണ്ട്. ജയിലിൽ വെച്ചാണ് അദ്ദേഹം ഹിന്ദി പഠനം ആരംഭിച്ചത്. ഈ കുടുംബത്തിലെ സ്വാതന്ത്ര്യസമരസേനാനികളിൽ ഇപ്പോൾ രാമകൃഷ്ണൻ നമ്പ്യാർ മാത്രമേ ജീവിച്ചിരിപ്പുള്ളൂ. ഓങ്ങല്ലൂരിൽ വാടക വീട്ടിലാണ് താമസം. സ്വാതന്ത്ര്യസമര പെൻഷൻ കിട്ടുന്നുണ്ട്.

കടുത്ത പോലീസ് മർദ്ദനം ലോക്കപ്പിനകത്തും പുറത്തും ഏല്ക്കേണ്ടി വന്ന് ആരോഗ്യം നഷ്ടപ്പെട്ട മറ്റുചില സ്വാതന്ത്ര്യസമര സേനാനികളാണ് കാട്ടിൽ മാത്തിൽ ഗോപാലക്കുറുപ്പ്, കുന്നും പുറത്ത് ഹൈദ്രോസ് ഹാജി മുതലായവർ.

ഖാദി-സ്വദേശി പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ച മറ്റൊരു കുടുംബമാണ് കൊടിക്കുന്നത്തെ കുന്നത്ത് വീട്. ഉണ്ണികൃഷ്ണൻ നായരും, നാരായണൻ നായരും സജീവമായിരുന്നു. പഞ്ചായത്തിൽ ആദ്യമായി ഒരു മഹിളാ സമാജം രൂപീകരിച്ചതും അമ്മമാരുടേയും കുഞ്ഞുങ്ങളുടെയും ആരോഗ്യ ക്ഷേമ-വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് മുൻഗണന നല്കി മുന്നിട്ടിറങ്ങി പ്രവർത്തിച്ചതും ഈ കുടുംബാംഗമായ മാധവിയമ്മയാണ്. ആദ്യ പഞ്ചായത്തിലെ നോമിനേറ്റഡ് മഹിളാ മെമ്പറായിരുന്ന അവരുടെ ശ്രമഫലമായി കൊടിക്കുന്നിൽ സ്ഥാപിച്ച മാതൃ ശിശുസംരക്ഷണ കേന്ദ്രം ഇന്നും സ്വന്തം കെട്ടിടങ്ങളിൽ നല്ല നിലയിൽ നടന്നു വരുന്നു. പഞ്ചായത്തിലെ ഇത്തരം മറ്റുകേന്ദ്രങ്ങൾക്ക് പ്രചോദനമായത് ഈ കേന്ദ്രമാണ്.

ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി 1932ൽ രാജഗോപാലാചാരി പള്ളിപ്പുറത്ത് തീവണ്ടിയിറങ്ങി കൊടിക്കുന്ന് ഗുരുതിപ്പറമ്പിൽ പ്രസംഗിച്ചു. അയിത്തജാതിക്കാർക്ക് ഗുരുവായൂർ ക്ഷേത്രപ്രവേശന സംബന്ധിച്ച് ഗാന്ധിജിയുടെ നിർദ്ദേശപ്രകാരം പൊന്നാനി താലൂക്കിൽ നടത്താൻ തീരുമാനിച്ച ഹിത പരിശോധനയിൽ ക്ഷേത്രപ്രവേശനത്തിനനുകൂലമായി സവർണ്ണഹിന്ദുക്കളെ അണിനിരത്തലായിരുന്നു സമ്മേളനോദ്ദേശ്യം. വി.ടി. ഭട്ടതിരിപ്പാടായിരുന്നു യോഗാധ്യക്ഷൻ. അഡ്വക്കേറ്റ് കെ.മാധവൻ നായരെയാണ് ഹിതപരിശോധനയുടെ മുഖ്യനായി നിശ്ചയിച്ചിരുന്നത്. അദ്ദേഹവും രാജാജിയോടൊപ്പമുണ്ടായിരുന്നു. നാനാജാതിമതസ്ഥരെക്കൊണ്ട് സമ്മേളന നഗരി നിറഞ്ഞു കവിഞ്ഞു. കോൺഗ്രസ് സേവാദൾ പ്രവർത്തരുടെ അഭൂതപൂർവ്വമായ അകമ്പടിയായിരുന്നു നേതാക്കൾക്ക്, വളണ്ടിയർമാർക്ക്. മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെ നേതൃത്വവും. ഈ ഭാഗങ്ങളിൽ സ്വാതന്ത്ര്യ സമരപ്രവർത്തനങ്ങൾക്ക് ഊർജ്ജസ്വലത പകരാൻ സാഹിബിന്റെ സാന്നിധ്യം ഏറെ സഹായകമായിട്ടുണ്ട്. 1939-ൽ കസ്തൂർബാഗാന്ധിയും ഊർമ്മിളാബെന്നും ഈ പഞ്ചായത്തിലെത്തി. മുടപ്പക്കാടിനടുത്ത് ഭാരതപ്പുഴയിൽ നടന്ന മഹാസമ്മേളനത്തിൽ ഇരുവരും സംസാരിച്ചു.

സ്വാതന്ത്ര്യസമരത്തിന്റെ അവസാനഘട്ടത്തിൽ കോൺഗ്രസിൽ 'കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി' രൂപം കൊണ്ടപ്പോൾ ഇവിടത്തെ അതിന്റെ പ്രവർത്ത

കർ മഞ്ഞപ്ര അപ്പുകുഞ്ഞമേനോൻ, എ.പി. വാസുമാസ്റ്റർ തുടങ്ങിയവരായിരുന്നു. സ്വാതന്ത്ര്യലബ്ധിയുടെ ആദ്യനാളുകളിൽ പഴയങ്ങാടിയിൽ 'മുഹമ്മദ് അബ്ദുറഹ്മാൻ സ്മാരക വായനശാല' രൂപീകരിക്കുന്നതിന് മുൻകൈ എടുത്തത് ഇവരാണ്. പുത്തൻ വീട്ടിൽ നാരായണമേനോൻ, ഒ.പി. രാധാകൃഷ്ണമേനോൻ, കോന്തുണ്ണിമേനോൻ, എം.കേശവൻനായർ, എം.പി. അടികൾ തുടങ്ങിയവരും അതിന്റെ നിലനില്പിനായി യത്നിച്ചു.

കലാ സാംസ്കാരിക രംഗങ്ങളിൽ പഴയകാലത്തും ഇവിടെ ധാരാളംപേർ പ്രവർത്തിച്ചിരുന്നു. ഞരളത്ത് രാമപ്പൊതുവാളുടെ ആദ്യ ഗുരുനാഥൻ കുന്നത്തു വീട്ടിൽ മാധവൻ നായർ, മേലുവീട്ടിൽ ഏച്ചുണ്ണി മേനോൻ എന്നീ സംഗീതജ്ഞർ, തായമ്പക വിദഗ്ധൻ കൊടിക്കുന്നത്ത് കരുണാകര മാരാർ, വൈണികൻ നടുവിലപ്പാട്ട് ശങ്കുണ്ണി അടികൾ, വായ്പാട്ടിലും ഹാർമോണിയത്തിലും പ്രാവീണ്യം നേടിയ പുത്തൻവീട്ടിൽ കൃഷ്ണൻനായർ തുടങ്ങിയവർ കീർത്തി കേട്ടവരായിരുന്നു.

1930-കളുടെ ആരംഭഘട്ടത്തിൽ തന്നെ രണ്ടു നാടകക്കമ്പനികൾ ഇവിടെ ഉടലെടുത്തിരുന്നു. കോട്ടക്കൽ കോവിലകത്തു നിന്ന് അഭ്യസിച്ചെത്തിയ കൊച്ചിയിൽ അപ്പുമേനോൻ, കരുമുത്തിൽ ഗോവിന്ദമേനോൻ എന്നിവരുടെ നേതൃത്വത്തിലായിരുന്നു അവ. സദാരാമ, ഭക്തപ്രഹ്ലാദ, ഹരിശ്ചന്ദ്രൻ, നളചരിതം മുതലായ സംഗീത നാടകങ്ങളാണ് അവതരിപ്പിച്ചിരുന്നത്. കൊച്ചിയിൽ ഗോപാലമേനോൻ, വടക്കേപ്പാട്ട് ഗോപാലൻ നായർ, എ.പി. കൃഷ്ണൻ, മാക്കണ്ടത്ത് ശിവശങ്കരൻ, കെ.പി. ലക്ഷ്മി, കെ.എം. നാരായണൻ എമ്പ്രാന്തിരി വേളാത്ത് രാവുണ്ണിനായർ മുതലായവർ അഭിനേതാക്കളായിരുന്നു.

ആയുർവേദ വൈദ്യന്മാരും പാരമ്പര്യ നേത്രചികിത്സകരുമായ പുളിയപ്പറ്റ വേലുക്കുട്ടി വൈദ്യർ, ബാലകൃഷ്ണൻ വൈദ്യർ, രാമൻകുട്ടി വൈദ്യർ, മൂക്കടക്കാട്ടിൽ കൃഷ്ണൻ വൈദ്യർ, അപ്പുവൈദ്യർ, കൊടിക്കുന്നത്ത് കൃഷ്ണപ്പിഷാരടി, ചാപ്പൻ വൈദ്യർ, കുഞ്ഞുണ്ണി വൈദ്യർ, ഹൈദർ കുട്ടിമൊല്ല എന്നിവർ ചികിത്സാരംഗത്തെ പ്രഗത്ഭരും പ്രശസ്തരുമായിരുന്നു. ആദ്യത്തെ അലോപ്പതി ഡോക്ടർ കുന്നത്ത് വീട്ടിൽ നാരായണൻ നായർ L.M.P.

അത്താണിക്കൽ മായൻ, മാമ്പുള്ളിയാലിൽ കുഞ്ഞഹമ്മദ്, പാക്കത്ത് സൈനുദ്ദീൻ ഹാജി, പട്ടൻമാർ തൊടി കോയണ്ണിഹാജി, പറമ്പത്ത് രാമൻനായർ, വേളാത്ത് അപ്പുനായർ, പണിക്കവീട്ടിൽ ചേക്കു, വെളുത്തേടത്ത് പള്ളിയാലിൽ അയ്ത്രുമാൻ ഹാജി, ഊരത്തൊടി വാപ്പുട്ടി ഹാജി, കുഞ്ഞുനമ്പി പട്ടർ തുടങ്ങിയവർ പഴയ കച്ചവടപ്രതിഭകളായിരുന്നു.

സ്വാതന്ത്ര്യാനന്തരം 1950കളുടെ തുടക്കത്തിൽ രാജ്യത്തെമ്പാടുമെന്ന പോലെ ഇവിടെയും പുതിയ ആവേശത്തോടെ സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നവചൈതന്യം വന്നു.

ജാതിമേൽക്കോയ്മ, ജന്മിത്തം മറ്റു അസമത്വങ്ങൾ എന്നിവക്കെതിരെ പ്രവർത്തനസജ്ജരായി യുവാക്കൾ മുന്നോട്ടുവന്നു. '52-ൽ മലബാർ ഡിസ്ട്രിക്ട് ബോർഡിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഭൂരിപക്ഷം കിട്ടിയത് പുതിയൊരു തുടക്കമായിരുന്നു. 'ബോർഡ്' പിന്നീട് നിർത്തലാക്കിയെങ്കിലും ഒട്ടേറെ വികസന പ്രവർത്തനങ്ങൾ ഡിസ്ട്രിക്ട് ബോർഡ് വഴിയുണ്ടായി. ഈ പഞ്ചായത്തിൽ പാലത്തറ റെയിൽവെ ഗേറ്റിന്റെ സ്ഥാപനത്തിനും, കരിയന്നൂരിൽ ഒരു ഏകാദ്ധ്യാപക വിദ്യാലയം തുടങ്ങാനും ബോർഡ് തയ്യാറായി.

1957-ലെ കമ്മ്യൂണിസ്റ്റ് സർക്കാർ പുറപ്പെടുവിച്ച 'ഒഴിപ്പിക്കൽ നിരോധന ഓർഡിനൻസ്' ഇവിടുത്തെ ജന്മികളെയും വിറളിപിടിപ്പിച്ചു. കുതന്ത്രങ്ങളിലൂടെ കുടിയാന്മാരെ ഒഴിപ്പിച്ചെടുക്കാനുള്ള ജന്മിമാരുടെ നീക്കത്തിനെതിരെ സജീവ പോരാട്ടം നടന്നു. ഈ പഞ്ചായത്തിലെ 'കിട്ടക്കേസ്' പ്രസിദ്ധമാണ്.

ബോധവൽക്കരണത്തിനായി ജനകീയ നാടക-കലാപ്രസ്ഥാനങ്ങളും ഇക്കാലത്ത് ഉയിർകൊണ്ടു. പള്ളിപ്പുറത്ത് 'ബ്രദേഴ്സ് ആർട്സ് ക്ലബ്' രൂപീകൃതമായി. സാധാരണക്കാരുടെ നിത്യജീവിതത്തിലെ ദുരിതവും, കണ്ണുനീരും നാടക സ്റ്റേജുകളിൽ ചർച്ചചെയ്യപ്പെട്ടു. 'ഒരു നേരത്തെ കഞ്ഞി', അവസാനത്തിന്റെ ആരംഭം' തുടങ്ങിയ നാടകങ്ങൾ ക്ലബ് പലയിടങ്ങളിലും അവതരിപ്പിച്ചു. എ.മമ്മു, എം.കെ. ആലി, കെ.എം. വാസുദേവപ്പണിക്കർ, എം.പി. അടികൾ, വി.പി. പ്രഭാകരൻ നായർ, മൂർക്കത്ത് മണി, പുളിയപ്പറ്റ ശ്രീധരൻ വൈദ്യർ, കെ.പി. രാമപിഷാരടി (രാപ്പാടി), എം.ഉണ്ണി, എം.എ. കരീം, പി. മാധവൻനായർ, പി. മൂസാമ്മു തുടങ്ങിയവർ ജനകീയ കലാരംഗം കൊഴുപ്പിച്ചു.

പുരോഗമന അണി കൂടുതൽ ശക്തമായി. നാടിന്റെ വികസന താല്പര്യങ്ങൾക്ക് കക്ഷിബന്ധം മറന്ന്

പ്രവർത്തിക്കാനും ജനം മുന്നോട്ടുവന്നു. അന്ന് ശ്രമദാനമായി നിർമിക്കപ്പെട്ടതാണ് തിരുവേഗപ്പുറം- പള്ളിപ്പുറം റോഡ്.

മുഹമ്മദ് അബ്ദുറഹിമാൻ സ്മാരക വായനശാല പ്രവർത്തനം നിലച്ച മട്ടായിരുന്നു.അതിനെ 57-ൽ ഗ്രന്ഥാശാലാ സംഘത്തിൽ രജിസ്റ്റർ ചെയ്യാൻ തീരുമാനിച്ചു. പുതുതായി രംഗത്ത് വന്ന യുവാക്കൾ കൊടിക്കുന്നത്ത് വിജയകലാസമിതിയും, വിജയ സ്പോർട്സ് ക്ലബും ഉണ്ടാക്കി.

1968-ൽ ഈ രണ്ടു സ്ഥാപനങ്ങളും മുഹമ്മദ് അബ്ദുറഹ്മാൻ സ്മാരക വായനശാലയും ഏകോപിപ്പിച്ചതാണ് പരുതൂർ ലൈബ്രറി & റിക്രിയേഷൻ സെന്റർ. അബ്ദുറഹ്മാൻ സ്മാരകമായി സാമാന്യം ഭേദപ്പെട്ട കെട്ടിടവും സ്ഥലവും ഈ സ്ഥാപനത്തിനുണ്ട്. ഈ പ്രദേശത്തിന്റെ സാസ്കാരിക ന്യൂക്ലിയസ് ആയി ഈ സ്ഥാപനം പ്രവർത്തിക്കുന്നു. ഇതിനു വേണ്ടി പ്രവർത്തിച്ചവരാണ് കെ.കെ.ആർ. എഴുത്തച്ഛൻ, എം.പി. അടികൾ, പി. ഗോവിന്ദൻകുട്ടി (ഗോപി മാസ്റ്റർ), പി.ബി. മേനോൻ, പി.ബി. ബാലചന്ദ്രൻ, എം.കെ. വേലായുധൻ മാസ്റ്റർ, മുക്കടക്കാട്ട് ബാലൻ, എം. ചന്ദ്രശേഖരമേനോൻ, ഡോ. ആർ.ജി. ഉണ്ണി തുടങ്ങിയവർ.

തീവണ്ടി വന്ന് ഒരു നൂറ്റാണ്ടിനു ശേഷമാണ് ഇവിടെ റ്റു വാഹനസൗകര്യമുണ്ടായത്. തെക്കും വടക്കുമുള്ള ദികളും, തോടും കിഴക്കു പടിഞ്ഞാറായി പഞ്ചായത്തിനെ നടുകെ വിഭജിച്ച് നീണ്ടുകിടക്കുന്ന റയിൽവെ ലനുമാണ് തടസ്സമായിരുന്നത്. പാലത്തറ റെയിൽവെ റ്റ് തുറന്നതോടെ പള്ളിപ്പുറം പട്ടാമ്പി റോഡിൽ ാഹനയാത്രക്ക് മാർഗ്ഗം തുറന്നു. നാലകത്ത് മൊയ്തു ഹാജി, മേലുവീട്ടിൽ കൊച്ചിയിൽ രാവുണ്ണിമേനോൻ ന്നിവരാണ് ആദ്യമായി ഈ റൂട്ടിൽ ഓട്ടോമൊബൽ വാൻ സർവ്വീസുകൾ ആരംഭിച്ചത്. 1970 ജനുരി 1-ന് മയിൽ വാഹനം കമ്പനിക്കാർ പള്ളിപ്പുറം - പ്പുളശ്ശേരി ബസ് ആരംഭിച്ചു. ഇപ്പോൾ ധാരാളം ാനങ്ങൾ ഈ റൂട്ടിലോടുന്നു. ചെമ്പ്ര പാലം നിർമിാടെ തിരുവേഗപ്പുറം- പള്ളിപ്പുറം റോഡ് വഴിയും ബി- വളാഞ്ചേരി ബസുകൾ ഓടുന്നുണ്ട്. ഭാരത ിലെയും തൂതപ്പുഴയിലെയും മണൽ നാഷണൽ ിലുള്ള ലോറികളെ ഇങ്ങോട്ട് വേണ്ടത്ര ആകർഷിന്നു.

പ്രീം കോടതിയിലെ ആദ്യ മലയാളി ജഡ്ജി പാറക്കുളങ്ങര ഗോവിന്ദമേനോൻ ഇന്നാട്ടുകാരനായിരുന്നു. സംസ്കൃത പണ്ഡിതരായ വന്ദ്യ വയോധികർ കെ.പി. നാരായണപിഷാരടി, അച്യുത പിഷാരടി തുടങ്ങിയവർ ഈ നാടിന്റെ ജീവിച്ചിരിക്കുന്ന മഹാന്മാരാണ്.

വെള്ളിയാങ്കല്ല് കടവിലെ കടത്തുതോണിക്കാരായിരുന്ന പാടത്തു പീടീകക്കൽ അബൂബക്കർ, മകൻ കുഞ്ഞുമോൻ, കൊടിക്കുന്നത്തെ രണ്ടു വാളുള്ള ഗോവിന്ദൻ വെളിച്ചപ്പാട്, മന്ത്രവാദി പനങ്ങാടൻ ചാത്തപ്പൻ, ഒടിയന്മാരെന്ന വിശേഷണം നൽകി കൊലചെയ്യപ്പെട്ട മണ്ണാൻ ഗോവിന്ദനും പറയൻ ചേന്നനും ഏതും നർമ്മത്തോടെ അവതരിപ്പിച്ചിരുന്ന പെരുങ്കൊല്ലൻ ചാത്തു, സാമൂഹിക പ്രവർത്തകനായിരുന്ന പറയൻ ചാത്തുക്കുട്ടി, ചെമ്പുലങ്ങാട്ട് പരിചമുട്ട് കളിക്കാരായിരുന്ന കരുവാൻ സഹോദരന്മാർ (കരുവാൻപടി), ദീർഘ ശരീരികളായിരുന്ന കുളമുക്കിൽ മമ്മു, കരിയന്നൂൻ മൂർക്കത്ത് അപ്പു, ആദ്യമായി മൈക്കിലൂടെ കലാകായിക രാഷ്ട്രീയ രംഗങ്ങളെ സജീവമാക്കിയ പാലത്തറ അബ്ദുൾ ഖാദർ തുടങ്ങിയവർ ഗ്രാമമനസ്സുകളിലെ ഒളിമങ്ങാത്ത ഓർമകളാണ്.

അല്പസ്വല്പം മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ഇവിടെ ഒരു മാറ്റവും കൂടാതെ സജീവമായി നിലനിൽക്കുന്ന ചില പുരാതന സ്ഥാപനങ്ങളാണ് കൊടിക്കുന്ന് - ചിറങ്കര ക്ഷേത്രങ്ങളും ചെമ്പുലങ്ങാട് പള്ളി ഇന്നേവരെ ഒരു രാഷ്ട്രീയ വർഗീയ സംഘട്ടനവും ഇല്ലാതെ ഉന്നത സാംസ്കാരിക നിലവാരം പുലർത്തിവരുന്ന പഞ്ചായത്ത് നിവാസികൾ ഏകോദര സഹോദരരെപ്പോലെ സമാധാനചിത്തരായി ജീവിച്ചുപോരുന്നു.

പരുതൂർ പഞ്ചായത്തിന്റെ നാനാതുറകളിലെ ചരിത്രപശ്ചാത്തലത്തിലേക്കുള്ള തിരിഞ്ഞുനോട്ട ശ്രമം ഒരുപക്ഷേ ഇതാദ്യമാകാം. സംഭവ ബഹുലമായ ഒട്ടേറെ ചരിത്ര യാഥാർത്ഥ്യങ്ങളും സാംസ്കാരിക പൈതൃകവും ഈ മണ്ണിൽ വിലയം പ്രാപിച്ചിട്ടുണ്ടെന്ന് പ്രഥമാന്വേഷണങ്ങളിൽ നിന്നുതന്നെ ബോദ്ധ്യമായി. ഐതിഹ്യങ്ങളും കേട്ടുകേൾവികളും കെട്ടുകഥകളും കെട്ടുപിണഞ്ഞ ഗ്രാമാന്തരീക്ഷത്തിൽ നിന്ന് വാമൊഴിമാത്രം ആധാരമാക്കി ചരിത്ര രചന അധാർമ്മികമായതിനാലും വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തിരക്കിട്ട് തെയ്യാറാക്കേണ്ടിവന്നതിനാലുമാണ് പരിമിതമായത്. പ്രസക്തമായപലതും വിട്ടുപോയിട്ടുണ്ടാവും. ചരിത്ര വിദ്യാർത്ഥികളുടെ ഗവേഷണ തര ഇങ്ങോട്ട് ക്ഷണിച്ച് ഇവിടെ നിർത്തുന്നു.

വിവിധ വികസന മേഖലകളുടെ ഗ്രൂപ് കൺവീനർമാർ

വാർഡ് ഒന്ന്
- എ.അബ്ദുറഹ്മാൻ
- പി.ടി.കുഞ്ഞുമുഹമ്മദ് മാസ്റ്റർ
- ശ്രീധരൻ പിള്ള
- എ.ഫസൽ റഹ്മാൻ
- എ.അബ്ദു റഹ്മാൻ (കുഞ്ഞാപ്പു)
- എം.കെ.സുബൈദ.

വാർഡ് രണ്ട്
- ടി.സേതുമാധവൻ
- കെ.ബഷീർ
- എം.പി.മുഹമ്മദാലി
- കെ.വി.മുസ്തഫ
- എം.രാധാകൃഷ്ണൻ
- ടി.പി.വേലായുധൻ

വാർഡ് മൂന്ന്
- ടി.കെ ചേക്കുട്ടി
- കെ.പി.സുബ്രഹ്മണ്യൻ
- സി.പി.ചാമി
- എ.കാതർ
- വി.പി.ബാവ
- കെ.വി.മാടമ്പി

വാർഡ് നാല്
- വി.രാധാകൃഷ്ണൻ
- കെ.പി.രാമു
- എൻ.പി.മുഹമ്മദാലി
- എം.കമലം
- കെ.ടി.ശങ്കരനാരായണൻ
- എം.അബ്ദുറഹ്മാൻ ഹാജി.

വാർഡ് അഞ്ച്
- എം.വിജയകുമാർ
- പി.കെ.രാമചന്ദ്രൻ
- പി.വി.സേതുമാധവൻ
- ദാസ് പടിക്കൽ
- ടി.സുരേന്ദ്രൻ
- പി.കെ.ചെല്ലുക്കുട്ടി.

വാർഡ് ആറ്
- പി.പി.കേശവൻ നമ്പീശൻ
- പി.വാസുദേവൻ
- വി.പി.ഹരിനാരായണൻ
- കെ.എം..കെ.നമ്പൂതിരി
- എം.എ.കരീം.
- നളിനി ഗോപിനാഥ്

വാർഡ് ഏഴ്
- കെ.എ.മോനുട്ടി
- സി.ചന്ദ്രൻ
- കെ.ശങ്കുണ്ണിനായർ
- സി.പി.സുബ്രഹ്മണ്യൻ
- ഇ.പി.ശിവശങ്കരൻ
- മുഹമ്മദ് ആസാദ്

വാർഡ് എട്ട്.
- പി.രാജഗോപാൽ
- ബാവ തോട്ടത്തിൽ
- ചോലയിൽ വേലായുധൻ
- പി.പി.ശങ്കരൻ
- സി.കെ.അലി ഇക്ബാൽ
- കെ.ജയപ്രകാശ്

വാർഡ് ഒമ്പത്
- പി.യൂസഫ്
- വി.ടി.രാജൻ
- കെ.സുരേഷ് കുമാർ
- ഭാസ്കരൻ നായർ
- കെ.വി.ജാനകി
- കെ.പി.ബാലകൃഷ്ണൻ

വാർഡ് പത്ത്
- എം.കുഞ്ഞുക്കുട്ടൻ
- ടി.പി.യശോദ
- പി.മൂസ, ടി.ഹംസ
- പി.ബാലകൃഷ്ണൻ
- ടി.സെയ്താലിക്കുട്ടി

ഭൂപ്രകൃതി, ജനപ്രകൃതി ജലപ്രകൃതി

പാലക്കാട് ജില്ലയുടെ വടക്കേ അറ്റത്ത് മലപ്പുറം ജില്ലയോടു ചേർന്നു കിടക്കുന്ന പരുതൂർ ഗ്രാമപഞ്ചായത്തിന്റെ 3 വശങ്ങളിലും പുഴയൊഴുകുന്നു. ഭാരതപ്പുഴ തെക്കു ഭാഗത്തു കൂടി കടന്നു പോകുമ്പോൾ തൂതപ്പുഴ പടിഞ്ഞാറു ഭാഗത്തുവന്ന് ഭാരതപ്പുഴയിൽ ചേരുന്നു. വടക്ക് തിരുവേഗപ്പുറപഞ്ചായത്തും കിഴക്ക് കോൽക്കുന്നും മുതുതലപഞ്ചായത്തുമാണ് അതിരുകൾ. സമുദ്രനിരപ്പിൽ നിന്ന് 15 മീറ്റർ ഉയരത്തിലാണ് പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്.

ഭൂപ്രകൃതിയനുസരിച്ച് പരുതൂരിനെ 6 ആയിതരം തിരിക്കാം.

1. കുന്നുകൾ
2. ചെരിവുകൾ
3. സമതലം
4. വയൽപ്രദേശം
5. പുഴത്തീരസമതലം
6. ചതുപ്പുനിലം

1 കുന്നുകൾ

മംഗലംകുന്ന്, കോൽക്കുന്ന്, ഓട്ടുപാറക്കുന്ന്, തെക്കേകുന്ന്, കൈതക്കുന്ന്, പൊന്മലക്കുന്ന്, മുണ്ടയാറക്കുന്ന്, തട്ടാരക്കുന്ന് എന്നിവയാണ് പ്രധാന കുന്നുകൾ

മൺതരങ്ങൾ: കടുപ്പമുള്ള വെട്ടുകല്ല്, പാറകൾ, ചെമ്മണ്ണ്.

മേൽപറഞ്ഞ മൺതരങ്ങൾക്കാവശ്യമായ നാണ്യവിളകളായ റബ്ബർ ചില പ്രദേശങ്ങളിൽ മാത്രമേ കൃഷി ചെയ്യുന്നുള്ളൂ. ചില ഭാഗങ്ങളിൽ തെങ്ങും കശുമാവും മറ്റു ഇടവിളകളും കാണാം. എങ്കിലും ഭൂരിഭാഗവും തരിശായി കിടക്കുന്നു.

2. ചെരിവുകൾ

ചെരിവുകളിലെ പ്രധാന ഭീഷണി മണ്ണൊലിപ്പാണ്. ചെമ്മണ്ണ്, ചരൽ കലർന്ന മണ്ണ് എന്നിവയാണ് മൺതരങ്ങൾ. തെങ്ങ്, മരച്ചീനി, കമുങ്ങ്, ചില ഇടവിളകൾ എന്നിവ കാണാം..

3. സമതലം

സമതലപ്രദേശങ്ങളിൽ ജലലഭ്യത വേണ്ടത്ര ഇല്ല. കാർഷികവൃത്തിക്ക് ഫലപ്രദമായി ഈ പ്രദേശം ഉപയോഗപ്പെടുന്നില്ല എന്നതിന്റെ പ്രധാനകാരണം ഇതാണ്. വെട്ടുകല്ല്, ചെമ്മണ്ണ്, എക്കൽമണ്ണ് എന്നിവ പ്രധാന മൺതരങ്ങൾ. തെങ്ങ്, കവുങ്ങ് എന്നീ ദീർഘകാലവിളകളും മരച്ചീനി, പച്ചക്കറികൾ, വാഴ തുടങ്ങി ഹ്രസ്വകാല വിളകളുമാണ് കൃഷി ഇനങ്ങൾ.

4. വയൽപ്രദേശം

700 ഹെക്ടറിലേറെ നെൽകൃഷി ഭൂമിയുണ്ടായിരുന്ന പരുതൂരിൽ ഇന്നത് 483 ഹെക്ടറായി ചുരുങ്ങിയിരിക്കുന്നു. പുരയിടങ്ങൾ, ഇഷ്ടിക കമ്പനികൾ, മറ്റുവിളകൾ എന്നിവയ്ക്കായി ഭൂമി ഉപയോഗപ്പെടുത്തുന്നതിനാലാണ് ഇത്തരമൊരു പ്രശ്നം ഉടലെടുത്തത്. മേൽപറഞ്ഞ 483 ഹെക്ടറിൽ ഭൂരിഭാഗവും 2 വിള മാത്രം കൃഷി ചെയ്യുന്നവയാണ്. 3 വിളകളുമെടുക്കുന്ന വയലുകൾ ഇല്ല എന്നു തന്നെ പറയാം. പള്ളിപ്പുറം പാടങ്ങളുടെ ഏറിയഭാഗവും മുണ്ടകൻ കൃഷിക്കുമാത്രം പ്രയോജനപ്പെടുന്നു. പരുതൂർ- മംഗലം-കൊടുമുണ്ട ഭാഗങ്ങളിൽ വിരിപ്പും മുണ്ടകനും ചെയ്യാവുന്നതാണ്. എന്നാൽ ജല ദൗർലഭ്യവും മറ്റു നിരവധി പ്രശ്നങ്ങളും കാർഷികമേഖലയെ തളർത്തുന്നു. പരുതൂർ, വെള്ളിയാങ്കല്ല്, നരിപ്പറ്റ എന്നീ ലിഫ്റ്റു ഇറിഗേഷനുകൾ കൃഷിക്ക് വേണ്ടത്ര പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

5. പുഴത്തീരസമതലം

ഇതുടെ പഞ്ചായത്തിന്റെ ഏകദേശം 3 ഭാഗവും പുഴസാമീപ്യമുള്ള പ്രദേശങ്ങളാണ്. അതുകൊണ്ടു തന്നെ പണ്ടുകാലത്ത് കുടിവെള്ളക്ഷാമവും വരൾച്ചയും ഇത്ര രൂക്ഷമായി അനുഭവപ്പെട്ടിരുന്നില്ല. തൃത്താലയിൽ നിന്നുള്ള ഗുരുവായൂർ ശുദ്ധജല പദ്ധതി ആരംഭിച്ച കാലം തൊട്ട് ഈ പ്രദേശങ്ങളിൽ കൃഷിക്കും കുടിക്കാനും ഉള്ള വെള്ളത്തിനും ക്ഷാമം അനുഭവപ്പെടുന്നു. അതിനൊരു പരിഹാരമായി വെള്ളിയാങ്കല്ല്- കോസ്വേ കം റഗുലേറ്ററും ചെക്ക് ഡാമുകളും നിർദ്ദേശിക്കപ്പെട്ട് മുറവിളികളായി മാറിയെങ്കിലും അത് സാധിതപ്രായമാക്കാൻ അധികാരസ്ഥാനങ്ങൾ കനിഞ്ഞിട്ടില്ല. കുന്നിന്മേൽ കുരു പോലെ വൻതോതിലുള്ള മണൽ വാരലും ഭാരതപ്പുഴയെ കാടാക്കിമാറ്റിക്കൊണ്ടിരിക്കയാണ്.

6. ചതുപ്പുനിലം

പഞ്ചായത്ത് പ്രദേശത്ത് ഏകദേശം 180 ഏക്കറോളം ചതുപ്പുനിലമുണ്ടെന്നാണ് കണക്ക്. കുളമുക്ക് കായൽ പ്രദേശമാണ് പ്രധാനമായി ഇത്. അമ്ലഗുണം കൂടുതലുള്ള കളിമണ്ണാണ് മൺതരം. ഓരങ്ങളിൽ പുഞ്ചക്കൃഷിചെയ്യുന്നു. കുളമുക്ക് കായലിലെ കണ്ണൻ മീൻ പ്രസിദ്ധമായിരുന്നു. മത്സ്യരോഗത്തെത്തുടർന്ന് അവ കൂട്ടത്തോടെ നശിച്ചുപോയി. കടു, മൊയ്ല്, മത്സ്യങ്ങളാണിപ്പോഴുള്ളത്. ആറ്റുകൊഞ്ചുകൃഷിക്കും മറ്റു മത്സ്യകൃഷിക്കും ഈ പ്രദേശം പ്രയോജനപ്പെടുത്താനാകും.

ജലപ്രകൃതി

പാരമ്പര്യമായി നമ്മുടെ ജനങ്ങൾക്ക് മഴവെള്ളം ശേഖരിക്കുന്ന ഒരു സങ്കല്പമുണ്ടായിരുന്നു. പാടശേഖരങ്ങളിലെ നിരവധി സ്വാകാര്യകിണറുകളും 1.5 ഏക്കർ വരെ വിസ്തൃതിയുള്ള വൻ കുളങ്ങളുമുണ്ടായിരുന്നു. നിലവിലുള്ള കിണറുകളെ തൂർക്കുന്നു. പുരയിടത്തിന്റെ വലിയൊരു ഭാഗം കോൺക്രീറ്റു ചെയ്യുന്നു. വരുംവരായ്കകളെ കുറിച്ച് ചിന്തിക്കാതിരിക്കുന്ന പുതിയ സംസ്കാരം നമ്മുടെ ജല സ്രോതസ്സുകളുടെ നെല്ലിപ്പടി കാണിച്ചു. നെൽവയലുകളുടെ വിസ്തീർണ്ണം കുറഞ്ഞുവരുന്നതും വരൾച്ചക്ക് കാരണമാണ്. നെല്ലിക്കുളം, നാനാർത്തിക്കുളം, ചോലക്കുളം, പാണ്ട്യാർക്കുളം, ആര്യേമ്പികുളം നിരവധി ക്ഷേത്രക്കുളങ്ങൾ എന്നിവയിൽ പലതും സംരക്ഷിക്കപ്പെടാതെയും ചിലവ മണ്ണുതൂർന്നും കിടക്കുകയാണ്. കുടിവെള്ളസ്രോതസ്സുകളായ കിണറുകൾ അനാഥമാകുകയും 'വാട്ടർ ടാപ്പി'നു മുറവിളി ഉയരുകയും ചെയ്യുന്ന പുതിയ അവസ്ഥ ഗൗരവമുള്ളതാണ്.

പഞ്ചായത്തിലെ ചില കുളങ്ങൾ വാർഡു തിരിച്ച്

ക്രമനമ്പർ	കുളങ്ങൾ	വാർഡുകൾ
1.	കണ്ടംകുളം	I
2.	കുണ്ടികുളം	II
3.	പുതുകുളം	II
4.	നാനാർത്തികുറുശിക്കുളം	III
5.	അർത്തിക്കുളം	III
6	വാട്ടാറക്കുളം	III
7.	പറക്കുളം	IV
8.	ചിരങ്കരക്കുളം	V
9.	ആര്യമ്പൽക്കുളം	V
10	വടുവക്കുളം	V
11.	കൊടിക്കുന്ന് ക്ഷേത്രക്കുളം	V
12.	പള്ളിപ്പുറം ക്ഷേത്രക്കുളം	VI
13.	കഴുപ്പറമ്പിൽ കുളം	VII
14.	ചോലക്കുളം	VII
15.	കൊണ്ടോരത്ത് കുളം	VII
16.	ചുള്ളിക്കുളം	VII
17.	നാരായണക്കുളം	VIII
18.	പണ്ടാറക്കുളം	VIII
19.	കുരുത്തോലക്കുളം	VIII
20.	പാണ്ട്യാലക്കുളം	IX
21.	നന്നംകുളം	IX
22.	നെല്ലിക്കുളം	X

ജനപ്രകൃതി

91 സെൻസസ് പ്രകാരം ജനസംഖ്യ 12154 പുരുഷന്മാരും 12345 സ്ത്രീകളും ഉൾപ്പടെ 24499 ആണ് ശരാശരി വീടൊന്നിന് 5.3 ആളുകൾ വീതമുണ്ട്. ജനസാന്ദ്രത ചതുരശ്ര കി.മീറ്ററിന് 1220 ആണ്. 6 വയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണം 2370 ആണ്. പട്ടിക





മഴയെ സംബന്ധിച്ച കണക്ക്
(95-96-ൽശേഖരിച്ചത്)

മാസം	മഴ (mm)	മഴയുള്ള ദിവസങ്ങളുടെ എണ്ണം	കൂടിയ താപനില(°c)	കുറഞ്ഞ താപനില (°c)
ജനുവരി	0	0	32.9	20.7
ഫെബ്രുവരി	0	0	34.9	22.3
മാർച്ച്	6.5	1	36.8	22.9
ഏപ്രിൽ	76.5	5	36.3	24.3
മെയ്	185.9	13	32.8	23.7
ജൂൺ	583.2	24	30.9	23.3
ജൂലായ്	836.8	27	29.6	22.3
ആഗസ്ത്	389.9	18	30.5	22.7
സെപ്തംബർ	248.1	17	30.5	22.4
ഒക്ടോബർ	146	13	32.1	22.1
നവംബർ	189.2	9	36.6	21.4
ഡിസംബർ	226.5	6	32.5	17.7

ജാതി വിഭാഗത്തിൽപെട്ട 4502 പേർ ഈ പഞ്ചായത്തിൽ വസിക്കുന്നു.

കാർഷിക മേഖലയായിരുന്നു പ്രധാന തൊഴിൽരംഗം. എങ്കിലും പുതിയ ഗൾഫുസ്വാധീനവും സംസ്കാരങ്ങളും കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട ഒട്ടേറെ രംഗങ്ങളിലേക്ക്.ജനങ്ങളെ ആകർഷിക്കുകയും കാർഷികമേഖല തകരുകയും ചെയ്തു. സമീപപഞ്ചായത്തുകളെ അപേക്ഷിച്ച് ബിരുദധാരികളും ബിരുദാനന്തരബിരുദമുള്ളവരും കൂടുതലുള്ള പഞ്ചായത്താണിത്. അതുകൊണ്ട് തന്നെ അഭ്യസ്തവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മ വളരെ കൂടുതലാണിവിടെ. ഒരു വിഭാഗം ജനങ്ങൾ റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, ബാഗ് നിർമ്മാണം എന്നീ മേഖലകളിൽ തൊഴിൽ കണ്ടെത്തിയവരാണ്. പരമ്പരാഗത തൊഴിൽ രംഗത്തുണ്ടായിരുന്നവർ ആധുനികവൽക്കരണത്തിന്റെ പ്രത്യാഘാതത്തിൽ പകച്ചു നില്ക്കുന്നു.

ജന്മിവാഴ്ച അവസാനിച്ചതോടെ അയിത്തത്തിനും അനാചാരത്തിനുമെതിരെ നടന്ന ഒട്ടേറെ ശ്രമങ്ങളുടെ ഫലമായി സാമൂഹ്യഉച്ചനീചത്വങ്ങൾ ഏറെക്കുറെ ഇല്ലാതായിട്ടുണ്ട്. ജനങ്ങൾ ഭൂരിഭാഗവും മതവിശ്വാസികളും ഈശ്വരവിശ്വാസികളും ആണ്.



കൃഷിയും ജലസേചനവും

കഴിഞ്ഞ 8 പഞ്ചവത്സരപദ്ധതികൾ സേവനമേഖലകളിൽ സംസ്ഥാനത്താകമാനം നല്ല വളർച്ചയുണ്ടാക്കാൻ സഹായിച്ചു. എങ്കിൽ സമ്പത്തുല്പാദനമേഖലകളിൽ ശ്രദ്ധാപൂർവ്വം ആസൂത്രണപ്രക്രിയയ്ക്ക് രൂപം നല്കാത്തതുകൊണ്ട് വേണ്ടത്ര പുരോഗതിയുണ്ടായില്ല എന്നു മാത്രമല്ല അനാശാസ്യമായ ചില പ്രവണതകൾ കടന്നു വരികയും ചെയ്തു. കാർഷികമേഖലയിൽ വന്ന മാറ്റമാണ് ഇതിൽ പ്രധാനം. കാർഷികവൃത്തി അഭിമാനകരമായി കരുതിയിരുന്ന മുൻ തലമുറയുടെ സ്ഥാനത്ത് ഇതിനെ മോശപ്പെട്ട ഒന്നായി കരുതുന്ന പുത്തൻ തലമുറയുടെ വരവായി. കുടുംബത്തിലെ ഭൂരിഭാഗം പേരും തൊഴിൽ തേടി അന്യദേശങ്ങളിലേക്ക് പോകാൻ തുടങ്ങിയതോടെ കൃഷിപ്രവൃത്തി കൂലിക്കാരെ ആശ്രയിച്ചു നിലനില്ക്കുന്നു. സ്വന്തം ഭൂമിയിൽ സ്വയം അധ്വാനിക്കുന്ന പ്രവണത കുറഞ്ഞുകൊണ്ടേയിരിക്കുന്നു. ഉല്പാദനച്ചെലവുമായി ബന്ധപ്പെടുത്തിയാൽ കൃഷിയിൽ നിന്നുള്ള വരുമാനം താരതമ്യേന കുറവാണ്. കാർഷികവൃത്തി ഉപേക്ഷിക്കാൻ ഒട്ടേറെപ്പേർ നിർബന്ധിതരായി. പുരയിടങ്ങൾ വയ്ക്കാനും, നാണ്യവിളകൾക്ക് വേണ്ടി നെൽകൃഷി ഭൂമി നികത്തുന്നത് നമുക്ക് ചുറ്റും കാണാം. 70കളുടെ മദ്ധ്യഘട്ടം മുതൽ ഒരു ദശാബ്ദകാലത്തിലേറെയുള്ള കണക്കുകൾ പരിശോധിച്ചാൽ കാർഷികോല്പാദന മേഖലയിൽ വർദ്ധന ഉണ്ടായിട്ടില്ല.

പരുത്തൂർ ഗ്രാമപഞ്ചായത്തിൽ ഭൂരിഭാഗം ജനങ്ങളും കാർഷികവൃത്തിയിൽ ഏർപ്പെടുന്നവരും അതിനെ ആശ്രയിച്ച് ജീവസന്ധാരണ മാർഗ്ഗം കണ്ടെത്തിയിരുന്നവരും ആയിരുന്നു. ഒരുകാലത്ത് വെറും 1000 ഭൂവുടമകൾ ആണ് ഇവിടെ ഉണ്ടായിരുന്നത് എങ്കിൽ ഭൂപരിഷ്കരണ നിയമം വന്നതോടെ ഇന്ന് അത് 5000 ആയി വർദ്ധിച്ചിട്ടുണ്ട്. ഏതാനും ജന്മികുടുംബങ്ങളിൽ ഒതുങ്ങിനിന്ന് ഭൂവുടമസ്ഥതയിൽ വന്ന ഈ മാറ്റം കാർഷികമേഖലയിൽ ഉണർവുണ്ടാക്കേണ്ടതായിരുന്നു. എന്നാൽ തുടർനടപടികളുടെ അഭാവം മൂലം ഉദ്ദേശിച്ച പുരോഗതിയുണ്ടായില്ല. മഴയെ ആശ്രയിച്ചുള്ള കൃഷിയാണ് മുൻകാലങ്ങളിൽ നടന്നിരുന്നത്. ഏത്തം തേവി പുഞ്ചകൃഷിപോലും അക്കാലത്ത് നടത്തിയിരുന്നു. സമൃദ്ധമായ കാല സമ്പത്തും പച്ചിലകളും ജൈവവളദൗർല്ലഭ്യം ഇല്ലാതാക്കിയിരുന്നു. കൃഷിയെ സംബന്ധിച്ച് സംസ്ഥാനം മുഴുവൻ വന്ന മനോഭാവമാറ്റം ഇവിടെയും ബാധിച്ചിട്ടുണ്ട്.

മുഖ്യകാർഷിക വിളയായ നെല്ലിനുപുറമെ തെങ്ങ്, കവുങ്ങ്, വാഴ, കപ്പ തുടങ്ങിയവയും കൃഷിചെയ്യുന്നുണ്ട്. റബ്ബർകൃഷിയും ദുർല്ലഭം ചിലയിടങ്ങളിൽ ആരംഭിച്ചിട്ടുണ്ടെങ്കിലും വ്യാപകമായി ഇല്ല. സമതലങ്ങളിൽ അധികവും നെൽകൃഷിയാണ് നടക്കുന്നത്. കുന്നിൻചെരുവുകളിൽ തെങ്ങും, കപ്പയും കൃഷിചെയ്യുന്നു. പരുത്തൂർ, കൊടുമുണ്ട, മുടപ്പക്കാവ് തുടങ്ങിയ പ്രദേശങ്ങളിൽ പുഴയിലെ ചെളിപ്രദേശത്ത് വ്യാപകമായി പച്ചക്കറി കൃഷി ചെയ്യുന്നുണ്ട്. നേന്ത്രവാഴ കൃഷിയാണ് മറ്റൊരു മേഖല. ജില്ലയിൽ ഏറ്റവും കൂടുതൽ നേന്ത്രവാഴ കൃഷി നടത്തുന്ന പ്രദേശമാണ് പരുത്തൂർ ഓണം തുടങ്ങിയ ആഘോഷങ്ങളിൽ ഒഴിച്ചുകൂടാനാകാത്ത ഒന്നായി നേന്ത്രപ്പഴം നിലനില്ക്കുമ്പോൾ ഇതിനുള്ള സാധ്യതകൾ വർദ്ധിക്കുകയേ ഉള്ളൂ. ഉല്പാദകന് താരതമ്യേന ലാഭം ഉറപ്പു വരുത്താവുന്ന ഒരു കൃഷിയാണിത്.

ഭൂമി സംബന്ധിച്ച വിവരം

ഇനം	വിസ്തീർണ്ണം
നിലം	723 ഹെക്ടർ
പുരയിടം	1029.69 ഹെക്ടർ
പുറമ്പോക്ക്	260.41 ഹെക്ടർ
കൃഷിയോഗ്യമല്ലാത്തവ	23.96 ഹെക്ടർ

കൃഷിയോഗ്യമല്ലാത്ത തരിശ്	15 ഹെക്ടർ
ആകെ	2060 ഹെക്ടർ

നെൽവയലുകളിൽ രണ്ടാം വിള കഴിഞ്ഞാൽ പച്ചിലവളം കൃഷിചെയ്യുന്നു. ഉഴുന്ന്, പയർ എന്നിവയും ചില പ്രദേശത്ത് കൃഷി ചെയ്യുന്നുണ്ട്.

483 ഹെക്ടർ സ്ഥലത്ത് നെല്ലാണ് കൃഷി ചെയ്യുന്നത്. 1255 ടൺ നെല്ല് ഉത്പാദിപ്പിക്കുന്നു. 4.5 ടൺ ആണ് ഉത്പാദനക്ഷമത. ഇന്നത്തെ ശരാശരി സംസ്ഥാന ഉൽപാദനക്ഷമതക്കൊപ്പമാണിത്. ഇത് 10 ടൺ ആയെങ്കിലും വർദ്ധിപ്പിക്കുവാനുള്ള ശ്രമം നാം നടത്തേണ്ടിയിരിക്കുന്നു.

വിള വിസ്തീർണ്ണം, ഉത്പാദനം

വിള	വിസ്തീർണ്ണം	മൊത്ത ഉത്പാദനം	ഉത്പാദന ക്ഷമത
നെല്ല്	483ഹെക്ടർ	1,255.6ടൺ	4.5 ടൺ

കൃഷിക്കാരനെ ഏറ്റവും നിരാശനാക്കുന്നത് ഉത്പാദനചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ ഉത്പന്നത്തിന്റെ വിലക്കുറവാണ്. കാർഷികോല്പന്നത്തിന് ശരിയായ വില ലഭിക്കുന്നില്ല. നാടൻ കച്ചവടക്കാരെയാണ് ഉല്പന്നവില്പനക്ക് കർഷകൻ ആശ്രയിക്കുന്നത്. മാർക്കറ്റിംഗ് സൊസൈറ്റികൾ ഇല്ലാത്തതുകൊണ്ട് ഉല്പന്നത്തിന്റെ വില ഇടനിലക്കാരാണ് പൂഷണം ചെയ്യുന്നത്. 1974-ൽ ക്വിന്റലിന് 211 രൂപയാണ് വില ഉണ്ടായിരുന്നത്. 1995-ൽ ഒരു ക്വിന്റലിന് 533 രൂപ വിലയുണ്ടായി. വിലയിലെ വർദ്ധനവ് 125% വരും.

വർഷം	നെല്ലിന്റെവില
1974	211രൂപ/ക്വിന്റൽ
1995	533രൂപ/ക്വിന്റൽ

കാർഷികമേഖലയിൽ കർഷകത്തൊഴിലാളികളുടെ എണ്ണം ക്രമേണ കുറഞ്ഞുവരികയാണ്. കർഷകത്തൊഴിലാളികൾ ബഹുഭൂരിപക്ഷവും മറ്റു തൊഴിൽ മേഖലയിലേക്ക് പോകുന്നതുകൊണ്ട് അവരുടെ എണ്ണം ക്രമേണ കുറയുന്നു. മാത്രമല്ല കാർഷികമേഖലയിൽ തൊഴിൽദിനങ്ങൾ കുറയുന്നു എന്നതും പ്രശ്നമാണ്. ഒരു വർഷം ഒരു കർഷകത്തൊഴിലാളിക്ക് 30-50 ദിവസം മാത്രമേ കാർഷികമേഖലയിൽ ജോലി ലഭിക്കുന്നുള്ളൂ.

പച്ചിലവളത്തിന്റേയും കാലിവളത്തിന്റേയും ദൗർലഭ്യം സ്വാഭാവികമായും രാസവളപ്രയോഗത്തിലേക്ക് നയിച്ചു. എന്നാൽ ശാസ്ത്രീയമായ രീതിയിൽ വളപ്രയോഗം നടത്തേണ്ടതിനെപ്പറ്റി കർഷകരിൽ ഭൂരിഭാഗവും അജ്ഞരാണ്. രാസവളത്തിന്റെ വിലയിലുണ്ടായ വർദ്ധനവ് കർഷകന്റെ വാങ്ങൾക്കഴിവിനെ സ്വാധീനിക്കുന്നു. രാസവളത്തിന്റെ വില കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ 3 ഇരട്ടിയിലധികം വർദ്ധിക്കുകയുണ്ടായി.

തക്കസമയത്ത് കൃഷിചെയ്യുവാൻ കർഷകർക്ക് വായ്പാസൗകര്യങ്ങൾ ലഭിക്കുന്നില്ല. പലപ്പോഴും ആവശ്യം കഴിഞ്ഞാണ് വായ്പ ലഭിക്കുന്നത്. കാർഷികരംഗത്ത് കൂട്ടായ്മയുടെ പ്രസക്തി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഭൂമിയുടെ തുണ്ടവൽക്കരണം ഉത്പാദന ചെലവ് കൂടുവാൻ കാരണമാണ്. 8 പാടശേഖരസമിതികൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

സഹകരണബാങ്ക് വഴി വിതരണം ചെയ്ത രാസവളം സംബന്ധിച്ച വിവരങ്ങൾ - പരുത്തൂർ പഞ്ചായത്ത്

വർഷം	അമോണിയം സൾഫേറ്റ്	യൂറിയ	എം.ഒ.പി.	മിക്സ്ചർ	BHC10%	BHC 50%	ഫാക്ടം ഫോസ്	മരുന്ന്
93-94	4.5 ടൺ	28ടൺ	5ടൺ	9ടൺ	3ടൺ	50പാക്കറ്റ്	20ടൺ	1050
94-95	7.25 ടൺ	22.5 ടൺ	5ടൺ	7.5 ടൺ		100പാക്കറ്റ്	16ടൺ	50
95-96	7ടൺ	25ടൺ	5ടൺ	10ടൺ	1.20ടൺ	250പാക്കറ്റ്	16ടൺ	665

കീടനാശിനികളും മറ്റും

വർഷം	ഫ്യൂറഡാൻ	കുമ്മായം	എലിവിഷം	ഫൈറ്റ്‌ലാൻ (കുമിൾനാശിനി)	തുരിശ്
93-94	25കി.ഗ്രാം.	-	200പാക്കറ്റ്	50പാക്കറ്റ്	-
94-95	75കി.ഗ്രാം	-	-	-	-
95-96	175കി.ഗ്രാം	2530കി.ഗ്രാം	200പാക്കറ്റ്	-	205കി.ഗ്രാം

തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ

വാർഡ്	വിസ്തീർണം	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ
1	30ഹെ.	2880	2240	5120
2	35"	3100	2500	5500
3	52"	4480	3840	8320
4	28"	2080	2400	4480
5	55"	4000	4800	8800
6	66"	6080	4480	10560
7	35"	2720	2880	5600
8	50"	3200	4800	8000
9	36"	3040	2720	5760
10	43"	4160	2720	6880

പണി പൂർത്തിയാക്കിയ ജലസേചനപദ്ധതികൾ

ക്രമനമ്പർ	പദ്ധതിയുടെ പേര്	പൂർത്തിയായ വർഷം	എസ്റ്റിമേറ്റ് തുക	ആയക്കെട്ട് വിസ്തീർണം
1	നടിപ്പുറക്കുന്ന് L.I പദ്ധതി	1981	2.06ലക്ഷം	44 ഹെ.
2	വെള്ളിയാങ്കല്ല് L.I. പദ്ധതി	1977	4.38ലക്ഷം	89.64ഹെ.
3	കുട്ടക്കടവ് L.I. പദ്ധതി	1977	2.56ലക്ഷം	71.85ഹെ.

പ്രശ്നങ്ങൾ

1. ഒന്നാംവാർഡിൽ പള്ളിപ്പുറം പാടത്തുള്ള തോട് മണ്ണടിഞ്ഞും സൈഡിടിഞ്ഞും ആയ അവസ്ഥയിലായതുകൊണ്ട് ഇരുനൂറിൽ പരം ഏക്കർ സ്ഥലത്ത് മുമ്പ് ലഭിച്ചിരുന്ന ജലസേചനസൗകര്യം ഇപ്പോൾ ലഭിക്കുന്നില്ല.

2. പുത-ഇടവഴിത്തോട് ഉപയോഗശൂന്യമാണ്. പുഴയിൽനിന്ന് വെള്ളം വള്ളിക്കാട് തോടിലെത്തുന്നത് ഇതുവഴിയാണ്. കൃഷിക്കു പുറമെ മറ്റു വിളകൾക്ക് ആവശ്യമായ ജലം ലഭിച്ചിരുന്നത് ഏറെക്കുറെ ഇല്ലാതായ അവസ്ഥയാണ്.

3. രണ്ടാം വാർഡിലെ ചെറുളിത്തോട് മണ്ണടിഞ്ഞ് ആഴം കുറഞ്ഞതായിത്തീർന്നതുകൊണ്ട് മഴയ്ക്കു ശേഷവും ചുറ്റുമുള്ള വയലേലകളിൽ ജലക്ഷാമം അനുഭവപ്പെടുന്നു.

4. പള്ളിപ്പുറം തോട് മുൻകാലത്ത് കർഷകർ സംരക്ഷിച്ചുപോന്നിരുന്നതുകൊണ്ട് നൂറിൽപരം ഏക്രസ്ഥലത്ത് ജലസേചനസൗകര്യം ലഭിച്ചിരുന്നു. ഇന്ന് സംരക്ഷിക്കാത്തതുകൊണ്ട് ജലസേചനസൗകര്യവും നഷ്ടപ്പെട്ടിരിക്കുന്നു.

5. വേനൽക്കാലത്തുപോലും വെള്ളം കെട്ടിനില്ക്കുന്ന കുണ്ടിക്കുളം മണ്ണടിഞ്ഞ് നശിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയിലാണ്. അതുകൊണ്ടുതന്നെ അതിനു ചുറ്റുമുള്ള കൃഷിസ്ഥലം ഒരുപ്പുനിലമായി മാറിക്കൊണ്ടിരിക്കുന്നു.

6. മൂന്നാംവാർഡിലെ നാനാർത്തിക്കുറുശ്ശി കുളം മഴക്കാലത്തിനുശേഷം മൈതാനത്തിന്റെ അവസ്ഥയാണ്. ഒന്നരഏക്കറോളം വരുന്ന ഈ കുളത്തിലെ ജലം നാനൂറിൽപ്പരം ഏക്കർ സ്ഥലത്ത് ഉപയോഗിച്ചിരുന്നു.

7. കിഴങ്ങും ചാൽകുളം, കണ്ണാട്ട് വാട്ടാറക്കുളം ഇവയും ഉപയോഗപ്രദമല്ലാതായിരിക്കുന്നു.

8. കല്ലിങ്ങൽതോട്, കുണ്ടുതോട് ഇവ തോടായിട്ടും നടപ്പാതയായിട്ടും ഉപയോഗിക്കുന്ന അവസ്ഥയിലാണ്. തന്മൂലം വാർഡിന്റെ കിഴക്കുഭാഗത്തുള്ള മലഞ്ചെരുവിൽ നിന്നൊഴുകുന്ന വെള്ളത്തിന് ഗതിമാറ്റം വരുന്നു. ഇത് കൃഷിയെ സാരമായി ബാധിക്കുന്നു.

9. പൂവ്വക്കുഴിയിൽ സ്ഥാപിച്ചിരുന്ന ചീർപ്പ് നാശപ്പെട്ടു പോയതുകൊണ്ട് ജലസംഭരണത്തിനും വിതരണത്തിനും സാധ്യമല്ലാതായിരിക്കുന്നു. നാലാം വാർഡിലെ കൃഷിസ്ഥലത്തെ ഇത് ബാധിക്കുന്നു.

10. അയ്യണ്ണിത്തോടിന്റെ സൈഡിടിഞ്ഞ് വെള്ളത്തിന്റെ ഒഴുക്കിന് തടസ്സം നേരിട്ടത് ചുറ്റുമുള്ളകൃഷിയെ ബാധിക്കുന്നു.

11. ആത്തൂർചിറമുതൽ പൂഞ്ചിറവരെ സൈഡ് കെട്ടി സംരക്ഷിക്കാത്തതുകൊണ്ട് തോട്ടിലെ ജലത്തെ ആശ്രയിച്ച് കൃഷിയിറക്കാൻ പറ്റാത്ത അവസ്ഥയാണ്.

12. ചോലക്കുളം മണ്ണിടിഞ്ഞതുകൊണ്ട് 50 ഏക്കറോളം കൃഷിസ്ഥലത്ത് ജലദൗർലഭ്യം അനുഭവപ്പെടുന്നു.

13. പാലത്തറക്കടുത്ത് പി.ഡബ്ല്യു.ഡി. റോഡിലെ ഓവുപാലത്തിന്നടിയിൽ മണ്ണടിയുന്നതുകൊണ്ട് വെള്ളത്തിന്റെ ഒഴുക്കിന് തടസ്സമുണ്ടാകുന്നു.

14. കരുവാൻ പടിയിൽ നിന്നും കണ്ണാട്ടുപാടത്തേക്ക് ഒരു ട്രാക്ടർ റോഡില്ലാത്തതുകൊണ്ട് കർഷകർക്ക് വളരെ പ്രയാസം നേരിടുന്നു.

15. കള്ളിക്കുന്നുമുതൽ ചാലിനിലം വരെയുള്ള തോട് മണ്ണടിഞ്ഞു പ്രയോജനരഹിതമായ അവസ്ഥയിലാണ്.

16. ട്രാക്ടർ റോഡുകളുടെ അഭാവം തക്കസമയത്ത് നിലം ഉഴുതു മറിക്കാൻ പറ്റാത്ത അവസ്ഥയുണ്ടാക്കുന്നു.

17. കാർഷികോല്പന്നങ്ങളുടെയും നാണ്യവിളകളുടെയും സംഭരണത്തിനായി ഒരു ഉപാധിയും ഇല്ലാത്തതുകൊണ്ട് കർഷകർ പ്രയാസം അനുഭവിക്കുന്നു.

18. ആറാം വാർഡിൽ, വള്ളൂർ കമാനത്തിന്റെ തെക്കുഭാഗത്ത് തോടിന് ചിറകെട്ടാത്തതുകൊണ്ട് ജലം സംഭരിച്ച് നിറുത്താൻ പറ്റുന്നില്ല. തന്മൂലം കുരുത്തിക്കുഴിയുടെ പരിസരപ്രദേശത്ത് ജലസേചനസൗകര്യം വേണ്ടത്ര ലഭിക്കുന്നില്ല.

19. പൊന്മലക്കുന്ന്, ചാത്തേൻപാറക്കുന്ന് ഇവയിൽ ജലസംഭരണികൾ നിർമ്മിച്ചിരുന്നുവെങ്കിൽ ഈ വാർഡിലെ മുഖ്യകൃഷിയായ തെങ്ങ്, കവുങ്ങ് എന്നിവയ്ക്ക് വേണ്ടത്ര ജലസേചന സൗകര്യം ലഭിക്കുമായിരുന്നു.

20. ഏഴാം വാർഡിലെ പൂഞ്ചിറ നന്നാക്കി ഷട്ടറിടാത്തതുകൊണ്ട് ജലസേചനം ഫലപ്രദമാകുന്നില്ല.

21. നിലവിലുള്ള ഇറിഗേഷൻ പൂവടി വരെ നീട്ടാതിരുന്നത് ജലസേചന സൗകര്യം വേണ്ടത്ര ലഭിക്കുന്നതിന് തടസ്സമാകുന്നു.

22. കുഴുപ്പറമ്പിൽ കുളം, ചോലക്കുളം, കൊണ്ടോരത്ത് കുളം, ചുള്ളിക്കുളം ഇവയുടെ നിലവിലുള്ള അവസ്ഥ ജലസേചനത്തിന് യോജിച്ചതല്ല.

23. എട്ടാം വാർഡിലെ കനാൽ അറ്റകുറ്റപ്പണി നടത്താത്തതുകൊണ്ട് കൃഷിയിടങ്ങളിലേക്ക് യഥാസമയം ജലം ലഭിക്കുന്നില്ല.

24. നാരായണക്കുളം, പണ്ടാറക്കുളം, കുരുത്തോലക്കുളം ഇവ ശ്രദ്ധിക്കപ്പെടാതെ കിടക്കുന്നതുകൊണ്ട് ജലസേചനയോഗ്യമല്ലാതായിരിക്കുന്നു.

25. ഈ വാർഡിലൂടെ പോകുന്ന കനാലുകൾ സൗകര്യമുണ്ടായിട്ടും നീട്ടാത്തതിനാൽ കനാൽ ജലത്തിന്റെ പ്രയോജനം വേണ്ടത്ര ലഭിക്കാതെ പോകുന്നു.

26. മുടപ്പക്കാട്-കുട്ടാടൻ പാടത്തിൽ നിന്ന് പുഴയിലേക്ക് തോട് നിർമിച്ചാൽ ഈസ്ഥലം ഇരുപ്പുകൃഷിക്കുപയുക്തമാകുന്നതാണ്. ട്രാക്ടർ റോഡുകളുടെ അഭാവം കൃഷിക്കാർക്ക് പ്രയാസം ഉണ്ടാക്കുന്നു.

27. കൂട്ടക്കടവിൽ തടയണ ഇല്ലാത്തതുകൊണ്ട് ഒമ്പതാംവാർഡിലെ ജലസേചനത്തിന് ബുദ്ധിമുട്ടനുഭവപ്പെടുന്നു.

28. നന്നം കുളം നന്നാക്കി എടുക്കാത്തതുകൊണ്ട് 50 ഏക്കറോളം സ്ഥലത്ത് ജലദൗർലഭ്യം ഉണ്ട്.

29. പത്താം വാർഡിൽ നിലവിലുള്ള കനാലിൽ നിന്നും പാടത്തിന്റെ കിഴക്കേ അറ്റത്തേക്ക് വെള്ളമെത്തിക്കാൻ സൗകര്യം ഇല്ലാത്തത് കൃഷിയെ ബാധിക്കുന്നു.

30. ഒമ്പത്, പത്ത് വാർഡുകളിലെ കൃഷിസ്ഥലങ്ങൾക്ക് പ്രയോജനപ്പെടുന്ന കൂട്ടക്കടവ് ഇറിഗേഷൻ സ്കീം ആവശ്യമുള്ള മോട്ടോറുകളുടെയും സബ്കനാലുകളുടെയും അഭാവത്താൽ നിർദ്ദിഷ്ട 400 ഏക്കറിനുപകരം 187 ഏക്കറിനു മാത്രമെ പ്രയോജനപ്പെടുന്നുള്ളൂ.

31. പള്ളിപ്പുറം - കാരമ്പത്തൂർ - തൃത്തപ്പുഴ വരെയുള്ള തോടിന്റെ സൈഡ് ഇടിഞ്ഞു പോകുന്നതുകൊണ്ടും മണ്ണടിഞ്ഞുകൂടുന്നതുകൊണ്ടും വേണ്ടത്ര ജലസേചനസൗകര്യം ലഭിക്കുന്നില്ല. ഇടക്കിടക്ക് ചീർപ്പിട്ടിത്താത്തതുകൊണ്ട് വെള്ളം സംഭരിച്ചു നിർത്താൻ സാധിക്കാതെ വരുന്നു.

32. പരുത്തൂർ-കരിയന്നൂർ പാടത്തുള്ള തോട് ശരിയായി സംരക്ഷിക്കാത്തതുകൊണ്ട് ജലസേചനസൗകര്യം നഷ്ടപ്പെടുന്നു.

33. നെല്ലിക്കുളം ശരിയായി രക്ഷിക്കാത്തതുകൊണ്ട് പൊതു ജലസേചനത്തിന് അസൗകര്യം നേരിടുന്നു.

34. കരിയന്നൂർ പടഞ്ഞാറുഭാഗത്തേക്ക് ട്രാക്ടർ റോഡില്ലാത്തതുകൊണ്ട് കൃഷിക്കാർക്ക് പ്രയാസം അനുഭവപ്പെടുന്നു.

35. ഇഷ്ടിക നിർമ്മാണത്തിനായി കൃഷിയോഗ്യമായ സ്ഥലത്തുനിന്നും മണ്ണെടുക്കുന്നതുകൊണ്ട് കൃഷിയിടം കുറഞ്ഞുവരുന്നു.

സാധ്യതകൾ

1. ഭാരതപ്പുഴയിൽ വെള്ളിയാംകല്ല് കടവിൽ റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുകയാണെങ്കിൽ പരുത്തൂർ പഞ്ചായത്തിലെ കാർഷികാവശ്യത്തിനായുള്ള ജലസേചന സൗകര്യവും കുടിവെള്ളലഭ്യതയും വളരെയേറെ മെച്ചപ്പെടുത്താവുന്നതാണ്.

2. മൂന്നാം വാർഡിലുള്ള നാനാർത്തിക്കുറുശ്ശിക്കുളം മണ്ണെടുത്ത് സൈഡ് കെട്ടി ചീർപ്പിട്ടാൽ നാനൂറോളം ഏക്കർ സ്ഥലം ജലസേചന യോഗ്യമാക്കാവുന്നതാണ്. ഈ കുളം ഒന്നര ഏക്കറോളം വിസ്തൃതിയുള്ളതാണ്.

3. തൃത്തപ്പുഴയിലെ മലഞ്ചുഴിയിൽനിന്ന് വെള്ളം പമ്പ് ചെയ്ത് യുക്തമായ സ്ഥലത്ത് സംഭരണിയുണ്ടാക്കി ശേഖരിച്ച് വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കിയാൽ പഞ്ചായത്തിലെ ആയിരത്തോളം ഏക്കർ കൃഷിസ്ഥലത്ത് ജലസേചന സൗകര്യം ലഭിക്കുന്നതാണ്.

4. മൂന്നാംവാർഡിൽ നിന്നു തുടങ്ങി കരിയന്നൂർ തൃത്തപ്പുഴയിലവസാനിക്കുന്ന പള്ളിപ്പുറം തോടിന്റെ (വള്ളിക്കാട് തോട്) ഇരുഭാഗവും സൈഡ് കെട്ടുകയും ഇടക്കിടക്ക് ചീർപ്പിടുകയും ചെയ്താൽ തോടൊഴുകുന്ന പ്രദേശങ്ങളിൽ ജലസേചന സൗകര്യം ലഭിക്കുന്നതാണ്.

5. ഒന്നാം വാർഡിലെ പുത-ഇടവഴി തോട് സൈഡ് കെട്ടി പള്ളിപ്പുറം തോടിൽ എത്തിക്കുന്നത് അഭികാമ്യമാണ്.

6. മലംചുഴികയത്തിൽ നിന്ന് ഒന്നാംവാർഡിലെ കൃഷിയിടങ്ങളിലേക്ക് വെള്ളമെത്തിക്കാൻ സൗകര്യം

ഉണ്ടാക്കുക.

7. രണ്ടാംവാർഡിലെ ചെറുളിത്തോട്, മൂന്നാം വാർഡിലെ താപ്പങ്ങാട് തോട്, കുണ്ടുതോട്, നാലാം വാർഡിലെ പൂവംകുഴി, ആത്തൂർ-പൂഞ്ചിറ, അയ്യണ്ണി തോട്, അഞ്ചാംവാർഡിലെ -ചാലിനിലം തോട്, ആറാംവാർഡിലെ വള്ളൂർ കമാനത്തിന്റെ തെക്കുഭാഗത്തുകൂടെ ഒഴുകുന്ന തോട്, ഏഴാം വാർഡിലെ പൂഞ്ചിറ, ഒമ്പതാം വാർഡിലെ കൂട്ടക്കടവ് - കക്കാട് തോട്, പത്താംവാർഡിലെ പരുതൂർ-കരിയന്നൂർ പാടത്തുകൂടെ ഒഴുകുന്ന തോട് എന്നിവയിൽ ഇടക്കിടെ ചിറകെട്ടി, ചീർപ്പിടുന്നത് ജലസേചനത്തിന് അത്യാവശ്യമാണ്.

8. ഒന്നാം വാർഡിലെ കണ്ടംകുളം-വടക്കുംകരകുഴി രണ്ടാം വാർഡിലെ കുണ്ടിക്കുളം, പുതുക്കുളം, മൂന്നാം വാർഡിലെ നാനാർത്തിക്കുറിശ്ശി, അർത്തിക്കുളം, വാട്ടാറക്കുളം, നാലാംവാർഡിലെ പറക്കുളം, അഞ്ചാം വാർഡിലെ ആരോഗ്യമ്പൽകുളം, കഴുപ്പറമ്പിൽ കുളം, ചോലക്കുളം, കൊണ്ടോരത്ത് കുളം, ചുള്ളിക്കുളം, എട്ടാം വാർഡിലെ നാരായണക്കുളം, പണ്ടാറക്കുളം, കുരുത്തോലക്കുളം, ഒമ്പതാംവാർഡിലെ നന്നംകുളം, പത്താംവാർഡിലെ നെല്ലിക്കുളം എന്നിവയിലെ മണ്ണെടുത്ത് ആഴം കൂട്ടി, വശങ്ങൾ കെട്ടി, ജലം സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും അനുയോജ്യമായ അവസ്ഥയിലാക്കേണ്ടതാണ്.

9. ഒന്നാംവാർഡിലെ കാരമ്പത്തൂർ പാടത്തേക്ക് ജലസേചനസൗകര്യം ലഭിക്കുന്നതിന് തൃതപ്പുഴയിൽ നിന്ന് ഒരു തോട്, മൂന്നാം വാർഡിലെ വിലങ്ങലിൽ നിന്ന് കുണ്ടുതോടുമായി ബന്ധിച്ചുകൊണ്ട് തോട്, മുടപ്പക്കാട്-കൂട്ടാടൻ പാടത്തു നിന്ന് പുഴവരെ തോട്, നിർമ്മിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.

10. കുളമുക്ക് കായലിൽ നിന്ന് ഭാരതപ്പുഴയിലേക്ക് നിർദ്ദിഷ്ട കുളമുക്ക് കായൽ ബണ്ട് സ്കീം നടപ്പിലാക്കുക.

11. അഞ്ചാംവാർഡിലെ വെള്ളിയാംകല്ല് ലിഫ്റ്റ് ഇറിഗേഷന്റെ ശേഷി വർദ്ധിപ്പിക്കുകയും രാപ്പകൽ ജലം ലഭിക്കാൻ സൗകര്യപ്പെടുത്തുകയും വേണം.

12. മംഗലത്തെ പമ്പുഹൗസുമായി ബന്ധപ്പെട്ട കിഴക്കുഭാഗത്തെ കനാൽ ഏഴിക്കോട്ടുവരെ നീട്ടുക.

13. കരിയാറക്കുറവഴി പോകുന്ന കനാൽ ചെർളാപൊറ്റ വരെയും വരട്ടിപ്പുള്ളി സബ്കനാൽ മുറിയ്യാൻ തോടുവരെയും നീട്ടുക.

14. ആറാംവാർഡിലെ നാണ്യവിളത്തോട്ടങ്ങളുടെ ജലസേചനത്തിനായി പൊന്മലചാത്തേൻപാറകുന്നുകളിലൊന്നിൽ സംഭരണി നിർമിച്ച് ജലം പമ്പ് ചെയ്തെത്തിക്കുക.

15. ഏഴാം വാർഡിലെ പൂവക്കുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുകയും നിലവിലുള്ള ഇറിഗേഷൻ കനാൽ പൂവടി, നരിപ്പറ്റ പടിവട്ടം, പൂഞ്ചിറ എന്നിവിടങ്ങളിലേക്ക് നീട്ടുകയും ചെയ്യുക.

16. എട്ടാംവാർഡിലെ നരിപ്പറ്റ L.I സ്കീം കനാൽ അറ്റകുറ്റ പണി നടത്തി മോട്ടോർ റിപ്പയർ ചെയ്ത് കൂടുതൽ ഫലപ്രദമാക്കുക.

17. പ്രസ്തുത വാർഡിലെ മെയ്ൻ കനാലിൽ നിന്ന് സബ്കനാലുകൾ നിർമിക്കുന്നതും ഒരാവശ്യമാണ്.

18. ഒമ്പതാംവാർഡിലെ കൂട്ടക്കടവ് ലിഫ്റ്റ് ഇറിഗേഷന്റെ ശേഷി വർദ്ധിപ്പിക്കുക. ഇപ്പോഴുള്ള 25HPയുടെ മോട്ടോറുകൾക്ക് പുറമെ, 60HPയുടെ ഒരു മോട്ടോർ കൂടി സ്ഥാപിക്കുക. നാല് ലീഡിങ്ങ് കനാലുകൾ കൂടി നിർമിക്കുന്നത് ഫലപ്രദമാണ്. ഇതുകൊണ്ട് പത്താം വാർഡിലെ കൃഷിയിടങ്ങൾ ജലസേചനയോഗ്യമാക്കാവുന്നതാണ്.

19. 1971-ൽ സാമൂഹ്യജലസേചന പദ്ധതിയനുസരിച്ച് ആരംഭിച്ച കളത്തിൽക്കടവ് ലിഫ്റ്റ് ഇറിഗേഷൻ സ്കീം പ്രാവർത്തികമാക്കിയാൽ ഒന്ന്, പത്ത് വാർഡുകളിൽ വമ്പിച്ച ജലസേചന സൗകര്യം ലഭിക്കുന്നതാണ്.

20. പത്താംവാർജിലെ നിലവിലുള്ള കനാലിൽ നിന്ന് പാടത്തിന്റെ കിഴക്കേ അറ്റം വരെ കനാൽ നിർമിക്കുന്നത് കൂടുതൽ കൃഷിയിടങ്ങളെ ഇരുപ്പൂനിലങ്ങളാക്കാനുപകരിക്കും.

21. ഒന്നാംവാർഡിൽ പുഴ- നമ്പറം റോഡിൽ തെക്കേപുറത്തിനും വടക്കേ പുറത്തിനുമിടയിൽ ഒരു ഓവുപോലും ഉണ്ടാക്കുന്നത് വെള്ളം കെട്ടനില്ക്കാതെ ഒഴുകിപ്പോകുന്നതിന് സഹായിക്കും.

22. എട്ടാംവാർഡിലെ മരുന്നിങ്ങൾ ക്ഷേത്ര പരിസരത്തുകൂടെ പോകുന്ന കനാൽ വർഷക്കാലത്ത് ഇടിയുന്നതുകൊണ്ട് മണ്ണൊലിപ്പുണ്ടാകുന്നത് തടയേണ്ടതാണ്.

23. ഒന്നാംവാർഡിലെ നാടപറമ്പുമുതൽ കൊച്ചിയിൽ പള്ളിയാൽ വരെയുള്ള വഴി ശരിയാക്കി പാട

ത്തേക്കിറങ്ങാൻ സൗകര്യത്തിന് റാമ്പുകൾ ഉണ്ടാക്കുക.

24. പ്രസ്തുത വാർഡിൽ പടിവട്ടത്തുനിന്ന് കാരമ്പത്തൂർ ഭാഗത്തേക്കും, ചെറുകുളം നിലത്തിലേക്കും, നാടപറമ്പിൽ നിന്ന് അട്ടാറിൽ പടിവരെയും, അരണാത്തുപറമ്പ് റോഡിൽ നിന്ന് പുളിയ്ക്കക്കുണ്ട് നിലം വരെയും ട്രാക്ടർ റോഡ് നിർമിക്കുക.

25. രണ്ടാംവാർഡിൽ കൊണ്ടപ്പുറം ഭാഗത്തേക്കും, മുക്കോണിയിലേക്കും മങ്ങാട്ടപറമ്പിൽ നിന്ന് റെയിൽവെ ലൈൻ വരെയും ട്രാക്ടർ റോഡ് ആവശ്യമാണ്.

26. മൂന്നാംവാർഡിൽ നാനാർത്തി കുറുശ്ശിറോഡിൽ നിന്ന് ഊറപ്പോക്ക് കൃഷിസ്ഥലത്തേക്കും, കള്ളിവളപ്പ് കോളനിയിൽ നിന്ന് കണ്ണാട് ഭാഗത്തേക്കും ട്രാക്ടർ റോഡ് ആവശ്യമാണ്.

27. നാലാംവാർഡിലെ കരുവാൻ പടിമുതൽ കണ്ണാട്ടുപാടത്തിന്റെ നടുവിലൂടെ റെയിൽവെ ലൈൻ വരെയും, കള്ളിവളപ്പ്, ഹരിജൻ കോളനിയിൽ നിന്ന് ആരിയമ്പാടം കൊടുമുണ്ട തോടുവരെയും, സ്റ്റേഡിയം മുതൽ റെയിൽവെ ലൈൻ വരെയും ട്രാക്ടർ റോഡ് നിർമ്മിക്കുന്നത് കർഷകർക്കാശ്വാസമാണ്.

28. അഞ്ചാം വാർഡിലെ വെടിത്തറയിൽ നിന്നും കുളമുക്ക് കായൽ പാടത്തേക്ക് സ്കൂളിന്റെ തെക്കു ഭാഗത്തുകൂടെയുള്ളവഴി, മാഞ്ഞാം പള്ളിയാൽ മുതൽ മുറ്റാംതോട് വരെയുള്ളവഴി, മുറ്റാം തോടുമുതൽ അഞ്ഞപ്ര വരെയുള്ള വഴി, പരുവക്കുളം ഹരിജൻ കോളനി മുതൽ കുളമുക്ക് കായൽപാടം വരെ കുണ്ടുതോട് വഴിയുള്ള പാത, തുടങ്ങിയവ ട്രാക്ടർ റോഡാക്കുകയോ, വീതികൂട്ടുകയോ ചെയ്യേണ്ടതാണ്.

29. ആറാം വാർഡിൽ നമ്പീശൻ പീടിക മുതൽ പള്ളിപ്പുറം ശ്രീകൃഷ്ണക്ഷേത്രത്തിന്റെ തെക്കുഭാഗത്തുകൂടെ വേലങ്ങോട് വരെയുള്ള ഭാഗത്തേക്ക് ട്രാക്ടർ ഇറങ്ങുവാൻ സൗകര്യപ്പെടുത്തുക.

30. ഏഴാംവാർഡിൽ കൊണ്ടോരത്തുനിന്ന് മനങ്ങോലേക്ക് ട്രാക്ടർ റോഡ് നിർമിക്കുക.

31. എട്ടാം വാർഡിൽ അയ്യപ്പൻ കാവു മുതൽ പാഴിപാടം വരെയും, ഹെൽത്ത് സെന്ററ് റോഡിൽ നിന്ന് പുരുത്തോല കുളം വരെയും, മെയിൻ റോഡിൽ നിന്ന് പടിഞ്ഞാറെ പാടഭാഗത്തേക്കും ഷാപ്പ് പറമ്പിൽ നിന്ന് തൂർപ്പ് നിലത്തേക്കും, മെയിൻ റോഡിൽ നിന്ന് പാതിരിക്കോട്ടിലേക്കും ട്രാക്ടർ റോഡുകൾ അത്യാവശ്യമായിരിക്കുന്നു.

32. ഒമ്പതാംവാർഡിൽ കൂട്ടക്കടവ് റോഡിൽ നിന്ന് കക്കാട് കുന്നുവരെ ഒരു ട്രാക്ക്ടർ റോഡ് നിർമ്മിക്കുക. ലിഫ്റ്റ് ഇറിഗേഷൻ കനാലിന്റെ ഓരം ഒരു ട്രാക്ടർ പോകുന്നതിന് യോജിച്ചവിധത്തിൽ വീതി കൂട്ടുക.

33. പത്താംവാർഡിൽ പരുത്തൂർ-കരിയന്നൂർ പാടത്തെ തോടിന്റെ വശം വീതികൂട്ടി ഒരു ട്രാക്ടർ പോക്കുവരവിന് യോഗ്യമാക്കുക.

34. കൃഷിയോഗ്യമായ ഭൂമിയിൽ നിന്നും ഇഷ്ടിക നിർമ്മാണത്തിനാവശ്യമായ മണ്ണെടുക്കുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്.

35. കുളങ്ങൾ, കിണറുകൾ, തോടുകൾ ഇവ മണ്ണെടുത്ത് ജലസംഭരിക്കാൻ സജ്ജമാക്കുക.

36. പഞ്ചായത്തിലെ എല്ലാ കൃഷിക്കാരിൽ നിന്നും നല്ല ഇനം വിത്ത് ശേഖരിച്ച് വിതരണം ചെയ്യുക.

37. സർക്കാർ ഫാമുകളിൽ നിന്നും പുതിയ ഇനം വിത്ത് വിതരണം ചെയ്യുക.

38. എള്ള്, പയർ, ഉഴുന്ന്, പച്ചക്കറി വിത്തുകൾ ഈ പഞ്ചായത്തിലെ കൃഷിസ്ഥലത്തിനുയോജിച്ചവ കൃഷിഭവൻ വഴി ഉല്പാദ്പ്പിച്ച് വിതരണം ചെയ്യുവാൻ സൗകര്യം ഉണ്ടാക്കുക.

39. എല്ലാ വീടുകളിലും കമ്പോസ്റ്റ് വളങ്ങൾ നിർമ്മിക്കാനാവശ്യമായ നിർദ്ദേശങ്ങളും ധനസഹായവും നല്കുക.

40. ആവശ്യമായ യന്ത്രോപകരണങ്ങൾ പാടശേഖരസമിതിക്ക് എല്ലാ സൗജന്യങ്ങളോടും കൂടി വിതരണം ചെയ്യുക.

41. അവക്ഷിപ്തവീര്യം ഇല്ലാത്ത കീടനാശിനികളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.

42. നിശ്ചിപരിധിയിൽ കവിഞ്ഞും വിളവുണ്ടാക്കുന്ന കർഷകർക്ക് പ്രോത്സാഹന സമ്മാനങ്ങൾ നല്കുക.

43. ഉല്പാദന ചിലവിനനുസരിച്ച് ഉല്പാദന ബോണസ്സ് വർദ്ധിപ്പിക്കുക.

44. മൂന്നാം വിളയായി പച്ചക്കറി കൃഷിക്കാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തി പ്രോത്സാഹനം

ന്നുകൂക.

45. നാണ്യവിളവുകൾക്ക് വിലകുറയുമ്പോൾ താങ്ങുവില ഏർപ്പെടുത്തുക.

46. മണ്ണ്-ജല സംരക്ഷണത്തിനായി തെങ്ങിൻ തോട്ടത്തിൽ ബണ്ടുകൾ നിർമ്മിക്കുന്നതിനും, തെങ്ങിന് ചുറ്റും ചകിരി പാകുന്നതിനും പ്രോത്സാഹിപ്പിക്കുക.

47. ജൈവവളലഭ്യത വർദ്ധിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

48. കാർഷിക ഉല്പന്നങ്ങൾക്ക് കയറ്റിറക്ക് നിയന്ത്രണം ഏർപ്പെടുത്തുക.

49. കാർഷികമേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ നടപടികൾ സ്വീകരിക്കുക.

50. പാടശേഖരസമിതി, കേരവികസനസമിതി ഇവയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നത് കാർഷികമേഖലയുടെ വളർച്ചക്ക് സഹായിക്കുന്നതാണ്.

51. വിവിധ കാർഷിക ഉല്പന്നങ്ങളുടെ സംസ്കരണ യൂനിറ്റ് സ്ഥാപിക്കുക.





മൃഗസംരക്ഷണവും മത്സ്യബന്ധനവും

സ്വാഭാവികമായും കൃഷിയുടെ അനുബന്ധഘടകമായിട്ടാണ് കന്നുകാലി വളർത്തൽ നമ്മുടെ പഞ്ചായത്തിലും ഉണ്ടായിട്ടുള്ളത്. ശാസ്ത്രീയ സൗകര്യങ്ങൾ ലഭ്യമാകുന്നതിനു മുമ്പ് കൃഷിക്കു വേണ്ടിയും പാലുല്പാദനത്തിനു വേണ്ടിയും, ഗ്രാമീണർ കാലികളെ വളർത്തിയിരുന്നു. ഗ്രാമത്തിലെ സമ്പന്നതയുടെയും പ്രഭാവത്തിന്റെയും പ്രതീകമായി ഇത് കണക്കാക്കപ്പെട്ടിരുന്നു. പലപ്പോഴും കൊയ്ത്തു കാലവുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ചു വന്നിരുന്ന കാളപൂട്ട് മത്സരങ്ങൾ ഗ്രാമീണ സംസ്കാരത്തിന്റെ തനിമയാർന്ന ചിത്രങ്ങളായിരുന്നു.

ജന്മി കുടുംബങ്ങളിൽ സുലഭമായിരുന്ന കന്നുകാലികൾ സാധാരണ മനുഷ്യന്റെ ബാല്യത്തെ ജീവിതവുമായി ബന്ധപ്പെടുത്തിയ അധ്വാനത്തിന്റെ കണ്ണിയായിരുന്നു. പിന്നീട് ജീവിത സാഹചര്യങ്ങളിൽ വന്ന മാറ്റങ്ങളും കാർഷിക ബന്ധങ്ങളിലുണ്ടായ പുരോഗതിയും ട്രാക്ടറിനും ട്രില്ലറിനും വഴിമാറുന്ന അവസ്ഥ വന്നു. ഇന്ന് ഗ്രാമത്തിൽ കാലി സമ്പത്ത് അപൂർവമായി മാറിക്കൊണ്ടിരിക്കുന്നു. ചിലരെങ്കിലും ജീവിത പ്രാരബ്ധങ്ങൾക്കിടക്ക് മറ്റൊരു മാർഗവുമില്ലാതെ ഈ തനിമ നിലനിർത്താൻ നിർബന്ധിതരാകുന്നു.

പഞ്ചായത്തിന്റെ ആവശ്യങ്ങൾ പൂർണമായി ഉൾക്കൊള്ളുന്നില്ലെങ്കിലും താരതമ്യേന മെച്ചപ്പെട്ട ക്ഷീര വിതരണ സമ്പ്രദായം വളർത്തിയെടുത്തിട്ടുണ്ട്. അടുത്ത് പഞ്ചായത്തിൽ ആരംഭിച്ച ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ മിൽമയുടെ വിപുലമായ ശൃംഖല ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഇത് പുതിയ സാധ്യതകളാണ് ഈ രംഗത്ത് നമുക്ക് നൽകുന്നത്. മുമ്പ് ഗ്രാമീണ വീടുകളിൽ ഒരു വലിയ വരുമാന മാർഗമായിരുന്നു ആടുവളർത്തൽ. ഭൗതിക സാഹചര്യങ്ങളിലുള്ള മാറ്റവും, ആധുനിക ജീവിത വീക്ഷണവും നമുക്കിത് അന്യമാക്കിയിരിക്കുന്നു. പാലിനും മറ്റു ഭക്ഷ്യാവശ്യത്തിനും ദൂരെയുള്ള ഗോട്ട് ഫാമുകളെ ആശ്രയിക്കേണ്ട സ്ഥിതിയിലേക്ക് നമ്മളും എത്തിക്കൊണ്ടിരിക്കുന്നു. പക്ഷികളിൽ കോഴിവളർത്തൽ ഒരു ജീവിത മാർഗമായി സ്വീകരിക്കാൻ ചിലരെങ്കിലും തയ്യാറായിട്ടുണ്ട്. കുളമുക്ക് കായലിലെത്തുന്ന ദേശാടന പക്ഷികൾ ഒരു വിനോദ സഞ്ചാര സാധ്യതയാണ്.

പ്രശ്നങ്ങൾ

1. മേച്ചിൽ സ്ഥലത്തിന്റെ ദൗർലഭ്യം കാലിവളർത്തലിനെ നിരുത്സാഹപ്പെടുത്തുന്നു.

2. വൈക്കോൽ ആവശ്യത്തിന് ലഭ്യമല്ല.

3. കാലിത്തീറ്റയുടെ വിലവർധനവ്.

4. കോഴിത്തീറ്റയുടെ വിലവർധനവ്

5. മൃഗാശുപത്രിയുടെ സേവനത്തിലുള്ള അപര്യാപ്തത.

6. പേപ്പട്ടി ശല്യം.

സാധ്യതകൾ

1. കാലി, കോഴിത്തീറ്റകൾക്കുള്ള ഉല്പാദന കേന്ദ്രം പഞ്ചായത്തുതലത്തിൽ ആരംഭിക്കുക.

2. നല്ല ഇനം പശുക്കൾ, ആട്, കോഴി എന്നിവയെ വളർത്താൻ കുറഞ്ഞ പലിശനിരക്കിൽ വായ്പാ പദ്ധതി നടപ്പിലാക്കുക.

3. നിലവിലുള്ള മൃഗാശുപത്രിയുടെ സൗകര്യം വർധിപ്പിക്കുകയും പരുത്തൂർ ഭാഗത്ത് ഒരു സബ്സെന്റർ ആരംഭിക്കുകയും ചെയ്യുക.

4. നിലവിലുള്ള മിൽക്ക് സൊസൈറ്റികളുടെ പ്രവർത്തനം വിപുലീകരിക്കുക.

5. തൊഴുത്തും പരിസരവും വൃത്തിയായി സൂക്ഷി

വളർത്തു മൃഗങ്ങൾ

ക്രമ നമ്പർ	കാളകൾ നാടൻ		കാള സങ്കരം		പശു നാടൻ		പശു സങ്കരയിനം		എരുമ	പോത്ത്	പട്ടി
	വംശവർദ്ധനവ്	മറ്റുള്ളവ	വംശവർദ്ധനവ്	മറ്റുള്ളവ	കറവയുള്ളവ	കറവയില്ലാത്തവ	കറവയുള്ളവ	കറവയില്ലാത്തവ			
1	3	39	5	62	151	310	277	422	5	154	160

വളർത്തു പക്ഷികൾ

പൂവൻകോഴി	പിടക്കോഴി		താറാവ്	
	മുട്ടയിടുന്നത്	മുട്ടയിടാത്തവ	ആൺ	പെൺ
1394	3434	1796	14	17

സങ്കരയിനം പശുക്കളുടെയും കാളകളുടെയും എണ്ണത്തിൽ വർധനവ് കാണുന്നുണ്ട്.

കാലിരോഗങ്ങളെ സംബന്ധിച്ച്

ക്രമനമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	കോഴി
1.	ദഹന സംബന്ധമായവ	102	3	32	-
2.	ശ്വാസകോശ സംബന്ധമായവ	12	-	5	-
3.	ഉപാപചയ സംബന്ധം	17	-	2	-
4	ത്വക്ക് രോഗങ്ങൾ	10	-	3	52
5	ധാതുലവണങ്ങളുടെ അഭാവം	15	-	-	-
6	പരാദ രോഗങ്ങൾ	148	2	13	19
7	പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ	47	3	7	-
8	വന്ധ്യത	35	-	-	-
9	അകിടുവീക്കം	21	-	4	-
10	മുടന്തൻ പനി	12	-	-	-

ക്കുന്നതിനും രോഗങ്ങൾ തടയേണ്ടതിനും ബോധവൽക്കരണം നടത്തുക .

6. മുയൽ ഫാമുകൾക്ക് പഞ്ചായത്തിൽ സാധ്യതകളുണ്ട്.

മത്സ്യബന്ധനം

ഭാരതപ്പുഴയും തൂതയും അതിരുകളായി ഒഴുകുന്ന പരുതൂർ ഗ്രാമപഞ്ചായത്ത് ഒരു കാലത്ത് ജലസമ്പത്തിന്റെ കാര്യത്തിൽ മുന്നിലായിരുന്നു. ഇത് നമുക്ക് മത്സ്യബന്ധനത്തിന് വലിയ സാധ്യതകളാണ് തുറന്നു തന്നിരുന്നത്. പുഴയോരങ്ങളിലെ എണ്ണമറ്റ കയങ്ങൾ മത്സ്യബന്ധനം ജീവിതോപാധിയായി കണ്ടിരുന്ന ഒട്ടേറെ പേരെ കുറച്ചൊന്നുമല്ല സഹായിച്ചത്. വരണ്ടു പോയ ഈ നദികൾ ഈ സാധ്യതകൾ മാത്രമല്ല തകർത്തുകളഞ്ഞത്; അവ നമ്മുടെ ഗ്രാമത്തിലെ ജലസമ്പത്ത് ചോർത്തിയെടുക്കുക കൂടിയായിരുന്നു. കടുത്ത വേനൽക്കാലങ്ങളിൽ പോലും സുലഭമായി

വെള്ളമുണ്ടായിരുന്ന നമ്മുടെ കുളങ്ങൾ ഒരു തുള്ളി ജലം പോലുമില്ലാതെ ഇന്ന് വറ്റി വരളുന്നു. മത്സ്യം വളർത്തലും മത്സ്യബന്ധനവും അതുകൊണ്ടുതന്നെ കഴിഞ്ഞ ഒരു കഥയായി മാറിയിരിക്കുന്നു. പ്രകൃതിസുന്ദരമായ കുളമുക്ക് കായൽ മാത്രം ഇന്നും മീൻപിടുത്തം ഉപജീവനമാക്കുന്നവരുടെ താൽക്കാലിക ആശ്വാസമാകുന്നു. ഇടവപ്പാതിയിൽ മഴ പെയ്തു തുടങ്ങുമ്പോഴും കടുത്ത വേനലിൽ കായലിൽ വെള്ളം താഴ്ന്നിറങ്ങുമ്പോഴും മീൻപിടുത്തക്കാരുടെ ഇടത്താവളമായി ഇത് മാറുന്നു. ഇത് മാത്രമാണ് ഈ രംഗത്തെ ഒരേയൊരു പ്രകാശ രേഖ. നേരത്തെ സൂചിപ്പിച്ചതു പോലെ വരണ്ട നദിയും ജലസ്രോതസ്സുകളും ഈ രംഗത്ത് ഒരു കറുത്ത ചിത്രമാണ് നമുക്ക് നൽകുന്നത്.

പ്രശ്നങ്ങൾ

1. പൊതു ജലസ്രോതസ്സുകളുടെ അഭാവം.

2. സ്വകാര്യകുളങ്ങൾ ഉണ്ടെങ്കിലും വ്യക്തികളുടെ താല്പര്യക്കുറവ്.

3. ലാഭകരമായി മത്സ്യം വളർത്തുന്നതിനെക്കുറിച്ചുള്ള അവബോധം ഇല്ലായ്മ.

4. ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിലുള്ള അലസത.

സാധ്യതകൾ

1. ലഭ്യമായ പൊതു ജലസ്രോതസ്സുകളിൽ ജനകീയ പങ്കാളിത്തത്തോടെ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക.

2. സ്വകാര്യ വ്യക്തികൾക്ക് മത്സ്യകൃഷി നടത്താൻ വേണ്ട പ്രോത്സാഹനം നൽകുക.

3. ശാസ്ത്രീയാടിസ്ഥാനത്തിൽ മത്സ്യം വളർത്തുന്നതിനുള്ള ബോധവൽക്കരണം നടത്തുക.

4. മത്സ്യകൃഷി നടത്താൻ ആഗ്രഹിക്കുന്നവർക്ക് മിതമായ നിരക്കിൽ മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കുക.

5. മിതമായ നിരക്കിൽ വായ്പാ പദ്ധതികൾ ഏർപ്പെടുത്തുക.

6.കുളമുക്ക് കായലിൽ കൊഞ്ചുകൃഷിക്ക് സാധ്യതയുണ്ട്.





വ്യവസായം

പാലക്കാട് ജില്ലയുടെ വ്യാവസായിക ഭൂപടത്തിൽ ഒരു ബിന്ദുവാകാൻ പോലും കഴിയാത്ത അവസ്ഥയാണ് നമ്മുടെ പഞ്ചായത്തിന്റേത്. പരുതൂർ പഞ്ചായത്തിലെ തൊഴിൽ മേഖലയുടെ 10% പോലും വ്യവസായങ്ങളെ ആശ്രയിച്ചല്ല ജീവിക്കുന്നത്. പൊതുമേഖലയിലോ സ്വകാര്യ മേഖലയിലോ വൻകിട ഇടത്തരം വ്യവസായങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല.

പരമ്പരാഗത വ്യവസായം

നമ്മുടെ പഞ്ചായത്തിൽ ഓരോ വാർഡിലും നൂറിനോട് അടുത്ത എണ്ണം ആളുകൾ പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ട്. ഓരോ വാർഡിലും നിലവിലുള്ള പരമ്പരാഗത തൊഴിൽ പട്ടികയിൽ കൊടുത്തിരിക്കുന്നു.

പക്ഷെ പരമ്പരാഗത മേഖലയെ ആശ്രയിച്ച് ജീവിക്കുന്നവർ ജീവിതത്തിന്റെ ഇരുതല മുട്ടിക്കാൻ പാടുപെടുന്ന കാഴ്ചയാണ് കാണുന്നത്. ഒരുകാലത്ത് ഓട്ടുപാത്ര നിർമാണ രംഗത്ത് നമ്മുടെ പഞ്ചായത്ത് പുകൾപെറ്റതായിരുന്നു. അതുപോലും മൃതപ്രായമായിരിക്കുന്നു.

ഈ രംഗത്തെ പ്രധാന പ്രശ്നങ്ങൾ

1. മുള,ഓല തുടങ്ങിയ അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യം.

2. തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സാമ്പത്തിക ബുദ്ധിമുട്ട്. വലിയ യൂണിറ്റാക്കാനുള്ള പ്രധാന തടസ്സം ഇതാണ്.

3. ജീവിതത്തിന്റെ ആധുനിക വൽക്കരണം കാരണം വിപണനക്കുറവ്

സാധ്യതകൾ

1. ആകെ പഞ്ചായത്തിലുള്ള ഒരേതരം പരമ്പരാഗത യൂണിറ്റുകളെ ഏകോപിപ്പിച്ച് ഒന്നോ രണ്ടോ യൂണിറ്റുകളായി മാറ്റുക. ഉദാ: മുള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഒന്നോ രണ്ടോ വലിയ യൂണിറ്റ്

2. പദ്ധതി വിഹിതമുപയോഗിച്ചോ സഹകരണ സംഘങ്ങൾ രൂപീകരിച്ചോ സാമ്പത്തിക സമാഹരണം

പട്ടിക വാർഡ് അടിസ്ഥാനത്തിൽ

1	2	3	4	5	6	7	8	9	10
1. മുള ഉൽപന്നങ്ങൾ 2. പഴുട്ടം	1. മുള ഉല്പന്നങ്ങൾ 2. കരുവാൻ പണി	1. ഓട്ടുപാത്രം 2. മുള ഉല്പന്നങ്ങൾ 3. കരുവാൻ പണി	1. ഓട്ടുപാത്രം 2. പഴുട്ടം	1. പായ, ഓല 2. മുള സാധനങ്ങൾ	1. ചെരിപ്പുനിർമ്മാണം	1. മുള ഉല്പന്നം 2. പഴുട്ടം	1. മുള ഉല്പന്നങ്ങൾ 2. പഴുട്ടം 3. കളിമൺ പാത്രം	1. മുള ഉല്പന്നങ്ങൾ	1. മുള ഉല്പന്നങ്ങൾ

സാദ്ധ്യമാക്കുക.

3. ചെറിയ തോതിൽ യന്ത്രവൽക്കരണം നടത്തുകയും ഉൽപ്പന്നങ്ങൾക്ക് കാലോചിതമായ ആകർഷകത്വം വരുത്തുകയും ചെയ്യുക.

ബ്ലോക്കടിസ്ഥാനത്തിലോ രണ്ടോ മൂന്നോ ബ്ലോക്കുകൾ ഒന്നിച്ചോ വിപണന സൗകര്യം ഏർപ്പെടുത്തുക.

ഉൽപ്പന്നങ്ങളെ കുറിച്ചുള്ള പരസ്യം വളരെ അനിവാര്യമാകയാൽ വിപണനരംഗത്ത് അത്കൂടി ശ്രദ്ധിക്കുക

ചെറുകിട വ്യവസായങ്ങൾ

നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ താഴെ പറയുന്നവയാണ്

1. ബാഗ് നിർമ്മാണം
2. റെഡിമെയ്ഡ് നിർമ്മാണം
3. അലുമിനിയപാത്ര നിർമ്മാണം
4. സോഫാ നിർമ്മാണം
5. വെൽഡിങ്ങ്
6. ഫർണ്ണിച്ചർ നിർമ്മാണം
7. റൈസ്മില്ല് ഫ്ളവർമില്ല്
8. അച്ചാർ നിർമ്മാണം
9. കറിപൗഡർ നിർമ്മാണം
10. ഇഷ്ടിക നിർമ്മാണം
11. തീപ്പെട്ടി കമ്പു നിർമ്മാണം

ഇവയിൽ സസ്യപ്രിക്ൾസ് സ്വകാര്യ വനിതാ വ്യവസായവും താരകറിപൗഡർ നിർമ്മാണം CWCRAയുടെ നിയന്ത്രണത്തിലുമാണ് നടത്തുന്നത്. ബാക്കിയെല്ലാം ഒറ്റപ്പെട്ട സ്വകാര്യ സംരംഭങ്ങളാണ്. ഏതുതരത്തിലുള്ള വ്യാവസായിക സ്വഭാവം ഇവക്കൊന്നിനുമില്ലെന്നു മാത്രമല്ല ബാഗ് നിർമ്മാണ രംഗത്തും റെഡിമെയ്ഡ് ഗാർമെന്റ്സ് രംഗത്തും പഞ്ചായത്തിനുള്ളിൽ തന്നെ പരസ്പരം ആരോഗ്യകരമല്ലാത്ത മത്സരമുണ്ട്. ഇത് ചില യൂണിറ്റുകളെ നഷ്ടത്തിലേക്കും തകർച്ചയിലേക്കുമെത്തിക്കുന്നു.

സാദ്ധ്യതയുള്ള വ്യവസായങ്ങൾ

1) ബാഗ് നിർമ്മാണം: നിരവധി ചെറുയൂണിറ്റുകളെ സംയോജിപ്പിച്ച് സഹകരണ സംഘങ്ങളുണ്ടാക്കി ഒരു വ്യവസായമാക്കി മാറ്റാൻ കഴിഞ്ഞാൽ നല്ലതാണ്. ഈ രംഗത്ത് കുന്നംകുളത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘത്തിന്റെ പോലെ 'ഔട്ട്വർക്കർ' ഉല്പാദന സമ്പ്രദായം നല്ലതുമാണ്. എന്നാൽ നിലവിലുള്ള രീതി നിലനിർത്തുകയും പരസ്പര മത്സരം ഒഴിവാക്കുകയും ചെയ്യാം. അന്താരാഷ്ട്രമാർക്കറ്റ് പോലും തേടാൻ ഇത് സഹായകമാകും.

2) റെഡിമെയ്ഡ്: ഈ രംഗത്തും ഇത്തരം സംരംഭം നല്ലതാണ്. ഇവിടെയും ഇത്തരം 'ഔട്ട് വർക്കർ' ഉല്പാദന സമ്പ്രദായവും ഒരു കേന്ദ്രീകൃത വ്യവസായവും ആ രംഗത്തുള്ളവർക്ക് ഗുണം ചെയ്യും.

3) പഴസംസ്ക്കരണം: നമ്മുടെ പഞ്ചായത്തിൽ ഏറെ സാധ്യതയുള്ള ഒരു വ്യവസായയൂണിറ്റായിരിക്കും ഇത്. സുലഭമായി കിട്ടുന്ന മാങ്ങ, ചക്ക, പപ്പായ എന്നിവ ശേഖരിച്ചാൽ നിലവിൽ മാർക്കറ്റില്ലാത്ത ചക്ക, പപ്പായ എന്നിവയുടെ ഉല്പാദകർക്കും ഇത് ഗുണം ചെയ്യും.

4) റൈസ്മിൽ: നമ്മുടെ പഞ്ചായത്തിലുള്ള ചെറുകിടമില്ലുകളെ കൂടാതെ വൻതോതിൽ നെല്ലുശേഖരിച്ച് അരിയാക്കി വിപണനം നടത്താനുതകുന്ന ഒരുമില്ല് സ്ഥാപിച്ചാൽ, അത് സഹകരണ സംഘം വഴി കൂടിയാൽ നെല്ലു കർഷകർക്കു ഉപകാരമാവും.

5) അടക്ക സംസ്ക്കരണയൂണിറ്റുകൾ: പാക്കിന്റെ ഉപയോഗം കൂടിവരുന്ന ഒരു കാലഘട്ടമാണിത്. നമ്മൾ ഉപയോഗിക്കുന്ന പാക്കിലധികവും പുറം സംസ്ഥാനങ്ങളിൽ നിന്ന് വരുന്നവയാണ്. നമ്മുടെ പഞ്ചായത്തിലെതന്നെ അടക്ക സംഭരിച്ച് ഒരു യൂണറ്റെങ്കിലും തുടങ്ങാനാവും.

6) റബ്ബർ അധിഷ്ഠിത വ്യവസായം: റബ്ബർ കാർഷിക രംഗത്ത് ഒരു കുതിച്ചു കയറ്റം നടത്തുന്ന കൃഷിയാണ്. ഈ കാർഷികോല്പന്നം ഉപയോഗിച്ച് ഹവായ് ചപ്പൽ നിർമ്മാണം, റബ്ബർ ബാന്റ്, റീട്രെഡിംങ്ങ് യൂണിറ്റ് എന്നിവ തുടങ്ങാം.

7) കെട്ടിടനിർമ്മാണ സാമഗ്രികൾ: കരിങ്കല്ലുമെറ്റൽ നിർമ്മാണം കരിങ്കല്ലുമായി ബന്ധപ്പെട്ട ഹോളോ ബ്രിക്സ് നിർമ്മാണം എന്നിവയ്ക്ക് സാധ്യതയുണ്ട്. നിലവിലുള്ള ക്വാറികളെ പൊതുജനങ്ങൾക്ക് അസൗകര്യമില്ലാത്ത തരത്തിൽ പ്രവർത്തനസജ്ജമാക്കി മറ്റു പഞ്ചായത്തുകളിൽ നിന്ന് ഇപ്പോൾ സാധനങ്ങൾ കൊണ്ടു വരുന്നത് ഇല്ലാതാക്കണം. ഇത് കെട്ടിട നിർമ്മാണച്ചെലവ് ചുരുക്കുന്നു. ഇഷ്ടിക നിർമ്മാണ രംഗത്ത് യന്ത്രവൽക്കരണവും വേണം.

8) ഫർണിച്ചർ നിർമ്മാണം: സഹകരണ മേഖല യിൽ ഈ വ്യവസായം നല്ല സാദ്ധ്യതയുള്ളതാണ്. ഒറ്റ പ്പെട്ട വ്യവസായ യൂണിറ്റുകൾ സംയോജിപ്പിച്ച് സോഫ. സ്റ്റീൽ ഫർണിച്ചർ, മരത്തിന്റെ ഫർണിച്ചർ എന്നിവ യുടെ ഒരു സംയോജിത സംരംഭം ആകാം.

9) കോഴി, ആട്, പശു വളർത്തൽ: നിലവിൽ നമ്മുടെ പഞ്ചായത്തിൽ ഉള്ള കോഴി വളർത്തൽ യൂണി റ്റുകളെ പോഷിപ്പിക്കുന്ന പ്രവർത്തനം വേണം. പുതി തായി രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷീരോല്പാദക സഹ കരണ സംഘങ്ങളെ വളർത്തിയെടുക്കുന്ന രീതിയിൽ പശുവളർത്തൽ, മാംസരംഗത്ത് നമ്മുടെ പഞ്ചായ ത്തിന്റെ ആവശ്യം നിറവേറ്റുന്ന തരത്തിൽ ആടുവ ളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ വേണം.

10) ബേക്കറി: നമ്മുടെ പഞ്ചായത്തിലെ പ്രധാന കാർഷിക ഉല്പന്നങ്ങളിലൊന്നായ നേന്ത്രക്കായ, നമ്മുടെ നാട്ടിൽ സുലഭമായി കൃഷിചെയ്യാവുന്ന മര ച്ചീനി, എന്നിവ സംഭരിച്ച് ചിപ്സാക്കി മാറ്റുന്ന ഒരു യൂണിറ്റ് തുടങ്ങാൻ കഴിയും. ഇത്തരത്തിലുള്ള കാർഷികാനുബന്ധ യൂണിറ്റുകൾ കാർഷിക രംഗത്ത് പുതിയ ഉണർവ്വുണ്ടാക്കും.

11) എഞ്ചിനീയറിംഗ് യൂണിറ്റ്: എഞ്ചിനീയറിംഗ് മേഖലയിൽ പരിശീലനം കിട്ടിയവരെ ഉപയോഗിച്ച് ഷട്ടർ, ഗ്രില്ല്, മോട്ടോർ, ഫാൻ എന്നിവയുടെ യൂണിറ്റു കൾ തുടങ്ങനാവും.

12) കൊപ്രസംസ്ക്കരണ യൂണിറ്റ്: ഒരു കാർഷികാ നുബന്ധ യൂണിറ്റാണിത്. (വെളിച്ചെണ്ണ, പിണ്ണാക്ക്)

13) ടൂറിസ്റ്റ് വ്യവസായം: ഇതിനുള്ള ചെറിയ സാധ്യത നമ്മുടെ പഞ്ചായത്തിനുണ്ട്. കുളമുക്കു കായ ലിനെ പോലെയുള്ള പ്രദേശങ്ങൾ, ഓടുപാറ, കോൽക്കുന്ന്, മംഗലംകുന്ന് തൃതപ്പുഴ തുടങ്ങിയ പ്രദേ ശങ്ങളെ കോർത്തിണക്കുന്ന ചില സീസണിലെങ്കിലും ടൂറിസ്റ്റുകളെ ആകർഷിക്കുന്ന മേഖലയാക്കാവുന്ന താണ്.

14. ഇലക്ട്രോണിക്സ്: ഈ വ്യവസായത്തിന് നമ്മുടെ പഞ്ചായത്തിൽ സാധ്യതയുണ്ട്.

പ്രശ്നങ്ങൾ

ജനങ്ങളിൽ വ്യവസായസംരംഭഭിമുഖ്യമില്ല. സർക്കാർജോലിയോടാണാഭിമുഖ്യം.

2. പുതിയ സംരംഭകർ സാമ്പത്തിക ബുദ്ധിമുട്ട്, മാർക്കറ്റിംഗ് സംവിധാനക്കുറവ് ഉല്പന്നങ്ങൾക്ക് പരസ്യ വിപണിയിൽ മത്സരിക്കാനുള്ള ശേഷിയില്ലായ്മ മാനേജ്മെന്റ് ശേഷിയില്ലായ്മ എന്നിവ നേരിടുന്നു.

3. ഉപഭോക്താക്കൾക്ക് വിദേശ ഉല്പന്നങ്ങളോടുള്ള അകാരണമമത.

4. ഒരു പഞ്ചായത്തിലെ തന്നെ ചെറുകിട യൂണിറ്റു കൾ തമ്മിൽ ആരോഗ്യകരമല്ലാത്ത മത്സരം.

5. വൈദ്യുതിക്കുറവും, വോൾട്ടേജ് ഇല്ലായ്മയും.

6. പരിശീലനക്കുറവ്.

7. വ്യവസായ രംഗത്തെക്കുറിച്ച് അറിവില്ലായ്മ.

8. സ്വയം തൊഴിൽ ചെയ്യാനുള്ള താല്പര്യമില്ലായ്മ.

9. വ്യവസായ സംരംഭകർക്ക് ഉതകുന്ന വിദ്യാഭ്യാസ രീതിയുടെ അഭാവം.

10. വിജയികളായ സംരംഭകരുമായുള്ള ഇടപെട ലുകളുടെ അഭാവം.

പരിഹാരമാർഗ്ഗങ്ങൾ

1. പഞ്ചായത്ത് തലത്തിൽ വ്യവസായ വികസന സമിതി വേണം. പഞ്ചായത്തിലെ ജനപ്രതിനിധികൾ, വ്യവസായികൾ, ഉദ്യോഗസ്ഥർ എന്നിവർ ഉൾക്കൊള്ളുന്ന പത്തുപേരിൽ താഴെയുള്ള സമിതിയാ വണം. പ്രാദേശിക വ്യവസായ സംരംഭകർക്ക് പ്രോത്സാഹനം നൽകുക എന്നതായിരിക്കണം ഈ സമിതിയുടെ പ്രധാന ലക്ഷ്യം.

2. പുതിയ സംരംഭകരെ കണ്ടെത്താനും, ജനങ്ങ ളിൽ വ്യവസായ സംരംഭാഭിമുഖ്യം വളർത്താനും സെമിനാറുകൾ, വ്യവസായസംരംഭ പരിശീലനങ്ങൾ, പ്രദർശനമേളകൾ, ചലച്ചിത്ര പ്രദർശനങ്ങൾ എന്നിവ യിലൂടെ ഉല്പാദന രംഗത്തെ വിവിധ സാധ്യതകളെ പ്പറ്റി അറിവു നല്കണം.

3. യഥാർതഥ്ഥ സംരംഭകരെ കണ്ടെത്തിയാൽ പശ്ചാത്തല സൗകര്യങ്ങൾ (സ്ഥലം, കെട്ടിടം, വൈദ്യുതി, ഫോൺ, സാമ്പത്തികം) ഉണ്ടാക്കിയെടു ക്കാൻ സഹായിക്കണം.

4. ആ രംഗത്തെക്കുറിച്ച് വിദഗ്ധ പരിശീലനം കിട്ടു വാനുള്ള സൗകര്യമുണ്ടാക്കണം.

5. ബ്ലോക്കടിസ്ഥാനത്തിലോ ജില്ലാടിസ്ഥാനത്തിലോ വിപണനസൗകര്യം വേണം.

6. വൻകിട ഉല്പന്നങ്ങളുമായി മത്സരിക്കണമെങ്കിൽ പ്രചാരമുള്ള ട്രേഡ്മാർക്കും, പരസ്യവും വേണം. അതിനുള്ള ആകർഷകമായ പാക്കിങ്ങ് സൗകര്യവും വേണം.

7. ഉല്പന്നത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തണം.

8. നിലവിൽ നമ്മുടെ പഞ്ചായത്തിലുള്ള ചെറികിട വ്യവസായ യൂണിറ്റുകളെ ലാഭകരമാക്കാനും മെച്ചപ്പെടുത്താനുമുള്ള നടപടിയെടുത്താൽ അത് പുതിയസംരംഭകർക്ക് ആവേശമാകും.

9. മൂന്നുമാസത്തിലൊരിക്കലെങ്കിലും മോണിറ്ററിംഗ് വേണം. പരിശീലനം നല്കുന്ന ബന്ധപ്പെട്ട സർക്കാർ ഏജൻസി, ധനസഹായം നല്കുന്ന ബാങ്കുകൾ, ജില്ലാ സാങ്കേതിക സമിതി എന്നിവയ്ക്ക് മോണിറ്ററിംഗ് നടത്താനാവശ്യമായ വിവരങ്ങൾ യൂണിറ്റ് അയച്ചുകൊടുക്കണം.

10. കൊല്ലം ജില്ലയിൽ പുതുതായി തുടങ്ങിയ ആസൂത്രിത സ്വയംതൊഴിൽ പദ്ധതി നമ്മുടെ ജില്ലയിലും നടപ്പാക്കണം. പുതിയൊരു വ്യവസായ സംസ്ക്കാരം കരുപ്പിടിപ്പിക്കാൻ ഇതു സഹായകമാവും.

11. കാർഷികാനുബന്ധ വ്യവസായങ്ങൾ (അടയ്ക്ക സംസ്ക്കരണം, കൊപ്ര സംസ്ക്കരണം, നെല്ല് സംസ്ക്കരിക്കൽ, ചിപ്സ് നിർമ്മാണം, പഴ സംസ്ക്കരണം) എന്നിവയൽ കൂടുതൽ ശ്രദ്ധിച്ചാൽ അത് കാർഷിക മേഖലയിൽ പുതിയ ഉണർവ്വുണ്ടാക്കാൻ സഹായകമാകും.

12. ഇതിനോടൊപ്പം ഗതാഗത സൗകര്യവും വളരെ പ്രധാനമാണ്. പളളിപ്പുറം റെയിൽവെസ്റ്റേഷനിൽ റെയിൽവെ ബുക്കിംഗ് പുനഃസ്ഥാപിക്കണം.





വിദ്യാഭ്യാസം

ഗുരുകുലവിദ്യാഭ്യാസത്തിൽ നിന്നും ഏകഗുരുവിന്റെ ശിക്ഷണത്തിൽ നിന്നും വിവിധവിഷയങ്ങളിൽ അഗാധജ്ഞാനം നേടിപ്പോന്നു ആദ്യകാലത്ത് ചെല്ലു എഴുത്തച്ഛൻ പഴയങ്ങാടിയിൽ ഒരു എലിമെന്ററി സ്കൂൾ തുടങ്ങി. ഈ സമ്പ്രദായത്തിന് സാമൂഹ്യസ്വഭാവം നൽകി. ഇതായിരുന്നു പരുതൂർ പഞ്ചായത്തിലെ ആദ്യത്തെ സ്കൂൾ. ഇന്നത് സി.ഇ.യു.പി. സ്കൂൾ ആയി മാറിയിട്ടുണ്ട്.

മലബാർ ഡിസ്ട്രിക്ട് ബോർഡ് കരിയന്നൂരിൽ ആരംഭിച്ച ഏകാദ്ധ്യാപക വിദ്യാലയത്തിന്റെ വിപുലീകരണത്തിന് സ്ഥലം തികയാതെ വന്നപ്പോൾ തൊറോപറമ്പിൽ കുഞ്ഞിമുഹമ്മദ് മൊല്ലയുടെ ഓത്തുപള്ളിയിൽ 1968 വരെ സ്കൂൾ പ്രവർത്തിച്ചു. അതിനുശേഷം വി.പി. ഗോവിന്ദൻനായർ മാസ്റ്ററാണ് നിറപറമ്പിനു മുകളിൽ സ്ഥലം കൊടുത്തത്. പരിമിതമായ സർക്കാർ സഹായം കൊണ്ടും നാട്ടുകാരുടെ സന്നദ്ധപ്രവർത്തനം കൊണ്ടുമാണ്, ഇന്നത്തെ കരിയന്നൂർ ജി.എം.എൽ.പി. സ്കൂളായി അത് മാറിയത്.

കൊടുമുണ്ട ഗവ. യു.പി. സ്കൂളിനാവശ്യമായ സ്ഥലം നരിപ്പറ്റ മനക്കൽ നിന്നാണ് സംഭാവനയായി കിട്ടിയത്.

പരുതൂർ പഞ്ചായത്തിൽ സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യമേഖലകളിലായി ഒരു ഹൈസ്കൂളും മൂന്ന് അപ്പർ പ്രൈമറി സ്കൂളുകളും അഞ്ച് ലോവർ പ്രൈമറി സ്കൂളുകളും മൂന്ന് നഴ്സറി സ്കൂളുകളും ഉണ്ട്. എൽ.പി., യു.പി., ഹൈസ്കൂളുകളിലായി മൊത്തം 5670 വിദ്യാർത്ഥികൾ പഠിക്കുന്നു. ഇത് മൊത്തം ജനസംഖ്യയുടെ 23 ശതമാനത്തോളം വരും. ഹൈസ്കൂൾ ക്ലാസ്സുകളിൽ പെൺകുട്ടികളുടെ എണ്ണം കൂടുതലും പ്രൈമറി ക്ലാസ്സുകളിൽ ആൺകുട്ടികളുടെ എണ്ണം കൂടുതലുമാണ്. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും കൂടി 176 അദ്ധ്യാപകരുണ്ട്. അതിൽ 100 പേരും അദ്ധ്യാപികമാരാണ് ജി.എം.എൽ.പി. സ്കൂളിൽ ഒഴിച്ച് മറ്റെല്ലാ സ്കൂളുകളിലും തസ്തിക നികത്തപ്പെട്ടിരിക്കുന്നു.

1976-ൽ ഒരു ഹൈസ്കൂൾ തുടങ്ങുന്നതുവരെ പ്രൈമറി വിദ്യാഭ്യാസം കഴിഞ്ഞ് സെക്കണ്ടറി വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണം വളരെ വിരളമായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസം നേടുന്നതിന് ആദ്യകാലങ്ങളിൽ പട്ടാമ്പിയിലേക്കും, പിൽക്കാലത്ത് ഭാരതപ്പുഴക്കപ്പുറത്തുള്ള തൃത്താലയിലേക്കും നടന്നു പോകേണ്ടിയിരുന്നു. അതിനാൽ പഠനം നിർത്താൻ പലരും നിർബന്ധിതരായി. പരുതൂർ ഹൈസ്കൂൾ തുടങ്ങിയതോടെ ഇതിനൊരു മാറ്റമുണ്ടായി. സ്കൂളുകൾ എണ്ണത്തിൽ വർദ്ധിച്ചത് പഠനത്തിന് ആക്കം കൂട്ടിയിട്ടുണ്ട്. ഇന്ന് സർക്കാർ മേഖലയിൽ ഒരു യു.പി. സ്കൂളും, രണ്ട് എൽ.പി. സ്കൂളുകളും, സ്വകാര്യമേഖലയിൽ ഒരു ഹൈസ്കൂളും രണ്ട് യു.പി.സ്കൂളുകളും മൂന്ന് എൽ.പി. സ്കൂളുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇതിൽ കുളമുക്കിലെ എൽ.പി. സ്കൂളിൽ അഞ്ചാം തരം വരെയുണ്ട്. ഇതിനുപുറമെ ഒരു പാരൽ കോളേജും ഒരു ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും, ഒരു കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ടും അഞ്ച് ട്യൂഷൻ സെന്ററുകളും, സ്വകാര്യമേഖലയിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. രണ്ട് പ്രൈമറി ഇംഗ്ലീഷ് മീഡിയം സ്കൂളുകളും സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നു. ഒറ്റപ്പാലം താലൂക്കിൽ ആകെ ഹരിജനക്ഷേമ നഴ്സറി സ്കൂൾ ഒരെണ്ണം മാത്രം. അത് ഈ പഞ്ചായത്തിൽ മുടപ്പക്കാട് പ്രവർത്തിക്കുന്നു.

പരുതൂർ ജി.എൽ.പി. സ്കൂൾ ഒഴിച്ച് മറ്റെല്ലാം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. പ്രൈമറി തലത്തിൽ ഡിവിഷനുകളുടെ എണ്ണം ഏറ്റവും ചുരുങ്ങിയത് അഞ്ചും ഏറ്റവും കൂടിയത് മുപ്പത്തി ഒന്നും ആണ്. ഹൈസ്കൂളിൽ മുപ്പത്തിഒൻപത് ഡിവിഷനുകൾ ഉണ്ട്.

കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ നടക്കുന്നുണ്ടെങ്കിലും തൃപ്തികരമല്ല. അതിനുവേണ്ടി ചിലവഴിക്കുന്ന സംഖ്യകുറവാണ്. വിദ്യാഭ്യാസ ആവശ്യത്തിന് പഞ്ചായത്ത് ചിലവഴിച്ച സംഖ്യ നാമമാത്രമാണ്. അത് പഞ്ചായത്തിന്റെ മൊത്തം ചിലവിന്റെ 1.4 ശതമാനം മാത്രമാണ്.

പഞ്ചായത്തിലെ വിദ്യാഭ്യാസമേഖല ക്രമമായി വികസിച്ചുവന്നെങ്കിലും പഠനനിലവാരം തൃപ്തികരമല്ല. 1991-92-ൽ എസ്.എസ്.എൽ.സി. വിജയം 20 ശതമാനമായിരുന്നത് 95-96 26% ആയി എന്നതുകൊണ്ട് ഗുണനിലവാരം ഉയർന്നു എന്ന് പറഞ്ഞുകൂടാ. പ്രൈമറി ക്ലാസുകളിൽ 30 ശതമാനത്തോളം വിദ്യാർത്ഥികൾ ശരിയായ സാക്ഷരത ഇല്ലാത്തവരാണെന്നത് ദുഃഖകരമാണ്. ഹൈസ്കൂൾ ഒഴിച്ച് മറ്റ് സ്കൂളുകളിലെ ഭൗതികസൗകര്യം തൃപ്തികരമല്ലാത്ത അവസ്ഥ പഠനനിലവാരത്തെ ബാധിക്കുന്നുണ്ട്. ക്ലാസ്സു മുറികളുടെ അപര്യാപ്തതയും കുട്ടികളുടെ ബാഹുല്യവും അധ്യയനത്തെ ബാധിക്കുന്നു. ഇന്നത്തെ അവസ്ഥയിൽ കുളമുക്ക് എ.എം.എൽ.പി സ്കൂളിന് നാലും കൊടുമുണ്ട ജി.യു.പി സ്കൂളിന് ഒൻപതും പള്ളിപ്പുറം സി.ഇ.എൽ.പി സ്കൂളിന് രണ്ടും പരുത്തൂർ ജി.എൽ.പി. സ്കൂളിന് മൂന്നും ക്ലാസുമുറികൾ അധികമായി ആവശ്യമാണ്. ഏഴാം വാർഡിലെ ജി.യു.പി സ്കൂളിൽ കെട്ടിടത്തിന്റെ അഭാവം കാരണം സെഷണൽ സമ്പ്രദായമാണ്. പരുത്തൂർ ജി.എൽ.പി സ്കൂൾ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പരുത്തൂർ ജി.എൽ.പി സ്കൂൾ, ചെമ്പലങ്ങാട് എസ്.വി.എ.എൽ.പി സ്കൂൾ, കാരമ്പത്തൂർ എ.യു.പി സ്കൂൾ, പള്ളിപ്പുറം സി.ഇ.എൽ.പി സ്കൂൾ എന്നിവയിൽ പ്രാഥമികാവശ്യം നിറവേറ്റാൻ സൗകര്യങ്ങളില്ല. മറ്റുള്ള സ്കൂളിലേതാകട്ടെ വേണ്ടത്ര ഉപയോഗയോഗ്യവുമല്ല.

ചെമ്പലങ്ങാട് എസ്.വി.എ.എൽ.പി സ്കൂൾ, കരിയന്നൂർ ജി.എം.എൽ.പി സ്കൂൾ, കാരമ്പത്തൂർ എ.യു.പി സ്കൂൾ, പള്ളിപ്പുറം സി.ഇ.എൽ.പി സ്കൂൾ എന്നിവയിൽ കൂടിവെള്ള സൗകര്യം തീരെ ഇല്ല. ഇതിൽത്തന്നെ കുളമുക്ക് എ.എം.എൽ.പി സ്കൂൾ ഒഴിച്ച് മറ്റു സ്കൂളുകൾക്കെല്ലാം കൂടിവെള്ളത്തിന് കിണറുകളെ ആശ്രയിക്കുന്നു.

പരുത്തൂർ ഹൈസ്കൂൾ ഒഴിച്ച് മറ്റൊരു സ്കൂളും വൈദ്യുതീകരിച്ചിട്ടില്ല. കൊടുമുണ്ട GLP സ്കൂൾ, ചെമ്പലങ്ങാട് SVALP സ്കൂൾ, കരിയന്നൂർ GMLP സ്കൂൾ, പരുത്തൂർ GLP സ്കൂൾ എന്നിവയിൽ ഉച്ചക്കഞ്ഞി തയ്യാറാക്കാൻ പാചകമുറികളില്ല.

പരുത്തൂർ ഹൈസ്കൂൾ ഒഴിച്ച് മറ്റൊരു സ്കൂളിലും സ്റ്റാഫ് റൂം ഇല്ല. കാരമ്പത്തൂർ എ.യു.പി.സ്കൂൾ, പരുത്തൂർ ഹൈസ്കൂൾ എന്നിവയിലൊഴികെ മറ്റൊരു വിദ്യാലയത്തിലും അവശ്യം വേണ്ട ഫർണീച്ചർ ഇല്ല. പ്രൈമറി വിഭാഗത്തിലെ ഉയർന്ന ക്ലാസുകളിൽ ഡസ്കില്ലാത്തതും പഠനത്തെ ബാധിക്കുന്നു. കുളമുക്ക് എ.എം.എൽ.പി. സ്കൂൾ, ചെമ്പലങ്ങാട് എസ്.വി.എ.എൽ.പി. സ്കൂൾ എന്നിവയിൽ കളിസ്ഥലമില്ല. കരിയന്നൂർ ജി.എം.എൽ.പി. സ്കൂളിന്റെ കളിസ്ഥല വിസ്തീർണ്ണം 10 സെന്റാണ്. ഏറ്റവും കൂടുതൽ കളിസ്ഥല വിസ്തീർണ്ണം 1.5 ഏക്കർ ആണ്, അത് പരുത്തൂർ ഹൈസ്കൂളിൽ കരിയന്നൂർ ജി.എം.എൽ.പി. സ്കൂളിലും, പരുത്തൂർ ജി.എൽ.പി.സ്കൂളിലും ഒന്നിനും ഉപയോഗിക്കാതെ 50 സെന്റ് വീതം സ്ഥലം കിടപ്പുണ്ട്. ജി.എൽ.പി.സ്കൂൾ, പരുത്തൂർ, ജി.എം.എൽ.പി. കരിയന്നൂർ എന്നീ വിദ്യാലയങ്ങൾക്ക് ചുറ്റുമതിൽ ഇല്ല. മറ്റു ചില സ്കൂളുകൾക്കാകട്ടെ ഭാഗികമായേ ചുറ്റുമതിലുള്ളൂ. പ്രൈമറി സ്കൂളുകളിൽ ക്ലാസുമുറികൾക്ക് ഇടച്ചുമർ ഇല്ലാത്തത് പഠന പ്രക്രിയയെ സാരമായി ബാധിക്കുന്നു.

ലൈബ്രറി എല്ലാ സ്കൂളുകളിലും ഉണ്ടെങ്കിലും പുസ്തക വിതരണം മെച്ചപ്പെട്ട അവസ്ഥയിലല്ല. പരുത്തൂർ സി.ഇ.യു.പി.സ്കൂൾ ഒഴിച്ച് മറ്റൊരു സ്കൂളിലും ലബോറട്ടറി സൗകര്യമില്ല. പഠനോപകരണങ്ങളും, അവശ്യം വേണ്ടത്. വേണ്ടത്ര ഇല്ല. കലാസാഹിത്യ നിലവാരം വളരെ മോശമാണ്. ഹൈകൂളിൽ നിന്ന് ഒരു വിദ്യാർത്ഥി മാത്രമെ ജില്ലാ-സംസ്ഥാന യുവജനോത്സവത്തിൽ പങ്കെടുക്കാൻ യോഗ്യത നേടിയതായിട്ട് ഉള്ളൂ. റോഡിയോ. ടി.വി. വി.സി.ആർ, സിനിമാ പ്രൊജക്ടർ തുടങ്ങിയവ പഞ്ചായത്തിലെ ഒരു സ്കൂളിലും ഇല്ല. ജി.എം.എൽ.പി.സ്കൂൾ, ജി.എൽ.പി.സ്കൂൾ, പരുത്തൂർ ഹൈസ്കൂൾ എന്നിവയിലൊഴികെ മറ്റൊരു സ്കൂളിലും ടേപ്പ് റിക്കോർഡർ ഇല്ല. പരുത്തൂർ ഹൈസ്കൂളിൽ ഒരു സ്ലൈഡ് പ്രൊജക്ടർ ഉണ്ടെന്നുള്ളത് ആശ്വാസമാണ്. രണ്ട്, എട്ട്, വാർഡുകളിൽ ഒരു സ്കൂളും ഇല്ല എന്നത് ഒരു പോരായ്മയാണ്. രണ്ട്. മൂന്ന്, അഞ്ച്, എട്ട് വാർഡുകളിൽ നിന്ന് തൊട്ടടുത്ത എൽ.പി.സ്കൂളിലെത്താൻ പരമാവധി 2.5 കിലോമീറ്റർ നടക്കേണ്ടി വരുന്നു എന്നത് കൊച്ചുകുട്ടികളെ സംബന്ധിച്ചിടത്തോളം ഒരു പ്രശ്നമാണ്. അതുപോലെ യു.പി.സ്കൂളിലെത്താൻ 3.5 കിലോ മീറ്ററോളം നടക്കേണ്ടി വരുന്നു. പഞ്ചായ

ത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ഹൈസ്കൂളിലെത്താൻ പരമാവധി നാല് കിലോമീറ്ററിലധികം ദൂരം നടക്കേണ്ടി വരുന്നു എന്നത് പല വിദ്യാർത്ഥികൾക്കും തുടർ വിദ്യാഭ്യാസത്തിന് പ്രയാസം സൃഷ്ടിക്കുന്നു. പഞ്ചായത്തിൽ ഹയർ സെക്കണ്ടറിയോ, സാങ്കേതിക വിദ്യാഭ്യാസ കേന്ദ്രമോ ഇല്ലാത്തത് ഉന്നത പഠനത്തിന് തടസ്സമാണ്. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ഇരുപത് കിലോമീറ്ററോളം സഞ്ചരിച്ച് പട്ടാമ്പിയിലേക്കാണ് വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസം തേടിപ്പോകുന്നത്. യാത്രാക്ലേശം മൂലം പല വിദ്യാർത്ഥികളും ഇടക്കുവെച്ച് പഠനം നിർത്തുന്നു. എല്ലാ സ്കൂളുകളിലും പി.ടി.എ.കൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും അവയുടെ പ്രവർത്തനവും, മറ്റുവിധത്തിലുള്ള പങ്കാളിത്തവും തൃപ്തികരമല്ല.. ഹൈസ്കൂകളിലെ പി.ടി.എ. വാട്ടർ ടാങ്ക് നിർമ്മിച്ച് കുടിവെള്ള സൗകര്യം ഉണ്ടാക്കി എന്നതൊഴിച്ചാൽ, മറ്റെല്ലാ വിദ്യാലയങ്ങളിലേയും പി.ടി.എ.കൾ ഒരു കടലാസുരേഖയായി അവശേഷിച്ചിരിക്കുയാണ്. വിവിധ വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് സാമ്പത്തികാനുകൂല്യം ലഭിക്കുന്നുണ്ട്. എന്നാൽ മെറിറ്റ് സ്കോളർഷിപ്പിന് അർഹരായവരുടെ എണ്ണം വളരെ കുറവാണ്. യാന്ത്രികമായി ചലിച്ചുകൊണ്ടിരിക്കുന്ന ഒരവസ്ഥയാണ് വിദ്യാഭ്യാസ മേഖലയിൽ കാണുന്നതും നിരന്തരമായി നടന്നുകൊണ്ടിരിക്കുന്ന ചൈതന്യവത്തായ ഒരു സാമൂഹ്യ പ്രക്രിയയാക്കി വിദ്യാഭ്യാസത്തെ മാറ്റുന്നതിന് ജനങ്ങൾ മുന്നിട്ടിറങ്ങേണ്ടതായിരിക്കുന്നു.

സാദ്ധ്യതകൾ

1. രണ്ട്, മൂന്ന് വാർഡുകളെ കേന്ദ്രീകരിച്ച് ഒരു യു.പി.സ്കൂൾ സ്ഥാപിക്കുക.

2. പരുതൂർ ഹൈകൂൾ, ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തുക.

3. രണ്ട്, എട്ട് വാർഡുകളിൽ ഓരോ എൽ.പി.സ്കൂൾ സ്ഥാപിക്കുക.

4. ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുക.

5. അഞ്ചാം വാർഡിലോ, എട്ടാം വാർഡിലോ ഒരു ഹൈസ്കൂൾ സ്ഥാപിക്കുക.

6. മൂന്നാം വാർഡിലെ എസ്.വി.എ.എൽ.പി.സ്കൂൾ നാലാം വാർഡിലെ എ.എം.എൽ.പി.സ്കൂൾ ഒമ്പതാം വാർഡിലെ ജി.എൽ.പി.സ്കൂൾ പത്താം വാർഡിലെ ജി.എം.എൽ.പി.സ്കൂൾ എന്നിവ അപ്ഗ്രേഡ് ചെയ്യുക.

7. ഒമ്പതാം വാർഡിലെ പരുത്തൂർ ജി.എൽ.പി. സ്കൂൾ സ്ഥിതിചെയ്യുന്ന 50 സെന്റ് സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് പഞ്ചായത്ത് വകയായോ, ഡി.പി.ഇ.പി. ഫണ്ട് ഉപയോഗിച്ചോ കെട്ടിടം പണിയുക.

8. കൊടുമുണ്ട ജി.യു.പി.സ്കൂളിന് 10 മുറികളുള്ള ഒരു കെട്ടിടം പണിയുന്നതിന് എം.പി.ഫണ്ടിൽ നിന്ന് പണം അനുവദിച്ചെങ്കിലും ടെണ്ടർ എടുക്കാൻ ആരും വരാത്ത അവസ്ഥയിൽ പണ്ടിനു പുറമെ ബാക്കി വരുന്ന തുക പഞ്ചായത്ത് നൽകികൊണ്ട് ടെണ്ടർ എടുപ്പിക്കാനുള്ള സംവിധാനമുണ്ടാക്കി സെഷണൽ സമ്പ്രദായം അവസാനിപ്പിക്കുക.

9. എല്ലാ പ്രൈമറി സ്കൂളുകളിലേയും ക്ലാസുമുറികൾക്ക് ഇടച്ചുമർ നിർമ്മിക്കുക.

10. എല്ലാ പ്രൈമറി സ്കൂളുകളിലും പ്രാഥമികാവശ്യങ്ങൾ നിറവേറ്റാൻ സൗകര്യമുണ്ടാക്കുക.

11. കരിയന്നൂർ ജി.എം.എൽ.പി.സ്കൂൾ, പള്ളിപ്പുറം സി.ഇ.എൽ.പി.സ്കൂൾ, ചമ്പലങ്ങാട എസ്.വി.എ.എൽ. പി.സ്കൂൾ കാരമ്പത്തൂർ എ.യു.പി.സ്കൂൾ എന്നിവയിൽ കൂടിവെള്ള സൗകര്യം ഉണ്ടാക്കുക.

12. കൊടുമുണ്ട ജി.യു.പി.സ്കൂൾ, ചെമ്പലങ്ങാട് എസ്.വി.എ.എൽ.പി.സ്കൂൾ കരിയന്നൂർ ജി.എം.എൽ.പി.സ്കൂൾ പരുതൂർ ജി.എൽ.പി.സ്കൂൾ എന്നിവയിൽ പാചക മുറി നിർമ്മിക്കുക.

13. എല്ലാ പ്രൈമറി സ്കൂളുകളിലും സ്റ്റാഫ് റൂം സൗകര്യം ഉണ്ടാക്കുക.

14. എല്ലാ പ്രൈമറി സ്കൂളുകളിലും ഫർണിച്ചർ വേണ്ടത്ര ഉണ്ടെന്ന ഉറപ്പുവരുത്തുക.

15. കൂളമുക്ക് എ.എൽ.പി.സ്കൂൾ, ചെമ്പലങ്ങാട് എസ്.വി.എ.എൽ.പി.സ്കൂൾ പള്ളിപ്പുറം സി.ഇ. എൽ.പി.സ്കൂൾ, കരിയന്നൂർ ജി.എം.എൽ.പി. സ്കൂൾ എന്നിവിടങ്ങളിൽ കളിസ്ഥലങ്ങൾ സൗകര്യപ്പെടുത്തുക.

16. കരിയന്നൂർ ജി.എം.എൽ.പി.സ്കൂൾ പരുതൂർ ജി.എൽ.പി.സ്കൂൾ എന്നിവയിൽ ചുറ്റുമതിൽ ഉണ്ടാക്കുക.

17. എല്ലാ സ്കൂളുകളിലും ചുറ്റു മതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തുക.

18. മൂന്നാം വാർഡിലെ എൽ.പി.സ്കൂളിലെത്താൻ കരുവാൻ പടി. ചെമ്പലങ്ങാട് റോഡ് പൂർത്തിയാക്കുക.

19. പള്ളിപ്പുറം റെയിൽവേ സ്റ്റേഷനിൽ നിന്ന് ഹൈസ്കൂളിലേക്കുള്ള നടപ്പാത വീതികൂട്ടുക.

20. മുടപ്പക്കാട്-കോടന്തൂർ ഭാഗത്തുനിന്ന് പരുതൂർ യു.പി.സ്കൂളിലേക്ക് വരമ്പിലൂടെയുള്ള യാത്രക്ക് പരിഹാരം കാണുക.

21. പരുതൂരിന്റെ പടിഞ്ഞാറുഭാഗത്ത്നിന്ന് പരതൂർ യു.പി.സ്കൂളിലേക്കുള്ള വരമ്പ്, ഇടവഴി എന്നിവ റോഡാക്കുക.

22. മൂന്നാം വാർഡിലെ കിഴങ്ങും ചാലിൽനിന്ന് ഹൈസ്കൂളിലേക്കുള്ള വഴി പൂർണ്ണറോഡാക്കുക.

23. പി.ടി.എ, മാതൃസംഗമം തുടങ്ങിയവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും വിദ്യാഭ്യാസ കാര്യങ്ങളിൽ ജനപങ്കാളിത്തം സമുഗമമാക്കുന്നതിനും പഞ്ചായത്തിൽ വിദ്യാഭ്യാസവികസന സമിതി രൂപീകരിക്കുക.

24. പാഠ്യേതര വിഷയങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാർത്ഥികളുടെ കലാ-കായിക കഴിവ് വകസിപ്പിക്കുന്നതിന് ഊന്നൽ നൽകുക എന്നിവ സാദ്ധ്യതകളായി എടുത്തുപറയാവുന്നവയാണ്.



സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

സ്കൂളിന്റെ പേര	കമ്പ്യൂട്ടർ സൗകര്യം ഉള്ളവയുടെ എണ്ണം	കെട്ടിടങ്ങൾ എണ്ണം	മുറികളുടെ എണ്ണം																		
		സ്വന്തം	സ്വന്തം	അർദ്ധസ്ഥിരം	താൽക്കാലികം	സ്വന്തം കെട്ടിടത്തിൽ ഓഫീസ് മുറി ഉള്ളവയുടെ എണ്ണം	സ്വന്തം കെട്ടിടത്തിൽ ഓഫീസ് മുറി ഇല്ലാത്തവയുടെ എണ്ണം	കമ്പ്യൂട്ടർ ലാബ് ഉള്ളവയുടെ എണ്ണം	സ്വന്തം കെട്ടിടത്തിൽ സ്റ്റാഫ് റൂം ഉള്ളവയുടെ എണ്ണം	സ്വന്തം കെട്ടിടത്തിൽ സ്റ്റാഫ് റൂം ഇല്ലാത്തവയുടെ എണ്ണം	സ്വന്തം കെട്ടിടത്തിൽ ലൈബ്രറി ഉള്ളവയുടെ എണ്ണം	സ്വന്തം കെട്ടിടത്തിൽ ലൈബ്രറി ഇല്ലാത്തവയുടെ എണ്ണം	ടോയ്ലറ്റ് സൗകര്യം ഉള്ളവ (ടോയ്ലറ്റ്/ബാത്ത്റൂം)	വൈദ്യുതീകരണം ഉള്ളവ / ഇല്ലാത്തവ	പാചകപ്പുര	സ്റ്റാഫ് റൂം	കുടിവെള്ള സൗകര്യം ഉള്ളവയുടെ എണ്ണം / ഇല്ലാത്തവയുടെ എണ്ണം	സ്റ്റാഫ്	വിദ്യാർത്ഥികൾ	ആൺ	പെൺ	കോംപൗണ്ട് ചുറ്റുമതിൽ
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23
CEUPS പരുത്തൂർ	31	7	9	-	-	ഉണ്ട്	ഉണ്ട്	2	10	2	1	1	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	20	20	5	5	(അല) 2 (അല)
AMLPS കുളമുക്ക്	7	1	7	-	-	4	ഇല്ല	1	10	2	1	0	പൈപ്പ്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	70	20	5	5	2 (കസേ) 12
GUPS കൊടുമുണ്ട	11	2	2	-	-	9	ഉണ്ട്	3	15	2	3	2	കിണർ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	72	72	15	15	(അല) 2 (കസേ)
VALPS ചെമ്പലങ്ങാട്	8	3	5	-	-	ഇല്ല	ഇല്ല	1	5	2	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	32	26	4	10	2 (അല)
AUPS കാരമ്പത്തൂർ	20	6	4	-	-	ഇല്ല	ഉണ്ട്	2	25	1	ഇല്ല	ഇല്ല	കിണർ	ഇല്ല	ഉണ്ട്	ഇല്ല	മതിയാകും	75	25	4	4	2 (അല) 3 (കസേ)
GMLPS കരിയന്നൂർ	6	2	3	-	-	ഇല്ല	ഉണ്ട്	1	10	2	1	1	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	50	16	7	5	4 (അല) 1 (കസേ)
CELPS പള്ളിപ്പുറം	5	1	2	-	-	2	ഉണ്ട്	1	8	1	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട	ഇല്ല	ഇല്ല	20	10	4	4	4 (അല) 1 (കസേ)
GLPS പരുത്തൂർ	5	2	2	-	-	3	ഇല്ല	ഇല്ല	ഇല്ല	2	2	ഇല്ല	കിണർ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	40	10	4	8	4
PHS പള്ളിപ്പുറം	39	6	43	-	-	ഇല്ല	ഇല്ല	2	20	1	2	ഇല്ല	കിണർ	ഉണ്ട്	ഇല്ല	ഉണ്ട്	മതിയാകും	-	-	-	-	-

കെട്ടിടങ്ങൾ എണ്ണം : അർദ്ധസ്ഥിരമായും താൽക്കാലികമായും ഒന്നിലുമില്ല.

പരുത്തൂർ ഗ്രാമപഞ്ചായത്ത് 9.7 സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

ക്രമനമ്പർ	സ്കൂളിന്റെ പേര്	മെറിറ്റ് സ്കോളർഷിപ്പ്	ലംസം ഗ്രാന്റ്	മുസ്ലിം പെൺകുട്ടികളുടെ സ്ക്കോളർ	വികലാംഗ സ്കോളർഷിപ്പ	ജവാന്മാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസാ	ബീഡിതൊഴിലാളി സ്കോളർ	മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള	മറ്റുള്ളവ (വ്യക്തമാക്കുക)
1.	CEUPSപരുത്തൂർ	8	341	131	5	–	–	–	–
2.	AMLPSകുളമുക്ക്	–	78	10	2	–	–	–	–
3.	GUPS കൊടുമുണ്ട	–	116	54	1	–	–	–	–
4.	SVALPS ചെമ്പുലങ്ങാട്	–	43	–	3	–	–	–	–
5.	AUPSകാരമ്പത്തൂർ	4	83	–	7	–	–		
6.	GMLPS കരിയന്നൂർ	–	28	–	–	–	–	–	–
7.	CELPSപള്ളിപ്പുറം	–	36	–	4	–	–		
8.	GLPSപരുത്തൂർ	1	74	–	–	–	–	–	–
9.	PHSപള്ളിപ്പുറം	3	295	140	8	4		2	2
	ആകെ	17	1094	335	30	4	–	2	2

അക്കാദമിക്ക് നിലവാരം P.H.S. പള്ളിപ്പുറം

ക്ലാസ്സ്	ആകെ	കുട്ടികളുടെ പൊതുനിലവാരം					എസ്.എസ്.എൽ.സി. വിജയശതമാനം				
		30% താഴെ കുട്ടികൾ	30-40% നേടുന്നവർ	40-50% നേടുന്നവർ	50-60% നേടുന്നവർ	60% കൂടുതൽ	91-92 കൂടുതൽ നേടുന്നവർ	92-93	93-94	94-95	95-96
1	2	3	4	5	6	7	8	9	10	11	12
VII	692	124	276	221	35	36	-	-	-	-	-
IX	608	103	280	154	34	37	-	-	-	-	-
x	408	290	57	22	12	27	20	22	19	21	23

പരുത്തൂർ ഗ്രാമപഞ്ചായത്ത്

9.1 കുട്ടികളെ സംബന്ധിക്കുന്ന വിവരം

സ്കൂളിന്റെ GUPS കൊടുമുണ്ട

Std	ആകെ കുട്ടികൾ			SC/ST കുട്ടികൾ			തോറ്റുപഠിക്കുന്നവർ						പഠനം നിർത്തിയവർ						പഠനംനിർത്തിയവരുടെ മൊത്തം എണ്ണം
							Sc/St കുട്ടികൾ			മറ്റുള്ളവർ			Sc/St കുട്ടികൾ			മറ്റുള്ളവർ			
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
I	27	32	59	9	10	19	–	–	–	–	–	–	–	1	1	2	1	3	4
II	31	34	65	12	5	17	–	–	–	2	2	4	–	–	–	–	1	1	1
III	27	27	54	7	10	17	–	–		–	–	–	–	–	–	2	–	2	2
IV	47	37	84	12	9	21	–	–	–	1	–	1	–	–	–	1	–	1	1
V	52	40	92	11	8	19	–	–	–	–	–	–	–	–	–	–	–	–	–
VI	32	37	69	5	5	10		–	–	–	–	–	1	–	1	1	–	1	2
VII	28	33	61	4	8		12	–	–	–	–	–	–	–	–	2	1	3	3
ആകെ	244	240	484	60	55	115	–	–	–	3	2	5	1	1	2	8	3	11	13

പരുത്തൂർ ഗ്രാമപഞ്ചായത്ത്

9.1 കുട്ടികളെ സംബന്ധിക്കുന്ന വിവരം

സ്കൂളിന്റെ C.E.L.P.S. പള്ളിപ്പുറം

Std	ആകെ കുട്ടികൾ			SC/ST കുട്ടികൾ			തോറ്റുപഠിക്കുന്നവർ						പഠനം നിർത്തിയവർ						പഠനംനിർത്തിയവരുടെ മൊത്തം എണ്ണം
							Sc/St കുട്ടികൾ			മറ്റുള്ളവർ			Sc/St കുട്ടികൾ			മറ്റുള്ളവർ			
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
I	17	13	30	1	–	1	–	–	–	–	–	–	–	–	–	–	–	–	–
II	32	19	51	5	2	7	–	–	–	1	3	4		–	–	–	–	–	–
III	24	14	38	1	2	3	–	–	–	2	1	3	–	–	–	–	–	–	–
IV	24	35	59	11	9	20		–	–	–	3	3	–	–	–	–	–	–	–
ആകെ	97	81	178	18	13	30	–	–	–	3	7	10	–	–	–	–	–	–	–

പരുത്തൂർ ഗ്രാമപഞ്ചായത്ത്

9.1 കുട്ടികളെ സംബന്ധിക്കുന്ന വിവരം

P.H.S പള്ളിപ്പുറം

Std	ആകെ കുട്ടികൾ			SC/ST കുട്ടികൾ			തോറ്റുപഠിക്കുന്നവർ						പഠനം നിർത്തിയവർ						പഠനംനിർത്തിയവരുടെ മൊത്തം എണ്ണം
							Sc/St കുട്ടികൾ			മറ്റുള്ളവർ			Sc/St കുട്ടികൾ			മറ്റുള്ളവർ			
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
VIII	344	366	710	63	80	143	18	16	34	71	49	120	2	3	5	4	5	9	
IX	308	308	616	48	39	87	12	10	22	63	47	110	1	2	3	3	4	7	
X	190	242	432	28	37	65	–	–	–				2	2	4	3	2	5	
ആകെ	842	916	1758	139	156	295	30	26	56	134	96	230	5	7	12	10	11	21	

പെരുമ്പാവൂർ പഞ്ചായത്ത്

9.1 കുട്ടികളെ സംബന്ധിക്കുന്ന വിവരം

സ്കൂളിന്റെ പേര് AMLPS കുളക്കാട്

Std	ആകെ കുട്ടികൾ			SC/ST കുട്ടികൾ			തോറ്റുപഠിക്കുന്നവർ						പഠനം നിർത്തിയവർ						പഠനം നിർത്തിയ വരുടെ മൊത്തം എണ്ണം
							SC/ST കുട്ടികൾ			മറ്റുള്ളവർ			SC/ST കുട്ടികൾ			മറ്റുള്ളവർ			
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
I	35	38	73	7	9	16	–	–	–	–	–	–	1	–	1	1	–	1	2
II	41	30	71	16	6	22	1	–	1	4	3	7	–	1	1	–	–	–	1
III	41	37	78	8	7	15	–	–	–	5	–	5	–	–	–	2	–	2	2
IV	31	31	62	8	5	13	1	–	1	4	–	4	–	–	–	–	1	1	1
V	25	29	54	9	2	11	2	–	2	–	2	2	–	–	–	–	–	–	–
ആകെ	173	165	338	48	29	77	4	–	4	13	5	18	1	1	2	3	1	4	6

Ref. AVG

വാർഡ്	സ്കൂളുകളുടെ എണ്ണം																			സാങ്കേതിക വിദ്യാലയങ്ങൾ (എന്തെന്ന് ബ്രാക്കറ്റിൽ)			കോളേജുകൾ			കായികാർക്കോളേജ്		
	H.S.S/H.S					U.P.S					L.P.S					നഴ്സറി												
	സർക്കാർ	എയ്ഡഡ്	അൺ എയ്ഡഡ്	മറ്റുള്ളവ	ആകെ	സർക്കാർ	എയ്ഡഡ്	അൺ എയ്ഡഡ്	മറ്റുള്ളവ	ആകെ	സർക്കാർ	എയ്ഡഡ്	അൺ എയ്ഡഡ്	മറ്റുള്ളവ	ആകെ	സർക്കാർ	പഞ്ചാ.വക.	സ്വകാര്യം	ആകെ	സർക്കാർ	സ്വകാര്യം	ആകെ	സർക്കാർ	സ്വകാര്യം	കായിക	സ്കൂൾ - കോളേജ് കായിക
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25	26	27	28	29
I		1			1		1			1																		
II			ഇല്ല		ഇല്ല			ഇല്ല																				
III												1			1													
IV												1			1													
V							1			1								1	1									
VI												1			1			1	1							1		1
VII						1				1																		
VIII			ഇല്ല		ഇല്ല					ഇല്ല						1			1									
IX											1				1													
X											1				1													
ആകെ		1			1	1	2			3	2	3			5	1		2	3							1		1

പരുതൂർ ഗ്രാമപഞ്ചായത്ത്

സ്കൂളിന്റെ പേര് S.V.A.L.P.Sചെമ്പുലങ്ങാ

9.1 കുട്ടികളെ സംബന്ധിക്കുന്ന വിവരം

Std	ആകെ കുട്ടികൾ			SC/ST കുട്ടികൾ			തോറ്റുപഠിക്കുന്നവർ						പഠനം നിർത്തിയവർ						പഠനംനിർത്തിയവരുടെ മൊത്തം എണ്ണം
							SC/ST കുട്ടികൾ			മറ്റുള്ളവർ			SC/ST കുട്ടികൾ			മറ്റുള്ളവർ			
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
I	48	47	95	4	7	11	–	–	–	–	–	–	–	1	1	2	–	2	3
II	45	41	86	2	3	5	–	–	–	6	1	7	–	–	–	–	1	1	1
III	47	55	102	10	7	17	–	–	–	2	2	4	–	–	–	–	–	–	–
IV	48	35	83	6	4	10	–	–	–	–	–	–	–	–	–	2		2	2
ആകെ	188	178	366	22	21	43	–	–	–	8	3	11	–	1	1	4	1	5	6

പരുതൂർ ഗ്രാമപഞ്ചായത്ത്

9.1 കുട്ടികളെ സംബന്ധിക്കുന്ന വിവരം

സ്കൂളിന്റെ പേര് GLPS പരുതൂർ

Std	ആകെ കുട്ടികൾ			SC/ST കുട്ടികൾ			തോറ്റുപഠിക്കുന്നവർ						പഠനം നിർത്തിയവർ						പഠനംനിർത്തിയവരുടെ മൊത്തം എണ്ണം
							SC/ST കുട്ടികൾ			മറ്റുള്ളവർ			SC/ST കുട്ടികൾ			മറ്റുള്ളവർ			
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
I	23	22	45	8	7	15	–	–	–	–	–	–	1	2	3	–	–	–	3
II	26	25	51	12	14	26	1	2	3	1	–	1	–	–	–	–	–	–	–
III	22	24	46	5	6	11	1	–	1	1	2	3	1	–	1	1	–	1	2
IV	31	29	60	11	11	22	1	1	2	1	1	2	1	–	1	–	–	–	1
ആകെ	102	100	202	36	38	74	3	3	6	3	3	6	3	2	5	1	–		

പരുതൂർ ഗ്രാമപഞ്ചായത്ത്

സ്കൂളിന്റെ പേര് GMLPS കരിയന്നൂർ

9.1 കുട്ടികളെ സംബന്ധിക്കുന്ന വിവരം

Std	ആകെ കുട്ടികൾ			SC/ST കുട്ടികൾ			തോറ്റുപഠിക്കുന്നവർ						പഠനം നിർത്തിയവർ						പഠനംനിർത്തിയവരുടെ മൊത്തം എണ്ണം
							SC/ST കുട്ടികൾ			മറ്റുള്ളവർ			SC/ST കുട്ടികൾ			മറ്റുള്ളവർ			
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
I	28	18	46	4	–	4	–	–	–	–	–	–	–	–	–	–	1	1	–
II	36	23	59	8	4	12	1	–	1	4	1	5	–	–	–	1	1	2	–
III	34	24	58	3	3	6	–	1	1	3	2	5	–	–	–	–	–	–	–
IV	26	26	52	2	4	6	–	–	–	6	–	6	–	–	–	–	1	1	–
ആകെ	124	91	215	17	11	28	1	1	2	13	3	16	–	–	–	2	2	4	–

പരുത്തൂർ ഗ്രാമ പഞ്ചായത്ത്

സ്കൂളിന്റെ പേര് C.E.U.P.S പരുത്തൂർ

9.1 കുട്ടികളെ സംബന്ധിക്കുന്ന വിവരം

Std	ആകെ കുട്ടികൾ			SC/STകുട്ടികൾ			തോറ്റുപഠിക്കുന്നവർ						പഠനം നിർത്തിയവർ						പഠനംനിർത്തിയവരുടെ മൊത്തം എണ്ണം
							Sc/St കുട്ടികൾ			മറ്റുള്ളവർ			Sc/Stകുട്ടികൾ			മറ്റുള്ളവർ			
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
I	38	29	67	11	10	21	–	–	–	–	–	–	–	–	–	–	–	–	
II	37	37	74	14	14	28	5	4	9	3	2	5	–	–	–	–	–	–	
III	57	51	108	12	15	27	5	1	6	5	1	6	–	–	–	–	–	–	
IV	41	41	82	13	12	25	3	2	5	3	2	5	–	–	–	–	–	–	
V	165	127	292	47	30	77	12	5	17	9	4	13	0	1	1	1	1	2	3
VI	162	161	323	47	31	78	21	9	30	19	14	33	1	–	1	2	–	2	3
VII	175	190	365	44	41	85	36	24	60	27	19	46	–	–	–	3	3	6	6
ആകെ	675	636	1311	188	163	341	87	45	117	66	42	108	1	1	2	6	4	10	12

പരുത്തൂർ ഗ്രാമപഞ്ചായത്ത്

സ്കൂളിന്റെ പേര് AUPS കാരമ്പത്തൂർ

9.1 കുട്ടികളെ സംബന്ധിക്കുന്ന വിവരം

Std	ആകെ കുട്ടികൾ			SC/STകുട്ടികൾ			തോറ്റുപഠിക്കുന്നവർ						പഠനം നിർത്തിയവർ						പഠനംനിർത്തിയവരുടെ മൊത്തം എണ്ണം
							Sc/St കുട്ടികൾ			മറ്റുള്ളവർ			Sc/Stകുട്ടികൾ			മറ്റുള്ളവർ			
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
I	38	36	74	2	5	7	–	–	–	–	–	–	–	–	–				
II	36	50	86	12	7	19	–	–	–	5	4	9	–	–	–	–	–	–	
III	58	43	101	7	6	13	–	–	–	7	2	9	–	–	–		–	–	–
IV	51	46	97	11	0	11	–	–	–	6	4	10	–	–	–	–	–	–	
V	95	58	153	11	3	14	–	–	–	7	5	12	–	–	–	–	–	–	
VI	77	70	147	11	6	17	2	0	2	9	3	12	–		–	–	–	–	–
VII	77	82	159	13	9	22	3	0	3	15	14	29	–	–	–	–	–	–	
ആകെ	432	385	817	67	36	103	5	–	5	49	32	81	–	–	–	–	–		–

സ്കൂളിന്റെ പൊതുവിവരം

സ്കൂളിന്റെ പേര്	ഹൈസ്ക്കൂൾ യു.പി./ എൽ.പി./ പ്രീ. പ്രൈമറി	സ്കൂളുകളുടെ ഉടമസ്ഥത				കുട്ടികളുടെ എണ്ണം			അധ്യാപകരുടെ എണ്ണം				സ്കൂൾ കൗൺസിലിന്റെ മൊബൈൽ നമ്പർ	കമ്പ്യൂട്ടറിന്റെ വിവരങ്ങൾ	ഇന്റർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടറിന്റെ എണ്ണം	ലഭ്യമായ സൗകര്യങ്ങൾ
		സർക്കാർ	എയ്ഡഡ്	അൺ എയ്ഡഡ്	അംഗീകാരം ഇല്ലാത്തത്	ആൺ	പെൺ	ആകെ	ആകെ അനുവദിച്ച പോസ്റ്റുകൾ	നിലവിലുള്ള എണ്ണം	ഡപ്യൂട്ടേഷനിൽ എണ്ണം	ദീർഘകാല ലീവിലുള്ളവർ				
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
CEUPS പരുത്തൂർ	UP	-	✓	-	-	675	636	1311	40	40	-	-	1.32	0.40A	-	മതിൽ ഉണ്ട്
AMLPS കുളമുക്ക്	LP	-	✓	-	-	173	165	338	8	8	-	-	0.25A	-	-	മതിൽ ഉണ്ട്
GUPS കൊടുമുണ്ട	UP	✓	-	-	-	240	245	485	13	14	-	-	1.52 A	1.00A	-	ഭാഗികമായി ഉണ്ട്
VALPS ചെമ്പലങ്ങാട്	LP	-	✓	-	-	188	178	366	8	10	-	-	0.37 A	-	-	ഉണ്ട്
AUPS കാരമ്പത്തൂർ	UP	-	✓	-	-	432	385	317	25	25	-	-	1.50 A	0.50 A	-	മതിൽ ഉണ്ട്
GMLPS കരിയന്നൂർ	LP	✓	-	-	-	124	91	215	7	6	1	-	1.00 A	0.10 A	0.50A	മതിലില്ല അറ്റകുറ്റ പണി വേണം
CELPS പള്ളിപ്പുറം	LP	-	✓	-	-	97	81	178	5	5	-	-	0.50 A	-	-	മതിൽ ഉണ്ട്
GLPS പരുത്തൂർ	LP	✓	-	-	-	102	100	202	6	6	-	-	1.26 A	0.50 A	-	മതിൽ ഇല്ല
PHS പള്ളിപ്പുറം	HS	-	✓	-	-	842	916	1758	62	62	-	-	3.14 A	1.50 A	0.50A	ചുറ്റുമതിൽ ഉണ്ട്

9.4 അക്കാദമിക് സൗകര്യങ്ങൾ

സ്കൂളിന്റെ പേര്	സ്കൂൾ ലൈബ്രറി ഉണ്ട്/ഇല്ല	സ്കൂൾ ലൈബ്രറി ഉണ്ടെങ്കിൽ ടെക്സ്റ്റ് ബുക്കുകൾ മാത്രമുണ്ടോ?	സ്കൂൾ ലൈബ്രറി ഉണ്ടെങ്കിൽ ഓഡിയോ വിഷ്വൽ ഉപകരണങ്ങൾ ഉണ്ടോ?	ദൃശ്യ- ശ്രാവ്യ ഉപകരണങ്ങൾ - എണ്ണം								ബ്ലാക്ക് ബോർഡ്		ഓഡിയോ വിഷ്വൽ സ്ഥിര സൗകര്യം 1995-96	ടോയ്ലറ്റ് സൗകര്യമുള്ള ടീച്ചേഴ്സ്	സ്കൂളിലെ ആകെ ക്ലാസ് മുറികളുടെ എണ്ണം	സ്കൂൾ സമയം / രണ്ടാമത്തെ ഷിഫ്റ്റ്	സ്കൂൾ കുടിവെള്ള സൗകര്യം ഉണ്ടോ? ഉണ്ടെങ്കിൽ ഏതുതരം
				ഓഡിയോ	ടേപ്പ് റിക്കോർഡർ	റ്റീച്ചിംഗ് ഏയ്ഡ്	വിഡിയോ പ്രോഗ്രാം / വിഡിയോ ഫിലിം	സ്റ്റിൽ പ്രൊജക്ടർ	ഓവർഹെഡ് പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	ഓഡിയോ	ഉള്ളിൽ സ്ഥലമുണ്ട്	ഉള്ളിൽ സ്ഥലമില്ല					
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19
C.E.U.P.S Parudur	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	4	31	196	4	2	രാവിലെ	ഇല്ല
A.M.L.P.S, Kulamukku	"	ഇല്ല	ഉണ്ട്	ഇല്ല	"	"	"	"	"	"	"	5	7	186	0	2	രാവിലെ	"
G.U.P.L.P	"	"	വേണ്ടത്രഇല്ല	ഇല്ല	"	"	"	"	"	"	"	9	7	214	0	2	രാവിലെ	"
SVALPS	"	"	ഉണ്ട്	ഉണ്ട്	"	"	"	"	"	"	"	ഉണ്ട്	6	195	0	0	രാവിലെ	"
AUPS Karambakar	"	"	ഉണ്ട്	ഇല്ല	"	"	"	"	"	"	"	"	20	196	0	2	രാവിലെ	"
GMLPS	"	"	വേണ്ടത്രഇല്ല	ഉണ്ട്	ഉണ്ട്	"	"	"	"	"	"	ഇല്ല	5	186	4	3	രാവിലെ	"
CELPS	"	"	ഉണ്ട്	ഇല്ല	ഇല്ല	"	"	"	"	"	"	3	6	196	3	2	രാവിലെ	
GLPS	"	"	വേണ്ടത്രഇല്ല	ഉണ്ട്	ഉണ്ട്	"	"	"	"	"	"	2	5	194	4	2	രാവിലെ	"
PHS Pallipuram	"	"	ഉണ്ട്	ഇല്ല	ഉണ്ട്	"	"	"	ഉണ്ട്	"	"	ഉണ്ട്	41	194	7	2	രാവിലെ	"

1.8 അധ്യാപകരെയും വിദ്യാർത്ഥികളെയും സംബന്ധിക്കുന്ന വിവരങ്ങൾ

സ്കൂളുകൾ	അധ്യാപകർ			വിദ്യാർത്ഥികൾ			മറ്റ് സൗകര്യങ്ങൾ			
							കെട്ടിടം		ഫർണീച്ചർ	
	ആണ്	പെണ്ണ്	ആകെ	ആണ്	പെണ്ണ്	ആകെ	വേണ്ടത്ര ഉള്ളവ	വേണ്ടത്ര ഇല്ലാത്തവ	വേണ്ടത്ര ഉള്ളവ	വേണ്ടത്ര ഇല്ലാത്തവ
1	2	3	4	5	6	7	8	9	10	11
H.S	29	33	62	842	916	1758	✓		✓	
U.P.S	33	46	79	1347	1266	2613		✓		✓
L.P.S	14	21	35	684	615	1299		✓		✓
Pre-primmary										
ആകെ	76	100	176	2873	2797	5670				

വിദ്യാഭ്യാസത്തിന്റെ ആവശ്യത്തിന് പഞ്ചായത്ത് ചെലവഴിച്ച തുക മൊത്തം ചെലവിന്റെ എത്ര ശതമാനം (1995-96)

ചെലവ് സംബന്ധിച്ച വിവരങ്ങൾ (ആവർത്തന സ്വഭാവമുള്ളത്)

സ്കൂളിന്റെ പേര്	ചെലവ്								വരവ് A			വരവ് B				
	കെട്ടിടത്തിന്റെ അറ്റകുറ്റപണികൾക്ക്	ഉപകരണങ്ങൾ/ ഫർണിച്ചറുകൾ അറ്റകുറ്റപണിക്ക്	ഉപകരണങ്ങൾ മാസവ സ്തുക്കൾ ഉപയോഗത്തിനുള്ള സാധനങ്ങൾ	സ്പോർട്സ്	കലാ-പ്രിന്റിംഗുകൾക്ക്	ലൈബ്രറിക്കുവേണ്ടി	ഫർണിച്ചറുകൾക്ക്	മറ്റിനങ്ങൾക്ക്	സർക്കാർ	തദ്ദേശസ്ഥാപനങ്ങൾ	ആകെ	ഫീസിനത്തിൽ	എൻഡോവ്മെന്റ്	പി.ടി.എ.	സ്കൂൾ ഇതരപ്രവർത്തനങ്ങൾ	ആകെ വരവ്
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
CEUPS പരുത്തൂർ	6000	4500	1250	1250	1500	200	15000	2500	3910	-	3910	-	420	300	-	
AMLPS കുളമുക്ക്	2500	1000	-	500	800	-	6000	750	1183	-	1183	248	-	365	-	
GUPS കൊടുമുണ്ട	75000	2500	500	1000	1500	250	18000	1000	3960	-	3960	1362.45	-	900		
VALPS ചെമ്പലങ്ങാട്	2000	1000	-	500	-	-	11000	500	1100	-	1100	-	-	1000		
AUPS കാരമ്പത്തൂർ	4805	3875	650	2300	4300	2800	18000	750	1867	-	1867	2840	-	2491	-	
GMLPS കരിയന്നൂർ	8000	1000		1000	1500		10000	1000						2411		
CELPS പള്ളിപ്പുറം	3000	1000	-	500	750	-	9000	750	650	-	650	-	-	-	-	
GLPS പരുത്തൂർ	-	300	180	-	800	-	-	500	180	-	180	-	-	1414	186	
PHS പള്ളിപ്പുറം	9000	4000	1200	2500	3000	2500	-	5000	8500	-	8500	16815	5000	9000	-	



ആരോഗ്യം കുടിവെള്ളം പരിസര ശുചിത്വം

ആരോഗ്യം കുടിവെള്ളം

വികസിത രാജ്യങ്ങളോടു കിടപിടിക്കാവുന്നതാണ് കേരളത്തിലെ ആരോഗ്യമേഖലയുടെ നേട്ടങ്ങൾ. എന്നാൽ വിശദാംശങ്ങളിലേക്ക് സൂക്ഷ്മമായി കടന്നു ചെന്നാൽ ഈ മേഖലയെ ഗ്രസിച്ചിരിക്കുന്ന മാരകമായ ചില രോഗങ്ങൾ കാണാനാകും. ഒരുകാലത്ത് ധർമ്മാശുപത്രികൾ എന്നറിയപ്പെടുന്ന സർക്കാർ ആശുപത്രികളാണ് നമ്മുടെ നേട്ടങ്ങളിൽ മുഖ്യ പങ്കുവഹിച്ചത് എങ്കിൽ വിവിധ കാരണങ്ങളാൽ ആരോഗ്യരക്ഷയുടെ കാര്യത്തിൽ ഇവയുടെ പങ്കു കുറഞ്ഞു വരുന്നതായി കാണാം. ഈ സ്ഥാനത്ത് തികഞ്ഞ കച്ചവട താല്പര്യത്തോടെ നിരവധി സ്വകാര്യ സ്ഥാപനങ്ങൾ കടന്നു വന്നു. ഇതിന പവാദമായി ചുരുക്കം ചില സ്ഥാപനങ്ങൾ ഉണ്ട് എന്നതും വിസ്മരിക്കുന്നില്ല.

പാരമ്പര്യ വൈദ്യ ശാസ്ത്രരംഗത്തിന് ഒട്ടേറെ സംഭാവനകൾ നൽകിയ ഒരു ഗ്രാമമാണ് നമ്മുടെത്. പ്രസിദ്ധരായ നിരവധി നാട്ടുവൈദ്യന്മാർ സസ്യമൂലങ്ങളും മറ്റും പരമ്പരാഗത രീതിയിൽ ശേഖരിച്ച് മരുന്നുകളുണ്ടാക്കി സ്തുത്യർഹമായി ചികിത്സ നടത്തിവന്നു. ഇതിനു പുറമെ രോഗശമനത്തിന് ഗ്രാമീണ ജനത മന്ത്രവാദങ്ങൾ, പിഞ്ഞാണമെഴുത്ത്, ഉറുക്കുകൾ, മർമ്മ ചികിത്സ തുടങ്ങി വിവിധ രീതികളെ ആശ്രയിച്ചു.പാരമ്പര്യ വൈദ്യരംഗത്ത്. പിന്നീട് കാലത്തിനനുസരിച്ച ഒട്ടേറെ മാറ്റങ്ങളുണ്ടായി. ഭൂരിഭാഗം ജനങ്ങളും ഇന്ന് അലോപ്പതി ചികിത്സയെ ആശ്രയിക്കുന്നവരാണ്. അപൂർവ്വം ചിലയിടങ്ങളിൽ ഹോമിയോചികിത്സാ സമ്പ്രദായവുമുണ്ട്.

വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ മുന്നോടിയായി ലഭ്യമായത്രയും കണക്കുകളുടെ സഹായത്തോടെ ഈ മേഖലയെക്കുറിച്ച് സമഗ്രമായ ഒരു പഠനം ഞങ്ങൾ നടത്തുകയുണ്ടായി. സംസ്ഥാന ശരാശരിയുമായി മേൽപറഞ്ഞ കണക്കുകളെ സംബന്ധിപ്പിക്കുമ്പോൾ പരുത്തൂരിലെ ആരോഗ്യത്തിന്റെ പൊതുനില തൃപ്തികരമാണ്. ചില വസ്തുക്കൾ നമുക്കിവിടെ പരിശോധിക്കാം.

a) പൊതു മരണനിരക്കിന്റെ കാര്യത്തിൽ സംസ്ഥാന ശരാശരി 5.9 ആണെങ്കിൽ ഇവിടെയത് 4.2 ആണ്.

b) ജനന നിയന്ത്രണ മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ അതീവ ശ്രദ്ധ പുലർത്തിയിട്ടുണ്ട്.



	ഔട്ട് പേഷ്യന്റ്	ത്വക്ക് രോഗം	വാതരോഗം	പകർച്ച വ്യാധികൾ	മറ്റുരോഗങ്ങൾ	ആകെ
1993-94	7555	269	62	1011	6213	7555
1994-95	4052	129	58	902	2963	4052
1995-96	2144	52	24	401	1667	2144

സർക്കാർ ആശുപത്രികളിലെ ഈ കണക്ക് അതിന് ആശ്രയിക്കുന്ന രോഗികളുടെ എണ്ണം ഓരോ വർഷം തോറും കുറഞ്ഞു വരുന്നു എന്ന് വ്യക്തമാകുന്നു.

ആരോഗ്യവുമായി ബന്ധപ്പെട്ട മറ്റുചില കണക്കുകൾ

1.	ലഘുവായ പോഷണക്കുറവുള്ളവർ കുട്ടികൾ	482	9.	1മുതൽ 3വയസ്സുവരെ DPT എടുത്ത	239
2.	മിതമായ കുട്ടികൾ	216	10.	3മുതൽ 6വയസ്സുവരെ "	296
3.	ഗുരുതരമായ കുട്ടികൾ	4	11.	1മുതൽ 3വയസ്സുവരെ പോളിയോ	239
4.	1മുതൽ 3 വയസ്സുവരെ BCG കിട്ടിയവർ	341	12.	3മുതൽ 6വയസ്സുവരെ "	296
5.	3 മുതൽ 6 വയസ്സുവരെ BCG	384	* 9 മുതൽ 12 വരെ ഐറ്റം കണക്കുകൾ 4 ഡോസുകളും എടുത്ത് കുട്ടികളുടെ എണ്ണത്തിന്റെ ശരാശരിയാണ്.		
6.	1മുതൽ 3 വയസ്സ് മിസിൽസ്	173			
7.	3മുതൽ 6 വയസ്സുവരെ	227			
8.	T.T എടുത്ത ഗർഭിണികൾ	609			

c) ഗുരുതരമായ പോഷകാഹാരക്കുറവുള്ള കുട്ടികൾ 4 മാത്രമാണ്.

d) ഒരുവയസ്സിനു താഴെയുള്ള 406 പേരിൽ 304 പേർക്ക് പ്രതിരോധ കുത്തിവെപ്പു നടത്തിയിട്ടുണ്ട്.

ആരോഗ്യ രംഗവുമായി ബന്ധപ്പെട്ട് ഇനിയും ഇവിടെ ചേർക്കാവുന്ന കണക്കുകളുണ്ട്. എന്നാൽ അതിനുപരി നാമിവിടെ പരിശോധനയ്ക്ക് വിധേയമാക്കുന്നത് നമുക്കനുഭവപ്പെടുന്ന പ്രധാന വെല്ലുവിളികളേയാണ്

i) പള്ളിപ്പുറം പ്രൈമറി ഹെൽത്ത് സെന്റർ

ഡോക്ടറടക്കം 21 ജീവനക്കാരും കെട്ടിട സൗകര്യങ്ങളുമുള്ള ഈ സ്ഥാപനം 1990ലാണ് ഇന്നത്തെ സ്ഥിതിയിൽ ഉദ്ഘാടനം ചെയ്യപ്പെട്ടത്. എന്നാൽ നീണ്ട 6 വർഷങ്ങൾക്കുശേഷവും ഗ്രാമീണജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങളിൽ കാര്യമായ പങ്കുവഹിക്കാന് ഇതിനായിട്ടില്ല. 6 സബ് സെന്ററുകൾ ഇതിനു കീഴിലുണ്ട് എന്നാണ് കണക്ക്. ഇതിൽ ഒരെണ്ണം തിരുവേഗപ്പുറ പഞ്ചായത്തിലാണ്. കരുവാൻ പടിയിലേതും കാരമ്പത്തൂരിലെതും ഒരു കേന്ദ്രത്തിൽ പ്രവർത്തിക്കുന്നില്ല. മറ്റുള്ളവയും ജനങ്ങളിൽ വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുന്നില്ല. P.H.Cയിലെ ഡോക്ടർ അവിടെ താമസിക്കുന്നില്ല എന്ന് മാത്രമല്ല സെന്ററിൽ ഇദ്ദേഹത്തിന്റെ സാന്നിദ്ധ്യം അപൂർവ്വമാണ്. ചുരുക്കത്തിൽ കുമരം പുലാക്കൽ നാരായണൻ നമ്പൂതിരി സൗജന്യമായി നൽകിയ സുമാർ 3 ഏക്കർ സ്ഥലത്ത് ലക്ഷക്കണക്കിനു രൂപ മുടക്കി പരുതൂരിലെ ജനങ്ങൾക്ക് പ്രയോജനപ്പെടും വിധം രൂപകൽപന ചെയ്ത ഈ സ്ഥാപനം നിരവധി പരാധീനതകളിൽ ആഴ്ത്തപ്പെട്ടിരിക്കുന്നു.

ii) രോഗ ശമനത്തിനായി ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്നത് സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാരെയാണ്. എന്നാൽ രോഗികളെ കിടത്തി ചികിത്സിക്കാവുന്ന ഒരു സൗകര്യവും ഇവിടെയില്ല.

iii) അടിയന്തര സാഹചര്യങ്ങളിൽ മികച്ച വൈദ്യ സഹായം ലഭിക്കുന്നതിന് പട്ടാമ്പി, വളാഞ്ചേരി തുടങ്ങിയ സ്ഥലങ്ങളിലെ സ്വകാര്യ ആശുപത്രികളെയാണ് അധികപേരും ആശ്രയിക്കുന്നത്. ആധുനിക ചികിത്സ തേടി വിദൂരമായ മറ്റു നരവധി സ്ഥലങ്ങളിലും പരുതൂരിലെ ആളുകൾ എത്തുന്നുണ്ട്.

iv) രോഗികളുമായി മേൽപറഞ്ഞ സ്തലങ്ങളിലെത്തുക റയിൽവെ ഗേറ്റുകളും ദൂരവും മൂലം പ്രയാസമുണ്ടാക്കുന്നു.

v) 1963ൽ അന്നത്തെ പഞ്ചായത്തു ഭരണ സമിതി പരുതൂരിൽ ഒരായൂർവേദഡിസ്പൻസറി വേണമെന്നാവശ്യപ്പെട്ടിരുന്നു. എന്നാൽ നീണ്ട 33 വർഷത്തിനു ശേഷം ഇന്നും അത് സാധ്യമായില്ല. പാരമ്പര്യവൈദ്യത്തിന് നിരവധി സംഭാവനകൾ നൽകിയ നമ്മുടെ ഗ്രാമത്തെ സംബന്ധിച്ച് ഇതൊരടിയന്തര ആവശ്യം തന്നെയാണ്.

vi) രോഗപ്രതിരോധ കുത്തിവെപ്പുകൾ, സാംക്രമിക രോഗങ്ങൾ, പരിസരശുചിത്വം എന്നിവയെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കേണ്ടതുണ്ട്. ഇതിനുള്ള സംവിധാനങ്ങൾ അപര്യാപ്തമാണ്.

സാധ്യതകൾ

i) എല്ലാ ഗ്രാമസഭകളിലും നിശിതമായ വിമർശനത്തിനു വിധേയമായ ഒന്നാണ് പള്ളിപ്പുറം പ്രൈമറി ഹെൽത്ത് സെന്ററിന്റെ ഇന്നത്തെ അവസ്ഥ. ഒരു വനിതയുൾപ്പെടെ 2 ഡോക്ടർമാരും ഏതവസരത്തിലും അവരുടെ സേവനം ലഭ്യമാകും വിധം ഇവിടെ നിയമിക്കപ്പെടണം. അടിയന്തിര വൈദ്യ സഹായം കിട്ടും വിധം ഇതിന്റെ പ്രവർത്തനം മാറ്റിയെടുക്കണം.

ii) പ്രൈമറി ഹെൽത്ത് സെന്ററിൽ മരുന്നും ഉപകരണങ്ങളും ഉൾപ്പെടെയുള്ള സൗകര്യങ്ങൾഉണ്ടാക്കണം

iii) മേൽ പറഞ്ഞ PHCയെ കേന്ദ്രീകരിച്ച് 6 സബ് സെന്ററുകളും കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നു എന്നുറപ്പു വരുത്തണം. സബ് സെന്ററുകളുടെ മേൽനോട്ടത്തിന് ജനകീയ കമ്മിറ്റികളുടെ ആഭിമുഖ്യത്തിലുള്ള കൃത്യമായ മോണിറ്ററിംഗ് വേണം.

iv) പ്രൈമറി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം ജനങ്ങൾക്ക് പ്രയോജനപ്പെടണമെങ്കിൽ ജനകീയ സമിതികളുടെ ആരോഗ്യപരമായ ഇടപെടൽ ആവശ്യമാണ്.

v) എല്ലാ സബ് സെന്ററുകളിലും ആഴ്ചയിൽ 2 ദിവസം PHCയിലെ ഒരു ഡോക്ടറുടെസേവനം ഉറപ്പു വരുത്തണം.

vi) പ്രതിരോധ കുത്തിവെപ്പുകൾ നടത്തുമ്പോൾ അത് എല്ലാ വീടുകളിലും അറിഞ്ഞിട്ടുണ്ട് എന്നുറപ്പാക്കണം.

vii) പരിസര ശുചിത്വം, സാംക്രമിക രോഗങ്ങൾ തുടങ്ങി ആരോഗ്യ സംബന്ധിയായി ജനങ്ങൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ ഉൾപ്പെടുത്തി ആരോഗ്യ ക്ലാസുകൾ മേഖലകൾ തിരിച്ച് വർഷത്തിൽ 2 പ്രാവശ്യമെങ്കിലും നടത്തണം.

viii) 4,5,6,7 വാർഡുകളിൽ പുതിയ സബ്സെന്ററുകൾ അനുവദിക്കണം

ix) പഞ്ചായത്തിലേ എല്ലാ ഭാഗങ്ങളിലെയും ജനങ്ങൾക്ക് പ്രയോജനപ്പെടും വിധം ഒരു ആയുർവേദ ഡിസ്പൻസറിയും ഹോമിയോ ഡിസ്പൻസറിയും അനുവദിക്കണം.

കുടിവെള്ളം

ആരോഗ്യരംഗത്തെ നേരിട്ടു ബാധിക്കുന്ന ഒരു പ്രധാന ഘടകമാണ് ഓരോ വർഷവും രൂക്ഷമായി വരുന്ന കുടിവെള്ളക്ഷാമം. സാംക്രമിക രോഗങ്ങളിൽ പലതും വേനൽക്കാലത്തു ലഭിക്കുന്ന ഗുണനിലവാരം കുറഞ്ഞ കുടിവെള്ളത്തിന്റെ അനന്തരഫലങ്ങളാണ്. പരമ്പരാഗതമായി നാമുപയോഗിച്ചു വന്ന പ്രധാന കുടിവെള്ള സ്രോതസ്സുകൾ കിണറുകളാണ്. 3 ഭാഗങ്ങളിലും പുഴകളുള്ള നമ്മുടെ ഗ്രാമത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ് എന്നത് ഒരു പക്ഷെ ജനകീയ ഉപഭോഗത്തിന്റെ അനന്തരഫലമാണ്. കിണറുകൾ സംരക്ഷിക്കപ്പെടുന്നതിലുള്ള വിമുഖത, മഴക്കാലത്ത് പെയ്തെത്തുന്ന വെള്ളം സംരക്ഷിക്കപ്പെടാതിരിക്കുന്ന അവസ്ഥ എന്നിവ പ്രശ്നങ്ങളാണ്. രൂക്ഷമായ കുടിവെള്ളക്ഷാമത്തിന്റെ മുറവിളികളാൽ ഓരോ ഗ്രാമസഭയും മുഖരിതമായിരുന്നു എന്നു നാം കണ്ടതാണ്. എന്നാൽ ഗ്രാമത്തിലെ മൊത്തം കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വർഷങ്ങൾകാത്തിരിക്കേണ്ടിവരും. ഇവിടെ നമ്മുടെ സമൂഹം ജല വിതരണ പരിപാടിയെ ഒരു സമ്പൂർണ്ണ സർക്കാർ ദാന പരിപാടിയായി കാണുന്നു. സർക്കാരിന്റെ സാമ്പത്തിക വിഭവ പരിമിതികൾ മൂലം ഈ ദാനം വളരെ കുറഞ്ഞ അളവിലെ ലഭ്യമാകൂ. ഗ്രാമസഭാ റിപ്പോർട്ടുകൾ പരിശോധിച്ചാൽ കാണാവുന്ന ഒരു പ്രാധാന കാര്യം പൈപ്പ് ലൈൻ വഴിയുള്ള ജലമാണ് എല്ലാവരും പ്രതീക്ഷിക്കുന്നത് എന്നതാണ്. എന്നാൽ ഈ പൈപ്പ് ലൈനുകളിലേക്ക് ജലമെവിടെനിന്ന് എന്നത് ഒരു ചോദ്യചിഹ്നമായി നമ്മുടെ മുന്നിലുണ്ട്. ജനസമ്പത്തിന്റെ കാര്യത്തിൽ സമ്പ്ര

യത്വം നേടാൻ നമ്മുടെ മുന്നിൽമാർഗ്ഗങ്ങളുണ്ടോ? മുഴുവൻ കുടുംബങ്ങൾക്കും 200 മീറ്റർ ദൂരപരിധിക്കുള്ളിൽ കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യം എങ്ങനെ സാധിക്കും? ജലസ്രോതസ്സുകൾ ജനങ്ങളുടെ സംരക്ഷണയിലാകണം. ജലവിതരണത്തിന് ജനകീയ സ്വഭാവം വേണം. ഇതിന് ത്രിതല പഞ്ചായത്തുകൾ നേതൃത്വം നൽകുകയുംവേണം.

കുടിവെള്ള പ്രഷശ്നങ്ങൾ പരിഹരിക്കുന്നതിന് 4തരം പദ്ധതികൾക്കാണ് രൂപം നൽകേണ്ടത്.

1) വ്യക്തിഗത കിണറുകളുടെ വികസന പദ്ധതി.

2). സാമൂഹ്യ ജലസ്രോതസ്സുകളുടെ സംരക്ഷണ വികസന പദ്ധതി.

3) സാമൂഹ്യ ജലവിതരണ പദ്ധതി.

4) നടപ്പുജല വിതരണ പദ്ധതികളുടെ പുനരുദ്ധാരണം.

ജനകീയ പങ്കാളിത്തത്തോടെ പരുതൂരിൽ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാൻ ഒരു വലിയ മുന്നേറ്റമാണ് 9-ാം പദ്ധതിക്കാലത്ത് പ്രതീക്ഷിക്കുന്നത്. ആ മുന്നേറ്റത്തിനൊപ്പം നിൽക്കാൻ ത്രിതല പഞ്ചായത്തുകളും സർക്കാരും തയ്യാറായാൽമാത്രമേ ആശാവഹമായ നിരവധി നേട്ടങ്ങൾ കൊയ്യാനാവൂ. അല്ലാത്ത പക്ഷം നമ്മുടെ മുറവിളികൾ വനരോദനങ്ങളാവുകയും ഓരോ വർഷവും കുടിവെള്ളപ്രശ്നം കൂടുതൽ കൂടുതൽ ഗുരുതരമായിക്കൊണ്ടിരിക്കുകയും ചെയ്യും.

കുടിവെള്ളം സംബന്ധിച്ച നമ്മുടെ പ്രശ്നങ്ങൾ ഇങ്ങനെ ക്രോഡീകരിക്കാം.

1) പാരമ്പര്യ ജലസ്രോതസ്സുകൾ മിക്കതും വേനൽക്കാലത്ത് (ജനുവരി മുതൽ തന്നെ) വറ്റി വരളുന്നു

2) 37 പഞ്ചായത്തു കിണറുകളിൽ പലതും വേനൽക്കാലത്ത് ജലക്ഷാമമനുഭവപ്പെടുന്നവയാണ്.

3) പുതിയ കിണറുകൾ കുഴിച്ചാൽ തന്നെ വെള്ളം കിട്ടുന്നില്ല എന്നതിനാൽ വ്യക്തികൾ കുഴൽ കിണറുകളെ ആശ്രയിക്കുന്നു. ഇവയും കാലക്രമേണ ജല ദൗർലഭ്യത്താൽ ഉപയോഗശൂന്യമാകുന്നു.

4) പൊതു ഉടമസ്ഥതയിലുള്ള 33 കുഴൽ കിണറുകളിൽ പലതും ദൗർലഭ്യത്താലും ജലത്തിന്റെ ഗുണമേന്മക്കുറവിനാലും ഉപയോഗശൂന്യമാണ്.

5) 3, 4, 5, 7, 8 വാർഡുകളിൽ മാത്രമേ ഭാഗികമായി പൈപ്പ് ലൈൻ ഉള്ളൂ.

6) മേൽപറഞ്ഞ പൈപ്പ് ലൈൻ ടാപ്പുകളിൽ ആവശ്യാനുസരണം വെള്ളമെത്തിക്കാൻ മാർഗ്ഗമായിട്ടില്ല.

7) ഒരിക്കൽ ഭാരതപ്പുഴ നമ്മുടെ കുടിവെള്ള പ്രശ്ന പരിഹാരത്തിനു സഹായിച്ചിരുന്നുവെങ്കിൽ പുഴയുടെ ദുരുപയോഗം അനിയന്ത്രിതമായ മണൽ വാരൽ വിദൂരസ്ഥലങ്ങളിലേക്ക് ജലലഭ്യതയുടെ തോത് കണക്കാക്കാതെയുള്ള വെള്ളം പമ്പുചെയ്യൽ എന്നിവ സമീപ ഗ്രാമങ്ങളെയെല്ലാമെന്നപോലെ പരുതൂരിനെയും ഗുരുതരമായ ജലക്ഷാമത്തിലേക്കു നയിച്ചു.

8) വെള്ളിയാങ്കല്ല് കോസ്വേ കം റഗുലേറ്റർ നമ്മുടെ ഗ്രാമത്തിന്റെ ഒരുചിരകാലാവശ്യമായിരുന്നു. ഈ പദ്ധതി നടപ്പാക്കാൻ മൂർത്തമായ നടപടികൾ ആയിട്ടില്ല.

9) തൂതപ്പുഴയിലെ ജലം ഓട്ടുപാറക്കുന്നിൽ ടാങ്കു കെട്ടി ശേഖരിച്ച് പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലും വിതരണം ചെയ്യാനുള്ള സ്കീം ഇടയ്ക്കു ചില പ്രതി ബന്ധങ്ങളെ നേരിടുന്നു.

10). ജലം കരുതി ചെലവഴിക്കുക പാരമ്പര്യ സ്രോതസ്സുകളെ നിലനിറുത്തുകയും സംരക്ഷിക്കുകയും ചെയ്യുക എന്നീ കാര്യങ്ങളിൽ ജനങ്ങൾക്ക് വേണ്ടത്ര അവബോധമില്ല.

11) വർഷകാലത്ത് പെയ്തെത്തുന്ന ജലം മണ്ണിൽ അരിച്ചിറങ്ങുന്നതിനു പകരം പാഴായിപോകുന്നു.

വാർഡുകൾ	1	2	3	4	5	6	7	8	9	10	ആകെ
പൊതുകിണർ	3	2	2	4	5	3	3	3	9	3	37
പൊതു കുഴൽ കിണർ	2	3	1	5	5	3	2	3	7	2	33
പൊതു ടാപ്പുകൾ	–	–	22	18	5	3	8	7	–	–	53

ചില പ്രധാന സാധ്യതകൾ

1) നിർദ്ദിഷ്ട വെള്ളിയാങ്കല്ല കോസ്‌വേ കം റഗുലേറ്ററിന് സർക്കാരും ഗ്രാമ- ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളും ജനങ്ങളും ചേർന്ന് വിഭവ സമാഹരണമടക്കമുള്ളവ ഉൾപ്പെടുത്തി തയ്യാറാക്കുകയും കഴിയുന്നത്രവേഗം പൂർത്തിയാക്കുകയും വേണം. ഇതിന് സമീപ ഗ്രാമ പഞ്ചായത്തുകളും ജനപ്രതിനിധികളും ചേർന്ന് മൂർത്തമായ പദ്ധതി തയ്യാറാക്കണം. ജില്ലാ പഞ്ചായത്ത് ഇതിന് നേതൃത്വം നൽകുകയും വേണം.

2) തൃതപ്പുഴ പദ്ധതിയുടെ ജലം ഓട്ടുപാറക്കുന്നിൽ ടാങ്കുകെട്ടി ശേഖരിച്ച് ഗ്രാമത്തിലെ ഭൂരിഭാഗം ജനങ്ങൾക്കും പൈപ്പുവഴി വിതരണം ചെയ്യാനുള്ള പദ്ധതി തടസ്സങ്ങൾ നീക്കി നടപ്പാക്കണം.

3) കോസ്‌വേ കം റഗുലേറ്ററിന് ഇനിയും താമസം നേരിടും എന്നതിനാൽ അടിയണകളും തടയണകളും അടിയന്തിര കർമ്മ പദ്ധതികൾ എന്ന നിലയ്ക്ക് നടപ്പാക്കുക.

4) കുടിവെള്ള ദുരുപയോഗം തടയുക, ജലസ്രോതസ്സുകളെ സംരക്ഷിക്കുക തുടങ്ങിയ കാര്യങ്ങൾക്ക് ജനങ്ങളെ ബോധവൽക്കരിക്കുകയും അതോടൊപ്പം ഓരോ ജലസ്രോതസ്സിന്റെയും സംരക്ഷണം അതാതു പ്രദേശത്തു ജനങ്ങളെ ഉത്തരവാദിത്തപ്പെടുത്തുകയും ചെയ്യുക.

5) മഴക്കാലത്തു പെയ്തെത്തുന്ന ജലം വൃഥാ പാഴായിപ്പോകാതെ മണ്ണിൽ തന്നെ ആഴ്ന്നിറങ്ങുന്നത് വേനലിന്റെ കുടിവെള്ളക്ഷാമത്തിന് ചെറിയ ആശ്വാസമാകും. വെള്ളം ഒലിച്ചു പോകാതെ തടയുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ സ്വീകരിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുക.

6) സാധാരണ കിണറുകൾ കുഴിക്കാൻ സാമ്പത്തിക നില പരിഗണിച്ച് ജനങ്ങൾക്ക് ധന സഹായം നൽകുക.

7) നിലവിലുള്ള എല്ലാ പൊതുകിണറുകളും പൊതു കുഴൽകിണറുകളും വേനലിനോടനുബന്ധിച്ച് റിപ്പയർ ചെയ്യുകയും അണുനാശിനികൾ ഉപയോഗിച്ച് ജലം ശുദ്ധീകരിക്കുകയും ചെയ്യുക.

8) പുതിയ സാധാരണ കിണറുകൾ കുഴിക്കുക

9) ശാസ്ത്രീയമായ സർവ്വെ നടത്തി വളരെ ആവശ്യമുള്ളിടത്ത് പുതിയ കുഴൽകിണറുകൾ കുഴിക്കുക.

10) നിലവിലുള്ള ജലപദ്ധതികളിലെയും നിർദ്ദിഷ്ട തൃതപ്പുഴ പദ്ധതി പോലുള്ളവയിലെയും ജലവിതരണത്തിന് ഉപയുക്തമായ രീതിയിൽ പൈപ്പു ലൈനുകൾ ഏർപ്പെടുത്തുക.

11) പുഴയിലെ മണൽവാരൽ കർശനമായി നിയന്ത്രിക്കുക

പരിസരശുചിത്വം

ആരോഗ്യവുമായി ബന്ധപ്പെട്ട് നമ്മുടെ പ്രധാനപ്പെട്ട ശ്രദ്ധയർഹിക്കുന്ന ഒന്നാണ് പരിസര ശുചിത്വം.രോഗാണുക്കൾക്ക് വസിക്കാനും വളരാനും പല പ്രകാരത്തിൽ മനുഷ്യ ശരീരത്തിൽ കടന്ന് രോഗം വരുത്താനും കാരണമായേക്കാവുന്ന വ്യക്തി-ഗൃഹാന്തരീക്ഷ-പരിസര സംബന്ധമായ സാഹചര്യങ്ങളെയും

ആവശ്യങ്ങളുടെ ഈ പട്ടിക നോക്കൂ

വാർഡുകൾ	1	2	3	4	5	6	7	8	9	10	ആകെ
ആകെ. വീടുകൾ	460	420	350	510	625	355	440	350	715	438	4663
ആവശ്യമുള്ള കക്കൂസുകൾ	325	250	186	310	376	165	212	250	300	280	2654
പൊതുകക്കൂസുകൾ വേണ്ടത്	3	2	2	1	2	-	1	-	-	2	13
അഴുക്കുചാലുകൾ വേണ്ടത്	16	16	12	20	24	12	16	12	8	16	172

വസ്തുക്കളെയും രീതികളെയും തടയുവാനും ഇല്ലാതാക്കുവാനും കഴിയുന്ന അവസ്ഥയാണ് സാമാന്യ ശുചിത്വം എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ജലവും ആഹാരവും മലിനമാകാതിരുന്നാൽ വയറിളക്കം, വയറുകടി, സന്നിപാതജ്വരം, പിള്ളവാതം, മഞ്ഞപ്പിത്തം, വിഷൂചിക മുതലായവയിൽ നിന്ന് മുക്തി നേടാം. മലം ശാസ്ത്രീയമായി മറവു ചെയ്യാൻ കഴിയേണ്ടതുണ്ട്. അതിനുയോജിച്ച കക്കൂസുകളുടെ നിർമ്മാണകാര്യംനാം ഇവിടെ ചർച്ച ചെയ്യണം. കക്കൂസുകൾക്കും മറ്റു മാലിന്യ നിർമ്മാർജ്ജന സവിധാനങ്ങൾക്കും ആരോഗ്യ ബോധത്തിലുന്നിയ ജീവിത രീതിക്കും വലിയ പ്രാധാന്യമുണ്ടെന്ന് അറിവുള്ളതായിട്ടും സാമാന്യ ജനങ്ങളും ബന്ധപ്പെട്ടവരും ഇക്കാര്യത്തിൽ അപകടകരമായ ഉദാസീനത പുലർത്തുന്നു.

പരുതൂർ പഞ്ചായത്തിനെ സംബന്ധിച്ച് ആൾപാർപ്പുള്ള വീടുകളുടെ എണ്ണം 4663 ആണ്. ഇതിൽ 2009 വീടുകൾക്കേ കക്കൂസുകൾ ഉള്ളൂ. ഉള്ളവയിൽ തന്നെ ശരിയായ സെപ്ടിക് ടാങ്കുള്ളവ 327 മാത്രം. ലക്ഷംവീടുകൾ, കോളനികൾ തുടങ്ങി ജനങ്ങൾ കൂട്ടമായി പാർക്കുന്ന ഇടങ്ങളിൽ മലവിസർജ്ജനത്തിനുള്ള സൗകര്യങ്ങളില്ല.

പ്രധാന പ്രശ്നങ്ങൾ

1). 2654 വീടുകൾക്ക് കക്കൂസില്ല

2) കൂളമുക്ക്, പള്ളിപ്പുറം, കരുവാൻപടി, കൊടിക്കുന്ന് തുടങ്ങി ഗ്രാമത്തിലെ പ്രധാന കേന്ദ്രങ്ങളിൽ പോലും കുപ്പത്തൊട്ടികൾ ഇല്ല.

3) ജനങ്ങൾ കൂട്ടമായി പാർക്കുന്ന ഭാഗങ്ങളിൽ പൊതു കക്കൂസുകൾ ഇല്ല

4) ഹെയർ ഡ്രസ്സിംഗ് കേന്ദ്രങ്ങളിലെ അവശിഷ്ടങ്ങൾ മുട്ടത്തോടുകൾ തുടങ്ങിയവ തോടുകളിലും മറ്റും ഉപേക്ഷിക്കുന്നു.

5) കൊതുകു ശല്യം ഗ്രാമത്തിന്റെ എല്ലാ ഭാഗങ്ങളിലുമുണ്ട്.

6) അലഞ്ഞുതിരിയുന്ന നായ്ക്കളാണ് മറ്റൊരു പ്രധാന പ്രശ്നം

7) പരിസരശുചിത്വത്തെക്കുറിച്ച് ജനങ്ങൾ ഉദാസീനരാണ്.

8) മലിന ജലം ഒഴുകിപ്പോകുന്നതിനുള്ള ഓടകൾ ഇല്ല.

സാധ്യതകൾ

1) എല്ലാ വീടുകൾക്കും കക്കൂസ് നിർമ്മിക്കാൻ ഉപഭോക്താക്കളുടെ പങ്കാളിത്തത്തോടെ പരിപാടി തയ്യാറാക്കി നടപ്പാക്കുക (നിലവിലുള്ള നെതർ ലാന്റ് പദ്ധതി നടപ്പാക്കുന്നതിന് പ്രാധാന്യം നൽകണം)

2) പ്രധാന കേന്ദ്രങ്ങളിൽ കുപ്പത്തൊട്ടികൾ സ്ഥാപിക്കുക.

3) ലക്ഷം വീടുകൾ, കോളനികൾ എന്നിവിടങ്ങളിൽ പൊതു കക്കൂസുകൾ നിർമ്മിക്കുകയും അവ വൃത്തിയായി ഗുണഭോക്താക്കൾ തന്നെ പരിരക്ഷിക്കും എന്ന് ഉറപ്പാക്കുകയും ചെയ്യുക.

4) പള്ളിപ്പുറം മാർക്കറ്റ് അറ്റകുറ്റപ്പണികൾ നടത്തി ശുചീകരണ പ്രവർത്തനങ്ങൾ കച്ചവടക്കാരെ ഏല്പിക്കുക.

5) ശുചീകരണ പ്രവർത്തനങ്ങളിൽ നിർദ്ദേശങ്ങളും നേതൃത്വവും നൽകാൻ പള്ളിപ്പുറം PHC സെന്ററും ആശുപത്രി വികസന സമിതിയും തയ്യാറാകണം.

6) മലിന ജലം ഒഴുകിപ്പോകാനുള്ള ഓടകൾ നിർമ്മിക്കണം.

7) കെട്ടിനില്ക്കുന്ന വെള്ളത്തിൽ കൊതുകുകൾ പെരുകാനുള്ള സാധ്യത തടയണം.

8) അലഞ്ഞു തിരിയുന്ന നായക്കളെ 6 മാസത്തിലൊരിക്കൽ കൊന്നൊടുക്കണം

9)മുട്ടത്തോടുകൾ, മുടി തുടങ്ങിയ അവശിഷ്ടങ്ങൾ ആൾ പാർപ്പില്ലാത്ത ഭാഗങ്ങളിൽ മണ്ണിൽ കുഴിച്ചു മൂടുവാൻ ജനങ്ങളെ നിർബന്ധിക്കണം.

10) കുടിവെള്ളത്തിൽ അഴുക്കുകൾ കലരാതിരിക്കാൻ ശ്രദ്ധിക്കണം.

11) കിണറുകളിൽ അണുനാശിനികൾ ഉപയോഗിച്ച് കുടിവെള്ളത്തെ ശുദ്ധീകരിക്കണം

12) അറവുശാലകൾ ആധുനിക സൗകര്യങ്ങളുള്ളതും പരിസരശുചീകരണത്തെ ബാധിക്കാത്ത രീതിയിലുള്ളതുമാക്കണം.



ഗതാഗതം
ഊർജ്ജം മാർക്കറ്റ്

പരുതൂർ പഞ്ചായത്തിന്റെ ഭൂപ്രകൃതി പ്രത്യേക രീതിയിലുള്ളതാണ്. ഏകദേശം മൂന്നു ഭാഗവും പുഴകളാൽ ചുറ്റപ്പെട്ടു കിടക്കുന്നു. സാധാരണക്കാരുടെ ആശ്രയം പ്രധാനമായും സ്വന്തം കാലുകൾ തന്നെയായിരുന്നു. പുറം ലോകവുമായി ബന്ധപ്പെടാനുള്ള ഏകസാദ്ധ്യതയായി തീവണ്ടി മാത്രമാണുണ്ടായിരുന്നത്.

വെള്ളിയാങ്കല്ല് മുതൽ കൊടിക്കുന്ന് വരെ വീതിയുള്ള പഴയരാജപാത, മൂത്തേടത്ത് മന മുതൽ കൊടിക്കുന്ന് ക്ഷേത്രംവരെയുള്ള അങ്ങാടി പറമ്പിലൂടെയുള്ള നടപ്പാത എന്നിവയാണ് ആദ്യകാലത്തെ സാമൂന്യം ഭേദപ്പെട്ടവഴികൾ. ബാക്കിയുള്ളതെല്ലാം നട്ടുച്ചക്ക് ഇരുട്ടുനിറഞ്ഞ കുണ്ടനിടവഴികളായിരുന്നു. ഇതിനു പുറമെ ജലഗാഗതവുമായി ബന്ധപ്പെട്ട തൃത്താല കടവ്-വെള്ളിയാം കല്ല് കടവ്-മഞ്ഞപ്രക കടവ്-കൂട്ടക്കടവ്- കളത്തിൽ കടവ്-എന്നിവയായിരുന്നു നമ്മുടെ രക്ഷാമാർഗ്ഗങ്ങൾ.

ഈ പഞ്ചായത്തിൽ ആദ്യമായി പള്ളിപ്പുറം മുതൽ മുടപ്പക്കാട് വരെ ബ്രട്ടീഷുകാർ നിർമ്മിച്ച റോഡാണുണ്ടായിരുന്നത്. 1957ൽ നവോത്ഥാന പ്രസ്ഥാനത്തിന്റെ ഭാഗമായാണ് തിരുവേഗപ്പുറ-പള്ളിപ്പുറം റോഡ് സുശീലപ്പടി വരെ നിർമ്മിക്കപ്പെട്ടത്. ഇതു പൂർണ്ണമായും ജനങ്ങളുടെ ശ്രമദാനമായിരുന്നു. പിന്നീട് 1962 നു ശേഷം വന്ന പഞ്ചായത്ത് ബോർഡുകളാണ് ഇപ്പോഴുള്ള റോഡുകളുടെ നിർമ്മാണത്തിനു മുൻകൈയ്യെടുത്തത്.

നിലവിൽ ഈ പഞ്ചായത്തിൽ 20.46 K.M. കച്ചറോഡുകളും 9.219 K.M. പക്കാ റോഡുകളും 3.09 K.M. മെറ്റൽ ചെയ്ത റോഡുകളും 22.4 K.M. ടാർചെയ്ത പഞ്ചായത്ത് റോഡുകളും 4.75 കി.മീ. P.W.D റോഡുകളും ഉണ്ട്. ഈ റോഡുകളിൽ കൊടുമുണ്ട, പരുതൂർ, പരുവക്കളം, കാർമ്പത്തൂർ റോഡ് എന്നിവരോഗികളെ കൊണ്ടുപോകാൻ പോലും പറ്റാത്തവയാണ്.

വെള്ളിയാങ്കല്ല് കോസ്വെ കം റഗുലേറ്റർ പദ്ധതി അത്യന്താപേക്ഷിതമാണ്. 62 പഞ്ചായത്തുകൾക്ക് ഈ പദ്ധതി കൊണ്ട് ഗുണം കിട്ടുമെന്നത് മറന്നുകൂടാ. മലപ്പുറം തൃശ്ശൂർ ജില്ലകളുമായി ബന്ധപ്പെട്ടാനുള്ള എളുപ്പമാർഗ്ഗമെന്നതിലുപരി പരുതൂർ പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിനും യാത്രാ ദുരിതത്തിനും പരിഹാമാകുന്ന പ്രസ്തുത പദ്ധതി നടപ്പിലാക്കേണ്ടത് അനിവാര്യമാണ്. മലപ്പുറം ഗുരുവായൂർ ദൂരവും ഇത് ഗണ്യമായി കുറക്കും.

മറ്റൊരു പ്രധാന പദ്ധതിയാണ് തീരദേശറോഡ്. ഇത് യാഥാർത്ഥ്യമായാൽ 2 റെയിൽവേ ഗേറ്റിലെ കാത്തു നിൽപ്പും, ഗതാഗതകുരുക്കും ഒഴിവാക്കി കിട്ടും. എന്നു മാത്രമല്ല നമ്മുടെ സമീപത്തുള്ള പട്ടണമായ പട്ടാമ്പിയിലേക്കുള്ളദൂരത്തിൽ 5 കിലോമീറ്ററിലധികം ലാഭവുമുണ്ടാവും. മലപ്പുറം ജില്ലയുമായി ബന്ധപ്പെടാവുന്ന തൃത്തുഴക്കു കുറുകെയുള്ള ഇരുമ്പിളിയം പാലം യാഥാർത്ഥ്യമാക്കേണ്ടതും ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെടുന്നതിനാവശ്യമാണ്.

നമ്മുടെ പഞ്ചായത്തിൽ കരിയന്നൂർ പ്രദേശത്തിന്റെ റയിലിന് വടക്കുള്ള ഭാഗം ഗതാഗത സൗകര്യം തീരെയില്ലാത്ത പ്രദേശമാണ്. മഞ്ചൽ യുഗത്തെ അനുസ്മരിപ്പിക്കുന്നവിധം ഇന്നും ഒറ്റപ്പെട്ടുകിടക്കുകയാണ്. ഇതിന് പരിഹാരം കാണാനുതകുന്ന കരിയന്നൂർ ഓവർബ്രിഡ്ജ് നിർമ്മാണം അത്യാവശ്യമാണ്. നമ്മുടെ പഞ്ചായത്തിലെ മറ്റു പ്രദേശങ്ങളുമായി ബന്ധപ്പെടാനും, തദ്ദേശവാസികൾ ഇന്നനുഭവിക്കുന്ന യാത്രാ ദുരിതം പരിഹരിക്കാനും, ഈ പദ്ധതി നടപ്പിലാക്കേണ്ടത് വളരെ അത്യാവശ്യമാണ്.

സുശീലപ്പടി-അഞ്ചുമൂലറോഡ് റെയിലിന്റെ രണ്ടു ഭാഗത്തും വന്നു നിൽക്കുന്നുണ്ട്. അഞ്ചുമൂലയിൽ നിന്ന് വളാഞ്ചേരിയിലേക്കും മറ്റും നിരവധിയാളുകൾ ഈ

വഴിയെ ആശ്രയിക്കുന്നുണ്ടെങ്കിലും റെയിൽ പാളത്തിന് കുറുകെ ഗതാഗതത്തിന്നായി ഓരു ഗേറ്റ് ഇല്ലാത്തതിനാൽ ഏറെ ദുരിതം അനുഭവിക്കുന്നു. പള്ളിപ്പുറം റെയിൽവേ സ്റ്റേഷന്റെ കിഴക്കുവശത്തെ ക്യാബിൻ ഈ റോഡിനോടടുത്താണെന്നതിനാൽ കേബിനിൽ നിന്ന് സിഗ്നലുകളൊടൊപ്പം നിയന്ത്രിക്കാവുന്ന രൂപത്തിൽ, അമിതമ ചിലവില്ലാതെ ഒരു 'ലിഫ്ടിംങ്ങ് ബാരിയർ' സ്ഥാപിച്ചാർ ഇന്നുള്ള ഗതാഗത തടസ്സങ്ങൾക്ക് പരിഹാരമാകും.

യാത്രക്കാരുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധന ഉണ്ടായിട്ടും മിക്ക തീവണ്ടികളും കിഴക്കുപടിഞ്ഞാറോടുന്നത് കണ്ടുനിൽക്കാനുള്ള നിർഭാഗ്യമേ ഗ്രാമവാസികൾക്കുള്ളൂ. പടിഞ്ഞാറോട്ട് പോകുന്ന മൂന്നും കിഴക്കോട്ടുള്ള നാലും പാസഞ്ചർ ട്രൈനുകളേ ഇവിടെ നിൽക്കുന്നുള്ളൂ.

ഓരോ പതിനഞ്ചു ദിവസവും റെയിൽ വേയുടെ കണക്കനുസരിച്ച് 5000 ത്തിലധികം പേർ ഇവിടെ നിന്നും യാത്രചെയ്യുന്നുണ്ട്. റെയിൽവേ ഗതാഗതം നമുക്കക്ക് പ്രാപ്യമാക്കുന്ന രൂപത്തിൽ ട്രൈനുകൾ പരമാവധി ഇവിടെ നിർത്തുന്നതിനാവശ്യമായ സംവിധാനം ഉണ്ടാവണം.

റോഡ് നിർമ്മാണരംഗത്ത് 95-96ൽ പഞ്ചായത്ത് ചിലവഴിച്ച ഫണ്ടു വിരവം താഴെ ചേർക്കുന്നു.

JRY 95-96

പണിയുടെ പേര്	ജനറൽ സെക്ടർ
1. കരിയന്നൂർ പാലം-ആനപ്പടി	2,00,000.00
2. പാലത്തറ-തൃത്താല കടവിന്റെ അവസാനഭാഗം	1,50,000.00
3. പാലത്തറ-തൃത്താല കടവിന്റെ I & II Reach	70,000.00
4. കൊടിക്കുന്ന്-കൂട്ടക്കടവ് റോഡ് I & II Reach	90,331.00
	5,10,331.00

JRY 95-96

	എസ്റ്റിമേറ്റ് തുക	നല്കിയത്
1. പാലത്തറ-തൃത്താല കടവ് അസവാനഭാഗം	1,50,000	1,10,000
2. പാലത്തറ-തൃത്താല കടവ് I & II Rech	70,000	34,000
3. കരിയന്നൂർ പാലം - ആനപ്പടി വരെ	2,00,000	2,00,000
	4,20,000	3,44,000

ഈ രൂപത്തിൽ P.W.D. JRY പദ്ധതികൾ മുഖേന റോഡ് ടാറിങ്ങിനും- നിർമ്മാണങ്ങൾക്കുമായി 95-96 വർഷത്തിൽ 19,07,558 രൂപ പഞ്ചായത്ത് ചിലവഴിച്ചിട്ടുണ്ട്.

പ്രശ്നങ്ങൾ

നമ്മുടെ പഞ്ചായത്തിലെ മൊത്തം ഗതാഗത വികസനവുമായി ബന്ധപ്പെട്ട ഒരു പട്ടിക താഴെ കൊടുക്കുന്നുണ്ട്. ഇവയിൽ വിവിധ പ്രദേശങ്ങളിൽ അടിയന്തരമായി നടപ്പിലാക്കേണ്ടവയുൾപ്പെടെയുള്ള കാര്യങ്ങൾ ഉൾക്കൊള്ളിക്കാൻ ശ്രമിച്ചിട്ടുണ്ട്. പൊതുവിൽ നാം പിശോധിക്കുമ്പോൾ പുതിയ റോഡുകൾ 48ഉം റിപ്പയ്ർ ചെയ്തു സംരക്ഷിക്കേണ്ടവ 16 ഉം വീതികൂട്ടി ഗതാഗതയോഗ്യമാക്കേണ്ടവ 25 ഉം ടാർ ചെയ്യേണ്ടവ 28 റോഡുകളുമാണുള്ളത്.

സാധ്യതകൾ

ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്താനുതകുന്ന ഓട്ടേറെ പദ്ധതികൾ നമ്മൾ ഏറ്റെടുത്തിട്ടുണ്ടെങ്കിലും ജനസംഖ്യാവർദ്ധനവും അതോടൊപ്പം മോട്ടാർ വാഹനങ്ങളുടെ പെരുപ്പവും ദിനം പ്രതി വർദ്ധിച്ചു വരുന്ന സാഹചര്യമാണ് നിലവിലുള്ളത്. നമ്മുടെ ആവശ്യങ്ങൾക്കനുസൃതമായ രൂപത്തിൽ ഗതാഗത സൗകര്യം മെച്ചപ്പെടുത്താനുതകുന്ന ഒരുപാട് പദ്ധതിക ൾ നമുക്ക് രൂപപ്പെടുത്താൻ കഴിയും. സാമ്പത്തികപരിമിതിയും പദ്ധതികൾക്ക് അനുമതി ലഭിക്കാനുള്ള കാലതാമസവും പ്രശ്നങ്ങളെ സങ്കീർണ്ണമാക്കുന്നുണ്ടെങ്കിലും അതിനെ മറിക്കടക്കാൻ ജനകീയ പങ്കാളിത്തത്തോടെയുള്ള സന്നദ്ധ പ്രവർത്തനങ്ങളും ശ്രമങ്ങളുമുണ്ടെങ്കിൽ ഒട്ടേറെ സാധ്യത ഈ രംഗത്തുണ്ട്.

1957ൽ അഞ്ചുമൂല-തിരുവേഗപ്പുറ റോഡ് നിർമ്മാണം വഴി പൂർവ്വികർ വികസനത്തിലെ ജനകീയപങ്കാളിത്തത്തിന്റെ മാതൃക നമുക്ക് കാട്ടിതന്നിട്ടുണ്ട്. ഈ രൂപത്തിലുള്ള ഒരു വികസന സംസ്കാരം ഗ്രാമത്തിന്റ വികസനത്തിനും മുന്നോട്ടുപോക്കാനുമായി രൂപപ്പെടുത്താൻ നാം മുന്നോട്ട് വന്നാൽ ഇന്നിന്റെ പല പ്രശ്നങ്ങൾക്കും പരിഹാരമാകും എന്ന കാര്യത്തിൽ സംശയമില്ല.

ഏതാണ്ട് 15ഓളം ബസ്സുകൾ പള്ളിപ്പുറം പട്ടാമ്പി റൂട്ടിലും പട്ടാമ്പി അഞ്ചുമൂല റൂട്ടിലുമായി സർവ്വീസ് നടത്തുന്നുണ്ട്. എങ്കിലും ജോലി സംബന്ധമായും വിദ്യാഭ്യാസ ആവശ്യങ്ങൾക്കായും കച്ചവടസംബന്ധ

കടത്ത് ഗതാഗതവുമായി ബന്ധപ്പെട്ട വിവരങ്ങൾ

	വരുമാനം	മറ്റുള്ളവ
1. തൃത്താലകടവ്	14001	8500 രൂപ അടവുവന്നു 5501 രൂപ കേസു കൊടുത്തു വിധിയാക്കി
2. കളത്തിൽ കടവ്	1020	തീർത്തടച്ചു
3. കൂട്ടക്കടവ്	2550	660 രൂപ അടച്ചു ബാക്കി 1890 രൂപ കേസ്കൊടുത്തു വിധിയാക്കി
4. ആര്യംപാടം കടവ്	1520	380 രൂപ അടച്ചു ബാക്കി 1140 രൂപ കേസ്സുകൊടുത്തു വിധിയാക്കി
5. വെള്ളിയാങ്കല്ല് കട്	5250	തീർത്തടച്ചു.

മായും നമുക്ക് പൂർണ്ണമായും പട്ടാമ്പി പോലുള്ള പട്ടണങ്ങളെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യങ്ങളുള്ളതിനാൽ ഇന്നുള്ള യാത്രാസൗകര്യം അപര്യാപ്തമാണ്.

വിദ്യാർത്ഥികളുൾപ്പെടെ നൂറുകണക്കിനു വരുന്ന യാത്രക്കാർ ഈ റൂട്ടിലുണ്ടെങ്കിലും പ്രധാന റോഡിന്റെ ശോചനീയാവസ്ഥ ഗതാഗതം ദുഷ്ക്കരമാക്കുന്നു. 2 റെയിൽവെ ഗേറ്റുകളിൽ ഉണ്ടാകുന്ന ഗതാഗതക്കുരുക്ക് പ്രശ്നങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കുന്നുണ്ട്. കൂടുതൽ ബസ്സുകൾ സർവ്വീസ് നടത്തുകയും റോഡുകളുടെ അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ നടത്തുകയും ചെയ്താൽ യാത്രാ പ്രശ്നം ഒരു പിരധിവരെ പരിഹരിക്കാനാകും.

നമ്മുടെ പഞ്ചായത്തിൽ യാത്രക്കാർക്ക് ബസ്സ് കാത്തുനിൽക്കുന്നതിന് കരുവാൻ പടി, കൊടിക്കുന്ന്, പള്ളിപ്പുറം എന്നിവിടങ്ങളിൽ വെയിറ്റിംഗ് ഷെഡുകൾ ഉണ്ട്. പാലത്തറ, ഗെയിറ്റ്, അഞ്ചുമൂല, നാടപറമ്പ് എന്നിവിടങ്ങളിൽകൂടി അടിയന്തിരമായി ബസ് വെയിറ്റിങ് ഷെഡ് നിർമ്മിക്കേണ്ടതാണ്.മറ്റു യാത്രാസൗകര്യങ്ങൾ കൊടിക്കുന്ന്, കരുവാൻപടി അഞ്ചുമൂല എന്നിവിടങ്ങളിൽ ഉള്ള ഓട്ടോ സ്റ്റാന്റുകളാണ്.

ഏതാണ്ട് 50 ൽ അധികം ഓട്ടോറിക്ഷകൾ ഈ പ്രദേശങ്ങളിലായുണ്ട്. അതുപോലെ ജീപ്പ്, കാറ് തുടങ്ങിയവ പരിമിതമായ തോതിലുണ്ട്.

പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടത് നാം തന്നെയാണ്. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി കൂട്ടായ്മയിലൂടേയും, സന്നദ്ധ പ്രവർത്തനങ്ങളിലൂടെയും ഒട്ടൊക്കെ പരിഹാരം കാണാൻ കഴിയും.

ഊർജ്ജം

അര നൂറ്റാണ്ടു മുമ്പ് നമ്മുടെ ഊർജ്ജാവശ്യങ്ങൾ പരിമിതമായിരുന്നു. ഭക്ഷണം പാകംചെയ്യലും വിളക്കു കത്തിക്കുന്നതിലും നമ്മുടെ ആവശ്യങ്ങൾ ഒതുങ്ങി നിന്നു. അന്ന് ഈ പ്രദേശം മുഴുക്കെ കാടുകളായിരുന്നു. ക്രമേണ ഇന്ധനത്തിന്നുപയോഗിച്ചിരുന്ന ഫല വൃക്ഷങ്ങൾ തടികളാക്കി, തടികൾ പലകകളാണി വ്യാവസായിക ആവശ്യങ്ങൾക്ക് കയറ്റിഅയക്കാൻ തുടങ്ങി. വിറകിന് ക്ഷാമം അനുഭവപ്പെടാൻ തുടങ്ങി. അക്കാലത്ത് വിളക്കുകത്തിക്കാൻ ഉപയോഗിച്ചിരുന്നത് നീരിട്ടി എണ്ണയും നല്ലെണ്ണയും വെളിച്ചെണ്ണയും ഒക്കെ ആയിരുന്നു. പിന്നീട് ക്രൂഡ് ഓയിലും മണ്ണെണ്ണയും ആയി. 70കളിൽ പോലും വൈദ്യുതി നമ്മുടെ കൈവെട്ടത്തിലെത്തിയില്ല. വ്യാവസായിക വിപ്ലവത്തിനും പുരോഗതിക്കും വഴിതെളിയിച്ച വൈദ്യുതി അക്കാലം

വാർഡ്	ടാർ ചെയ്യേണ്ടത്	വീതി കൂട്ടേണ്ടത്	പുതുതായി വേണ്ടത്	റിപ്പയർ വേണ്ടത്
1	1. കാരമ്പത്തൂർ നാടപ്പറമ്പ് 2. നാടപറമ്പ്-ഓട്ടുപാറ 3. തുതപ്പുഴ-പറയകോളനി 4. കാരമ്പത്തൂർ-പള്ളിപ്പുറം	1. പള്ളപ്പുറം - നാടപറമ്പ് ഫുട്പാത്ത് 2. മങ്ങാട്ടുകാവ്-നാട്ടപറമ്പ്	1. കാരമ്പത്തൂർ-മദ്രസ്സ-പുഴ 2: PHC-കാരമ്പത്തൂർ 3. ആശാരിക്കുന്ന് - കാരമ്പത്തൂർ സ്കൂൾ 4. പള്ളിമുതൽ നാടപറമ്പ് PWD റോഡ് 5. മങ്ങാട്ടുകാവു മുതൽ നാടപറമ്പ് PWD റോഡ്	1. കാരമ്പത്തൂർ-കനിയന്നൂർ 2. പള്ളി-അരണാത്തു പറമ്പ്
2	1. പള്ളിമൂല-നാനാർച്ചിക്കുളം	1. മൂന്നുമൂല-അരണാത്തുപറമ്പ 2. ബാവപ്പടി-വെള്ളൂർപടി റോഡ്	1. കൊണ്ടപ്പുറം കോളനി റോഡ് 2. എടപ്പറ്റ-ചെമ്പുലങ്ങാട് സ്കൂൾ റോഡ് 3. എരുമത്തടംപടി-കൊണ്ടപ്പുറ്ത്ത് പടിവഴി റോഡ് 4. ചെറളത്തോട്-അരണാത്തു പറമ്പ് റോഡ് 5. അരണാത്തുപടി കോളനി റോഡ്	1.ഗേറ്റ്-അഞ്ചുമൂല
3	1. കരുവാൻ പടി-മാഞ്ഞാമ്പ്ര റോഡ് 2. പടിഞ്ഞാറെ കൊടുമുണ്ട-അംഗൻവാടി-ഉരുളാൻപടി.		1. കള്ളിവളപ്പ്-ചുടലക്കാട് 2. കരുവാൻപടി-കുണ്ടുതോട് 3. മുണ്ടുപാറക്കുന്ന്-മാഞ്ഞാമ്പ്ര റോഡ് 4. അയ്യപ്പൻ കാവ് നാനാർച്ചിക്കുളം റോഡ് 5. മാഞ്ഞാമ്പ്ര-കിഴങ്ങൻചാൽ	1. കള്ളിവളവ-കൊടുമുണ്ട 2. മാഞ്ഞാമ്പ്ര-നടലാട്ടാറ റോഡ് 3. ബസ്റ്റോപ്പ്-പാടം വരെ
4	1. കുളമുക്ക്-ഗേറ്റ് റോഡ് 2. കൊഴുക്കുന്നാംപാറ I.H.D.P കോളനി റോഡ് 3. തീരദേശറോഡ് - സ്റ്റേഡിയം	1. കൊടുമുണ്ട സ്കൂൾ-മൂന്ന് കണ്ണിപാലം 2. കൊഴുക്കുന്നാം പാറ സ്റ്റേഡിയം ഇടവഴി 3. ചോലക്കുളം-ഉരുളാൻപടി	1. അങ്ങാടിപ്പറമ്പ്-വടക്കോട്ടുള്ള ഇടവഴി ഗേറ്റ് വരെ 2. ലക്ഷം വീട്-വെള്ളക്കുട്ടി റോഡ് 3. സ്റ്റേഡിയം-റെയിൽവെ ലൈൻ 4. കൊഴുക്കുന്നാം പാറ -ഉരുളാൻപടി	1. പാലത്തറ-കുളമുക്ക് 2. മൊട്ടക്കുന്ന്-സ്റ്റേഡിയം റോഡ്
5	1. പഴയങ്ങാടി-കുളമുക്ക് 2. മംഗലം-മുടപ്പക്കാട്	1.തട്ടാരക്കുന്ന്-പാലത്തറ 2. കൊടിക്കുന്ന്-തട്ടാരക്കുന്ന്.	1. ചിറങ്കരമാഞ്ഞാമ്പള്ള്യാൽ മുടപ്പക്കാട് റോഡ് 2. തട്ടാരക്കുന്ന് - ചിറങ്കര 3. മംഗലം-മഞ്ഞപ്രകടവ് 4. മംഗലം-വെള്ള്യാങ്കല്ല് 5. അഞ്ചുമൂല-വെള്ള്യാങ്കല്ല് 6. പഴയങ്ങാടി ചാല്യത്തൊടി റോഡ് 7. നാനാത്തുപറമ്പ്-പാടം റോഡ്	1.കൊടിക്കുന്ന്-വെള്ളിയാങ്കല്ല് റോഡ്
6	1. സുശീലപ്പടി-അഞ്ചുമൂല 2. ബാങ്ക്-പാലത്തറ റോഡ് 3. പൊന്മലക്കുന്ന് റോഡ് 4. പാണ്ട്യാർ ചിറ-മുക്കിലപ്പീടിക	1.കരുവാൻ പടി-പള്ളിപ്പുറം 2.പാലത്തറ-കുരുത്തിക്കുഴി 3. പടിഞ്ഞാറെനട-പൊന്മലക്കുന്ന് കോളനി	8. ചാലി-തെക്കെക്കുന്ന് 9. മംഗലം കുന്ന്-ചുടല-വെള്ളയാങ്കല് 10. പറക്കുത്ത്പള്ള്യാൽ കോളനി റോഡ് 11. പാലത്തറ ചിറങ്കര 1. പാറക്കുളങ്ങര പള്ള്യാരം 2. റാവുത്തൻപടി-ഓടുപാറ കോളനി	1.അമ്പാട്ടുപറമ്പ് - റെയിൽവെ പാത

7	തീരദേശ റോഡ് 2. മുടപ്പക്കാട്-കൊടുമുണ്ട റോഡ്	ചോലക്കുളം-കോന്തത്തുപടി റോഡ് 2. ലക്ഷം വീട് നടവഴി 3. ചെങ്ങഴിക്കുന്ന് റോഡ്	1.തെക്കുമൂറി-മരുന്നിങ്ങൽ മുടപ്പക്കാട് റോഡ് 2.അയ്യപ്പൻ കാവ്-ചുള്ളമ്പറ്റ മുടപ്പക്കാട് 3. മഠത്തിൽ കുണ്ടുളി കൊണ്ടോർത്ത് അമ്പലം 4. കക്കട്ടിൽ-പാടംറോഡ് 5. കൊഴുക്കുന്നാം പാറ-ഹെൽത്ത്സെന്റർ	1. അമ്മാളുക്കുട്ടി അമ്മ റോഡ്
8	1. മുടപ്പക്കാട് ക്ഷേത്രം-തൃത്താല കടവ് 2. മുക്കില പീടിക-ചാഞ്ചേരിപറമ്പ് 3. ഷാപ്പ്പറമ്പ്-കാക്കരെപള്ള്യാൽ 4. മുടപ്പക്കാട്-കൊടുമുണ്ട റോഡ്	1. ചാഞ്ചേരിപ്പറമ്പ്-മൂന്ന് തെങ്ങ് 2. മൂണ്ടാറമ്പത്ത് ഷാപ്പ് പറമ്പ്	1. മദ്രസ്സ-അഞ്ചുമൂല 2. അയിനിപ്പറമ്പ് -മുടപ്പക്കാട് ശിവക്ഷേത്രം 3. പാതിരിക്കോട്- മാഞ്ഞാമ്പള്ള്യാൽ 4. അയിനിപ്പറമ്പ്-പണ്ടാരക്കുളം	1.കുളമുക്ക്-മുടപ്പക്കാട്
9	1. കൊടിക്കുന്ന് -പരുവക്കളം 2. തെക്കേക്കുന്ന് - പുളിക്കപ്പറമ്പ് 3. പള്ളിമുതൽ-പുളിക്കപ്പറമ്പ് വരെ 4. പള്ളിമുതൽ- ആശുപത്രിവരെ	1. പുളിക്കപ്പറമ്പ്-മുക്കിലപ്പീടിക ഓട്ടുപാറക്കുന്ന് ആശുപത്രി 2.ഹെൽത്ത്സെന്റർ-കളരിപ്പറമ്പ് 3. കുന്നത്തേത്തുതൊടി - ഇല്ലത്തുതൊടി 4. പുളിക്കപ്പറമ്പ്-പരുവക്കളം കോളനി 5. കൈതക്കുന്ന്-ഓടുപാറ	1. മൊയ്തുണ്ണിപ്പടി-ഓടുപാറ റോഡ് 2. തെക്കെക്കുന്ന്-മഞ്ഞപ്രപടി 3. തെക്കെക്കുന്ന്- ആലിക്കക്കണ്ടം 4. ലക്ഷം വീട്മെയിൻ റോഡ് 5. തെക്കെക്കുന്ന്-എടപ്പതായറോഡ് 6. ഇല്ലതൊടി-കൂട്ടക്കടവ് പമ്പ് ഹൗസ് 7. അമ്പാട്ടതൊടി-കനാൽ	1. കൊടിക്കുന്ന്-കൂട്ടക്കടവ് 2. പുല്ലൂരാട്ട് പടി-കണ്ടത്തൊടി റോഡ്
10	1.പുളിയപ്പറ്റ കോളനി-കരിയന്നൂർ സ്കൂൾ-ആശുപത്രി റോഡ് 2. കട്ടി-കാരമ്പത്തൂർ റോഡ്	1. കട്ടി-പള്ളിപ്പുറം റോഡ് 2. കിഴക്കേ ആനപ്പടി-തൃതപ്പുഴറോഡ് 3. കരിയന്നൂർ-നാടപറമ്പ് H.Sഫുട്പാത്ത്	1. കരിയന്നൂർ സ്കൂൾ-ആശുപത്രി-പരുതൂർ റോഡിൽ മുട്ടിക്കുക	1.കരിയന്നൂർ സ്കൂൾ-പടിഞ്ഞാറെ ആനപ്പടി റോഡ് 2. സ്കൂൾ-പള്ളിപ്പുറം.

വരെയും നമുക്ക് പുസ്തകങ്ങളിലൂടെയുള്ള വായിച്ചറിവു മാത്രമായി. നമ്മുടെ സമീപപ്രദേശങ്ങളിൽ പോലും വൈദ്യുതി ഉപയോഗിച്ചുതുടങ്ങി. നമുക്കത് നോക്കി നിൽക്കാനേ കഴിഞ്ഞുള്ളൂ. 1981-ലാണ് അതു നമുക്ക് കൈവന്നത്. തുടർന്ന് നമ്മുടെ നാട്ടിലെ കൃഷി വ്യാവസായിക സാധ്യതകൾ വർദ്ധിക്കുകയുണ്ടായി. ഇന്ന് ജീവിതത്തിലെ ഒരത്യാവശ്യഘടകമായി വൈദ്യുതി മാറുകയും ചെയ്തു.

തൃത്താല, പട്ടാമ്പി, കൊപ്പം സെക്ഷനുകളിൽ നിന്നാണ് ഇവിടെ വൈദ്യുതി വിതരണം ചെയ്യുന്നത്. പഞ്ചായത്തുമായി ബന്ധപ്പെട്ട ട്രാൻസ്ഫോമറുകളുടെ ശേഷിയും ഉപഭോക്താക്കളുടെ എണ്ണവും പഠിച്ചതിൽ എല്ലാ ട്രാൻസ്ഫോമറുകളും അധികഭാരം വഹിക്കുന്നതാണെന്ന് മനസ്സിലാക്കാൻ കഴിയും.

പൊതുജനങ്ങളുടെ ആവശ്യത്തിന് റോഡുകളിൽ വിവിധഭാഗങ്ങളിൽ 198 ബൾബുകളും 8 ട്യൂബുകളും 25 സോഡിയം വേപർ ലാമ്പുകളും ഉണ്ട്. പ്രതിമാസം 4147 രൂപ ഇവ പ്രകാശിപ്പിക്കുന്നതിന് പഞ്ചായത്ത് ചെലവാക്കുന്നുണ്ട്. പഞ്ചായത്തിലെ 36% വീടുകളേ വൈദ്യുതീകരിച്ചിട്ടുള്ളൂ. കൃഷി ആവശ്യത്തിന് 225 കണക്ഷനും വ്യാപാരസ്ഥാപനങ്ങൾക്ക് 198 കണക്ഷനും വ്യാവസായിക ആവശ്യങ്ങൾക്ക് 25 കണക്ഷനുമാണ് നൽകിയിട്ടുള്ളത്. ഗാർഹിക ആവശ്യത്തിന് 1693 കണക്ഷൻ നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ 2970

വീടുകളും അംഗനവാടികളിലും മിക്ക സ്കൂളുകളിലും വൈദ്യുതി എത്തിയിട്ടില്ല.

വൈദ്യുതി വിതരണം ചെയ്യുന്ന ട്രാൻസ്ഫോർമറുകൾ

1.	മഗലം	100 കെ.വി
2.	വെള്ളിയാംകൽ ലിഫ്റ്റ് ഇറിഗേഷൻ	160 കെ.വി
3.	തെക്കേക്കുന്ന്	63. കെ.വി
4.	കൊടിക്കുന്ന്	250 കെ.വി
5.	കുളമുക്ക്	100 കെ.വി
6.	പള്ളിപ്പുറം	100 കെ.വി
7.	നരിപ്പറ്റ ലിഫ്റ്റ് ഇറിഗേഷൻ	160 കെ.വി
8.	കൊടുമുണ്ട	160 കെ.വി
9.	നടുമുറി	63 കെ.വി
10.	നാടപറമ്പ്	100 കെ.വി
11.	ചെറുകടങ്ങാട്	100 കെ.വി

ഹരിനജൻ കോളനി കളുടെ പേര് ഫീൽഡ്	ലഭിച്ച കുടുംബങ്ങൾ	സൗജന്യ സ്ലാബ് വൈദ്യുതി ഉപയോഗം	പണം നൽകി വൈദ്യുതി ഉപയോഗി ക്കുന്ന വർ
5. മംഗലം എച്ച്.സി.	20	4	16
9. തെക്കെക്കുന്ന് കൈതക്കുന്ന്	35	12	23
പരുവക്കളം എച്ച്.സി.	12	4	8
പുളിക്കപ്പറമ്പ്	8	2	6
10. കരിയന്നൂർ എച്ച്.സി.	10	1	9
7. പാതിരിപ്പറമ്പ് എച്ച്.സി.	10	3	7
നരിപ്പറ്റ പ്പടി	10	2	8
നടുമുറി	25	8	17
എച്ചസ്	10	5	5
4. കൊച്ചിയിൽപ്പടി എച്ച്.സി	8	1	7

പ്രശ്നങ്ങൾ

1. കുറഞ്ഞ വോൾട്ടതയാണ് മുഖ്യപ്രശ്നം

2. 5% മീറ്ററുകൾ കേടുവന്നിരിക്കുന്നു.

3. പ്രേക്ഷണ-വിതരണ സംവിധാനങ്ങളുടെ തകരാറുകാരണം വൈദ്യുതി നഷ്ടം.

4. കണക്ഷൻ ലഭിക്കാനുള്ള 117 സാധാരണ അപേക്ഷകരും 7 OTP അപേക്ഷകരും, 7 OYEC അപേക്ഷകരും കാത്തിരിക്കുകയാണ്.

5. ഒട്ടേറെ മേഖലകളിൽ സ്ട്രീറ്റു ലൈറ്റുകൾ ഇല്ല.

6. സ്ട്രീറ്റു ലൈറ്റുകളിൽ പലതും കത്തുന്നില്ല.

7. ബിൽ അടക്കാൻ ഒരു കേന്ദ്രം ഇല്ല.

8. ഇപ്പോൾ വേണ്ടത്ര ലൈൻമാൻമാർ ഇല്ല.

9. KSEB രജിസ്റ്ററിലൽ കാണുന്നതിനേക്കാൾ എത്രയോ അധികം വൈദ്യുതി ഉപയോഗിക്കുന്നു.

10. സമ്പന്നകുടുംബങ്ങളിലെ സ്റ്റെപ് അപ് ഉപയോഗം നിർത്തണം.

സാധ്യതകൾ

സമ്പന്ന കുടുംബങ്ങളിലെ സ്റ്റെപ് അപ് ഉപയോഗം മറ്റുള്ളവർക്ക് ദോഷം ചെയ്യുന്നു.

2. വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.

3. സൗരോർജ്ജ വിളക്കുകളും അടുപ്പുകളും സ്ഥാപിക്കണം.

4. ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ പടുവൃക്ഷങ്ങൾ കൃഷി ചെയ്യണം.

5. ഓട്ടുപാറക്കുന്നിനും മംഗലം കുന്നിനും മുകളിൽ കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കാൻ വേണ്ട പര്യവേഷണം നടത്തുകയും പദ്ധതി നടപ്പിലാക്കുകയും വേണം.

6. കന്നുകാലി വളർത്തുന്ന വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കണം.

7. തെരുവുവിളക്കുകളുടെ സംരക്ഷണം സന്നദ്ധ സംഘടനകളെ ഏല്പിക്കണം.

8. പുകയില്ലാത്ത അടുപ്പ് പ്രചരിപ്പിക്കുക.

9. സർക്കാർ സഹായത്തിൽ ദുർബലർക്കും സ്കൂളുകൾക്കും വൈദ്യുത കണക്ഷൻനൽകണം.

10. അർഹതപ്പെട്ടവർക്കെല്ലാം ഉടനെ കണക്ഷൻ നൽകണം.

പ്രധാനപ്പെട്ട ഗാർഹിക ഊർജ്ജആവശ്യകത പാചകം, വെള്ളം ചൂടാക്കൽ, വെളിച്ചം എന്നിവക്കാണ്. പാചകത്തിനും വെള്ളം ചൂടാക്കലിനും ഏറ്റവും അധികം ഊർജ്ജം ചെലവാക്കുന്നു. ഈ ആവശ്യ

വാർഡ്	പൊതുകിണർ റിപ്പയർ വേണ്ടവ	പുതിയ കിണർ	കുഴൽക്കിണർ റിപ്പയർ	കുഴൽ കിണർ പുതിയത്	പൈപ്പ് ലൈൻ ആവശ്യങ്ങൾ	മറ്റുള്ളവ
1	6 പഞ്ചായത്തു കിണറുകൾ എല്ലാം റിപ്പയർ ചെയ്യണം			കാരമ്പത്തൂർ ഹരിജൻ കോളനിയിൽ ഒന്ന്	1. ആശാരിക്കുന്നിൽ വെള്ളം ടാങ്കുകെട്ടി ശേഖരിച്ച് പൈപ്പ് ലൈൻ വഴി വിതരണം ചെയ്യണം. ഇതിനായി നന്നായി വെള്ളം കിട്ടുന്ന പുതിയ കിണർ വേണം	
2	എല്ലാ പൊതു കിണറുകളും			3. കുഴൽ കിണറുകൾ പുതുതായി വേണം	1. ചെമ്പുലങ്ങാട് പോസ്റ്റ് ഓഫീസിനു സമീപമുള്ള പൈപ്പ് ലൈൻ റെയിൽ വേ ഗേറ്റു വരെയും പള്ളിമൂല-മുന്നുമൂല വരെയും നീട്ടണം 2. തലമുണ്ട – മേച്ചീരിപ്പറമ്പ് കോളനികളിലേക്ക് പൈപ്പ് ലൈൻ വേണം.	കരുവാൻപടി കുഴൽ കിണറിനോടനുബന്ധിച്ചുള്ള ടാങ്ക് സംഭരണശേഷി വർദ്ധിപ്പിച്ച് പുതുക്കിപ്പണിയുക
3	കരുവാൻ പടി മാഞ്ഞാമ്പ്രറോഡിൽ പൊതുകിണർ റിപ്പയർ ചെയ്യുക			3. കുഴൽ കിണറുകൾ പുതുതായി വേണം	1. കരുവാൻ പടി-മാഞ്ഞാമ്പ്ര റോഡിൽ ഇടക്കാട്ടേക്ക്. 2. മൈക്കുന്ന് ഹരിജൻ കോളനി (3) പോത്തന്നങ്ങാട് ഇടവഴി (4) സി.കെ. കോളനി റോഡ് വഴി (5) താളിക്കുത്ത് റോഡ് വഴി പള്ളികോളനി (6) മൂണ്ട്യാറമ്മൽ കോളനിയിലേക്ക് (7) അച്ചുണ്ണിത്തോടു വരെ (8) ഉരുളാൻ പടിമുതൽ ഹിദായമദ്രസ വഴി പരുതൂർ പഞ്ചായത്ത് അതിർത്തി വരെ	നനാർത്തിക്കുളം, വാട്ടർവലിയകുളം എന്നിവ പ്രധാന്യം നൽകി ജലസംഭരണികളാക്കി മാറ്റണം.
4	ലക്ഷം വീട്			ഏറ്റവും വെള്ളം കിട്ടുന്ന ഭാഗം സർവ്വെ ചെയ്ത് ‘ഒരു കുഴൽ കിണർ	1. കുറുങ്കൻ കോളനി (2) റെയിലിനോട് ചേർന്ന് നമസ്കാരപ്പള്ളിവരെ (3) ഉരുളാൻ പടി മദ്രസ (4) സ്റ്റേഡിയം മുതൽ കൊച്ചിപ്പളിയാൽ ഭാഗം (5) കണ്ണാട് ക്ഷേത്രപരിസരം (6) ആശാരിക്കോളനി (7) ലക്ഷം വീട് (8) കൂളമുക്ക് ഗൈയിറ്റ് റോഡ് എന്നിവിടങ്ങളിലേക്ക്	മൊട്ടക്കുന്നിൽ വാർഡിന്റെ എല്ലാ ഭാഗത്തേക്കും വെള്ളം എത്തിക്കാന്ന വിധം പുതിയ കുഴൽ കിണറും ടാങ്കും വേണം
5	1. വെള്ളിയാങ്കല്ല് കടവിനടുത്ത്. 2. മംഗലം കുന്ന് ഹരിജൻ കോളനി 3. ചിറങ്കരപ്പറമ്പ്		ചിറങ്കര കുഴൽ കിണർ റിപ്പയർ ചെയ്യണം		1. മംഗലം കുന്ന് ഹരിജൻകോളനിയുടെ വടക്കേചരിവിലൂടെ. 2. കൊടിക്കുന്ന് – തകരക്കുന്ന വഴി 3. കൊടിക്കുന്ന് – പഴയങ്ങാടി – ചിറക്കര	മംഗലം പാടത്തുള്ള കുഴൽ കിണറിന് മോട്ടോർസ്ഥാപിച്ച് പൈപ്പുവഴി വിതരണം.
6	1. കരുത്തിക്കുഴി 2. കളരിപ്പറമ്പ് 3. വടക്കെനട		പൊന്മലകുന്നിലെ കുഴൽകിണർ റിപ്പയർ ചെയ്യണം	ചാത്തോൻ പാറക്കുന്ന് 2. കൂരമ്പറമ്പ്	1. പാലത്തറ ലൈൻ പള്ളിപ്പറം വരെ നീട്ടണം 2. മംഗലം കുഴൽക്കിണറിൽ നിന്ന് പാലത്തറവരെ	എം.ടി.വീരാന്റെ പടിക്കലുള്ള കുഴൽകിണറിൽ നിന്ന് മോട്ടോർ വെച്ച് വെള്ളം പമ്പുചെയ്യുക

7	നടുമുറി 2. ചെങ്ങഴികന്ന്	തെക്കുമുറി	നരിപ്പറ്റ കോളനിയിൽ	പടിക്കൽ പറമ്പ് പാലക്കൽ കോളനി	1. നടുമുറി പൈപ്പ് ലൈൻ കറുങ്ങൻ കോളനി വഴി ലക്ഷം വീട്ടിലേക്ക്. 2. കളമുക്കിൽ നിന്നുള്ളതും, ചെങ്ങഴിക്കുന്ന്, കളളിക്കുന്ന ലൈനുകളും നന്നാക്കുക. 3. പട്ടികപ്പറമ്പിലേക്ക് നടുമുറിയിലെത്തുന്ന ലൈൻ നീട്ടുക. 4. പാലക്കൽ കോളനിയിലേക്ക് പുതിയ ലൈൻ വേണം	
8	1. മുണ്ടാറമ്പത്ത് 2. ഷാപ്പുപറമ്പ് 3. പാതിരിക്കോട്	ചാഞ്ചേരിപ്പറമ്പ് അച്ചാരുതൊടി മാഞ്ഞാൻ പള്ളിയാലിൽ		മുടപ്പക്കാട് കുഴൽ കിണർ പദ്ധതി ജലക്ഷാം പരിഹരിക്കുന്നതിന് ഒന്ന്	1. നടുമുറി പൈപ്പ് ലൈൻ കറുങ്ങൻ കോളനി വഴി ലക്ഷം വീട്ടിലേക്ക്. 2. കളമുക്കിൽ നിന്നുള്ളതും, ചെങ്ങഴിക്കുന്ന്, കളളിക്കുന്ന ലൈനുകളും നന്നാക്കുക. പട്ടികപ്പറമ്പിലേക്ക് നടുമുറിയിലെത്തുന്ന ലൈൻ നീട്ടുക. 4. പാലക്കൽ കോളനിയിലേക്ക് പുതിയ ലൈൻ വേണം	
	1. പുളിക്കപ്പറമ്പ് 2. പുളിക്കപ്പറമ്പ് ഹരിജൻ കോളനി 3. തെക്കേക്കുന്ന് 4.കളരിപ്പറമ്പ്	കൈത പരുവക്കുളം	കൈതകുന്ന് ഓട്ടുപാറക്കുന്ന് സ്കൂൾ വരമ്പ് കൈതക്കുന്ന്		1. അയനിപ്പറമ്പ് (2) പി.എച്ച്.സി സെന്റർ പ്രദേശം (3) ഷാപ്പ് പറമ്പ് പ്രദേശം (4) മംഗലം കുന്ന് തെക്കുഭാഗം (5) മരുന്നുകുന്ന് പ്രദേശം എന്നിവിടങ്ങളിലേക്ക് പുതിയ ലൈൻ വേണം (6) ചിറങ്കര-മാഞ്ഞാപള്ളിയാൽ റോഡിലേക്ക് പുതിയ ലൈൻ വേണം.	
					വാർഡിന്റെ എല്ലാ ഭാഗത്തും പൈപ്പ് ലൈൻ എത്തിക്കണം	പുളിയ ക്കുന്ന.. കരിയന്നൂർ സ്കൂൾ കുഴൽ കിണറുകളിലേ വെള്ളം ടാങ്കുകെട്ടി ശേഖരിച്ച് വിതരണം ചെയ്യുക

ങ്ങൾക്ക് വൈദ്യുതിയല്ലാത്ത ഊർജ്ജ ഉറവിടങ്ങൾ ഉപയോഗപ്പെടുത്തിയാൽ നമ്മുടെ വൈദ്യുതിക്ഷാമം ഒട്ടൊക്കെ പരിഹരിക്കാം.

മാർക്കറ്റ്

വർഷങ്ങൾക്കു മുമ്പുള്ള നമ്മുടെ ഭാഗ്യം റെയിൽവെസ്റ്റേഷനും, പാലത്തറ ചന്തയുമായിരുന്നു. നിരവധി തീവണ്ടികൾ നിർത്തിയിരുന്ന പള്ളിപ്പുറം സ്റ്റേഷനായി നമ്മുടെ പ്രദേശത്തിന്റെ ജീവൻ. മാങ്ങ, ചക്ക, മരച്ചീനി, നേന്ത്രക്കായ എന്നിവ ബുക്ക് ചെയ്ത് വിദൂരസ്ഥലങ്ങളിലേക്ക് 'പാർസൽ ബുക്കിംഗ്' വഴി അയയ്ക്കുവാനാകുമായിരുന്നു. വൻതോതിൽ മത്സ്യം ട്രെയിൻ വഴി കൊണ്ടുവന്ന് വിളത്തൂർ, മുതുതല തുടങ്ങിയ പ്രദേശങ്ങളിലേയ്ക്കുപോലും വിതരണം ചെയ്യാനാകുമായിരുന്നു.

പാലത്തറ ചന്തയായിരുന്നു കാർഷികോല്പന്നങ്ങൾ വിറ്റഴിക്കാനുള്ള പ്രധാനസ്ഥലം. പുഴയിൽ നിന്നും, പറമ്പിൽ നിന്നും ഉല്പാദിപ്പിക്കപ്പെടുന്ന പച്ചക്കറി, മത്സ്യമാംസാദികൾ, പരമ്പരാഗത തൊഴിലുല്പന്നങ്ങൾ എന്നിവയുടെ വില്പന ഇടത്തട്ടുചൂഷണമില്ലാതെ നടന്നിരുന്നതിവിടെയാണ്.

റെയിൽവെ പാർസൽ ബുക്കിംഗ് നിർത്തി. ജനങ്ങൾക്ക് കാർഷികോല്പന്നങ്ങൾ മറ്റു പ്രദേശങ്ങളിലേക്കയക്കാനുള്ള സംവിധാനം ഇപ്പോഴില്ല. ഇതുവഴി മാങ്ങ, ചക്ക, മരച്ചീനി എന്നിവക്ക് ഇടത്തട്ടുകാരനെ ആശ്രയിക്കണം. ഇവിടെനിന്ന് വൻതോതിലുള്ള ട്രാൻസ്പോർട്ടിങ് ചെലവ് വിലയിടിവിന് കാരണമാകുന്നു. ട്രെയിൻ വഴിയുള്ള മീൻ വരവ് നിന്നതും, ലോറി വഴി കൊണ്ടുവരാൻ തുടങ്ങിയതും, വൻതോതിലുള്ള വിലക്കയറ്റത്തിനു കാരണമാക്കി. 'പാലത്തറ ചന്ത' നാമാവശേഷമായപ്പോൾ പരിമിതമായ പരമ്പരാഗത തൊഴിലുല്പന്നങ്ങൾ വിറ്റഴിക്കാൻ സ്ഥലമില്ലാതെ കുഴങ്ങുന്നു. വെള്ളരിക്ക, മത്തൻ, കുമ്പളം തുടങ്ങിയ ഉല്പന്നങ്ങൾക്കും മാർക്കറ്റ് സാദ്ധ്യതകുറവാണ്. നമ്മുടെ പഞ്ചായത്തിനാവശ്യമുള്ള ഉപ്പു തൊട്ട് കർപ്പൂരം വരെ വരുന്നത് മറ്റു പ്രദേശങ്ങളിൽ നിന്നായതും തന്മൂലം കയറ്റിറക്ക് ചിലവ് കൂടുന്നതും വിലക്കയറ്റമുണ്ടാക്കുന്നു.

സാദ്ധ്യതകൾ

1. റെയിൽവെ അധികൃതരുമായി അടിയന്തിരമായി ബന്ധപ്പെട്ട് 'പാർസൽ സർവീസ്' പുനരാരംഭിക്കണം. ഇത് മത്സ്യക്കച്ചവടം, കാർഷികോല്പന്നങ്ങളുടെ കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കാൻ സഹായകമാകും.

2. 1,2 വാർഡുകളെയും 3,4 വാർഡുകളെയും 5,7,8 വാർഡുകളെയും 6,910 വാർഡുകളെയും കേന്ദ്രീകരിച്ച് ആഴ്ചചന്തകൾ വേണം. ഇത് വ്യത്യസ്ത ദിവസങ്ങളായാൽ കൂടുതൽ പ്രയോജനപ്പെടും.

3. പച്ചക്കറി, നാളികേരം, നേന്ത്രക്കായ എന്നിവയ്ക്ക് പഞ്ചായത്തിൽ ഓരോ പ്രധാന ചന്തയെങ്കിലും ഉണ്ടാകണം.

4. മത്സ്യം, മാംസം എന്നിവയ്ക്ക് ആധുനിക വികസന സൗകര്യങ്ങളുള്ള ചന്ത ഉണ്ടാവണം.

5. നാടൻ അരിയുടെ ഒരു ചന്ത നല്ലതാണ്. നമ്മുടെ നാട്ടിലെ നെല്ല് അരിയാക്കി വിതരണം ചെയ്യാനുള്ള സംവിധാനമാണിത്.

6. സഹകരണ രംഗത്തുള്ള മാർക്കറ്റുകൾ കശുവണ്ടി, കുരുമുളക്, നെല്ല് എന്നിവയുടെ സംഭരണ രംഗത്ത് വേണം.

നിലവിലുള്ള 'കമ്പോള' സംസ്കാരം അവസാനിപ്പിച്ച് ഒരു 'ഗ്രാമീണ ചന്ത' സംസ്കാരം നമ്മളുടെ ഇടയിലുള്ള പരസ്പര സഹകരണവും, സ്നേഹവും വളർത്താനുളും – ലോകം വെട്ടിപിടിക്കാനുള്ള വെമ്പലിൽ വളർന്നുവരുന്ന അഴിമതിപതുക്കെ പതുക്കെയെങ്കിലും തുടച്ചുമാറ്റാനാകും.



പാർപ്പിടം
സാമൂഹ്യക്ഷേമം

സുരക്ഷിതത്വത്തിന്റെ സങ്കേതമായി സ്വന്തമായി ഒരു വീട് ഏതൊരു വ്യക്തിയുടേയും സ്വപ്നമാണ്. ശാസ്ത്ര സാങ്കേതിക രംഗത്തെ പുരോഗതി ഭവന നിർമ്മാണ രംഗത്തെ കൂടുതൽ ചിലവുള്ളതാക്കി ത്തീർത്തിട്ടുണ്ട്. മുൻകാലങ്ങളിൽ തട്ടുള്ളതും ഓടിട്ട തുമായ വീടുകൾ തറവാടിന്റെ മഹിമയായി കണ്ടി രുന്നു. നാലുകെട്ടും നടുത്തളവും ഉള്ള വീടുകൾ ഫ്യൂഡൽ വ്യവസ്ഥിതിക്ക് അന്ത്യം കുറിച്ചതോടെ ഇല്ലാതായി. ആദ്യ കാലങ്ങളിൽ പഞ്ചായത്തിലെ അധികം വീടുകളും വൈക്കോല്,തെങ്ങോല, കരിമ്പ നപ്പട്ട എന്നിവകൊണ്ട് മേഞ്ഞതായിരുന്നു. വിസ്താര മേറിയ ജനലുകൾക്ക് പകരം 'കിളിവാതിലുകൾ' ആയിരുന്നു. ഭേദപ്പെട്ട വീടുകളിൽ കഴുക്കോലും പട്ടികയും ഉത്തരവും തേക്ക് കൊണ്ടോ പ്ലാവു കൊണ്ടോ ഉണ്ടാക്കിയതായിരുന്നു. മരത്തിന്റെ ലഭ്യത അന്നൊരു പ്രശ്നമായിരുന്നില്ല. എന്നിരു ന്നാലും താഴ്ന്ന വരുമാനക്കാർ കവുങ്ങ്, തെങ്ങ്, കരിമ്പന, മുള എന്നിവയാണ് ഉപയോഗിച്ചിരുന്നത്. കുടിലുകൾക്ക ജനവാതിലുകളും ഉണ്ടായിരുന്നില്ല. ഗ്രാമീണ ഭാഷയിൽ 'കൂടപ്പുര' എന്ന നാമത്തിൽ മുളംകാലുകളിലോ,മൺതൂണുകളിലോ നിലയുറപ്പി ച്ചുകൊണ്ടുള്ള വീടുകളായിരുന്നു അധികവും. അത് മുറികളായിവേർതിരിച്ചിരുന്നില്ല. എന്നാലപൂർവ്വം ചിലതിൽ തെങ്ങോല കൊണ്ട് മെടഞ്ഞെടുത്ത തടു ക്കുകൾ ഉപയോഗിച്ച് ഒന്നോ രണ്ടോ റൂമുകൾ വേർതിരിച്ചിരുന്നു. പുര മേയുക എന്നത് ഇന്നത്തെ പ്പോലെ അന്നും ചിലവേറിയതായിരുന്നതുകൊണ്ട് ചോർ ന്നൊലിക്കുന്ന വീടുകൾ സർവ്വസാധാരണമാ യിരുന്നു.

ധനികവർഗ്ഗം വീടിന്റെ തറയ്ക്ക് ചെങ്കല്ലുപയോ ഗിച്ചിരുന്നു. ചുമരുകൾ ഉണ്ടാക്കിയിരുന്നതും ചെങ്ക ല്ലുകൊണ്ടായിരുന്നു. മണ്ണുകൊണ്ടു നിർമ്മിച്ച ചുമരു

പരുതൂർ പഞ്ചായത്ത് കട്ടിടം സംബന്ധിച്ച വിവരം

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	കോൺഗ്രീറ്റ്	ഓട്	ഓല	മറ്റുള്ളവ	വീടുകളുടെ എണ്ണം
I	537	56	306	172	2	460
II	501	41	206	248	6	420
III	525	48	197	101	179	350.
IV	518	58	247	138	75	510
V	543	43	201	297	2	625
VI	588	56	311	151	70	355
VII	526	77	247	175	27	440
VIII	558	36	341	176	5	350
IX	488	19	165	277	27	715
X	433	28	258	146	1	438
ആകെ	5217	462	2479	1881	394	4663

പഞ്ചായത്തിലെ കെട്ടിട നിർമ്മാണത്തെ സംബന്ധിച്ച്

മൊത്തം കെട്ടിടങ്ങൾ	1991 - 1992	'92 - '93 പുതിയവ	'93 -'94 പുതിയവ	'94 - '95 പുതിയവ	'95 - '96 പുതിയവ
5217	4920	86	85	72	54

ഭവന നിർമ്മാണ പദ്ധതി JRY,, അൺ ടൈഡ് ഫണ്ട്

വാർഡ്	1990-1991 മുതൽ പഞ്ചായത്ത് നിർമ്മിച്ച ഭവനങ്ങളുടെ എണ്ണം	ബ്ലോക്ക് സ്കീം അനുസരിച്ച് നിർമ്മിച്ച എണ്ണം	ആകെ
1	6	3	9
2	7	5	12
3	3	2	5
4	7	5	12
5	10	5	15
6	3	3	6
7	16	5	21
8	8	2	10
9	20	5	25
10	6	3	9
	86	38	124

കളും ചില പുരാതന വീടുകൾക്കുണ്ടായിരുന്നു.ഇടത്തരക്കാരുടെ വീടിന്റെ ചുമരുകളധികവും മണ്ണു കൊണ്ടായരുന്നു. കുമ്മായം പൂശിയ വീടുകൾ ആഗ്യ കാലത്ത് 'അപൂർവ്വമായിരുന്നു. കക്കത്തോടുകൾ നീറ്റി അതിന്റെകൂടെ കൊഴുപ്പിനു വേണ്ടി പൂള മരത്തിന്റെ (ഉന്നമരം) തോലും ചേർത്ത് ഇടിച്ച് പാകമാക്കിയായിരുന്നു കുമ്മായം നിർമ്മിച്ചിരുന്നത്. കടുക്കയുടെ തോടിൽ നിന്നും ചായങ്ങളുണ്ടാക്കി കട്ടിലക്കും ജനാലകൾക്കും ചിലർ തേച്ചിരുന്നു. സാമ്പത്തികശേഷി ഉള്ളവരുടെ വീടുകളിലെ ഫർണീച്ചറുകളിൽ കണ്ടിരുന്ന കൊത്തുപണികൾ യാന്ത്രിക യുഗത്തെ അതിശയിപ്പിക്കുന്ന വിധത്തിലായിരുന്നു. അപൂർവ്വം ചില വീടുകളിൽ നിലം സിമന്റ് ഇട്ടതായിരുന്നു. ഇടത്തരക്കാർ കാവി മണ്ണ് വിരിച്ച് ഉരക്കല്ലു കൊണ്ട് ഉരസി മിനുസപ്പെടുത്തിയിരുന്നു. കുടിലുകളിൽ നിലം ചാണകം മെഴുകിയതായിരുന്നു. പൊതുവെ വേണ്ടത്ര വെളിച്ചമോ വായുവോ ലഭിക്കാത്ത സുരക്ഷിതത്വം ഇല്ലാത്ത വീടുകളായിരുന്നു അധികവും ഈ പഞ്ചായത്തിൽ ആദ്യ കാലങ്ങളിൽ ഉണ്ടായിരുന്നത്.

1960കൾക്ക് ശേഷമാണ് ഈ രംഗത്ത് സാരമായ മാറ്റം കാണുന്നത്. ക്രമേണ വീടുകളുടെ വിസ്തീർണ്ണം വർദ്ധിക്കുകയും, ഓടുമേയാൻ തുടങ്ങുകയും, കുമ്മയമോ സിമന്റോ പൂശാനം തുടങ്ങി. കുടിലുകളിൽ നിന്ന് ഓടിട്ട വീടുകളിലേക്കും അവയിൽ നിന്ന് ടെറസ് വീടുകളിലേക്കും ക്രമാനുഗതമായ ഒരുമാറ്റം ദൃശ്യമാകുന്നു. ഇന്ന് പഞ്ചായത്തിൽ 5217 കെട്ടിടങ്ങൾ ഉണ്ട്. കോൺക്രീറ്റ് 462, ഓടിട്ടത് 2479, ഓലമേഞ്ഞത് 1881;മറ്റുള്ളവ 394 എന്നിങ്ങനെയാണ്.ഇതിൽ വീടുകളുടെ എണ്ണം 4663 ആണ്. കോൺക്രീറ്റ് വീടുകളിൽ 200 ചതുരശ്ര അടിമുതൽ 2000 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ളവയുണ്ട്.

ഓല മേഞ്ഞ വീടുകളുടെ എണ്ണം ഗണ്യമായി കുറഞ്ഞുകൊണ്ടിരിക്കുന്നു. ഗൾഫ് പണത്തിന്റെ സ്വാധീനം ഭവന നിർമ്മാണരംഗത്തും പ്രതിഫലിക്കു

ന്നുണ്ട്. വീടിന്റെ നിർമ്മാണത്തിനു വേണ്ടിവന്ന ചില വിനേക്കാൾ കൂടുതൽ അലങ്കാരത്തിനു വേണ്ടി ചില വഴിക്കുന്നു. കൃഷിയിടങ്ങൾ നികത്തി വീടുവെ ക്കുന്ന പ്രവണത ശക്തി പ്രാപിച്ചിട്ടില്ലെങ്കിലും റോഡുസൈഡുകളിലേക്കുള്ള കുടിയേറിപ്പാർക്കല് നിരന്തരം നടന്നുകൊണ്ടിരിക്കുന്നു. ഓരോവർഷവും പുതുതായി ഉണ്ടാക്കുന്ന വീടുകളുടെ എണ്ണം കുറ ഞ്ഞുവരുന്നതായാണ് കാണുന്നത്.

പഞ്ചായത്തിലെ ആകെ ഉള്ള 5034.85 ഏക്കർ ഭൂമിയിൽ 2541.23 ഏക്കർ പുരയിടങ്ങളാണ്.

മുൻകാലങ്ങലിൽ നിന്ന് വ്യത്യസ്തമായി പുര ത്തറ കരിങ്കല്ലു കൊണ്ടാണ് നിർമ്മിക്കുന്നത്. ചുമർ ചെങ്കല്ല്, (വെട്ടുകല്ല്) കൊണ്ടും ഉണ്ടാക്കുന്നു. സിമന്റിന്റെ ഉപയോഗം കാണുമ്പോൾ അതോരു അവശ്യവസ്തുവായി തീർന്നതു പോലെയാണ്. തേക്ക്, പ്ലാവ്, കഴനി വാക, പൂവം, വേപ്പുമരം, വേങ്ങ മാവ് തുടങ്ങിയ മരങ്ങൾ ഇന്ന് വീട് നിർമ്മാ ണത്തിനുപയോഗിക്കുന്നു. കെട്ടിടത്തിന്റെ സുരക്ഷി തത്തിനേക്കാൾ അലങ്കാരത്തിന്ന് പ്രാധാന്യം കൊടു ക്കുന്ന ഒരു മനോഭാവം ഇന്ന് ഗ്രാമീണരിൽ വ്യാപക മായി കാണുന്നു. നിലത്ത് കാവി, മൊസൈക്ക്, കടപ്പ, ഷാബാദ്, മാർബിൾ, ഗ്രനൈഡ് തുടങ്ങിയവ സാമ്പത്തിക ശേഷിക്കനുസരിച്ച് ഉപയോഗിക്കുന്നു. ചുമർ നിർമ്മാണത്തിന് ഇഷ്ടിക വ്യാപകമായി ഉപ യോഗിച്ചുതുടങ്ങി. വീട് നിർമ്മാണത്തിനാവശ്യമായ സാമഗ്രികളിൽ കല്ല്, വെട്ടുകല്ല്, മണൽ, മരം എന്നിവ പഞ്ചായത്തിൽ ലഭ്യമാണ്. വൈദഗ്ധ്യം നേടിയ തൊഴിലാളികളും ആവശ്യത്തിനുണ്ട്. എങ്കിലും വേണ്ടത്ര തൊഴിലാളികളെ ലഭിക്കാത്തത് നിർമ്മാണത്തിന് കാലവിളംബം വരുന്നു.

ഓല മേഞ്ഞ വീടുകളധികവും തൊഴിലാളികളു ടേതാണ്. കാർഷിക വികസന ബാങ്ക് വഴി ഭവന നിർമ്മാണ വായ്പയായി 43 പേർക്ക് മൊത്തം 17,02,000 രൂപ ലഭിച്ചിട്ടുണ്ട്.

ഹൗസിങ് സഹകരണസംഘം ഭവനനിർമ്മാണ ത്തിനായി 4 പേർക്ക് മൊത്തം 132105 രൂപ നൽകിയി ട്ടുണ്ട്. പട്ടിക ജാതി - പട്ടിക വർഗ്ഗ വികസനപദ്ധതി കളിലൂടെ പട്ടിക ജാതിക്കാർക്ക് ഭവനനിർമ്മാണാ നുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ട്. താഴ്ന്ന വരുമാനക്കാരെ സംബന്ധിച്ചിടത്തോളം ഭവന നർമ്മാണം ഒരു പ്രശ്നം തന്നെയാണ്. IRDP സർവ്വെ പ്രകാരം പഞ്ചാ യത്തിലെ 1259 കുടംബങ്ങൾ ദാരിദ്ര്യ രേഖക്ക് താഴെ യാണ്. സ്വന്തമായി സ്ഥലം ഇല്ലാത്തവരും ഉണ്ട്. അവരെ സംബന്ധിച്ച് ഭവന നിർമ്മാണം ഒരു മരീ ചിക തന്നെയാണ്. പലരുടേയും വീടുകൾ സുരക്ഷി തമല്ല. ലക്ഷംവീട് കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണ്. ഒന്ന്, നാല്,ഏഴ്,ഒൻപത് വാർഡുകളിൽ ഓരോന്നിലും 20 കുടുംബങ്ങൾ വീതം താമസിക്കുന്നു. പട്ടികജാതി - പട്ടികവർഗ്ഗത്തിനു പുറമേ അതിൽപെടാത്ത മറ്റു സമുദായത്തിലേയും അനേകം കുടുംബങ്ങൾ താമസ സൗകര്യം ഇല്ലാത്തവരാണെന്ന് സർവ്വെ കാണിക്കുന്നു. ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് മറ്റ് ചില പ്രശ്നങ്ങളുമുണ്ട്. സൗജന്യമായി വീടു വെയ്ക്കാനുള്ള പദ്ധതികൾ പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്ക് മാത്രം വേണ്ടിയാണ്. ഭവന വായ്പ ഗഡുക്കളായി ലഭിക്കുന്നതിൽ പ്രയാസം നേരിടുന്നു.

പട്ടികവർഗ്ഗക്കാരല്ലാത്ത ആയിരത്തോളം പേർക്ക് താമസ സൗകര്യം ഇല്ല. ലോണെടുത്ത് വീടുവെ യ്ക്കാനുള്ള പരിശ്രമങ്ങൾ കാല വിളംബം വരുത്തു ന്നതും ശ്രമകരവുമാണ്.

ചിലവുകുഞ്ഞ വീടുകളുണ്ടാക്കുന്നതിനെക്കുറിച്ച് ശരിയായ അറിവില്ല.

കെട്ടിട നിർമ്മാണ സാമഗ്രികളുടെ ക്രമാതീത മായ വില വർദ്ധന പ്രയാസം ഉണ്ടാക്കുന്നു.

സാദ്ധ്യതകൾ

1.പട്ടിക ജാതിക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധ തികൾ കൂടുതൽ ലളിതവും ആയാസ രഹിതവുമാ ക്കുന്നതോടൊപ്പം അതിനു വേണ്ടിയുള്ള സാമ്പ ത്തീക സഹായം ഉയർത്തുക.

2.മറ്റു സമുദായത്തിൽപ്പെട്ട നിർദ്ധനരായ കുടും ബങ്ങൾക്ക് സബ്സിഡി സഹിതം ഭവന വായ്പ ലഭ്യമാക്കുക. കാലാനുസൃതമായി വായ്പാതുക ഉയർത്തുക.

3.വായ്പ ലഭിക്കുന്നതിനുള്ള ഇന്നത്തെ സങ്കീർണ്ണമായ ചട്ടങ്ങളിൽ അയവു വരുത്തുക.

4.ഭൂരഹിത വിഭാഗത്തിൽപ്പെട്ടവർക്ക് വീടുണ്ടാ ക്കാനുള്ള സ്ഥലം ലഭ്യമാക്കുക.

5.ലക്ഷം വീടുകളുടെ അറ്റകുറ്റപ്പണികൾ യഥാസ മയം തീർത്ത് സുരക്ഷിതമാക്കുന്നതോടൊപ്പം പ്രാധ മികാവശ്യങ്ങൾ നിറവേറ്റാൻ സൗകര്യവും ഉണ്ടാ ക്കുക.

6.എല്ലാ ഭവന നിർമ്മാണ പദ്ധതികളിലൂടെയും നടപ്പിലാക്കപ്പെട്ട വീടുകളുടെ അറ്റകുറ്റപ്പണികൾ ഗുണഭോക്താവിന്റെ സഹായത്തോടെ നടത്തുക.

7.ചിലവുകുറഞ്ഞ വീടുകളുണ്ടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ തൊഴിലാളികളുടെ ഒരു സംഘത്തിന് പരിശീലനം നൽകുക. അവരുടെ സേവനം പഞ്ചായത്തിലെ പൊതുവായ ഭവന നിർമ്മാണത്തിനും ഉപയോഗിക്കാവുന്നതാണ്.

8.ഭൂരഹിതരായ വിഭാഗങ്ങൾക്ക് സ്ഥലം ലഭ്യമാക്കുന്നതിന് സഹായകമായ വിധത്തിൽ വിവിധ വാർഡുകളിൽ നിന്ന് ഭൂ ഉടമകൾ സർക്കാർ റെയ്റ്റിൽ ഭൂമി നല്കാൻ തയ്യാറായിട്ടുണ്ടെന്നുള്ളത് വളരെ ആശ്വാസകരമാണ്.ആയത് നടപ്പിലാക്കാനുള്ള ശ്രമങ്ങൾക്ക് ആക്കം കൂട്ടേണ്ടതാണ്.

സാമൂഹ്യ ക്ഷേമം

ആസൂത്രണത്തിന്റെ വെല്ലുവിളി തൊഴിലില്ലായ്മയും ദാരിദ്ര്യവുമാണല്ലോ.വിഭിന്ന മല്ലപരുതൂർ പഞ്ചായത്തും. തൊഴിലില്ലായ്മ ദാരിദ്ര്യത്തിലേയ്ക് തള്ളിവിടുന്നു. ആദ്യത്തെ 3 പഞ്ചവൽസര പദ്ധതികളുടേയും ലക്ഷ്യം ഉൽപാദനം വർദ്ധിപ്പിച്ച് അതുവഴി ദേശീയ വരുമാനം കൂട്ടുക എന്നതായിരുന്നു. ഇതനുസരുച്ച് ഉൽപാദന വർദ്ധന ഉണ്ടായെങ്കിലും അതിന്റെ പ്രയോജനം പാവപ്പെട്ടവനു കിട്ടിയില്ല. നാലാം പദ്ധതിമുതൽ ആസൂത്രണത്തിന്റെ സമീപനത്തിൽ മാറ്റം വരികയും ദാരിദ്ര്യ നിർമ്മാർജനം പ്രധാനലക്ഷ്യമായി അംഗീകരിക്കുകയും ചെയ്തു. തൊഴിലില്ലായ്മയും ഇല്ലാതാക്കണമെങ്കിൽ നിരവധി പ്രവർത്തനങ്ങൾ സംയോജിതമായി നടപ്പാക്കേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിലും ഇവ ആവിഷ്കരിച്ച് നടപ്പാക്കാവുന്നതേയുള്ളൂ.

ഈ പഞ്ചായത്തിൽ ദാരിദ്ര്യം അനുഭവിക്കുന്നവർ ധാരാളമായിരുന്നു. താളും തകരയും തിന്നു ജീവിക്കുന്നവരും, അരിക്കിഴി വെള്ളത്തിലിട്ട് തിളപ്പിച്ച് ആവെള്ളം മാത്രം കുടിച്ചിരുന്നവരും, മൂഴുപ്പട്ടിണിക്കാരും ഇവിടെ ധാരാളമായിരുന്നു. ജന്മിത്ത സമ്പ്രദായത്തിൽ ഈ അവസ്ഥ സാധാരണമാണല്ലോ. ജന്മിക്കു പാട്ടം അളന്നു കഴിഞ്ഞാൽ പിന്നെ കുടിയാന്റെ കുടുംബത്തിന് മുഴുപ്പട്ടിണിതന്നെ. ഭൂപരിഷ്കരണ നിയമം പാസായതോടെ കൃഷിഭൂമി കൃഷിക്കാരന്റേതായി. കുടിയാൻ പണിചെയ്യുന്ന ഭൂമിയിൽ വിളയ്ക്കുന്ന നെല്ല് കുടുയാന്റെ കുടുംബന്നിനു തന്നെ ഉപയോഗിക്കാം എന്ന അവസ്ഥ നിലവിൽ വന്നു. ഇതോടെ ദാരിദ്ര്യത്തിന് കുറെയൊക്കെ മാറ്റം വന്നു. എന്നാൽ കാർഷിക രംഗത്തെ മുരടിപ്പ് പാവപ്പെട്ടവരെ കാര്യമായി ബാധിച്ചു. കൃഷിഭൂമി തരിശാക്കി ഇടുന്നതുകൊണ്ടും പാവപ്പെട്ടവന്റെ തൊഴിൽദിനങ്ങൾ നഷ്ടപ്പെടുന്നു. ഇതും ദാരിദ്ര്യത്തിന് കാരണമാകുന്നു. പഴയ അവസ്ഥയിൽ നിന്ന് ഇപ്പോൾ കുറെയൊക്കെ വ്യത്യാസം വന്നിട്ടുണ്ട്. മുഴുപ്പട്ടിണിക്കാർ താരതമ്യേന ഇല്ലാ എന്നുതന്നെ പറയാവുന്നതാണ്. ഗൾഫ് പണത്തിന്റെ വരവും തൊഴിൽദാന പദ്ധതികളുടെ ആവിർഭാവവും ദാരിദ്ര്യത്തെകുറക്കാൻ സഹായിച്ചിട്ടുണ്ട്. എന്നിട്ടും 1259 കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ ദാരിദ്ര്യ രേഖക്കു താഴെയാണ്. ട്രൈസം തൊഴിൽ പരിശീലന പദ്ധതിയുടെ കീഴിൽ ടൈലറിങ്, പ്രിന്റിങ്, കമ്പോസിങ്, ബക്ക് ബൈന്റിങ് എന്നിവയിൽ പരിശീലനം നേടിയവർ ഈ പഞ്ചായത്തിലുണ്ട്.

മുൻകാലങ്ങളിൽ സ്വയം തൊഴിൽ പദ്ധതികൾ തിരഞ്ഞെടുത്തിരുന്നത് തികച്ചും യാന്ത്രികമായിട്ടായിരുന്നു. തൊഴിൽ അഭിരുചി, അസംസ്കൃത സാധനങ്ങളുടെ ലഭ്യത, ഉൽപ്പന്നങ്ങളുടെ ലഭ്യത, ഉൽപ്പന്നങ്ങളുടെ വിപണന സാദ്ധ്യത, പശ്ചാത്തല സൗകര്യങ്ങൾ ഇവയെല്ലാം കണക്കിലെടുത്ത് വേണം സ്വയം തൊഴിൽ പദ്ധതികൾക്ക് രൂപം കൊടുക്കാൻ. നമ്മുടെ പഞ്ചായത്തിൽ പരമ്പരാഗതമായ കുടിൽ വ്യവസായങ്ങൾക്ക് വേരുകളുണ്ട്. പായ നെയ്ത്, കുട്ട നെയ്ത്, പനമ്പ് നെയ്ത്ത് എന്നിവ അറിയുന്നവരെ സംഘടിപ്പിച്ച് ഒരു യൂണിറ്റ് ആരംഭിക്കാവുന്നതാണ്. പട്ടികജാതിക്കാരിൽ ഒരു ചെറിയ ശതമാനമൊഴികെ ബാക്കിയുള്ളവർ ദാരിദ്ര്യരേഖക്കു താഴെയാണ്. ഇവരെ ഉദ്ധരിച്ചാൽ ദാരിദ്ര്യനിർമാർജ്ജനം ഒരു പരിധിവരെ സാദ്ധ്യമാകും.

ഒറ്റപ്പെട്ട സ്വയം തൊഴിൽ പദ്ധതികളേക്കാൾ വിജയിക്കുക, ഗ്രൂപ്പുകൾ ചേർന്നുള്ള പദ്ധതികളായിരിക്കും. കൂട്ടായ പ്രവർത്തനത്തിന് ഒരുമിച്ചുകൂടാൻ കഴിയത്തക്കവിധം പാവപ്പെട്ടവരെ സംഘടിപ്പിക്കണം. പാവപ്പെട്ടവരുടെ പ്രശ്നങ്ങൾ ഏതാണ്ട് ഒന്നുതന്നെ ആയിരിക്കുമെന്നും കൂട്ടുചേർന്നു പ്രവർത്തിക്കുന്നതിലൂടെ കൂടുതൽ നേട്ടം ഉണ്ടാക്കാൻ കഴിയുമെന്നും നാം പാവപ്പെട്ടവരെ ബോദ്ധ്യപ്പെടുത്തണം. അങ്ങനെ അവർക്ക് ആത്മവിശ്വാസം കൊടുത്ത് ഗ്രൂപ്പടിസ്ഥാനത്തിലുള്ള വരുമാന ദായക പദ്ധതികൾക്ക് രൂപം കൊടുക്കാവുന്നതാണ്. അങ്ങനെ ദാരിദ്ര്യത്തെ ഒരു പരിധിവരെ അകറ്റാവുന്നതാണ്.

നമ്മുടെ പഞ്ചായത്തിൽ പല തരത്തിലുള്ള

കൂടിൽ വ്യവസായങ്ങൾ ചെയ്യാൻ കഴിവുള്ളവരുണ്ട്. അവരെ ഉപയോഗിച്ചുകൊണ്ട് ഇളംതലമുറക്ക് പരിശീലനം നൽകുകയും ഒരു ഗ്രൂപ്പു യൂണിറ്റ് ആരംഭിക്കുകയും ചെയ്യാവുന്നതാണ്. അവർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണിയും നമ്മുടെ പഞ്ചായത്തിൽ തന്നെ കണ്ടെത്താവുന്നതാണ്. ഇതുവഴി അവരെ നമുക്ക് ഇടനിലക്കാരിൽനിന്ന് മോചിപ്പിക്കാവുന്നതാണ്. അവരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കാനുള്ള സംവിധാനങ്ങളും ഉണ്ടാക്കാവുന്നതാണ്. ഒരു പരിധിവരെ പാവപ്പെട്ടവരെ സഹായിക്കാൻ ഇതുപകരിക്കും.

സ്ത്രീകളുടെ വരുമാനശേഷി വർദ്ധിപ്പിക്കുകയാണെങ്കിൽ കുടുംബത്തിന്റെ ജീവിത നിലവാരം കൂടുതൽ മെച്ചപ്പെടും. പ്രത്യേകിച്ച് കുട്ടികളുടെ ഭക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം എന്നിവ കാര്യമായി മെച്ചപ്പെടുത്താൻ കഴിയും. അതുകൊണ്ട് നമ്മുടെ പഞ്ചായത്തിൽ ലഭ്യമായ വിഭവശേഷി കൊണ്ട് സ്ത്രീകളുടെ പ്രവർത്തന ഗ്രൂപ്പുകൾ സംഘടിപ്പിച്ച് അവരുടെ വരുമാനം കൂട്ടാവുന്നതാണ്. അങ്ങനെ ദാരിദ്ര്യത്തെ ഒരളവു വരെ പരിഹരിക്കാവുന്നതാണ്.

നമ്മുടെ പഞ്ചായത്തിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പാവപ്പെട്ടവർക്ക് തൊഴിലവസരങ്ങൾ നൽകുന്നവ ആയിരിക്കണം. ഗ്രാമവികസനത്തിൽ റോഡുകൾക്ക് പ്രാധാന്യം ഉണ്ടെങ്കിലും പാവപ്പെട്ടവർക്ക് മാത്രമായി പ്രയോജനം കിട്ടുന്ന റോഡുകൾ അപൂർവ്വമായിരിക്കും. ഒരു കിലോമീറ്റർ റോഡ് പണിയാനാവശ്യമായ പണംകൊണ്ട് 12 അംഗനവാടികൾ പണിയാൻകഴിയും എന്നാണ് കണക്ക്. അല്ലെങ്കിൽ പാവപ്പെട്ടവർക്ക് 250 കക്കൂസുകൾ പണിയാനാകും. അതുമല്ലെങ്കിൽ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ഉപയോഗപ്പെടുത്താം. ഇതുവഴി നമ്മുടെ പഞ്ചായത്തിലുള്ള പാവപ്പെട്ട തൊഴിലാളികൾക്ക് തൊഴിൽദിനങ്ങൾ ലഭിക്കുകയും ചെയ്യും. ഒരു പരിധിവരെ ദാരിദ്ര്യത്തെ ഇല്ലാതാക്കാൻ ഇതുപകരിക്കും.

വരുമാനം ഉണ്ടാകാൻ ഉതകുന്ന തരത്തിൽ തൊഴിൽ പദ്ധതികൾ ആരംഭിക്കുക, സംഘങ്ങളായുള്ള വരുമാന ദായക പദ്ധതികൾ നടപ്പാക്കുക, പ്രത്യേക തൊഴിലുകളിൽ വിദഗ്ധ പരിശീലനം നൽകുക. കൂടുതൽ തൊഴിൽദിനങ്ങൾ കിട്ടുന്ന നിർമാണപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, പാവപ്പെട്ടവരുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാൻ ഉപകരിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുക എന്നിവ ദാരിദ്ര്യ നിർമാർജനത്തെ ഒരു പരിധിവരെ സഹായിക്കും.

ദാരിദ്ര്യനിർമാർജന പരിപാടികൾക്ക് രൂപംകൊടുക്കുമ്പോൾ അവരുടെ പ്രശ്നങ്ങൾ എന്തെന്ന് നേരിട്ട് മനസ്സിലാക്കാവുന്നതാണ്. സാമൂഹികവും സാമ്പത്തികവുമായ പ്രശ്നങ്ങൾ ഇതിലുൾപ്പെടുത്താവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ പട്ടികജാതിയിൽപെടാത്ത ആളുകളും ദാരിദ്ര്യമനുഭവിക്കുന്നുണ്ട്. പദ്ധതികൾക്ക് രൂപം കൊടുക്കുമ്പോൾ അവർക്ക്കൂടി പരിഗണന നൽകേണ്ടത് അത്യാവശ്യമാണ്.

സഹായധനം, പെൻഷനുകൾ എന്നിവ ലഭിക്കുന്നവർ നമ്മുടെ പഞ്ചായത്തിൽ വളരെയൊന്നുമില്ല. യഥാസമയം പെൻഷനുകൾ കിട്ടുന്നില്ല. 166 വിധവാ പെൻഷൻ വാങ്ങുന്നവരും 107 വികലാംഗ പെൻഷൻ വാങ്ങുന്നവരും 118 വാർധക്യകാല പെൻഷൻ വാങ്ങുന്നവരും ഒരു അവശ കലാകാര പെൻഷൻ വാങ്ങുന്നയാളും ഈ പഞ്ചായത്തിലുണ്ട്. താഴെ പറയും വിധം അവയെ പട്ടികരൂപത്തിൽ കാണാം.

ഇനം	ഗുണഭോക്താക്കളുടെ എണ്ണം	തുക
1 വിധവാ പെൻഷൻ	166	65 രൂ.
2 വികലാംഗ പെൻഷൻ	107	75,,
3 വാർധക്യ കാല പെൻഷൻ	118	65,,
4 അവശ കലാകാര പെൻഷൻ	1	50,,
5 കർഷക തൊഴിലാളി പെൻഷൻ	285	75,,

ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതിയിൻ കീഴിൽ ആനുകൂല്യങ്ങൾ ലഭിച്ചവരുണ്ട്.

- ക്ഷേമപദ്ധതി, പ്രസവാനുകൂല്യ പദ്ധതി എന്നിവ നടപ്പിലായിട്ടില്ല. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മഹിളാ സമാജങ്ങൾ, അംഗനവാടികൾ എന്നിവ നമ്മുടെ പഞ്ചായത്തിലുമുണ്ട്. കൊടിക്കുന്ന് മഹിളാ സമാജം, നാടപറമ്പ് മഹിളാസമാജം എന്നിവയാണ് ഈ പഞ്ചായത്തിലെ പ്രധാന മഹിളാ സമാജങ്ങൾ. 22 അംഗനവാടികൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. അംഗനവാടികൾക്ക് സ്ഥലവും കെട്ടിടവും ഇല്ലാത്ത അവസ്ഥയുണ്ട്. 2 അംഗനവാടികൾ ഒഴികെ ബാക്കി അംഗനവാടികൾക്ക് കെട്ടിടം ഇല്ല. ചില വാർഡുകളിൽ ഒന്നും ചിലതിൽ നാലും അങ്ക

IRDP സർവ്വേ - ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വിവരം

വാർഡ് നമ്പർ	സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC / ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC / ST	സഹായം ലഭിച്ച വഴി ദാരിദ്രരേഖയ്ക്കുമുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യരേഖക്കുതാഴെയുള്ള കുടുംബങ്ങൾ
I	193	35	8	4	8	228
II	187	120	50	25	50	307
III	54	20	10	3	10	74
IV	186	96	15	5	15	282
V	143	19	20	5	20	162
VI	116	9	10	3	10	125
VII	146	40	20	10	20	186
VIII	110	85	15	5	15	195
IX	124	105	15	4	15	229
ആകെ	**1259**	**529**	**163**	**64**	**163**	**1788**

വികലാംഗരെ സംബന്ധിക്കുന്ന വിവരം

വികലാംഗ സർവ്വെ ഫോറം

വാർഡ്	5 വയസ്സുള്ളവർ		5നും 10നും		10–18		18–25		25–45		45–60		60നു മേൽ		ആകെ	
	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
I	2	–	2	4	4	3	1	1	5	4	2	–	2	2	18	14
II	3	–	1	1	4	2	–	2	3	2	4	5	–	1	15	13
III	–	–	1	1	1	–	1	–	–	–	1	1	1	1	5	3
IV	–	–	1	–	2	1	3	2	3	2	3	2	1	1	13	8
V	2	1	–	–	–	1	6	4	7	7	11	4	5	4	31	21
VI	–	1	1	1	2	2	3	2	4	5	2	8	2	2	14	21
VII	–	–	–	2	4	1	1	1	3	3	–	1	–	–	8	8
VIII	–	1	2	4	2	1	1	1	4	3	1	2	1	1	11	13
IX	–	–	1	–	2	2	3	2	6	4	3	–	1	1	16	9
X	–	–	4	–	4	4	–	2	4	2	2	–	1	–	15	8
ആകെ	7	3	13	13	25	17	19	17	39	32	29	23	14	13	146	118

ണവാടികൾ ഉള്ളതിനാൽ അങ്കണവാടികളുടെ ഫലം എല്ലാ കുട്ടികൾക്കും ഫലപ്രദമായി ലഭിക്കുന്നില്ല. അശാസ്ത്രീയമായ വാർഡ് വിഭജനം ഇതിന് ഒരു കാരണമായി കണക്കാക്കാം. അങ്കണവാടി ജീവനക്കാരുടെ വേതനം വളരെ കുറവാണ്. 500 രൂപ വർക്കർക്കും 300 രൂപ ഹെൽപ്പർക്കും അവരുടെ വേതനം കാലാനുസൃതമായി പരിഷ്കരിക്കേണ്ടതാണ്.

കൊടിക്കുന്ന് മഹിളാസമാജത്തിന്റെ കീഴിൽ ഒരു കറിപൗഡർ യൂണിറ്റ്, ഒരു തുന്നൽ പരിശീലന കേന്ദ്രം എന്നിവ പ്രവർത്തിക്കുന്നുണ്ട്. DWCRA യൂണിറ്റാണ് കറിപൗഡർ യൂണിറ്റ്. 15 വനിതകൾക്ക് തൊഴിൽ ഇതിനാൽ ലഭിക്കുന്നുണ്ട്. കരുവാൻപടി വനിതാ സഹകരണ സംഘത്തിന്റെ കീഴിലും ഒരു തുന്നൽ പരിശീലനകേന്ദ്രം ഉണ്ട്.

പഞ്ചായത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ദാരിദ്ര്യ നിർമാർജന പരിപാടികളിൽ വളരെ കുറച്ചു കുടുംബങ്ങൾക്കേ ഇതുപകരിക്കുന്നുള്ളൂ. IRDP ലിസ്റ്റിൽ അർഹത ഇല്ലാത്തവരുടെ പേരുകൾ ഉൾപ്പെട്ടിരിക്കുന്നതുമൂലം അർഹത ഉള്ളവർക്ക് ആനുകൂല്യം കിട്ടാത്ത അവസ്ഥ നിലനിൽക്കുന്നു. ഇതിന്റെ പേരിൽ അഴിമതി സംശയിക്കേണ്ടിയിരിക്കുന്നു. ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുമ്പോൾ അത് സാധാരണജനങ്ങളിലേക്ക് എത്തുന്നില്ല. അജ്ഞത കാരണം അവർ വേണ്ട സമയത്ത് അപേക്ഷകൾ നൽകുന്നില്ല. ആനുകൂല്യങ്ങൾ കിട്ടുന്നുമില്ല. ആനുകൂല്യങ്ങൾ അനുവദിച്ചാൽ തന്നെ അത് യഥാസമയം വാങ്ങാനും കഴിയുന്നില്ല.

ഇവക്കെല്ലാം പരിഹാരമെന്ന നിലക്ക് നിർദ്ദേശിക്കാനുള്ളത് IRDP ലിസ്റ്റിൽ അർഹരായവർ മുഴുവൻ ഉൾപ്പെടാനുള്ള സംവിധാനം ഉണ്ടാക്കണം എന്നതാണൊന്ന്. അങ്ങനെ ഉൾപ്പെട്ടവരിൽ അർഹരായവർക്ക് ആനുകൂല്യം ലഭിക്കാനുള്ള സംവിധാനവും ഉണ്ടാക്കണം. വനിതകൾക്കായി ഒരു വാർഡിൽ ഒരു തൊഴിൽ യൂണിറ്റെങ്കിലും ഉണ്ടാകാനുള്ള സംവിധാനം ഉണ്ടാകണം. ട്രൈസം പദ്ധതിയിൽ തൊഴിൽ പരിശീലനം ലഭിച്ചവർക്ക് സ്വയം തൊഴിൽ ആരംഭിക്കാനുള്ള ധനസഹായം ലഭ്യമാക്കണം. ധനസഹായം ലഭ്യമാക്കുമ്പോൾ തികച്ചും അർഹരായവരെ കണ്ടെത്താൻ ജനപ്രതിനിധികൾക്ക് അധികാരം ഉണ്ടാകണം. ഗ്രാമസഭകളിലൂടെ നാമനിർദ്ദേശം ചെയ്യപ്പെടുന്നവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കിയാൽ ഒരു പരിധിവരെ ആക്ഷേപങ്ങൾ ഒഴിവാക്കാം. മഹിളാസമാജങ്ങൾ, അംഗനവാടികൾ എന്നിവ കേന്ദ്രീകരിച്ച് പോഷകാഹാരത്തിന്റെ ആവശ്യകതയെപ്പറ്റിയുള്ള സെമിനാറുകൾ, പ്രതിരോധ ചികിത്സാരീതിക്കളെക്കുറിച്ചുള്ള ക്ലാസുകൾ എന്നിവ സംഘടിപ്പിക്കാവുന്നതാണ്. വനിതാ ക്ഷീരോല്പാദക സഹകരണസംഘം ഈ പഞ്ചായത്തിലുണ്ട്. അതുപോലെ ഗ്രാമീണ ബാങ്കിങ്ങ് മാതൃകയിലും വനിതാ, തൊഴിൽ സംരംഭങ്ങൾ തുടങ്ങാവുന്നതാണ്.

സംസ്കാരം

വിവിധ ജാതി മതവിഭാഗങ്ങളുടെ ധാർമ്മിക വിശ്വാസങ്ങളും മൂല്യബോധവും ആചാരാനുഷ്ഠാനങ്ങളും സമന്വയിച്ചുകൊണ്ടുള്ള ഒരു സംസ്കാര പൈതൃകം പരുതൂർ പഞ്ചായത്തിനുണ്ട്. പുള്ളുവൻ പാട്ടുകളുടെ ഈരടികളും മതപരമായ ആഘോഷങ്ങളും സാമൂഹൃപരിഷ്കർത്താക്കളുടെ നിരന്തരശ്രമവും ഈ പൈതൃകത്തെ പോഷിപ്പിച്ചു. ദേശീയ പ്രസ്ഥാനത്തിൽ നിന്നുള്ള പ്രചോദനം സാംസ്കാരിക രംഗത്ത് ചലനവുമുണ്ടാക്കി. ഭക്തപ്രഹ്ലാദ, ഹരിശ്ചന്ദ്രൻ തുടങ്ങി ഒട്ടേറെ സംഗീത നാടകങ്ങൾ ആവിഷ്കരിച്ചിരുന്നു. അതുപോലെ പള്ളിപ്പുറം കേന്ദ്രമാക്കിക്കൊണ്ട് ബ്രദേഴ്സ് ആർട്സ് ക്ലബ് പ്രവർത്തിച്ചിരുന്നു. പഞ്ചായത്തിൽ ആദ്യ രൂപം കൊണ്ട ക്ലബ് എന്ന ബഹുമതി പ്രസ്തുത ക്ലബിനാണ്. തായമ്പക, ഹാർമോണിയം, വായ്പ്പാട്ട് എന്നിവയൽ പ്രാവീണ്യം നേടിയ മഹദ് വ്യക്തികളുടെ ചേതോഹരമായ കലാ പ്രകടനത്തിൽ പ്രകമ്പനം കൊണ്ടിരുന്നു ആദ്യകാല സാംസ്കാരിക രംഗം.

ഇലക്ട്രോണിക്ക് മാധ്യമങ്ങളുടെ അതിപ്രസരത്തിൽ അകാലചരമം പ്രാപിച്ചിരിക്കുന്നു ശാന്തവും, സൗമ്യവും നിർമ്മലവുമായ ഗ്രാമീണ ഹൃദയങ്ങൾ. ദേശീയോത്സവമായ ഓണാഘോഷവേളയിൽ പോലും വിവിധ കലാ-കായിക മേളകളിൽ പങ്കെടുത്ത് തങ്ങളുടെ നൈസർഗ്ഗിക സിദ്ധി പോഷിപ്പിക്കുന്നതിനും മൈത്രീബന്ധം ശക്തിപ്പെടുത്തുന്നതിനും അവസരമില്ലാതാക്കിയിരിക്കുന്നു ദൃശ്യമാധ്യമങ്ങൾ. ദിവസം മുഴുവൻ നീണ്ടുനിൽക്കുന്ന പരിപാടികളിൽ ആകൃഷ്ടരായി, മെയ്യനക്കാതെ ടി.വി.ക്കു മുന്നിൽ ചടഞ്ഞിരിക്കുന്ന ഒരു ജനതയായി മാറിയിരിക്കുന്നു ഗ്രാമീണർ. തങ്ങൾക്കെന്തുവേണമെന്നോ, എന്ത് ചെയ്യണമെന്നോ സ്വയം തീരുമാനിക്കാനുള്ള അവസരം പോലും ഇവിടെ നഷ്ടപ്പെട്ടിരിക്കുന്നു. അസാന്മാർഗ്ഗികവും നശീകരണവുമായ പ്രവർത്തനങ്ങളിലേർപ്പെടാൻ താൽപര്യമുള്ള പിരിമുറുക്കവും വിദ്വേഷവും സ്ഥായീഭാവവുമുള്ള, വിശകലമായ കാഴ്ചപ്പാടുള്ള ഒരു ജനതയെ സൃഷ്ടിക്കുന്ന തരത്തിൽ ആധുനിക ദൃശ്യമാധ്യമങ്ങൾ അതിന്റേതായ പങ്കുവഹിക്കുന്നു. അതുകൊണ്ടു തന്നെ ഈ പഞ്ചായത്തിലെ പൗരാണിക നാടൻ കലകൾ ഇന്ന് നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. ഒരു കാലത്ത് പ്രചുരപ്രചാരം നേടിയിരുന്ന പള്ളിപ്പുറം പുള്ളുവൻ പാട്ട് പോപ്പ് സംഗീത ധാരയിൽ അടിപ്പെട്ടുപോയിരിക്കുന്നു. തുയിലുണർത്തിന്റെ ശ്രവ്യമാധുരി ഇന്ന് ഓർമ്മകളിൽ മാത്രം. ജന്മി-കുടിയാൻ ബന്ധത്തിലധിഷ്ടിതമായ, സ്ഫുടതയില്ലെങ്കിലും അർത്ഥപൂർണ്ണമായ ജാതീയ ഗാനങ്ങൾ പുത്തൻ തലമുറക്കജ്ഞാതമാണ്. കോൽക്കളിയും, പരിചമുട്ടും, ദഫ്മുട്ടും കൈകൊട്ടികളിയും, കുമ്മിയടിയും, ഒപ്പനയും, തുമ്പിയുറയലും, ആട്ടക്കളവും, പകിടയും, ഓണത്തല്ലും ചരിത്രത്തിന്റെ താളുകളിലേക്ക് ചേക്കേറിയിരിക്കുന്നു. ഇതിൽ ചിലത് സ്കൂൾ യുവജനോത്സവങ്ങളിൽ സ്ഥാനം പിടിച്ചിട്ടുണ്ടെങ്കിലും അവയുടെ തനിമ നഷ്ടപ്പെട്ടിരിക്കുന്നു. പൂതനും തിറയും കാവടിയും ക്ഷേത്രോത്സവങ്ങളിൽ പ്രകടിപ്പിക്കാറുണ്ട്. എണ്ണത്തിൽ കുറവ് വരുന്നുവെന്നത് ഖേദകരമാണ്. മതപരമായ ഉത്സവങ്ങളിൽ എല്ലാ വിഭാഗക്കാരും പങ്കെടുക്കുന്നുവെന്നത് നമ്മുടെ പഞ്ചായത്തിന് അഭിമാനിക്കാവുന്ന വസ്തുതയാണ്. ജനസംഖ്യയിൽ ഹിന്ദുക്കൾ 65%വും മുസ്ലീങ്ങൾ 35% വും ആണ്.

സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായിക്കൊണ്ട് സാംസ്കാരിക രംഗത്തെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും വേണ്ടി ലൈബ്രറികൾ, വായനശാലകൾ, ക്ലബുകൾ, സേവാസംഘങ്ങൾ എന്നിവ രൂപീകരിക്കപ്പെട്ടു. അതിന്റെ നാന്ദിയെന്നോണം ഈ പഞ്ചായത്തിലെ ആദ്യത്തെ വായനശാലയായ മുഹമ്മദ് അബ്ദുറഹിമാൻ വായന

ശാല കൊടിക്കുന്നിൽ പ്രവർത്തിച്ചുതുടങ്ങി. ഇന്ന് രണ്ടാം വാർഡിൽ. കണ്ണാട് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, മൂന്നാം വാർഡിലെ യുവജനവായനശാല ചെമ്പുലങ്ങാട് അഞ്ചാം വാർഡിൽ പരുതൂർ ലൈബ്രറി ആൻറ് റിക്രിയേഷൻ സെൻറർ, റോസ, ഹൃദ്യ, യുവചേതന എന്നിവയും ആറാം വാർഡിൽ സർഗ്ഗ കൊടിക്കുന്ന്, കെ.എഫ്.സി. കൊടിക്കുന്ന് എന്നിവയും, ഏഴാം വാർഡിൽ ശോണിമ കൊടുമുണ്ട, എട്ടാം വാർഡിൽ യുവജന വായനശാല കുളമുക്ക്, സി.എച്ച്. എം. മുടപ്പക്കാട്, സംഗമം, ഗ്രാമിക, യുവശക്തി എന്നിവയും ഒൻപതാം വാർഡിൽ യുവധാര പരുതൂർ, പത്താം വാർഡിൽ സാംസ്കാരിക നിലയം പള്ളിപ്പുറം, യുഗചിത്ര കരിയന്നൂർ എന്നിവയും വായനശാലകളായോ ക്ലബുകളായോ പ്രവർത്തിക്കുന്നു.

പത്രവിതരണം സംബന്ധിച്ച്

പത്രത്തിന്റെ പേര്	വിതരണം
മലയാളമനോരമ	170
മാതൃഭൂമി	180
ദേശാഭിമാനി	120
മാധ്യമം	87
ചന്ദ്രിക	65
ജന്മഭൂമി	65
ഇന്ത്യൻ എക്സ്പ്രസ്	10
ആകെ	697

പഞ്ചായത്തിലെ ജനങ്ങളിൽ പുസ്തകവായന കുറവാണെങ്കിലും പത്രപാരായണം മെച്ചപ്പെട്ട നിലയിലാണ്. 697 പേർ സ്വന്തമായി പത്രം വരുത്തുന്നു. ഇരുപത് ശതമാനത്തോളം ആളുകൾ ടി.വി. കാണുന്നു. പൊതുരംഗത്തായി സാംസ്കാരിക നിലയത്തിലും പരുതൂർ ലൈബ്രറിയിലും മാത്രമെ ടി.വി. ഉള്ളൂ. വായനയുടെ കാര്യത്തിൽ സ്ത്രീകൾ വളരെ പിന്നോക്കാവസ്ഥയിലാണ്. സാംസ്കാരിക പ്രവർത്തകർ ഉണ്ടെങ്കിലും കലാസാഹിത്യ മത്സരങ്ങൾ വേണ്ടത്ര സംഘടിപ്പിക്കാറില്ല. മിക്ക ക്ലബ്ബുകളുടെയും പ്രവർത്തനം പരിമിതമായ തോതിലാണ്. മുമ്പ് നടന്നിരുന്നതുപോലെ വാർഡടിസ്ഥാനത്തിൽ കായിക മത്സരങ്ങൾ നടക്കാറില്ല എന്നത് ഈ രംഗത്ത് നമ്മൾ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല എന്നതിന്റെ തെളിവാണ്. മതപരമായ ഉത്സവങ്ങൾ നടത്താറുണ്ട്. എല്ലാ മതവിഭാഗങ്ങളും പങ്കെടുത്തുകൊണ്ടുള്ള കോടന്തൂർ നേർച്ചയും ചിറക്കര താലപ്പൊലിയും മതമൈത്രിയുടെ പ്രതീകമായി ഇന്നും നിലകൊള്ളുന്നു.

ഒരു കാലത്ത് നാടൻ കായിക വിനോദങ്ങളിൽ ഊറ്റം കൊണ്ടിരുന്ന ഈ ഗ്രാമം കൊയ്ത്തൊഴിഞ്ഞ വയലേലകൾ താൽക്കാലിക കളിസ്ഥലങ്ങളായി മാറ്റിയിരുന്നു. കാരകൊട്ട്, ആട്ടക്കളം, കുടു-കുടു, പന്ത് കളി, ചൊട്ടയും മണിയും, തലമപ്പന്ത് തുടങ്ങി ഒട്ടേറെ കായിക വിനോദങ്ങളിൽ പ്രായഭേദമെന്യേ പങ്കെടുത്തിരുന്നു. പിൽക്കാലത്ത് രാജ്യാന്തര പ്രസിദ്ധി നേടിയ മറ്റു കളികൾ ഇവയ്ക്ക് വഴിമാറികൊടുത്തു. ഇന്ന് കായിക മത്സരങ്ങൾ ചില പ്രത്യേക ദിനങ്ങളിലായി ഒതുങ്ങുന്നു. സ്കൂളുകളിൽ കായിക മത്സരങ്ങൾ വർഷത്തിലൊരിക്കൽ സംഘടിപ്പിക്കുന്നുവെന്നല്ലാതെ സ്ഥിരമായി പരിശീലിക്കുന്നതിനോ, കളിക്കുന്നതിനോ അവസരം ലഭിക്കുന്നില്ല. കളിസ്ഥലം മിയ്ക്ക സ്കൂളുകളിലും ഇല്ല എന്നത് ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു.

പഞ്ചായത്ത് തലത്തിൽ 4-ാം വാർഡിൽ 1.34 ഏക്രയിൽ ഒരു മിനി സ്റ്റേഡിയം ഉണ്ട്. അത് ശരിയായി ഉപയോഗിക്കുകയോ സംരക്ഷിക്കുകയോ ചെയ്യുന്നില്ല. ചില സന്നദ്ധ പ്രവർത്തകർ നേതൃത്വം നൽകി ഫുട്ബാൾ മത്സരങ്ങൾ സംഘടിപ്പിക്കാറുണ്ട് എന്ന സത്യം വിസ്മരിക്കുന്നില്ല. കലാ- സാഹിത്യാദികളുടെയും സ്ഥിതി ഭിന്നമല്ല. സ്കൂളുകളിൽ സാഹിത്യസമാജമോ, സാഹിത്യമത്സരങ്ങളോ നടക്കുന്നില്ല. ക്ലബുകളുടെയോ, വായനശാലകളുടെയോ ആഭിമുഖ്യത്തിലും ഇത്തരം കാര്യങ്ങൾ വേണ്ടവിധം നടക്കുന്നില്ല എന്നത് ഖേദകരമാണ്.

പഞ്ചായത്തിൽ അംഗീകാരമുള്ള വായനശാലയും ഗ്രന്ഥാലവും അഞ്ച്, ഏഴ്, എട്ട് വാർഡുകളിൽ ഓരോന്നു വീതം ഉണ്ട്. പഞ്ചായത്തിലെ അഞ്ച്, ഒൻപത് വാർഡുകളിൽ വായനശാലക്ക് സ്ഥിരം കെട്ടിടം ഉണ്ട്.

ഒന്ന്, രണ്ട്, നാല് വാർഡുകളിൽ വായനശാല ഇല്ല. ഏഴ്, എട്ട് വാർഡുകളിലെ വായനശാലകൾക്ക് അംഗീകാരം ഉണ്ടെങ്കിലും സ്വന്തമായ കെട്ടിടം ഇല്ല. അംഗീകാരം ഇല്ലാത്ത മറ്റു വായനശാലകൾക്കും ക്ലബുകൾക്കും, സ്വന്തമായി കെട്ടിടം ഇല്ല. ഒന്ന്, മൂന്ന്, ആറ്, ഏഴ്, പത്ത് വാർഡുകളിൽ സ്പോർട്സ് ക്ലബുകളില്ല.

പരുതൂർ ലൈബ്രറി ഒഴിച്ച് മറ്റു വായനശാലകളിൽ പുസ്തകവിതരണം തൃപ്തികരമായി നടക്കുന്നില്ല.

പരുതൂർ ലൈബ്രറിക്കൊഴികെ മറ്റു വായനശാലകൾക്ക് ഗ്രാൻറ് ലഭിക്കുന്നില്ല. പഞ്ചായത്തിലെ സാംസ്കാരിക നിലയത്തിലും പരുതൂർ വായനശാലയിലും ടി.വി. ഉണ്ടെങ്കിലും മറ്റൊരു വാർഡിലെയും വായനശാലകളിൽ ടി.വി. ഇല്ല. ഒന്ന്, നാല് വാർഡുകളിൽ വായനശാലകളോ ക്ലബുകളോ ഇല്ല.

സാധ്യതകൾ

1. ഗ്രാൻറ് ലഭിക്കാനിടയുള്ള വായനശാലകൾക്ക് ഗ്രാൻറ് ലഭ്യമാക്കുക.

2. ഒന്ന്, രണ്ട്, നാല് വാർഡുകളിൽ വായനശാല സ്ഥാപിക്കുന്നതിന് ശ്രമിക്കേണ്ടിയിരിക്കുന്നു.

3. ഒന്ന്, മൂന്ന്, ആറ്, ഏഴ്, പത്ത് വാർഡുകളിൽ യുവാക്കളെ രംഗത്തിറക്കി സ്പോർട്സ് ക്ലബുകൾ രൂപീകരിക്കാൻ ശ്രമിക്കുക.

4. എല്ലാ പൊതുവായനശാലകൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ജനപങ്കാളിത്തത്തോടെ പദ്ധതികൾ ആവിഷ്കരിക്കുക.

5. ഓരോ വാർഡിലും വായനശാലയോടോ ക്ലബിനോടോ ബന്ധപ്പെടുത്തി ടി.വി. സ്ഥാപിക്കുക.

6. നാടൻ കലാമേളകൾ സംഘടിപ്പിക്കുകയും വിജയികൾക്ക് കാഷ് അവാർഡ് നൽകുകയും ചെയ്യുന്നത് നാടൻ കലകളെ സംരക്ഷിച്ച് പോഷിപ്പിക്കാനുതകുന്നതാണ്.

7. വാർഡടിസ്ഥാനത്തിൽ എല്ലാ വിഭാഗം ജനങ്ങൾക്കും പങ്കെടുക്കാവുന്ന വിധത്തിൽ കലാകായിക മത്സരങ്ങൾ ഒരു ഉത്സവത്തിന്റെ പ്രതീതി ജനിപ്പിക്കുന്ന വിധത്തിൽ സംഘടിപ്പിക്കുക.

8. പഞ്ചായത്ത് തലത്തിൽ കലാ-കായിക മത്സരങ്ങൾ നടത്തുമ്പോൾ തൊഴിലധിഷ്ടിത കായിക മത്സരവും ഉൾപ്പെടുത്തുന്നത് പ്രോത്സാഹജനകമാണ്.

9. രണ്ട്, നാല്, എട്ട് വാർഡിലെ IHDP കോളനികളിൽ ടി.വി. സ്ഥാപിക്കുക.

10. സാഹിത്യ - കലാ-സാംസ്കാരിക രംഗത്തെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് പഞ്ചായത്ത് തല കലാകായിക വികസനസമിതി രൂപീകരിക്കുക.

ലൈബ്രറികൾ, വായനശാലകൾ സംബന്ധിച്ച വിവരങ്ങൾ

Ref. AVG.

	ലൈബ്രറികൾ			വായനശാല		
വാർഡ്	പഞ്ചായത്ത് വക	മറ്റുള്ളവ	ആകെ	പഞ്ചായത്ത് വക	മറ്റുള്ളവ	ആകെ
1	2	3	4	5	6	6
1						
2		കണ്ണാട് ആർട് & സ്പോർട്സ് ,ക്ലബ്ബ്	1			
3		യുവജന വായനശാല ചെമ്പുലങ്ങാട്	1			
4						
5		പരുതൂർ ലൈബ്രറി & റിക്രിയേഷൻ സെന്റർ	1			
6		സർഗ്ഗ കൊടിക്കുന്ന്	1		ഹൃദ്യ, യുവചേതന, വായനശാല Arts Club	3
7		ശോണിമ, കൊടുമുണ്ട	1		KFC കൊടിക്കുന്ന്	1
8		യുവജന വായനശാല കുളമുക്ക്				
		CHM മുടപ്പക്കാട്	2		സംഗമം	
9		യുവധാര - പരുതൂർ	1		ഗ്രാമിക യുവശക്തി	3
10	സാംസ്കാരിക നിലയം, പള്ളിപ്പുറം	-	1		യുവചിത്ര - കരിയന്നൂർ	1
	ആകെ	1	8	9		8

വനിത

കേരളത്തിലെ ജനസംഖ്യയിൽ സ്ത്രീകളാണല്ലോ കൂടുതൽ. പരുതൂർ പഞ്ചായത്തിലും സ്ഥിതി വിഭിന്നമല്ല. മൊത്തം 24509-ൽ 12164 പുരുഷന്മാരും 12345 സ്ത്രീകളും ആണ്. എണ്ണത്തിൽ കൂടുതൽ ഉണ്ടെങ്കിലും പ്രവർത്തനമേഖലകളിൽ പുരോഗമന പ്രസ്ഥാനങ്ങൾ സജീവമായി മുന്നേറുന്ന ഈ കാലഘട്ടത്തിൽ സ്ത്രീകൾ ഇതൊന്നും അറിയാതെ അടുക്കളക്കുള്ളിൽത്തന്നെ ഒതുങ്ങി കൂടിയിരിക്കുകയാണ്. ഈ പഞ്ചായത്തിലും പണ്ടുകാലത്ത് പൊതുജന പ്രവർത്തനരംഗത്ത് സ്ത്രീ പങ്കാളിത്തം വളരെ കുറവായിരുന്നു. സ്കൂളുകളിലേക്ക് പെൺകുട്ടികളെ പറഞ്ഞയക്കുന്ന പതിവുതന്നെ ഉണ്ടായിരുന്നില്ല. നിലത്തെഴുത്തിലൂടെയായിരുന്നു പെൺകുട്ടികൾക്ക് അക്ഷരാഭ്യാസം കിട്ടിയിരുന്നത്. താണ ജാതിക്കാർക്ക് ഇങ്ങോട്ടൊന്നും പ്രവേശനമുണ്ടായിരുന്നില്ല. അതുകൊണ്ട് സ്ത്രീകൾ വിദ്യാഭ്യാസ കാര്യത്തിൽ പിന്നോക്കമായി. സ്ത്രീജനസംഖ്യ കൂടുതലായ ഈ സാഹചര്യത്തിൽ സ്ത്രീ പങ്കാളിത്തത്തിന്റെ ആവശ്യകതയെ സൂചിപ്പിക്കുന്നു. സ്ത്രീവിദ്യാഭ്യാസം കുറവായതിനാൽ അവർ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും അടിമകളായി ജീവിച്ചുപോന്നു. കുറച്ചുകൂടി മുന്നോട്ടു വന്നപ്പോൾ സ്ത്രീകൾക്ക് പ്രാഥമിക വിദ്യാഭ്യാസം കിട്ടുമെന്നായി. എങ്കിലും ഉന്നത വിദ്യാഭ്യാസം അവർക്ക് അപ്രാപ്യമായിരുന്നു. സ്ത്രീകളുടെ സാമൂഹിക പദവി പിന്നോക്കമായിരുന്നു. സ്ത്രീകൾക്ക് വളരെയധികം ചുമതലകളുണ്ട്. ആരോഗ്യരംഗത്ത് വളരെയധികം മുന്നോട്ടു പോയിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ ശരാശരി ആയുർദൈർഘ്യം കൂടിയിട്ടുണ്ട്. പ്രായമായവർ വീട്ടിൽ ഉണ്ടാകുമ്പോൾ അവരുടെ സംരക്ഷണച്ചുമതല സ്ത്രീകൾക്കാണല്ലോ കൂടുതൽ. അതും സ്ത്രീകളെ പൊതുരംഗത്തേക്ക് കടന്നുവരുന്നതിൽ നിന്ന് തടയുന്നു.

സ്ത്രീകൾ പൊതുരംഗത്തുനിന്ന് നിഷ്കാസിതരാകുന്നു. അവർ പിൻതള്ളപ്പെടുന്നു. സ്ത്രീകളെ ഒരു കാര്യം ഏൽപിച്ചാൽ അത് കാര്യമാത്ര പ്രസക്തമായി ചെയ്തുതീർക്കും. പക്ഷെ, എന്തുകൊണ്ടോ അവരെ കാര്യങ്ങൾ ഏൽപിക്കാൻ ബന്ധപ്പെട്ടവർ മടി കാണിക്കുന്നു. എല്ലാ സ്ത്രീകളും കാര്യങ്ങൾ നടത്താൻ കെൽപ്പുള്ളവരാണ് എന്നർത്ഥമില്ല. കഴിവുള്ളവർ ധാരാളമുണ്ട്. കണ്ടെത്തണമെന്നു മാത്രം. സ്ത്രീകളുടെ പദവി ഇപ്പോൾ പണ്ടത്തേതിനേക്കാൾ കുറച്ച് ഉയർന്നിട്ടുണ്ട്. സംവരണ തത്വം കർശനമായി പാലിക്കണം എന്ന നിയമമുള്ളതുകൊണ്ട് സാമൂഹ്യരാഷ്ട്രീയ രംഗങ്ങളിൽ സ്ത്രീപങ്കാളിത്തമുണ്ട്. അദ്ധ്യാപനരംഗത്ത് സ്ത്രീകളാണ് കൂടുതൽ. 76 അദ്ധ്യാപകരും 100 അദ്ധ്യാപികമാരുമാണ് ഈ പഞ്ചായത്തിലുള്ളത്. ആരോഗ്യരംഗത്ത് സ്ത്രീകളാണ് ഈ പഞ്ചായത്തിൽ കൂടുതലായി തൊഴിലെടുക്കുന്നത്. സ്കൂളിൽ പോകുന്ന കുട്ടികളുടെ എണ്ണം പരിശോധിച്ചാൽ പെൺകുട്ടികൾ കുറവാണ്. ആൺ കുട്ടികളാണ് അധികം.

വനിതകളുടെ തൊഴിൽ മേഖലയിൽ പ്രധാനമായ വാർഷിക വൃത്തി, കെട്ടിടനിർമ്മാണം, ഇഷ്ടിക നിർമ്മാണം, ചെങ്കൽ കരിങ്കൽ ക്വാറികളിലെ പണി, അദ്ധ്യാപനം, തുന്നൽ മറ്റു സർക്കാർ ജോലികൾ എന്നിവയാണ്. പരമ്പരാഗത കുടിൽ വ്യവസായങ്ങൾ ചെയ്യുന്നവരും ഈ പഞ്ചായത്തിലുണ്ട്. വനിതകളുടെ നേതൃത്വത്തിൽ ഒരു കറിപൗഡർ യൂണിറ്റ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കൊടിക്കുന്ന് മഹിളാസമാജത്തിൻ കീഴിലുള്ള താര കറിപൗഡർ യൂണിറ്റാണ് ഇത്. വനിതാ സഹകരണസംഘം, വനിതാക്ഷീരോത്പാദക സഹകരണ സംഘം, എന്നിവ ഈ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിൽ 2 വനിതാ തുന്നൽ പരിശീലന കേന്ദ്രങ്ങൾ ഉണ്ട്.

പല രംഗത്തും പുരുഷന്മാർക്ക് കിട്ടുന്ന കൂലിയുടെ പകുതിയെ സ്ത്രീകൾക്ക് ലഭിക്കുന്നുള്ളൂ. പൊതുവെ കാർഷിക മേഖലയിലാണ് ഈ കൂലിക്കുറവ്. കാർഷിക മേഖലയിൽനിന്ന് സ്ത്രീകൾ പുറകോട്ടു പോകാൻ ഇത് ഒരു കാരണമാണെന്നു തോന്നുന്നു. ഇവർ കെട്ടിടം പണി റോഡു പണി എന്നിവയിൽ വ്യാപൃതരായിരിക്കുന്നു. അവരെ ഈ മേഖലയിലേക്കുതന്നെ തിരിച്ചു കൊണ്ടുവരേണ്ടതുണ്ട്. പച്ചക്കറി കൃഷി, ഉദ്യാന കൃഷി എന്നിവ ഇതിനുപകരിക്കും. DWCRA, IRDP പോലുള്ള യൂനിറ്റുകളിൽ സ്ത്രീകളെ ഉറപ്പിച്ചു നിൽത്താൻ കഴിയുന്നുണ്ട്. ഈ യൂനിറ്റുകളിൽ ഉൽപാദിപ്പിക്കപ്പെടുന്ന ഉൽപന്നങ്ങൾ വിറ്റഴിക്കാനുള്ള മാർക്കറ്റിംഗ് ഗ്രൂപ്പ് ഉണ്ടാക്കാൻ കഴിയേണ്ടതുണ്ട്. പഞ്ചായത്ത് തലത്തിലോ ബ്ലോക്ക് തലത്തിലോ തൊഴിലധിഷ്ഠിത പരിശീലനം നൽകാൻ കഴിയേണ്ടതാണ്. നമ്മുടെ പഞ്ചായത്തിലുള്ള കുറേപ്പേർ ടൈലറിംഗ് മേഖലയിൽ പുറത്തുപോയി പണിയെടുക്കുന്നുണ്ട്. അവരെ നമ്മുടെ പഞ്ചായത്തിൽ തന്നെ ഉറപ്പിച്ചു നിർത്താൻ കഴിയേണ്ടതാണ്.

ആരോഗ്യസ്ഥിതി പരിശോധിച്ചാൽ ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം വളരെ ശോചനീയമാണ്. വേണ്ടത്ര ജീവനക്കാർ ഇല്ലാത്ത അവസ്ഥ എല്ലാ ആസ്പത്രികളിലുമുണ്ട്. ഓരോ ആസ്പത്രിയിലും ഒരു സ്ത്രീ രോഗവിദഗ്ധൻ ഉണ്ടാകേണ്ടതാണ്. പഞ്ചായത്തിൽ ലഭ്യമാക്കാൻ പ്രയാസമുണ്ടെങ്കിൽ താലൂക്കു കേന്ദ്രങ്ങളിലെങ്കിലും ഉണ്ടാകേണ്ടതാണ്. രോഗം പിടിപെടുന്നവരിൽ സ്ത്രീകൾ തന്നെയാണ് കൂടുതൽ. തൊഴിൽ രഹിത യുവജനങ്ങളിൽ സ്ത്രീകളാണ് കൂടുതൽ പൊതുരംഗങ്ങളിൽ സ്ത്രീ പങ്കാളിത്തം വളരെ കുറവായിരുന്നത്. ഈ അടുത്ത കാലത്തായി കുറച്ച് വ്യത്യാസം വന്നിട്ടുണ്ട്. പഞ്ചായത്തിൽ രണ്ട് മഹിളാ സമാജങ്ങൾ ഉണ്ട്.

ഈ പഞ്ചായത്തിൽ ആശുപത്രിയുടെ സ്ഥിതി പൊതുവെ ശോചനീയമാണെങ്കിലും രോഗികളിൽ കൂടുതലായും സ്ത്രീകളാണ്. മദ്യപാനം ഈ പഞ്ചായത്തിൽ വ്യാപകമായി കാണുന്നുണ്ട്. ഇതിന്റെ ദുഷ്യഫലം അനുഭവിക്കുന്ന് കൂടുതലായും സ്ത്രീകളാണ്. ചാരായ നിരോധനം നടപ്പാക്കി എങ്കിലും കള്ളച്ചാരായ നിർമ്മാണം കൂടിൽ വ്യവസായമായി തുടരുന്നുണ്ട്. ഇതിന് ഒരറുതി വരണമെങ്കിൽ സമ്പൂർണ മദ്യനിരോധനം ഏർപ്പെടുത്തേണ്ടതുണ്ട്. പീഡനം അനുഭവിക്കുന്ന സ്ത്രീകൾ ഇവിടെയുമുണ്ട്. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്ററുകൾ കവലകളിലും പ്രസിദ്ധീകരണങ്ങളിലും ധാരാളമായി കാണുന്നു. വീട്ടിൽ ജോലി കഴിഞ്ഞ് വെറുതെ സമയം കഴിക്കുന്ന സ്ത്രീകളെ കൂടിൽ വ്യവസായങ്ങളുമായി ബന്ധപ്പെടുത്താവുന്നതാണ്. തൊഴിൽ മേഖലയിൽ സ്ത്രീകൾക്ക് വേണ്ടത്ര അവസരം ലഭിക്കുന്നില്ല. സ്ത്രീകൾ പൊതുരംഗത്ത് വരാൻ മടികാണിക്കുന്നു. സ്ത്രീകൾക്ക് തൊഴിൽ അവസരങ്ങൾ കുറവാണ്. വേണ്ടത്ര മഹിളാ സമാജങ്ങൾ ഇല്ല. സ്ത്രീധന പ്രശ്നം വിവാഹത്തിന് തടസ്സമാകുന്നു. വിധവകളുടെ മക്കൾക്ക് ലഭിക്കുന്ന വിവാഹധനസഹായം അപര്യാപ്തമാണ്. വിവാഹമോചനം നേടിയവർ ഈ പഞ്ചായത്തിലുണ്ട്. വെറുതെയിരിക്കുന്ന കുറേ സ്ത്രീകളെങ്കിലും ഈ പഞ്ചായത്തിലുണ്ട്. പ്രധാന പ്രശ്നങ്ങൾ എന്ന നിലക്ക് മേൽ പറഞ്ഞവ ചൂണ്ടികാണിക്കാവുന്നതാണ്.

അംഗൻവാടികൾ സ്ത്രീകളുടെ പ്രവർത്തന മേഖലയാക്കാൻ കഴിയണം. വായനശാലകൾ സ്ത്രീകൾ കാര്യമായി ഉപയോഗിക്കുന്നില്ല. അവർക്ക് ഉപയോഗപ്രദമായ രീതിയിൽ സർക്കുലേഷൻ ലൈബ്രറികൾ തുടങ്ങാവുന്നതാണ്. സ്ത്രീകളിലെ കലാകായിക പ്രതിഭകളുടെ സംഘടന രൂപീകരിക്കാവുന്നതാണ്. അയൽക്കൂട്ടങ്ങൾ വിളിച്ചു ചേർക്കാവുന്നതാണ്. വ്യാവസായിക ഉൽപന്നങ്ങൾ വിറ്റഴിക്കാനുള്ള മാർക്കറ്റിംഗ് ഗ്രൂപ്പുകൾ ഉണ്ടാക്കാവുന്നതാണ്. പഞ്ചായത്ത് തലത്തിലോ ബ്ലോക്ക് തലത്തിലോ തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങാവുന്നതാണ്. ഓരോ വാർഡിലും ഓരോ മഹിളാ സമാജങ്ങൾ ഉണ്ടാക്കാവുന്നതാണ്. സ്ത്രീകളുടെ പ്രവർത്തനങ്ങളെ മൂല്യനിർണയം ചെയ്യാൻ വനിതാ വികസന കമ്മറ്റി രൂപീകരിക്കാവുന്നതാണ്. വനിതകൾക്ക് പണ്ടത്തേതിനേക്കാൾ തൊഴിൽ സാദ്ധ്യത കൂടുതലുണ്ട്. അവ വേണ്ടത്ര പ്രയോജനപ്പെടുത്തിയാൽ പുരോഗതി സുനിശ്ചിതമാണ്.



സഹകരണമേഖല

പള്ളിപ്പുറത്തെ ആദ്യത്തെ ബാങ്ക് 40കളുടെ ആരംഭത്തിൽ കടുത്ത സാമ്പത്തിക പ്രതിസന്ധി മുതലെടുത്തുകൊണ്ട് ചെറുകുടങ്ങാട് ചുവരക്കാട്ട് മഠത്തിൽ മണി അയ്യർ ആരംഭിച്ചു. കനത്ത പലിശയാണ് ഈടാക്കിയിരുന്നത്. സ്വാതന്ത്ര്യസമര പ്രസ്ഥാനവുമായി ബന്ധപ്പെട്ടിരുന്ന ചെറുപ്പക്കാർ തുടക്കം മുതലേ ഈ ബാങ്കിന്റെ പ്രവർത്തനവുമായി നിസ്സഹകരിച്ചു. ഇതിനെതിരെ എന്തെങ്കിലും ചെയ്തേ തീരൂ എന്ന് തീരുമാനിച്ചു. അങ്ങനെയാണ് ഒരു "ഐക്യനാണയസംഘം" ആരംഭിക്കുന്നത്. കൊപ്രമ്പത്ത് ഗോവിന്ദൻ നായരായിരുന്നു പ്രസിഡണ്ട്. നരിപ്പറ്റ കേശവൻ ഭട്ടതിരിപ്പാട്, അച്ചായത്ത് പുത്തൻ വീട്ടിൽ ഗോവിന്ദൻ നായർ, സി.ആർ. അച്യുതൻ കുട്ടി നമ്പ്യാർ, മാക്കണ്ടത്ത് കുട്ടി കൃഷ്ണൻ നായർ മുരിങ്ങോളിൽ നാരായണൻ നായർ എന്നിവരായിരുന്നു അംഗങ്ങൾ. സ്വാതന്ത്ര്യ ലബ്ധിയോടുകൂടി ആദ്യകാലത്തെ ആവേശം നിലക്കുകയും ഐക്യനാണയ സംഘം കടലാസിൽ മാത്രമായി അവശേഷിക്കുകയും ചെയ്തു.

ഐക്യകേരളത്തിന്റെ ആവിർഭാവത്തോടെ പുതിയ ആവേശവുമായി കുറേ പേർ രംഗത്ത് വന്നു. ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ വായ്പാ സൗകര്യത്തോടുകൂടിയ സ്ഥാപനങ്ങൾ ആവശ്യമായി വന്നു. പൊതുരംഗത്തെ തഴക്കം വന്ന പ്രവർത്തകരും ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ച ചിലരും കൂടി പഴയ ഐക്യനാണയ സംഘത്തിന്റെ കണക്കുകൾ പരിശോധിച്ചു. ഒരു സർവ്വീസ് സഹകരണസംഘം സ്ഥാപിക്കാനുള്ള തുടക്കമായിരുന്നു അത്. കെ.ആർ.നായർ, എ.പി. വാസുദേവൻ നായർ, പി.ബി. മേനോൻ, പുളിയപ്പറ്റ ഗോപാലൻ, പോക്കർ മാസ്റ്റർ, സി.ആർ. അച്യുതൻ കുട്ടിനമ്പ്യാർ, എം. പത്മനാഭ മേനോൻ, എം.കെ. ആലി, എം.എസ്. മേനോൻ മുതലായവർ മുൻകൈ എടുത്ത് അംഗത്വ പ്രവർത്തനം നടത്തി. 1961-ൽ സംഘത്തിന്റെ പ്രവർത്തനം ആരംഭിച്ചു.

ഒരു ക്രെഡിറ്റ് സൊസൈറ്റിയായാണ് പ്രവർത്തനം ആരംഭിച്ചത്. കെ.ആർ. നായരാണ് ആദ്യത്തെ പ്രസിഡണ്ട്. തുടർന്ന് പുളിയപ്പറ്റ ഗോപാലൻ, എം. പത്മനാഭ മേനോൻ, കെ.എം. വാസുദേവപ്പണിക്കർ, എം.കെ. ആലി, പി.ഗോവിന്ദൻ കുട്ടി എന്നിവർ പ്രസിഡണ്ടുമാരായി. ഇപ്പോൾ കെ.എ. മോനുട്ടിയാണ് പ്രസിഡണ്ട്. 5802 അംഗങ്ങൾ ഇപ്പോഴുണ്ട്. 15,05000 രൂപ ഓഹരി മൂലധനവും 1,53,81,662 രൂപ നിക്ഷേപവും 2,02,22,696 രൂപ വായ്പയും ഇപ്പോൾ ഈ ബാങ്കിനുണ്ട്. ഈ നിലയിൽ പള്ളിപ്പുറം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് എന്ന പേരിൽ പ്രവർത്തിച്ചുവരുന്നു. സെക്രട്ടറി ഉൾപ്പടെ 10 ജീവനക്കാർ ഇവിടെയുണ്ട്. നിത്യ വേതനത്തിൽ 5 പേരും. രാസവളം, തുണി, നിത്യോപയോഗ സാധനങ്ങൾ എന്നിവ ഇവിടെ വിതരണം ചെയ്തുവരുന്നു. ഈ പഞ്ചായത്തിൽ ഒരു വനിതാ സഹകരണസംഘം (കരുവാൻ പടി), DWCRA യുടെ കീഴിൽ വനിതകളുടെ സഹകരണത്തോടെ ഒരു കറിപൗഡർ യൂണിറ്റ് (കൊടിക്കുന്ന് വടക്കേനട) നാലും ഏഴും എട്ടും മൂന്നാം വാർഡിന്റെ കുറച്ചു ഭാഗങ്ങളും ചേർന്ന് കുളമുക്ക് ആസ്ഥാനമായും അഞ്ച്, ആറ്, ഒമ്പത്, പത്ത് വാർഡുകൾ ചേർന്ന്- കൊടിക്കുന്ന് ആസ്ഥാനമായി വനിതകളുടെ നേതൃത്വത്തിലും ഒന്ന്, രണ്ട്, മൂന്നാം വാർഡിന്റെ ബാക്കി ഭാഗങ്ങൾ ചേർന്ന് അഞ്ചു മൂല ആസ്ഥാനമായും ഓരോ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ 14-11- 96 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഈ പ്രദേശത്തിന്റെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഏക ആശ്രയം പള്ളിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് തന്നെയാണ്. കൃഷി, വ്യവസായം, വാണിജ്യ വ്യാപാര രംഗങ്ങളിൽ ഒട്ടേറെ പ്രശ്നങ്ങളുമുണ്ട് ഇതിന്.

1) ഇരുപത് ശതമാനം അംഗങ്ങളെ മാത്രമേ ഈ ബാങ്കിന് ഉൾകൊള്ളാൻ കഴിഞ്ഞിട്ടുള്ളൂ.

2) മൂലധനം പര്യാപ്തമല്ല.

3) കാർഷിക കടാവശ്യങ്ങൾ പത്തു ശതമാനം പോലും നിറവേറ്റാൻ കഴിയുന്നില്ല.

4) വികസന പദ്ധതികൾ ത്വരിതപ്പെടുത്താൻ പരി പാടികൾ അജണ്ടയിലില്ല.

നിർദ്ദേശങ്ങൾ

1) വിഭവ സമാഹരണം വിപുലമാക്കുക.

2) കാർഷിക വായ്പാ സൗകര്യങ്ങൾ വേണ്ടത്ര ലഭ്യ മാക്കാൻ പദ്ധതികൾ വിപുലമാക്കുക, വ്യവസ്ഥകൾ ഉദാരമാക്കുക.

3) ഈ പ്രദേശത്തിന് പരിചിതമായ ഓട്ടു പാത്രവ്യ വസായം, പായനെയ്ത്ത്, മൺ പാത്ര വ്യവസായം എന്നിവക്ക് പ്രത്യേക സഹകരണസംഘങ്ങൾ സ്ഥാപി ക്കുക.

4) കൃഷി അനുബന്ധമായ തൊഴിലുകൾക്ക് അവ സരം കൊടുക്കുക.

5) സംഘടിത തൊഴിലാളികൾക്ക് പ്രത്യേക പഠന ക്ലാസുകൾ ഏർപ്പെടുത്തുക.

6) വായ്പാ വിതരണത്തിന്റെ വിനിയോഗം ഉത്പാ

പട്ടിക–3
ഒറ്റപ്പാലം കാർഷിക വികസന ബാങ്ക് പഞ്ചായത്തിൽ കൊടുത്ത വായ്പ

ക്രമനമ്പർ	എത്രപേർക്ക്	ഏത് ഇനം	തുക
1	41	പദ്ധതിവായ്പ	9,35,408
2.	16	ഓർഡിനറി വായ്പ	2,27,200
3.	9	കാർഷികേതര വായ്പ	6,56,000
4.	43	ഭവനനിർമ്മാണ വായ്പ	17,02,000

പട്ടിക–4 പട്ടാമ്പി ഭവനനിർമ്മാണ സഹകരണസംഘം

മെമ്പർ	എത്രപേർക്ക്	ഇനം	തുക
1	4	ഭവനനിർമ്മാണം	1,32,105

പള്ളിപ്പുറം സഹകരണ ബാങ്കിൽ നിന്ന് നൽകിയ വായ്പകളുടെ വിവരം. പട്ടിക–1

ക്രമനമ്പർ	വായ്പകളുടെ പേര്	സംഖ്യ
1.	വിളവായ്പ	15,51,733
2.	മദ്ധ്യകാല വായ്പ	2,83,218
3.	മദ്ധ്യകാല കാർഷികേതരം	29,98,162
4.	ചെറുകിട വ്യവസായം	1,69,407
5.	കാർഷികേതരം	1,21,71,837
പ്രത്യേക വായ്പകൾ:-		
1.	ബിസിനസ് CC	9,92,738
2.	ഡെപ്പോസിറ്റ് ലോൺ	20,55,201

സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ

സ്ഥാപനം	സ്വഭാവം	തുക
ഡിസ്ട്രിക്	ST & MT	15,80,295
കോ-ഓപ്പറേറ്റീവ്	cash credit	17,58,065
ബാങ്ക്	Building Loan	1,11,000

ദനപരമാണോ എന്ന് പരിശോധിക്കുക.

7) വളം, കീടനാശിനി വിതരണം കൂടുതൽ കാര്യ ക്ഷമമാക്കുക.

8) നിലവിലുള്ള പട്ടികജാതി - പട്ടിക വർഗ്ഗ സഹ കരണ സംഘത്തിന്റെ പ്രവർത്തനം വിപുലമാക്കുക.

9) മുഴുവൻ കൃഷിക്കാർക്കും ഉപകാരപ്രദമായി ഒരു മാർക്കറ്റിംഗ് സംഘം സ്ഥാപിക്കുക.

10) പി.ഡി.സി. ബാങ്ക്, ബ്ലോക്ക് ഭവനനിർമ്മാണ സഹകരണ സംഘം, കാർഷിക വികസന ബാങ്ക് എന്നി വയുടെ പ്രവർത്തനം ഉറപ്പുവരുത്തുക.

11) സോഷ്യൽ ഓഡിറ്റിങ്ങ് നടപ്പാക്കുക.

12) ജനറൽ ബോഡികൾ ചടങ്ങാകാതെ അംഗങ്ങ ളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക.

13) വിദ്യാർത്ഥി സഹകരണസംഘങ്ങൾ എല്ലാ സ്കൂളിലും രൂപീകരിക്കുക.

14) മണൽ തൊഴിലാളികളുടെ സഹകരണസംഘം ഉണ്ടാക്കി പ്രവർത്തനം പഞ്ചായത്തുമായി ബന്ധപ്പിക്കു കയും മണൽ വാരുന്നതിന്റെ ചുമതല സംഘത്തിനെ ഏൽപിക്കുകയും ചെയ്യുക.

നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞ് കിട്ടാനുള്ളവ:-പട്ടിക-2

വായ്പാ സ്വഭാവം	തുക
1. ക്രോപ്പ് ലോൺ	3,18,725
2. എം.ടി. അഗ്രികൾച്ചർ	1,86,620
3. എസ്.ടി. നോൺ അഗ്രികൾച്ചർ	15,30,321
4. എം.ടി. നോൺ അഗ്രികൾച്ചർ	10,14,450
5. ഇൻഡസ്ട്രിയൽ	1,17,515
6. ക്യാഷ് ക്രെഡിറ്റ്	1,20,869

സ്ഥാപനത്തിന്റെ ചെലവുകൾ:-

1. എസ്റ്റാബ്ലിഷ്മെൻറ് ചാർജസ് - 5,42,700

2. കണ്ടിജൻസീസ് - 2,38,300

വായ്പാ സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ:-

1. എല്ലാ വിധ ബാങ്കിങ്ങ് ഇടപാടുകളും

2. രാസവളം, കീടനാശിനി, തുണി വിൽപന.

3. നിത്യോപയോഗ സാധനങ്ങളുടെ വിൽപന.

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

വിദ്യാഭ്യാസപരമായും, സാമ്പത്തികപരമായും ജാതീയമായും പിന്നോക്കം നിൽക്കുന്ന ഈ വിഭാഗത്തിന്റെ സർവതോന്മുഖമായ ഉന്നമനത്തിനുവേണ്ടി ഒട്ടേറെ ക്ഷേമ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും ഉദ്ദേശിച്ച ഫലം നേടിയിട്ടില്ല. ആദ്യകാലങ്ങളിൽ മറ്റെല്ലായിടത്തുമെന്നപോലെ ഇവിടെയും അയിത്താചാരത്താൽ അകറ്റപ്പെട്ട ജനവിഭാഗമായിരുന്നു അവർ. പകലന്തിയോളം പണിയെടുത്ത് പടിക്കപ്പുറത്ത് കൂലിക്കു വേണ്ടി കാത്തിരുന്ന്, എന്തെങ്കിലും കിട്ടിയത് മേടിച്ച ഇരുട്ട് തപ്പി ചാളയിലേക്ക് നീങ്ങിയിരുന്ന ഈ ജനവിഭാഗം അർധനഗ്നരും പട്ടിണിക്കോളങ്ങളും ആയിരുന്നു. നിരന്തരമായ സാമൂഹ്യ ഇടപെടലിലൂടെ ഇന്ന് ഏറെക്കുറെ മാറ്റങ്ങൾ വന്നിട്ടുണ്ട്. അവകാശ ബോധമുള്ളവരും സംഘടിതരുമായി മാറിയിട്ടുണ്ട്. മറ്റു സമുദായക്കാരുമായി ഇടപഴകിത്തുടങ്ങിയതോടെ സമൂഹത്തിൽ പരിമിതമായ തോതിലെങ്കിലും സ്ഥാനം നേടാൻ കഴിഞ്ഞിട്ടുണ്ട്.

ഈ പഞ്ചായത്തിൽ 4502 പേർ പട്ടികജാതി വിഭാഗക്കാരായി ഉണ്ട്. ഇത് പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 18% വരും. ഇരിൽ വിദ്യാഭ്യാസം നേടാനുള്ള ഒരു പ്രവണത കാണുന്നു എന്നത് ആശ്വാസകരമാണ്. ഈ വിഭാഗത്തിലെ രണ്ടു വനിതകൾ ബിരുദാനന്തര ബിരുദം ഉള്ളവരാണ്. ബിരുദം നേടിയവരുടെ എണ്ണം ഇരുപതിനു താഴെയാണ്. രാഷ്ട്രീയ പാർട്ടികളിൽ പ്രവർത്തിക്കുന്നവരും ഉന്നത സ്ഥാനങ്ങളിൽ എത്തിയവരും ഉണ്ട്. 1977-ന് ശേഷം അസംബ്ലി, പാർലിമെൻറ് സംവരണ നിയോജകമണ്ഡലത്തിലെ ഒരു ഭാഗമാണ് ഈ പഞ്ചായത്ത്. 80-ലും 87-ലും തൃത്താല അസംബ്ലി നിയോജക മണ്ഡലത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടത് ഇന്നാട്ടുകാരനായ എം.പി. താമിയാണ്. സാമൂഹ്യ രാഷ്ട്രീയ രംഗത്ത് മറ്റു സമുദായക്കാരോടൊത്ത് പ്രവർത്തിക്കാൻ മുന്നോട്ട് വന്നത് ഒരു പുരോഗമനം തന്നെയാണ്. ആധുനിക തലമുറ പ്രാഥമിക വിദ്യാഭ്യാസമെങ്കിലും നേടാൻ ശ്രമിക്കുന്നുണ്ട്. ഈ വർഷം S.S.L.C ക്ലാസ്സിൽ ഈ വിഭാഗത്തിലുള്ള 65 പേർ പഠിക്കുന്നു. വിവിധ സ്കൂളുകളിലായി പഠിക്കുന്ന 1094 കുട്ടികൾക്ക് ലംസം ഗ്രാൻറ് ലഭിക്കുന്നുണ്ട്.

പട്ടികജാതി വിഭാഗം സാമ്പത്തികമായി ഇനിയും മെച്ചപ്പെട്ട നിലയിലെത്തിയിട്ടില്ല. സ്വന്തമായി സ്വത്തോ, ഭൂമിയോ അധിക പേർക്കും ഇല്ല. തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നതും സാമ്പത്തിക ക്ലേശം ഉണ്ടാക്കുന്നു. തൊഴിൽ മേഖലയിൽ വൈദഗ്ധ്യം നേടിയവർ വിരളമാണ്. ഇവർക്ക് വേണ്ടി പല ക്ഷേമ പ്രവർത്തനങ്ങളും ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും നടത്തിപ്പ് തൃപ്തികരമല്ല. പട്ടിക ജാതി വിഭാഗത്തിൽ 529 കുടുംബങ്ങൾ ഉള്ളതിൽ 64 കുടുംബങ്ങൾക്കു മാത്രമെ IRDP പ്രകാരം ധനസഹായം ലഭിച്ചിട്ടുള്ളൂ. IAY-JRY പദ്ധതി പ്രകാരം 38 പേർക്ക് വീട് നിർമ്മിച്ചുകൊടുത്തിട്ടുണ്ട്. പട്ടികജാതി വികസന കോർപറേഷൻ വഴി ഇരുപതോളം കുടുംബങ്ങൾക്ക് താമസ സൗകര്യം ലഭിച്ചിട്ടുണ്ട്. മറ്റു പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ബ്ലോക്ക് വഴി ധനസഹായം ലഭിച്ചുകൊണ്ടിരിക്കുന്നു.

പഞ്ചായത്തിൽ പട്ടിക ജാതി വിഭാഗത്തിന്റെ 39 കോളനികൾ ഉണ്ട്.

പട്ടികകാണുക

ഇതിൽ അംഗീകാരമുള്ള IHDP കോളനികൾ നാലെണ്ണമാണ്. രണ്ടാം വാർഡിൽ മേച്ചീരി പറമ്പ്, നാലാം വാർഡിൽ കൊഴിക്കുന്നം പാറ, എട്ടാം വാർഡിൽ പാതിരിക്കോട് ഒമ്പത്താം വാർഡിൽ പുളിക്കപ്പറമ്പ് എന്നിവയ്ക്ക് അംഗീകാരമുണ്ട്. അംഗീകാരമില്ലാത്ത 35 കോളനികൾ വിവിധ വാർഡുകളിലായി സ്ഥിതി ചെയ്യുന്നു.

നാടപറമ്പ്, അരണാത്ത് പറമ്പ്, കൊച്ചിയിൽ പടി, മംഗലം, നടുമുറി, നരപ്പറ്റ പടി, പാതിരിക്കോട് കള്ളിക്കുന്ന്, തെക്കേകുന്ന് - കൈതക്കുന്ന്, പരുവക്കുളം - പുളിക്കപ്പറ്റ, കരയന്നൂർ എന്നിവിടങ്ങളിൽ ആയി 152 കുടുംബങ്ങൾക്ക് വൈദ്യുതി ലഭിച്ചിട്ടുണ്ട്. (പട്ടിക 10.2) ഇതിൽ 53 കുടുംബങ്ങൾ സൗജന്യ സ്ലാബിൽ ആണ്. വേണ്ടത്ര സൗകര്യങ്ങളില്ലാത്ത അവസ്ഥയാണ് കോളനികളുടെത്. പ്രാഥമിക ആവശ്യം നിറവേറ്റുന്നതിനോ,

ഹരിജൻ വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

10.2

വാർഡ് നമ്പർ	ഹരിജൻ കോളനിയുടെ പേരും	വൈദ്യുതി ലഭിച്ച കുടുംബങ്ങൾ	സൗജന്യസ്ലാബിൽ ഉപ: എണ്ണം	പണം നൽകി കണക്ഷൻ ലഭിക്കുന്ന കുടുംബ എണ്ണം.
I	നാടപറമ്പ്	6	-	6
II	അരണാത്ത് പറമ്പ്	14	14	-
III	മേച്ചീരി	-	-	-
IV	കൊച്ചിയിൽ പടി	8	1	7
V	മംഗലം	20	4	16
VI	കളരിപറമ്പ്	-	-	-
VII	നടുമുറി/നരിപ്പറ്റ പടി	10	25	5
		8	5	17
VIII	പാതിരിക്കോട് കള്ളിക്കുന്ന്	10	2	8
IX	തെക്കേകുന്ന് - കൈതക്കുന്ന്			
	പരുവക്കളം - പുളിക്കപ്പറ്റ	35	20	12
		6	23	14
X	കരിയന്നൂർ	10	1	9
	ആകെ	152	53	99

കുടിവെള്ളം ലഭിക്കുന്നതിനോ സൗകര്യം ഇല്ല. പരിസരമാണെങ്കിൽ മലിനപ്പെട്ടു കിടക്കുന്നു. മറ്റുചില പ്രശ്നങ്ങൾ ഇവരുടെ ഉന്നതിക്ക് സഹായമാണ്.

സ്വന്തമായി കളിസ്ഥലം ഇല്ലാത്തതുകൊണ്ട് വീടു വെയ്ക്കാൻ പ്രയാസം നേരിടുന്നു.

ഭവന നിർമ്മാണത്തിന് ധനസഹായം ലഭിക്കാൻ കാലവിളംബം വരുന്നു. ചട്ടങ്ങളുടെ സങ്കീർണ്ണത പലരേയും അവകാശം നേടിയെടുക്കുന്നതിൽ നിന്ന് പിന്തിരിപ്പിക്കുന്നു. ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന ധനസഹായം പര്യാപ്തമല്ല.

എല്ലാ കോളനികൾക്കും അംഗീകാരമില്ലാത്ത അവസ്ഥ പല വികസന പ്രവർത്തനങ്ങളെയും ബാധിക്കുന്നു.

വിദ്യാഭ്യാസയോഗ്യത നേടിയെവർക്ക് തൊഴിൽ ലഭിക്കാൻ ബുദ്ധിമുട്ടുണ്ട്.

തൊഴിൽ വൈദഗ്ധ്യം നേടിയവരുടെ അഭാവം സാമ്പത്തിക വളർച്ചയെ തളർത്തുന്നു.

എല്ലാ പട്ടികജാതി കുടുംബങ്ങളും സൗജന്യ വീടു ലഭിക്കാൻ അർഹരാണ്. എന്നാലതിന്റെ നടപടി ക്രമങ്ങളെ കുറിച്ച് അവരജ്ഞരാണ്. വിവിധ വാർഡുകളിലായി അഞ്ഞൂറോളം കുടുംബങ്ങൾ ഭവനരഹിതരാണ്.

സാധ്യതകൾ

1. പട്ടികജാതി വിഭാഗക്കാർക്ക് സൗജന്യമായി വീട് വെച്ചുകൊടുക്കുന്ന പദ്ധതികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുക.

2. വീട് വെയ്ക്കാൻ സ്ഥലമില്ലാത്തവർക്ക് സ്ഥലം ലഭ്യമാക്കുക.

3. എല്ലാ പട്ടികജാതി കോളനികളിലും പ്രാഥമിക സൗകര്യം മെച്ചപ്പെടുത്തുക.

4. പട്ടികജാതി വ്യവസായ സഹകരണ സംഘത്തിന്റെ ശാഖകൾ വർദ്ധിപ്പിക്കുക.

5. വിവിധ തൊഴിൽ മേഖലയിൽ വൈദഗ്ധ്യം നേടുന്നതിന് പഞ്ചായത്ത് കേന്ദ്രമാക്കി പരിശീലനം നൽകുക.

6. കോളനികളോടനുബന്ധിച്ച് ടി.വി.സ്ഥാപിക്കുന്നത് സാംസ്ക്കാരിക- സാമൂഹ്യരംഗത്തെ ഉന്നമനത്തിനുതകുന്നതാണ്.

7. കോളനികളിലേക്ക് നടപ്പാതകളോ, റോഡുകളോ നിർമ്മിക്കുക.

8. അർഹിക്കുന്ന ധനസഹായം ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനും പ്രവർത്തനം ഫലവത്താക്കുന്നതിനും പഞ്ചായത്തു തല ഹരിജൻ ക്ഷേമ വികസന സമിതി രൂപീകരിക്കുക.

9. ഇപ്പോൾ അംഗീകാരമില്ലാത്ത കോളനികളെല്ലാം IHDP കോളനികളാക്കി അംഗീകരിക്കാൻ നടപടിയെടുക്കുക.





വിഭവസമാഹരണം

നമ്മുടെ ഗ്രാമം ഇന്ന് പ്രധാനമായും നേരിടുന്ന പ്രതിസന്ധി കാർഷിക മേഖലയിലെ മുരടിപ്പ് ആണ്. നെൽകൃഷിയും മറ്റു നാണ്യവിളകളും കുറഞ്ഞു കൊണ്ടേയിരിക്കുന്നു. കേരളത്തിലെ നെല്ലറയായ പാലക്കാട് ജില്ലയുടെ ഭാഗമെന്ന നിലയിൽ നമ്മുടെ പഞ്ചായത്തിനും പ്രത്യേക പ്രസക്തിയുണ്ടെങ്കിലും കൃഷിസ്ഥലം താമസസ്ഥലമാക്കുന്ന ദുരന്തമാണ് നാം നേരിട്ടുകൊണ്ടിരിക്കുന്നത്. നിലവിലുള്ള കാർഷിക രംഗത്തു തന്നെ ഉല്പാദനക്കുറവ് ഉല്പാദനച്ചെലവിന്റെ കൂടുതൽ നദീ സാമീപ്യം ജലസേചന രംഗത്ത് ഉപയോഗപ്പെടുത്താത്തത് എന്നിവ മൂലം പ്രതിസന്ധികൂടാനാണിട. വിഭവസമാഹാരം കാർഷിക രംഗത്ത് വർദ്ധിപ്പിക്കാൻ കഴിയുന്നില്ല.

വ്യാവസായിക രംഗവും കാര്യമായി സമ്പന്നമല്ല. ഒറ്റപ്പെട്ട ചില സംരംഭങ്ങളൊഴിച്ച് പൊതുമേഖലയിലോ, വ്യാവസായിക മേഖലയിലോ വൻ വ്യവസായ ശാലകളൊന്നുമില്ല. ഈ രണ്ടു രംഗങ്ങളിലും ക്രിയാത്മകവും ഫലപ്രദവുമായ രീതിയിൽ ഇടപെടാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് ലഭിച്ചാൽ താമസമന്യേ ഫലമുണ്ടാകും.

സർക്കാർ ഗ്രാന്റുകൾക്ക് ഭരണാധികാരികളെ സ്വാധീനിക്കേണ്ട സ്ഥിതി ഇന്നുണ്ട്. നീതിപൂർവ്വകമായി ഇതു നടക്കുന്നില്ല. സ്റ്റാമ്പ് ഡ്യൂട്ടി, ഗ്രാന്റുകൾ, വെഹിക്കിൾടാക്സ് തുടങ്ങിയ ഉദാഹരണം. ഒന്നും രണ്ടും വർഷം കഴിഞ്ഞാണ് ഇവ പ്രയോജനപ്പെടുന്നത് എന്നത് പ്രശ്നമാണ്.

ചെലവ് സംബന്ധിച്ച വിവരങ്ങൾ (1995-96)
Ref C.B പട്ടിക 2

ഇനം	തുക
1	2
ഭരണം	3,31797
പൊതുമരാമത്ത്	45,5,54
വിദ്യാഭ്യാസം	22,4,51
ജലവിതരണം ഓടകൾ പൊതുജനാരോഗ്യം	40,336
തെരുവ് വിളക്കുകൾ കത്തിക്കുന്നത്	28017
മറ്റുള്ളവ	1131304-25
ആകെ	**15,99,459-25**

ഗൾഫ് മേഖലയിൽ നിന്നുള്ള സാമ്പത്തിക വരവാണ് പ്രധാനപ്പെട്ട് ഒരു സ്രോതസ്സ്. ഇത് ക്രിയാത്മകമായി തിരിച്ച് വിട്ട് നമ്മുടെ ഗ്രാമത്തിന് പ്രയോജനപ്പെടുത്തുന്നതിൽ ശ്രദ്ധവെച്ചിട്ടില്ല. ലൈസൻസ് ഫീസായി ആകെ 3021 രൂപയാണ് പഞ്ചായത്തിന്റെ വരവ്. പഞ്ചായത്തിന്റെ വരവ് കാണിക്കുന്ന ഈ പട്ടിക ശ്രദ്ധിക്കൂ.

വരവ് സംബന്ധിച്ച വിവരങ്ങൾ
Ref. C.B (1995-96)
പട്ടിക 1

ഇനം	തുക
1	2
കെട്ടിട നികുതി	1,3730.56
തൊഴിൽ നികുതി	34,485.00
വിനോദനികുതി	23,752.86
അഡി:വിനോദനികുതി	14,406 . 49
പ്രദർശന നികുതി	2031 -
പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ്	. 508.50
ചന്തവരവ്	1275 -
ലൈസൻസ് ഫീസ്	3021 -
വസ്തുകൈമാറ്റ നികുതി 75%	1,18,582 -
വസ്തുകൈമാറ്റ നികുതി 25%	1,00,000 -
സർക്കാർ ഗ്രാന്റുകളും മറ്റും	4,53,729 -
ഒഴികെയുള്ള മറ്റു വരവുകൾ	3,61,098 61
ഡെപ്പോസിറ്റ്	25,032
മറ്റുള്ളവ	1953 55
ആകെ	12,77,181 02

കാർഷികവും അല്ലാത്തതുമായ കൂലിപ്പണികളിൽ ഏർപ്പെടുന്നവരാണ് ഗ്രാമീണരിൽ അധികവും. കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ കെട്ടിട നികുതിയിലും തൊഴിൽ നികുതിയിലും വന്ന വർദ്ധന നാമമാത്രമാണ്. വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും നികുതി വസൂലാക്കാൻ കഴിയണം. എന്നാൽ വിലക്കയറ്റം ദുസ്സഹമാകുന്ന ഈ കാലഘട്ടത്തിൽ നികുതി മറ്റൊരു ഭാരമാകാതെയും ശ്രദ്ധിക്കണം.

കെട്ടിടനികുതി

ഇപ്പോൾ കെട്ടിട നികുതി കണക്കാക്കുന്ന രീതി ശാസ്ത്രീയമല്ല. ഒരേ സൗകര്യങ്ങളുള്ള വീടുകൾക്ക് വ്യത്യസ്ഥമായി നികുതി നിലവിലുണ്ട്. ഇതിന് കൃത്യമായി ഒരു മാനദണ്ഡം ഉണ്ടാവണം. തറവിസ്തീർണ്ണവും ആഡംബര വസ്തുക്കളുടെ ഉപയോഗവും കണക്കിലെടുത്ത് നികുതി നിർണ്ണയം നടത്തുമ്പോൾ ഗൃഹനിർമ്മാണരംഗത്തെ 'ധൂർത്ത്' ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിയും. അതിനനുസരിച്ച് സ്ലാബ് സമ്പ്രദായം വേണം. ചുമരുകളുള്ള എല്ലാ വീടിനും നികുതി ചുമത്തണം. വീട്ടുനികുതി അറസ്സസ്സ് ചെയ്തതെങ്ങനെയെന്ന് വീട്ടുമസ്ഥബോദ്ധ്യപ്പെടുത്താൻ കഴിയണം. ഇത് അഴിമതി കുറയ്ക്കാൻ സഹായകമാവും. കാലപ്പഴക്കത്തിനനുസരിച്ച് നികുതി കുറക്കണമെന്നത് നല്ല അഭിപ്രായമാണെന്നെങ്കിലും വരുമാനം കുറയ്ക്കുവാൻ കാരണമാവുമെന്നതിനാൽ ഇപ്പോൾ പ്രായോഗികമല്ല. പരമാവധി ജനകീയ വല്ക്കരണം വഴിയും ഗ്രാമസഭകളെ ഉപയോഗിച്ചും കുടിശ്ശികയില്ലാതെ പരിക്കാൻ കഴിയും.

തൊഴിൽ നികുതി : സർക്കാർ, അർദ്ധസർക്കാർ ജീവനക്കാരിൽ നിന്ന് മാത്രമേ നിലവിൽ നികുതി പിരിയ്ക്കുന്നുള്ളൂ. ഇങ്ങിനെയല്ലാതെ തൊഴിലുള്ള എല്ലാവരും നികുതി തരുന്ന ഒരു സംവിധാനം വരേണ്ടതാണ്. കച്ചവടക്കാർക്കും നിർമ്മാണത്തൊഴിലാളികൾക്കും ഇത് ബാധകമാക്കണം. അതോടൊപ്പം അവർക്ക് സുരക്ഷിത ബോധം ഉണ്ടാക്കാവുന്ന തരത്തിൽ ഗ്രൂപ്പ് ഇൻഷൂറൻസ് സ്കീമിൽ ഉൾപ്പെടുത്തുകയും ചെയ്യണം.

വിനോദനികുതി : നിലവിൽ നമ്മുടെ പഞ്ചായത്തിലുള്ള ഒരു സിനിമാ തിയേറ്ററാണ് ഈ രംഗത്തുള്ള പ്രധാന വരുമാനഉപാധി. സ്ഥാപനത്തെ ലാഭകരമായി നിലനിർത്തുന്നതിനോടൊപ്പം കുറച്ചുകൂടി മെച്ചപ്പെട്ട നികുതി വരുമാനം ഉണ്ടാക്കുന്ന ഒരു രീതി അവലംബിയ്ക്കേണ്ടതാണ്.

മറ്റു ധനാഗമ മാർഗ്ഗങ്ങൾ: ചന്ത, കടവ് വരവ് എന്നിവ ചില ധനാഗമന മാർഗ്ഗങ്ങളാണ്. അതിൽ നിന്നുള്ള വരവ് തുലോം തുച്ഛമാണ്. മാത്രമല്ല അത് പോലും നിയമക്കുരുക്കുകളിൽപെട്ട് പഞ്ചായത്തിന് ലഭ്യമാവാത്ത അവസ്ഥയാണുള്ളത്. ഇതൊഴിവാക്കാൻ ശ്രദ്ധിക്കണം. മാത്രമല്ല, പശ്ചാത്തല സൗകര്യങ്ങളുണ്ടാക്കി കൊടുക്കുമ്പോൾ തന്നെ പുതിയ മേഖലകളുണ്ടാക്കി വരുമാനമുണ്ടാക്കാൻ ശ്രദ്ധിക്കണം. ഉദാ: തൊഴിൽ സംഘങ്ങൾ

തൊഴിൽ സംഘങ്ങൾ രജിസ്റ്റർ ചെയ്യുകയും ലാഭകരമായി പ്രവർത്തിക്കാൻ സംവിധാനമുണ്ടാക്കുകയും ചെയ്താൽ പുതിയൊരു സംസ്ക്കാരം വളർത്തിയെടുക്കാൻ കഴിയും. പഞ്ചായത്തിന് ഒരു വരുമാനമാർഗ്ഗം എന്ന നിലയ്ക്ക് ഇത് പ്രയോജനപ്പെടുകയും ചെയ്യും.

ബാങ്ക് ഫൈനാൻസിയേഴ്സ്

പരുതൂർ പഞ്ചായത്തിൽ പള്ളിപ്പുറം സഹകരണ ബാങ്ക്, നെടുങ്ങാടി ബാങ്ക് എന്നിവയാണ് ധനവിഭവ നി സമാഹരണ രംഗത്തെ പ്രധാന സ്ഥാപനങ്ങൾ.

ഇതിൽ സമാഹരണ രംഗത്തെ പ്രധാന സ്ഥാപനങ്ങൾ. ഇതിൽ പള്ളിപ്പുറം സഹകരണ ബാങ്ക് മാത്രമേ കാര്യമായ എന്തെങ്കിലും തരത്തിലുള്ള വായ്പകൾ നൽകുന്നുള്ളൂ. കാർഷിക വായ്പയായും കാർഷികേതരവായ്പയായും മെച്ചപ്പെട്ട ഒരു വായ്പാ വിതരണ സംവിധാനം ഈ സ്ഥാപനത്തിനുണ്ട്.

ഇതിനു പുറമെ കാർഷിക രംഗത്ത് ഒറ്റപ്പാലം കാർഷിക വികസനബാങ്ക് മുതലായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കാനറാ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് എന്നിവയുടെ പ്രവർത്തനവും ഭവന നിർമ്മാണ രംഗത്ത് പട്ടാമ്പി ബ്ലോക്ക് ഭവന നിർമ്മാണ സഹകരണ സംഘത്തിന്റെ പ്രവർത്തനവും എടുത്തു പറയേണ്ടതാണ്.

മേൽ പറഞ്ഞ സ്ഥാപനങ്ങളുടെ പ്രവർത്തനം കുറെ കൂടി കാര്യക്ഷമമാക്കേണ്ടതുണ്ട്. വായ്പ കൊടുക്കാനും ഉദ്ദേശിക്കുന്ന മേഖലയിൽ തന്നെ ഫലപ്രദമായി ഉപയോഗിക്കാതെ തിരിച്ചടവ് ചെല്ലാനും സാധ്യമാകുംവിധം പ്രവർത്തനപദ്ധതിക്ക് രൂപം നൽകണം. ബാങ്കുകൾ സ്വർണ്ണപണയങ്ങൾക്ക് പലിശവാങ്ങുന്നവെറും ബ്ലേഡു കമ്പനികളാകരുത്. നമ്മുടെ പഞ്ചായത്തിൽ നിന്നുള്ള നിക്ഷേപത്തിൽ 80% എങ്കിലും വായ്പയായി ഇവിടെ തന്നെ വിതരണം ചെയ്യണം. ഇതിനു പുറമെ എല്ലാ വാർഡുകളിലും പുതുതായി വന്നുകൊണ്ടിരിക്കുന്ന സ്വകാര്യ ഫൈനാൻസിയേഴ്സും ഉണ്ട്. ഇത് ബാങ്കിംഗ് മേഖലയ്ക്കും ജനങ്ങൾക്കും ഭീഷണിയാകുന്നത് തടയേണ്ടതുണ്ട്.

സന്നദ്ധ പ്രവർത്തനക്കും

വിഭവ സമാഹാരണ രംഗത്ത് മനുഷ്യവിഭവം വളരെ പ്രധാനമാണ്. നമ്മുടെ പഞ്ചായത്തില പ്രധാന റോഡായ അഞ്ചുമൂല-തിരുവേഗപ്പറ റോഡ് 57കളിൽ പൂർണ്ണമായും ശ്രമദാനമായി നിർമ്മിക്കപ്പെട്ടതാണ്. സന്നദ്ധപ്രവർത്തനത്തിലുള്ള മനോഭാവം കുറയുകയും എല്ലാ കാര്യവും പഞ്ചായത്തോ അല്ലെങ്കിൽ സർക്കാരോ ചെയ്തുതരണമെന്ന താല്പര്യവും നിർഭാഗ്യകരമാണ്. സർക്കാർ ഫണ്ടിനോടൊപ്പം ഉപഭോക്താക്കളുടെ പങ്കാളിത്തവും വികസന പദ്ധതികൾ വിജയത്തിലെത്തിക്കാൻ സഹയകമാവും.

പട്ടിക 3

കൊല്ലം	വരവ്	ചെലവ്	വിദ്യാഭ്യാസം (ശതമാന കണക്കിൽ)	ഭരണച്ചെലവ്	പൊതുജനാരോഗ്യം
86-87	384115/-	325120/-	(.83%)	35.26%	1.78%
87-88	404526	336940	.75%	38%	2%
88-89	501610	481650	1.22%	42%	2.12%
89-90	526022	645624	1.36%	41%	2.43%
90-91	635706	677813	1.63%	63.47%	2.28%
91-92	711040	418602	2.24%	72.68%	3.11%
92-93	841415	668578	1.91%	67.36%	2.31%
93-94	1320549	850840	1.51%	45.36%	1.90%
94-95	1343399	861305	1.35%	39.25%	1.94%
95-96	1277181	1597459	1.97%	31.66%	2.69%

ചെലവുകൾ

ദരിദ്രമായ നമ്മുടെ പഞ്ചായത്തിലെ ചെലവുകൾ പ്രത്യുല്പാദനപരമല്ലാത്ത രീതിയിലാണ്. ഭരണച്ചെലവ് തന്നെ വളരെ കൂടുതലാണ്. പട്ടിക 2 ശ്രദ്ധിക്കുക. 86-87 മുതൽ 95-96 വരെയുള്ള വിദ്യാഭ്യാസ രംഗത്തും, പൊതുജനാരോഗ്യരംഗത്തും തുച്ഛമായ തുകകൾ ചിലവഴിയ്ക്കപ്പെട്ടപ്പോൾ ഭരണച്ചെലവ് കുറഞ്ഞിട്ടുണ്ടെങ്കിലും ഭീമമാണ്. ഇത് ചിലപ്പോൾ കുറയ്ക്കാൻ കഴിഞ്ഞില്ലെന്നു വരാം. എങ്കിലും പൊതുമരാമത്ത് (പ്രധാനമായും റോഡ്) രംഗത്തുമാത്രമാണ് കാര്യമായ മുതൽമുടക്ക്. ഇത് പ്രത്യുല്പാദനപരമല്ല. നിലവിലുള്ള റോഡുകൾ സംരക്ഷിക്കുകയും, സേവനരംഗത്ത് നിവിലുള്ള സ്ഥിതി മെച്ചപ്പെടുത്തുകയും പ്രത്യുല്പാദന മേഖലയായ കാർഷിക രംഗത്തും, വ്യാവസായിക രംഗത്തും കൂടുതൽ ശ്രദ്ധിക്കാൻ വിഭവ സമാഹരണം നടത്താൻ പുതിയ മേഖലകൾ കണ്ടെത്തുകയും വേണം.

പൊതുവിതരണ ശൃംഖല

പരുതൂർ പഞ്ചായത്തിലെ 10 വാർഡുകളിലായി ആകെ 8 പൊതു വിതരണകേന്ദ്രങ്ങളും ഒരു മാവേലി സ്റ്റോറുമാണ് ഉള്ളത്. കരുവാൻപടി, ഉരുളാൻ പടി, കളമുക്ക്, മുടപ്പക്കാട്, നാനാത്തുപറമ്പ്, കൊടിക്കുന്ന് പടിഞ്ഞാറെനട, എന്നിവിടങ്ങളിൽ ഓരോന്നും, പള്ളിപ്പുറത്ത് 2 എണ്ണവും കേനദ്രങ്ങൾ സ്ഥിതി ചെയ്യുന്നു. ഇവയിൽ എല്ലാംകൂടി ആകെ 95-96 വർഷത്തെ കണക്കുപ്രകാരം 3445 കാർഡുടമകളാണുള്ളത്. ഇതിൽ 1782 വൈദ്യുതീകരിക്കാത്ത വീടുകളും, 1663 വൈദ്യുതീകരിച്ച വീടുകളുമാണ്.

പൊതു വിതരണം കൂടുതൽ സൗകര്യപ്രദമാകണമെങ്കിൽ അഞ്ചുമൂല, കൊടിക്കുന്ന് സെന്റർ, കൊടുമുണ്ട, ജി.യു.പി സ്കൂൾ പരിസരം, മംഗലം, പരുതൂർ പുളിക്കപറമ്പ് എന്നിവിടങ്ങളിൽ കൂടി പുതുതായി പൊതുവിതരണ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്. പലകേന്ദ്രങ്ങളിലേക്കുമുള്ള ദൂരം കാരണം മുഴുവൻ കാർഡുടമകൾക്കും ഇപ്പോൾ അത്തരം കേന്ദ്രങ്ങളിൽ നിന്ന് സാധനങ്ങൾ വാങ്ങാൻ കഴിയാത്ത അവസ്ഥയുണ്ട്.

ആകെ ഒരു മവേലി സ്റ്റോർ ഉള്ളത് പഞ്ചായത്തിന്റെ വടക്കേ അതിർത്തിയായ നാടപറമ്പിലാണ്. ഇത് പഞ്ചായത്തിന്റെ മറ്റു ഭാഗങ്ങളിലുള്ള ഉപഭോക്താക്കൾക്ക് മുഴുവൻ ഉപകാരപ്രദമല്ല. കൊടിക്കുന്ന് കേന്ദ്രമായി മറ്റൊരു മാവേലി സ്റ്റോർ ഉണ്ടാവുകയാണെങ്കിൽ ഏറെക്കുറെ ഈ പ്രശ്നം പരിഹരിക്കപ്പെടും.

പൊതുവിതരണ സംവിധാനത്തെകുറിച്ചുള്ള വിവരങ്ങൾ

വർഷം	കാർഡുകളുടെ എണ്ണം			ഗുണഭോക്താക്കളുടെ എണ്ണം			പ്രതി വർഷം വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കൾ (കിന്റൽ)							മണ്ണണ്ണ		
	NE	S	ആകെ	മേജർ 12 വയസ്സിനു മേൽ	മൈനർ 3-12 വയസ്സ്	ആകെ	അരി എല്ലാ ഇനവും	ഗോതമ്പ്	റവ	മൈദ	പഞ്ചസാര	പാമോയിൽ	ആകെ	പെർമിറ്റുകളുടെ എണ്ണം	പെർമിറ്റു വഴി വിതരണം ചെയ്ത് (ലി)	കാർഡ് വഴി വിതരണം ചെയ്ത് (ലി)
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
91-92	1835	846	2681	12815	4071	16886	8308	1348.8	389	1312	706.10	1263	13326.9	199	20586	115271
92-93	1976	879	2855	12903	4181	17084	8411	812	5678.89	16557.95	934.04	157	32551.39	204	20015	134183
93-94	1638	1214	2852	12956	4259	17215	16035	3193.68	4068.10	1677.80	984.38	-	41059.88	290	25455	152221
94-95	1931	1529	3460	15506	5285	20791	16241.92	2484.81	4187.77	16288.07	11746.25	300	51248.82	284	23965	132975
95-96	1782	1663	3445	16499	5369	21868	11063.39	1966	2912.30	18449.92	5153.92		39575.91	267	21713	134438

ഉപസംഹാരം

ഇതൊരു പുത്തൻ സംരംഭമാണ്. പുറകോട്ടു തിരിഞ്ഞുനോക്കിയാൽ അനുകരിക്കാവുന്ന ഒരു മാതൃക ഇതിനില്ല. ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽവളരെ തിരക്കിട്ടാണ് എല്ലാ പ്രവർത്തനങ്ങളും. അതിന്റെ പരിമിതികളിതിനുണ്ട്. വികസനമേഖലകളുടെ റിപ്പോർട്ടുകൾ കുറ്റമറ്റതാക്കാൻ കഴിഞ്ഞിട്ടില്ല. വൈകി കിട്ടിയ സ്ഥിതി വിവരക്കണക്കുകൾ, ഗ്രാമസഭാ റിപ്പോർട്ടുകളുടെ സമഗ്രതയില്ലായ്മ, ചില ഡിപ്പാർട്ടുമെന്റ് റിപ്പോർട്ടുകളുടെ വസ്തുതാപരമായ അപൂർണ്ണത എല്ലാം കാരണങ്ങളാണ്. എല്ലാറ്റിനുമുപരി അക്കാദമിക് രംഗത്തെ മുഴുവൻ സാധ്യതകളും നമുക്ക് പ്രയോജനപ്പെടുത്താനുമായിട്ടില്ല.

എങ്കിലും ഇതൊരു പ്രവർത്തന രേഖയ്ക്കുള്ള പശ്ചാത്തലവിവരണങ്ങളാണല്ലോ. ഇനിയും ഇതിനനുബന്ധമായി ചേർക്കാം. പ്രവർത്തനത്തിൽ കുറ്റങ്ങൾ പരിഹരിക്കാൻ ശ്രമിക്കാം. ഇതിനോട് സഹകരിച്ച എല്ലാവരോടും ഈയവസരത്തിൽ നന്ദി പറയുന്നു.

പ്രവർത്തകർ

"സ്വന്തം രാജ്യത്തിന്റെ നിർമ്മിതിയിൽ തങ്ങൾക്കും ഫലപ്രദമായൊരു പങ്കുണ്ടെന്ന് പരമ ദരിദ്രനുപോലും അനുഭവപ്പെടുന്നൊരു ഭാരതം, ഉയർന്ന വർഗ്ഗക്കാരോ താഴ്ന്ന വർഗ്ഗക്കാരോ ഇല്ലാത്തൊരു ഭാരതം, എല്ലാ സമുദായങ്ങളും പരിപൂർണ്ണ രഞ്ജിപ്പിൽ കഴിയുന്നൊരു ഭാരതം കെട്ടിപ്പടുക്കുന്നതിന് വേണ്ടി ഞാൻ പ്രവർത്തിക്കും".

-മഹാത്മാഗാന്ധി